# വികസന രേഖ

## 1996

വിതുര ഗ്രാമപഞ്ചായത്ത്

# വികസന രേഖ

# 1996

## ജനകീയാസൂത്രണ പ്രസ്ഥാനം

## വിതുര ഗ്രാമപഞ്ചായത്ത്

വിതുര പി. ഒ പിൻ. 695551
നെടുമങ്ങാട് താലൂക്ക്
തിരുവനന്തപുരം ജില്ല
ഫോൺ 856221



"ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇതെന്റെ നാടാണെന്നും,
ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം"

അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി

– ഗാന്ധിജി –



**ഇ.എം.എസ്. നമ്പൂതിരിപ്പാട്**

ചെയർമാൻ, ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതി

ജനകീയാസൂത്രണ പ്രസ്ഥാനം

# വിഷയക്രമം


1. ആമുഖം

II പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

III സാമൂഹ്യ സാംസ്കാരിക ചരിത്രം

IV ഭൂപ്രകൃതിയും ജലവിഭവങ്ങളും

V സാമൂഹ്യ സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം മാർക്കറ്റ്
5. ആരോഗ്യം കുടിവെള്ളം
6. വിദ്യാഭ്യാസം
7. ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും
8. സംസ്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി പട്ടികവർഗ്ഗം
12. വിഭവ സമാഹരണം

VI ഉപസംഹാരം

നല്ല നാളേക്കായ്....

ഗ്രാമസഭകളിൽ ഉയർന്നു വന്ന ജനകീയാവശ്യങ്ങ ളുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ സ്ഥിതി വിവരക്കണക്കുകളുടെ സഹായത്തോടെ ആസൂത്രണ സമിതി പ്രവർത്ത കരുടെയും ജനപ്രതിനിധികളുടെയും ,വിദഗ്ദ്ധരു ടെയും സജീവ ചർച്ചയിൽ ഉരുത്തിരിഞ്ഞ ഈ വി കസന റിപ്പോർട്ട് ജനസമക്ഷം, അംഗീകാരത്തിനും, സൃഷ്ടിപരമായ നിർദ്ദേശങ്ങൾക്കുമായി വിനയപു രസ്സരം സമർപ്പിക്കുന്നു

സ്നേഹാദരപൂർവ്വം,

**ജി. അപ്പുക്കുട്ടൻ കാണി,**
പ്രസിഡന്റ്

10-12-96
വിതുര


7. ആനപ്പാറ
8. കല്ലാർ
10. മരുതാമല
3. ചേന്നൻപാറ
6. വിതുര
5. തണ്ണിച്ചിറ
4. മേമല
വിതുര
പഞ്ചായത്ത്
വാർഡുതിരിച്ചുള്ള മാപ്പ്

# ആമുഖം

സ്വാതന്ത്ര്യലബ്ധിക്കു മുൻപുതന്നെ ഇൻഡ്യയുടെ രാഷ്ട്രപിതാവ്, മഹാത്മാഗാന്ധി ഗ്രാമസ്വരാജിന്റെ പ്രാധാന്യം മനസ്സിലാക്കുകയും വളരെ ദീർഘ വീക്ഷണത്തോടെ തന്നെ അതിന്റെ വിശദാംശങ്ങൾ പ്രഖ്യാപിക്കുകയും സ്വന്തം ജീവിതത്തിലൂടെ അതിന്റെ പ്രതിഫലനം വ്യക്തമാക്കുകയും ചെയ്തു.

സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് സ്ഥിതിഗതികളിൽ വ്യത്യാസം വരികയും രാജ്യം വിഭജിക്കപ്പെടുകയും മഹാത്മജി എല്ലാവിധ അധികാര നയരൂപീകരണപ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തു.

ആദ്യമായി നെഹ്റു ഗവൺമെന്റ് ചെയ്തത് രാജ്യത്തിനു ഭരണഘടനയുണ്ടാക്കുക, ഭക്ഷ്യരംഗത്തു പുരോഗതി കൈവരിക്കുക, ഭക്ഷ്യവസ്തുക്കളുടെ ഇറക്കുമതി കുറച്ചുകൊണ്ടുവരിക, ആരോഗ്യരംഗം പുഷ്ടിപ്പെടുത്തുക, വ്യാവസായിക രംഗത്തിന്റെ വികസനത്തിനു അടിത്തറയിടുക തുടങ്ങിയ അടിസ്ഥാനപരമായ സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയായിരുന്നു.

ഇത്തരം പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ബ്രിട്ടീഷ്ഭരണകൂടം സൃഷ്ടിച്ചു ബലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥതല സംവിധാനവും, വിദ്യാഭ്യാസ സംവിധാനവും സ്വാതന്ത്ര്യ സമരലക്ഷ്യങ്ങൾക്കനുസരിച്ചും, രാജ്യത്തിന്റെ പുതിയ സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും യോജിച്ച വിധവും പരിവർത്തനപ്പെടുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കാതെപോയി.

ഇതിനു രാജ്യം കൊടുക്കേണ്ടിവന്ന വില വലുതായിരുന്നു. ബ്രിട്ടീഷുകാർ സൃഷ്ടിച്ച ഉദ്യോഗസ്ഥ തല സംവിധാനം കോളനി രാജ്യങ്ങളിലെ ജനങ്ങളെ യാതൊരു കാരണവശാലും മനപൂർവ്വം വിശ്വസിക്കരുത് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. വിദ്യാഭ്യാസ രംഗം സംവിധാനം ചെയ്തിരുന്നത്. ഈ രാജ്യത്തിന്റെ കാർഷിക, വ്യാവസായിക ആരോഗ്യപുരോഗതി ലക്ഷ്യമാക്കിയില്ല. മറിച്ച് രാജ്യത്തിന്റെ സമ്പത്തിനെയും ജനങ്ങളുടെ കായിക ശേഷിയെയും പരമാവധി ചൂഷണം ചെയ്തെടുക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു. തുറമുഖങ്ങൾ വികസിപ്പിച്ചതും റെയിൽവെ സമ്പ്രദായം കൊണ്ടുവന്നതും ഈ ലക്ഷ്യത്തോടെ തന്നെ.

സ്വാതന്ത്ര്യാനന്തര ഗവൺമെന്റുകൾ ജനക്ഷേമം ലക്ഷ്യമാക്കി പുതിയ പുതിയ നിയമങ്ങൾ വീണ്ടും വീണ്ടും സൃഷ്ടിച്ചു. എന്നാൽ ഈ നിയമങ്ങളെല്ലാം വ്യാഖ്യാനം ചെയ്യുന്നതിനു സ്വീകരിക്കപ്പെട്ട മാനദണ്ഡം കൊളോണിയൽ കാഴ്ചപ്പാടായിരുന്നു. ഇത്രയധികം നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടും ജനങ്ങളുടെ ജീവിതം തൊഴിലില്ലായ്മ, ദാരിദ്ര്യം, നിരക്ഷരത എന്നീ പ്രശ്നങ്ങളിൽ നിന്നും മോചിപ്പിക്കപ്പെട്ടില്ല. ജനക്ഷേമം ലക്ഷ്യമാക്കി തയ്യാറാക്കുന്ന പദ്ധതികളൊന്നും വേണ്ടവിധത്തിൽ ജനങ്ങൾക്ക് പ്രയോജനപ്പെടാതെ പോകുന്നു. രാജ്യത്തെ മുഴുവൻ ജനങ്ങളും പരസ്പരം അവിശ്വസിക്കുന്നു. സാമ്പത്തികമായും, സാമൂഹികമായും, വിദ്യാഭ്യാസ പരമായും ജനങ്ങൾ തമ്മിലുള്ള വേർതിരിവ് ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഈ സാഹചര്യങ്ങളെ കുറിച്ചുള്ള തിരിച്ചറിവാണ് രാജീവ് ഗാന്ധി ഗവൺമെന്റിന്റെ 64-ാം ഭരണഘടനാഭേദഗതിക്കും തുടർന്ന് 73-ാം ഭരണഘടനാ ഭേദഗതിക്കും 23.4.94 ൽ കേരള നിയമസഭ പാസ്സാക്കിയ കേരളാ പഞ്ചായത്തുരാജ് നിയമത്തിനും 1996 ൽ നായനാർ സർക്കാർ രൂപം നല്കിയ ജനകീയാസൂത്രണ പദ്ധതിക്കും വഴിതെളിച്ചത്.

എട്ടു പഞ്ചവത്സര പദ്ധതികളിൽ നിന്നും വ്യത്യസ്തമായി ഒൻപതാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തി അവരുടെ തന്നെ സഹകരണത്തോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചതും ഈ പശ്ചാത്തലത്തിലാണ്.

അതിന്റെ തുടക്കമെന്നനിലയിൽ പ്ലാനിംഗ്ബോർഡ് സംസ്ഥാന തലത്തിൽ റിസോഴ്സ് പേഴ്സൺ മാർക്ക് പരിശീലനം നൽകുകയും അവർ ജില്ലാ റിസോഴ്സ് പേഴ്സൻമാർക്കും പിന്നെ ലോക്കൽ റിസോഴ്സ് പേഴ്സൽമാർക്കും പരിശീലനം നൽകി. ഒന്നാം ഘട്ട പരിശീലനത്തെ തുടർന്ന് എല്ലാ പഞ്ചായത്തുകളിലും വിശേഷാൽ ഗ്രാമസഭകൾ സമ്മേളിച്ചു. വിതുര ഗ്രാമപഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ഗ്രാമസഭകൾ | സമ്മേളന തീയതി | പങ്കെടുത്തവർ | ആൺ | പെൺ | ഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | കൊപ്പം | 2.10.96 | 139 | 86 | 53 | 8 |
| 2. | ചെറ്റച്ചൽ | 5.10.96 | 170 | 120 | 50 | 9 |
| 3. | ചേന്നൻപാറ | 7.10.96 | 166 | 107 | 59 | 10. |
| 4. | മേമല | 9.10.96 | 154 | 100 | 54 | 9 |
| 5. | തള്ളച്ചിറ | 12-10-96 | 315 | 194 | 121 | 9 |
| 6. | വിതുര | 12-10-96 | 146 | 103 | 43 | 8 |
| 7. | ആനപ്പാറ | 9.10.96 | 264 | 151 | 113 | 12 |
| 8. | കല്ലാർ | 5.10.96 | 208 | 137 | 71 | 8 |
| 9. | തേവിയോട് | 6.10.96 | 156 | 74 | 82 | 9 |
| 10 | മരുതാമല | 13-10-96 | 396 | 270 | 126 | 12 |
| 11 | ബോണക്കാട് | 8.10-96 | 81 | 51 | 30 | 6 |

Chapter - II

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്ത് | വിതുര ഗ്രാമപഞ്ചായത്ത് |
| റവന്യൂ വില്ലേജുകൾ | വിതുര വില്ലേജ് പൂർണ്ണം<br>തൊളിക്കോട് ഭാഗികം<br>തെന്നൂർ ഭാഗികം |
| ബ്ലോക്കു പഞ്ചായത്ത് | വെള്ളനാട് |
| ബ്ലോക്കു പഞ്ചായത്ത് ഡിവിഷൻ | വിതുര തോട്ടുമുക്ക് |
| താലൂക്ക് | നെടുമങ്ങാട് |
| ജില്ല | തിരുവനന്തപുരം |
| അസംബ്ലിമണ്ഡലം | ആര്യനാട് |
| മെമ്പർ | ശ്രീ ജി. കാർത്തികേയൻ |
| ലോകസഭാമണ്ഡലം | ചിറയിൻകീഴ് |
| മെമ്പർ | ശ്രീ എ. സമ്പത്ത് |
| വിസ്തീർണ്ണം | 131. 56 ച.കി.മി. (വനം, തോട്ടം മേഖല ഉൾപ്പെടെ) |
| ജനസംഖ്യ<br>പു: 13165 സ്ത്രീ : 13448 | 26613 / 1991 സെൻസസ് |
| ജനസാന്ദ്രത | 202.29 |
| കാർഷികഭൂമി | 32.98 ച.കി.മി. |
| പട്ടികജാതി | 3404 |
| പട്ടികവർഗം | 3197 |
| വാർഡുകളുടെ എണ്ണം | 11 |
| പ്രസിഡന്റ് | ശ്രീ ജി. അപ്പുക്കുട്ടൻ കാണി (പട്ടികവർഗ്ഗസംവരണം) |
| വൈസ്പ്രസിഡന്റ് | ശ്രീമതി പി. വസന്തകുമാരി |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ എം.പി. ജയകുമാർ |

**വിതുരപഞ്ചായത്ത് രൂപം കൊണ്ടത് 1961 ഡിസംബർ 28**
**ആദ്യത്തെ കമ്മിറ്റി നിലവിൽവന്നത് 1963 ഡിസംബർ 17**
**ആദ്യത്തെ പ്രസിഡന്റ് ശ്രീ കെ. തങ്കപ്പൻപിള്ള**
**പഞ്ചായത്തു വിഭജനം നടന്നത് 1973 ഫെബ്രുവരി 12**

## വിതുര പഞ്ചായത്ത് രൂപം കൊണ്ടശേഷം ഭരണം നടത്തിയ കമ്മിറ്റികളും മെമ്പർമാരും.

### 17.12.63

ശ്രീ കെ. സാംബശിവൻ 1-ാം വാർഡ് കൊപ്പം
ശ്രീ എസ്. വാസുപിള്ള 2-ാം വാർഡ് ചായം
ശ്രീ കെ. തങ്കപ്പൻപിള്ള (പ്രസിഡന്റ്) 3-ാം വാർഡ് ചേന്നൻപാറ
ശ്രീ എം. അബ്ദുൽഖനി 4-ാം വാർഡ് തൊളിക്കോട്
ശ്രീ കെ. വേലായുധൻപിള്ള 5-ാം വാർഡ് മലയടി
ശ്രീ എം. ലക്ഷ്മണൻ കാണി (നോമിനി) 5-ാം വാർഡ് മലയടി
ശ്രീ കെ. പുഷ്കരൻ 6-ാം വാർഡ് പനയ്ക്കോട്
ശ്രീ കെ. നൈനാർ കങ്കാണി 7-ാം വാർഡ് ബോണക്കാട്
ശ്രീ എം. കൃഷ്ണപിള്ള 8-ാം വാർഡ് ആനപ്പാറ
ശ്രീ ആർ. പ്രഭാകരൻനായർ 9-ാം വാർഡ് തേവിയോട്
ശ്രീ കെ. തമ്പുപിള്ള 10-ാം വാർഡ് വിതുര
ശ്രീ കെ. അപ്പുക്കുട്ടൻനായർ 11-ാം വാർഡ് തള്ളച്ചിറ

### 12-2-1973

നോമിനേറ്റു ചെയ്യപ്പെട്ട അംഗങ്ങൾ
ശ്രീ എം. അബൂബേക്കർ കുഞ്ഞ് (നോമിനേറ്റു ചെയ്യപ്പെട്ട പ്രസിഡന്റ്)
ശ്രീ കെ. നൈനാർ കങ്കാണി
ശ്രീ എം. കൃഷ്ണപിള്ള
ശ്രീ ആർ. പ്രഭാകരൻനായർ
ശ്രീ കെ. അപ്പുക്കുട്ടൻനായർ
ശ്രീ പി.കെ. തമ്പുപിള്ള
ശ്രീ എൻ. സരസ്വതി അമ്മ
ശ്രീ എസ്. കുമാരപിള്ള

### 29-9-1979

ശ്രീ റ്റി. ജോസ് 1-ാം വാർഡ് കൊപ്പം
ശ്രീ കെ. വിശ്വംഭരൻനായർ 2-ാം വാർഡ് ചെറ്റച്ചൽ (വൈസ്പ്രസിഡന്റ്)
ശ്രീ വിതുരശശി 3-ാം വാർഡ് ചേന്നൻപാറ
ശ്രീ എൻ. ഗംഗാധരൻനായർ 4-ാം വാർഡ് മേമല
ശ്രീ പി. ചന്ദ്രശേഖരൻനായർ 5-ാം വാർഡ് തള്ളച്ചിറ
ശ്രീ പി.കെ. തമ്പുപിള്ള 6-ാം വാർഡ് വിതുര
ശ്രീ പി. അയ്യപ്പൻപിള്ള 7-ാം വാർഡ് ആനപ്പാറ (പ്രസിഡന്റ്)
ശ്രീ കെ. മല്ലൻകാണി 8-ാം വാർഡ് കല്ലാർ
ശ്രീമതി എസ്. ലളിതകുമാരി 9-ാം വാർഡ് തേവിയോട്
ശ്രീ കെ. നൈനാർ കങ്കാണി 10-ാം വാർഡ് ബോണക്കാട്

### 6-2-1988

ശ്രീ റ്റി. ജോസ് 1-ാം വാർഡ് കൊപ്പം
ശ്രീമതി ഡി. ശ്യാമളകുമാരി 2-ാം വാർഡ് ചെറ്റച്ചൽ
ശ്രീ സി. എസ്. വിദ്യാസാഗർ 3-ാം വാർഡ് ചേന്നൻപാറ
ശ്രീ കെ. രാജേന്ദ്രൻ 4-ാം വാർഡ് മേമല
ശ്രീ പി. അയ്യപ്പൻപിള്ള 5-ാം വാർഡ് തള്ളച്ചിറ (പ്രസിഡന്റ്)
ശ്രീ കെ. ശ്രീകുമാരൻനായർ (വൈ. പ്രസിഡന്റ്) വാർഡ് VI. വിതുര

ശ്രീമതി ആർ. ലില്ലി. വാർഡ് VII ആനപ്പാറ

ശ്രീ ജി. ഭുവനേന്ദ്രൻ കാണി VIII കല്ലാർ

ശ്രീ എ. സൈനുദ്ദീൻ കാണി IX തേവിയോട്

ശ്രീ എ. ജോൺസൺ X ബോണക്കാട്.

## 30–9–1995 നിലവിലുള്ള സമിതി

ശ്രീ ടി. ജോസ് 1-ാം വാർഡ് കൊപ്പം

ശ്രീ എം.പി. ജയകുമാർ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) 2-ാം വാർഡ് - ചെറ്റച്ചൽ

ശ്രീ ബി. ബാലകൃഷ്ണൻനായർ 3-ാം വാർഡ് ചേന്നൻപാറ.

ശ്രീമതി ജെ. ഉഷാകുമാരി 4-ാം വാർഡ്, മേമല.

ശ്രീമതി ടി. രാധാവിജയൻ 5-ാം വാർഡ്, തള്ളച്ചിറ

ശ്രീ പി. തങ്കപ്പൻപിള്ള 6-ാം വാർഡ്, വിതുര

ശ്രീ എസ്.എൻ. ക്ലമന്റ് 7-ാം വാർഡ്, ആനപ്പാറ.

ശ്രീമതി പി. വസന്തകുമാരി (വൈ. പ്രസിഡന്റ്) 8-ാം വാർഡ് കല്ലാർ.

ശ്രീമതി ടി. ശോഭന 9-ാം വാർഡ് തേവിയോട്.

ശ്രീ ജി. അപ്പുക്കുട്ടൻകാണി (പ്രസിഡന്റ്) 10-ാം വാർഡ് മരുതാമല.

ശ്രീമതി കെ. രാധാലോറൻസ് 11-ാം വാർഡ് ബോണക്കാട്.

സെക്രട്ടറി എ. സെയ്നുലാബ്ദീൻ.

കേരളത്തിന്റെ അതിർത്തി പഞ്ചായത്തുകളിൽ പെടുന്നതും തിരുവനന്തപുരം ജില്ലയുടെ കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്നതുമായ ഒരു പഞ്ചായത്താണ് വിതുര. സുഖവാസകേന്ദ്രമായ പൊന്മുടി മലമടക്കിന്റെ ശീതളഛായ മുതൽ അടിവാരം വരെയാണ് വിതുര പഞ്ചായത്തിന്റെ പൂർവ്വസീമ. തെക്ക് ആര്യനാട്, തൊളിക്കോട് പഞ്ചായത്ത് അതിർത്തികളാണ്. വിതുരയുടെ പടിഞ്ഞാറുഭാഗത്തെ സഹോദരഗ്രാമ പഞ്ചായത്തുകളാണ് തൊളിക്കോടും, നന്ദിയോടും പെരിങ്ങമല പഞ്ചായത്ത് വിതുരയുടെ വടക്ക് ഭാഗമായി മുട്ടി ഉരുമ്മി കിടക്കുന്നു. ആരെയും ആകർഷിക്കുന്ന പ്രകൃതി രമണീയവും വൈവിദ്ധ്യവുമാർന്ന കാർഷികവിളകൾ, ഈ പ്രദേശത്ത് താമസിക്കുന്ന വൈവിദ്ധ്യ സംസ്കാരം ഉൾക്കൊള്ളുന്ന നാനാ ജാതി മതസ്ഥർക്ക് സമാനമാണ്. ജാതിമത ചിന്തകളുടെ ദുഷ്ടുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കുമിഞ്ഞ് കൂടിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ പോലും വിതുര നിവാസികൾ ഏകോദരസോദര ഭാവത്തോടുകൂടി കൈകോർത്തുപിടിച്ച് കഴിയുന്ന കാഴ്ച ഈ പ്രദേശത്തിന്റെ സാംസ്കാരിക ഔന്നത്യത്തിന് മകുടോദാഹരണമാണ്.

പതിനൊന്നുവാർഡുകളോടു കൂടിയ വിതുര പഞ്ചായത്ത് 1963 -ാം വർഷം വരെ ആര്യനാട്, ഉഴമലക്കൽ പഞ്ചായത്തുകളുടെ ഭാഗമായിരുന്നു. ആര്യനാട് ബി. വില്ലേജാണ് ഇന്നത്തെ വിതുര വില്ലേജായി അറിയപ്പെടുന്നത്. കാലം പുരോഗമിച്ചതിനെ തുടർന്ന് വന്ന മാറ്റത്തിന്റെ ഫലമായിട്ടാണ് ആര്യനാട്, ഉഴമലക്കൽ പഞ്ചായത്തിൽ നിന്ന് വിടുതൽ ലഭിച്ച് വിതുര പഞ്ചായത്ത് ജന്മമെടുത്തത്. ഇന്നത്തെ തൊളിക്കോട് പഞ്ചായത്തും അന്ന് വിതുരയുടെ ഭാഗമായിരുന്നു. പുളിമൂട് എന്ന് പറയുന്ന സ്ഥലത്ത് ആയിരുന്നു വിതുര പഞ്ചായത്തിന്റെ ആദ്യത്തെ ആസ്ഥാനം. തുടർന്ന് വിതുര പ്രസന്ന തിയേറ്ററിന് സമീപമുള്ള വാടകകെട്ടിടത്തിൽ ഈ പഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തിച്ചു. അതിനുശേഷമാണ് മുസാവരി (ടൂറിസ്റ്റ് ബംഗ്ലാവ്) കുന്ന് എന്ന് അറിയപ്പെട്ടിരുന്ന പ്രദേശത്തിന്റെ ഒരു ഭാഗത്ത് വിതുര പഞ്ചായത്ത് സ്വന്തമായി ഒരു ചെറിയ ഓഫീസ് മന്ദിരം നിർമ്മിച്ചത്. ആശുപത്രിക്കു സമീപമുള്ള ആ കെട്ടിടത്തിൽ തന്നെ പഞ്ചായത്ത് ഓഫീസ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

വിതുര പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ കെ. തങ്കപ്പൻ പിള്ളയാണ്. പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത് മൂന്ന് മാസം കഴിഞ്ഞപ്പോൾ ശ്രീ തങ്കപ്പൻപിള്ള രാജി വയ്ക്കുകയും, വൈസ് പ്രസിഡന്റായിരുന്ന ശ്രീ പി.കെ. തമ്പുപിള്ള താല്ക്കാലിക പ്രസിഡന്റാവുകയും ചെയ്തു. തുടർന്ന് കെ. സാംബശിവൻ വിതുര പഞ്ചായത്തിന്റെ പ്രസിഡന്റായി. ഇദ്ദേഹം രാജിവച്ചതിനെ തുടർന്നാണ് എം. അബൂബക്കർ കുഞ്ഞ് പ്രസിഡന്റായും ശ്രീ പി.കെ. തമ്പുപിള്ള വൈസ്പ്രസിഡന്റായും ഈ പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിച്ചത്. പിന്നെ രണ്ടുതവണ വിതുര പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചത് ശ്രീ പി. അയ്യപ്പൻപിള്ള ആയിരുന്നു. അന്ന് വൈസ് പ്രസിഡന്റായി ശ്രീ വിശ്വംഭരൻ നായരും തുടർന്ന് അഡ്വ. കെ. ശ്രീകുമാരൻനായരും തൽസ്ഥാനങ്ങൾ വഹിച്ചു. തിരുവനന്തപുരം ജില്ലയിലെ ഇപ്പോഴത്തെ ഏക പട്ടികവർഗ്ഗ സംവരണ പഞ്ചായത്ത് വിതുരയാണ്. ശ്രീ ജി. അപ്പുക്കുട്ടൻകാണിയാണ് പ്രസിഡന്റ്.

വിതുര പഞ്ചായത്തിലെ കൊപ്പം (പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന വാർഡ്) ചെറ്റച്ചൽ, ചേന്നൻപാറ വാർഡുകൾ തൊളിക്കോട് വില്ലേജിലാണ്. ഇത് ഈ വാർഡുകളുടെ പുരോഗമനപ്രവർത്തനങ്ങൾക്ക് തടസ്സമായി നിലകൊള്ളുന്നു. അതിനാൽ ഈ മൂന്ന് വാർഡുകളെ കൂടി വിതുര വില്ലേജിൽ ഉൾപ്പെടുത്തുന്നത് വളരെ ഉത്തമമായിരിക്കും.

Chapter - III

# സാമൂഹിക സാംസ്കാരിക ചരിത്രം

വിവിധ സംസ്കാരങ്ങളുടെ സമഞ്ജസ സമ്മേളന മാണ് വിതുര പഞ്ചായത്തിൽ ദൃശ്യമാകുന്നത്. ഈ സംസ്കാരത്തിന്റെ ഉറവിടം ഈ പ്രദേശത്തിന്റെ ഭൂപ്രകൃതി യെയും കാർഷിക രംഗങ്ങളെയും ആശ്രയിച്ചുണ്ടായിട്ടുള്ള താണ്. ആദിവാസികളായ കാണിക്കാരാണ് ഈ പ്രദേശത്ത് ആദ്യമായി താമസമുറപ്പിച്ചവർ. ഇവർ ഇന്ത്യയുടെ ആദിദ്രാവിഡ സംസ്കാരത്തിന്റെ ഭാഗമായ ദക്ഷിണേന്ത്യൻ ഗോത്ര വർഗ്ഗത്തിലെ പ്രധാന ഗോത്രവർഗ്ഗമാണ്. ഈ പ്രദേശത്തിന് വിതുര എന്ന് നാമകരണം നൽകിയത് അവരാണെന്ന് പറയപ്പെടുന്നു. വിദുരർ എന്ന് വിളിച്ചിരുന്ന ഒരു സന്യാസി ഇന്നത്തെ മുസാവരി ക്കുന്നിൽ തപസ്സു ചെയ്തിരുന്നതായി ആദിവാസികൾ അഭിപ്രായപ്പെടുന്നു. മഹാഭാരതത്തിലെ വിദുരർ ഈ പ്രദേശത്ത് താമസിച്ചിരുന്നതായും ചിലർക്കഭിപ്രായമുണ്ട്. കച്ചവടത്തിന് പണ്ടുമുതലേ പേരുകേട്ട സ്ഥലമായിരുന്നു മധുര. അതുപോലെ മലയോര കാർഷികോത്പന്നങ്ങൾ സുലഭമായി ലഭിച്ചിരുന്ന വിദൂര സ്ഥലമായിരുന്നു ഇത്. അതുകൊണ്ടാണ് ഈ പ്രദേശത്തിന് വിതുര എന്ന് പേര് ലഭിച്ചതെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

വളരെക്കാലം മുൻപ് ഈ പ്രദേശം ഏതാണ്ട് ഇരുപതോളം പ്രമാണിമാരുടെ കൈകളിലായിരുന്നു. മഹാരാജാവിനെ ആശ്രയിച്ച് കഴിഞ്ഞിരുന്ന ഇരുപതോളം പേർക്ക് മഹാരാജാവ് അനുവദിച്ചുകൊടുത്തതാണ് വിതുര, തൊളിക്കോട് പ്രദേശങ്ങൾ. ഇന്ന് നാട്ടിൻപുറത്ത് കാണുന്ന പല എസ്റ്റേറ്റുകളും അവർക്കുള്ളതായിരുന്നു. എസ്. വി. പണ്ഡിറ്റ്, വരദയ്യൻ സ്വാമി, പുളിമൂട്ടിൽ സ്വാമി തുടങ്ങിയവർക്ക് വിതുരയിൽ അടുത്തകാലംവരെ വിശാലമായ വസ്തുക്കൾ ഉണ്ടായിരുന്നു. ഗോകുൽ എസ്റ്റേറ്റ്, ലക്ഷ്മി എസ്റ്റേറ്റ്, വൃന്ദാവനം തുടങ്ങിയ പേരുകൾ തന്നെ മുകളിൽപറഞ്ഞ ഭൂവുടമകളുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. മുകളിൽ പറഞ്ഞക ഭൂസ്വാമിമാരെ തുടർന്ന് വിതുരയിൽ മറ്റ് ജാതിമതസ്ഥരായ ആളുകൾ വസ്തു സമ്പാദിച്ചു തുടങ്ങി.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിതുര പ്രദേശത്ത് ഒരു നൂറ്റാണ്ട് മുൻപ്‌വരെ കാര്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ചെറിയ രീതിയിൽ ഗുരുകുല വിദ്യാഭ്യാസമുണ്ടായിരുന്നു. തുടർന്ന് കുടിപള്ളിക്കൂടങ്ങൾ ചിലയിടങ്ങളിൽ ഉണ്ടായി. ഒരു നൂറ്റാണ്ടുമുൻപ് പലരും നെടുമങ്ങാടും മറ്റും പോയാണ് പ്രാഥമിക വിദ്യാഭ്യാസം പോലും നേടിയിരുന്നത്. തുടർന്ന് വിതുരയിൽ ആരംഭിച്ച സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നുള്ളതുങ്ങളുടെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിക്ക് വളരെയധികം സംഭവനകൾ നല്കിയിട്ടുണ്ട്.

കല്ലാറിലെ കമ്പി ആഫീസ്, വിതുരയിലെ അഞ്ചൽ ആഫീസ്, വിതുര പോലീസ് ഔട്ട്പോസ്റ്റ് (ഇന്നത്തെ പോലീസ്‌സ്റ്റേഷൻ) എന്നിവ ഈ പ്രദേശത്തെ ആദ്യകാലസ്ഥാപനങ്ങളാണ്. വിതുരയിൽ മുസാവരി സ്ഥാപിതമായ സമയത്താണ് ഇവയും സ്ഥാപിതമായത്. അഞ്ചലാഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഉടമ ശ്രീ സുബ്രഹ്മണ്യപിള്ളയായിരുന്നു വിതുരയിലെ ആദ്യത്തെ അഞ്ചലോട്ടക്കാരൻ.

ഹോർട്ടികൾച്ചർ രംഗത്ത് അന്തർദേശീയ വ്യക്തിമുദ്രപതിപ്പിച്ച ബീനാ നഴ്സറി വിതുരയിലാണ്.

### വാനനിരീക്ഷണകേന്ദ്രം

തിരുവനന്തപുരത്തു ഇന്ന് പ്രവർത്തിക്കുന്ന വാനനിരീക്ഷണകേന്ദ്രം മുൻപ് പ്രവർത്തിച്ചിരുന്നത് ബോണക്കാട് ടോപ്പ് ഡിവിഷനിലായിരുന്നു. 1888 ൽ ബ്രൗൺ സായിപ്പാണ് ഇതിനെ തിരുവനന്തപുരത്തു വെള്ളയമ്പലം കുന്നിൽ കൊണ്ടുവന്നു സ്ഥാപിച്ചത്.

### വാമനപുരം നദി

പശ്ചിമഘട്ട മലനിരയിൽ ഒരു സ്ഥലത്തു നിന്നും ഉത്ഭവിച്ച്, വാമനപുരം നദിയെന്ന പേരിൽ പടിഞ്ഞാറോട്ട് കേരളത്തിലേക്കും താമ്രപർണ്ണി എന്നപേരിൽ കിഴക്കോട്ട് തമിഴ്നാട്ടിലേക്കും ഒഴുകുന്നു.

### കൊയ്ത്തു കൃഷി

1885 കാലഘട്ടത്തിൽ ബോണക്കാടുഭാഗത്ത് കൊയ്ത്തു കൃഷിയുണ്ടായിരുന്നു.

### അയിത്തം

ജാതിഗ്രൂപ്പും അയിത്തവും വിതുരയിലും ഏറെ നാൾ ഉണ്ടായിരുന്നു. താണ ജാതിക്കാർ സവർണ്ണരുടെ വീട്ടിൽ കയറുന്നതിനോ അവരുടെ ചടങ്ങുകളിൽ പങ്കെടുക്കുന്നതിനോ അവകാശമുണ്ടായിരുന്നില്ല. ജന്മിമാരുടെ പുരയിടങ്ങളിൽ പണി ചെയ്തിരുന്നവർ ഉച്ചക്കഞ്ഞി കുടിക്കുന്നതിന് പാളകോട്ടി കൊണ്ടുവരണമായിരുന്നു. ജന്മി

യുടെ വീട്ടുമുറ്റത്ത് ചെറിയ കുഴിയുണ്ടാക്കി അതിൽ വാഴയില കോട്ടിവച്ചും ഓലയ്ക്കാൽ കൊണ്ട് വളയമുണ്ടാക്കി അതിനകത്ത് ഇല കോട്ടിവച്ച് കൂലിവേലക്കാരായ ആളുകൾക്ക് ഉച്ചകഞ്ഞിയും എരിശ്ശേരിയും കൊടുക്കുന്ന രീതി ഈപ്രദേശത്ത് ഉണ്ടായിരുന്നു. താണജാതിക്കാർക്ക് ചായക്കടകളിൽ ചിരട്ടയിലാണ് ചായ നൽകിയിരുന്നത്. ചായ കുടിച്ചതിന് ശേഷം ചിരട്ടകഴുകി കമിഴ്ത്തി വയ്ക്കണമായിരുന്നു. സവർണ്ണരുടെ കിണർതൊട്ട് വെള്ളംകോരുന്നതിന് അടുത്തകാലം വരെ അവർണ്ണർക്ക് അനുവാദം ഉണ്ടായിരുന്നില്ല. ഇന്ന് ഇത്തരം അവസ്ഥാവിശേഷങ്ങൾ പാടെ മാറിയിട്ടുണ്ട്.

### സ്വാതന്ത്ര്യസമരം

സ്വാതന്ത്ര്യസമരരംഗത്ത് വിതുരയിൽ നിന്ന് പതിനാലുപേർ പങ്കെടുത്തിട്ടുണ്ട്. ഈ പതിനാലുപേരിൽ ശ്രീ ഗോവിന്ദൻകുട്ടി മുതലാളിയായിരുന്നു സമരകമ്മിറ്റിയുടെ പ്രസിഡന്റ്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരിൽ ശ്രീ എൻ. ആർ നായിഡു. ശ്രീ മീരാസാഹിബ് എന്നിവർ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നത്. 1938 നവംബർ (1114 തുലാം) മാസത്തിലാണ് വിതുരയിൽ നിന്ന് ആദ്യമായി സ്വാതന്ത്ര്യ സമരസേനാനികൾ കവടിയാർ കൊട്ടാരത്തിലേക്ക് മാർച്ച് ചെയ്തത്.

### വിതുര വിപ്ലവത്തിന്റെ ജ്വാലയിൽ അരുണാഭമായ മണ്ണ്

തോട്ടം തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും വർഗ്ഗ സമരം കൊണ്ട് ചരിത്രം സൃഷ്ടിക്കാൻ വിതുരയിലെ വീര സഖാക്കൾക്കു കഴിഞ്ഞിട്ടുണ്ട്. ഇതിനു ഉത്തമ ഉദാഹരണമാണ് പൊന്നാൻ ചുണ്ട് സമരം. കൂലി കൂടുതലിനും ജോലിസ്ഥിരതയ്ക്കും വേണ്ടിയാണ് ഈ സമരം ആരംഭിച്ചത്. തികച്ചും അക്രമവിരുദ്ധസമരമായിരുന്നു ഇത്. 90 ദിവസം കുത്തിയിരിപ്പു സത്യാഗ്രഹം നടത്തിയിട്ടു മുതലാളിയുടെ മനസ്സലിയാതെ വന്നപ്പോൾ നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. സഖാക്കളായ ശ്രീ. പി. കെ തമ്പുപിള്ള, ശ്രീ. അപ്പൂക്കുട്ടൻനായർ, ശ്രീ. പ്രഭാകരൻ നായർ, ശ്രീ. ശ്രീധരൻ നായർ, ശ്രീ. എൻ. സി. പാണി എന്നിവരുടെ നേതൃത്വത്തിൽ സഖാവ് കെ. സാംബശിവനായിരുന്നു. സത്യാഗ്രഹം ആരംഭിച്ചത്. നിരാഹാരം തുടങ്ങി 16-ാം ദിവസമെത്തിയപ്പോൾ സത്യാഗ്രഹിയെ പോലീസ് ആശുപത്രിയിലേക്കുമാറ്റി. അവിടെയും അദ്ദേഹം നിരാഹാരവ്രതം തുടരുകതന്നെ ചെയ്തു. ഏഴുദിവസം കൂടി കഴിഞ്ഞപ്പോൾ പോലീസിന്റെ അറിവോടുകൂടി എസ്റ്റേറ്റുമുതലാളിയുടെ വാടകഗുണ്ട വിദ്യാധരൻ എന്നു പറയുന്ന ഒരു പാവപ്പെട്ട സഖാവിനെ കുത്തിക്കൊന്നു. ഇതിനെ തുടർന്നാണ് സമരം അവസാനിച്ചത്. നെടുമങ്ങാട്ടുകാരനായ വിദ്യാധരൻ ഈ സമരം നടക്കുന്ന സ്ഥലത്ത് മൈക്ക് പ്രവർത്തിപ്പിക്കുന്ന തൊഴിലാളിയായിരുന്നു.

കൂലി കൂടുതലിനും തൊഴിലാളികളുടെ ജോലി സ്ഥിരതയ്ക്ക് വേണ്ടിയും തൊഴിൽ സമയം നിജപ്പെടുത്തുന്നതിനായും തൊഴിലാളികൾക്കു താമസസൗകര്യം ഏർപ്പെടുത്തുന്നതിനായുമാണ് വിതുരയിലെ വർഗ്ഗ സമരങ്ങൾ നടന്നിട്ടുള്ളത്. മരുതാമലയിലെ കോളനിയിൽ ഹരിജനങ്ങളെയും ഗിരിജനങ്ങളെയും പാർപ്പിക്കുന്നതിനു ശ്രമിച്ച സഖാവ് എൻ സി പാണിയും സാമൂഹ്യ ശത്രുക്കളുടെ കത്തിക്കിരയാവുകയായിരുന്നു. സഖാവ് അബൂബേക്കർ കുഞ്ഞിന്റെ നേതൃത്വത്തിൽ 9 ദിവസം നീണ്ടുനിന്ന നൂറേക്കർ സമരവും വളരെ ചർച്ചാ വിഷയമായിട്ടുള്ളതാണ്. ഇങ്ങനെ അടിമത്തത്തിനെതിരെ ആഞ്ഞടിച്ച വിതുരയിലെ സമരങ്ങൾ പലതും പത്രപംക്തികളിലൂടെയും വർഗ്ഗബോധസംസ്കാരത്തിലൂടെയും കേരളക്കരയിൽ ശ്രദ്ധേയമായിട്ടുണ്ട്.

ഇവിടെ പരാമർശിക്കപ്പെടാത്തവരായി ധാരാളം മഹത്‌വ്യക്തികൾ ഈ നാടിന്റെ സാമൂഹ്യ സാംസ്ക്കാരിക വളർച്ചയ്ക്ക് തനതായ സംഭാവനകൾ നല്കിയിട്ടുണ്ട്. ചരിത്രം രൂപപ്പെടുത്തുന്നതിൽ അവർ വഹിച്ചിട്ടുള്ള പങ്ക് വിലപ്പെട്ടതാണ്. നമ്മുടെയും ത്യാഗത്തിന്റെയും പര്യായങ്ങളായ അവരെയും ഇത്തരുണത്തിൽ സ്മരിക്കുന്നു.

### ആരാധനാലയങ്ങൾ

ഒരു ജനതയുടെ സാംസ്കാരിക ജീവിതത്തിൽ മതങ്ങൾക്കും ആരാധനാലയങ്ങൾക്കും വളരെ വലിയ പങ്കാണ് വഹിക്കാനുള്ളത്. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം മതക്കാർ ഇത്രയധികം സഹിഷ്ണുതയോടെ വർത്തിക്കുന്ന ഒരു പ്രദേശം മറ്റൊരിടത്തും തന്നെ ദൃശ്യമല്ല.

വിതുരയിലെ ആദ്യത്തെ ആരാധനാലയം മക്കി ശാസ്താ ക്ഷേത്രവും, മരുതാമല മഹാഗണപതിക്ഷേത്രവുമാണ്. ശ്രീബുദ്ധന്റെ വിഗ്രഹവുമായി മക്കി ശാസ്താവിനും സാമ്യമുണ്ട്. ഇത് കഴിഞ്ഞാൽ പഴക്കം കൊണ്ട് മുന്നിൽ നിൽക്കുന്നത് ഇന്ന് തൊളിക്കോട് പഞ്ചായത്തിൽപ്പെട്ട ചായം സുബ്രഹ്മണ്യസ്വാമിക്ഷേത്രമാണ്. ചായം ഭദ്രകാളി ക്ഷേത്രം വിതുര മുടിപ്പുര വിതുര മഹാദേവക്ഷേത്രം, മണലി ദേവീക്ഷേത്രം, എന്നിവ വിതുരയിലെ വളരെ പഴക്കമുള്ള ഹൈന്ദവ ആരാധനാലയങ്ങളാണ്. വിതുരയിലെ ഏറ്റവും പ്രധാനക്ഷേത്രമായ ശ്രീ മഹാദേവക്ഷേത്രം 1965 ലാണ് നിർമ്മിച്ചത്. ശ്രീ എസ് വി പണ്ഡിറ്റ് നൽകിയ സ്ഥലത്താണ് ഈ ക്ഷേ

ത്രം നിർമ്മിച്ചിരിക്കുന്നത്. മേമല ക്ഷേത്രം ചെറുമണലി ദേവീക്ഷേത്രം , കല്ലാർമാരിക്ഷേത്രം, എന്നിവ ഹൈന്ദവ ആരാധനാകേന്ദ്രങ്ങളാണ്. കാക്കിരിശി നാടകം ഓട്ടൻതുള്ളൽ, വില്ലുപാട്ട്, കമ്പടവുകളി കലാപരിപാടികൾ കഥകളിയും ഉത്സവപറമ്പുകളെ രസിപ്പിച്ചിരുന്നു. ഭദ്രകാളിയെ എഴുന്നള്ളത്ത് നടത്തി ഏഴ് ദിവസം കൊണ്ടാടി പോന്ന ഉത്സവ പരിപാടികൾ നാട്ടുകാർക്ക് ദേശീയോത്സവം പോലെയായിരുന്നു.

വിതുരയിലെ മുസ്ലീങ്ങൾ തൊളിക്കോട് പള്ളിയെയാണ് മുൻപ് ആശ്രയിച്ചിരുന്നത്. എന്നാൽ വിതുര മുസ്ലീം ജുമാ അത്ത് മന്ദിരം നിർമ്മിച്ചതോടുകൂടി ഈ പ്രദേശത്തെ മുസ്ലീങ്ങൾ ഇവിടെയാണ് ആരാധന നടത്തുന്നത്. വിതുര മുസ്ലീം ജുമാ അത്ത് മന്ദിരം നിർമ്മിച്ചത് 1931-32 വർഷമാണ് ഇതുകൂടാതെ ആനപ്പാറയിൽ രണ്ട് വർഷത്തിനു മുൻപ് ഒരു തയ്ക്കാവ് പള്ളിയും നിർമ്മിച്ചിട്ടുണ്ട്. മേമലയിൽ ഒരു പള്ളിയും നിലവിലുണ്ട്.

ക്രിസ്തുമതക്കാരുടെ പ്രധാന ആരാധനാലയങ്ങൾ തേവിയോട് റോമാപള്ളി, വിതുര പഞ്ചായത്തിലെ ലണ്ടൻ മിഷൻ പള്ളി (സി.എസ്.ഐ ചർച്ച്), പോറ്റിക്കുന്ന് മാർതോമ പള്ളി, വേളാങ്കണ്ണി പള്ളി, ആൾ സെയന്റ്സ് ചർച്ച്, കൊപ്പം. എന്നിവയാണ്.

വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളും മറ്റുമതക്കാരും ചേർന്നുനടത്തുന്ന ഐക്യക്രിസ്തുമസ് ആഘോഷം വിതുരയുടെ മതസഹിഷ്ണുതക്ക് ഉത്തമ ഉദാഹരണമാണ്. കൂടാതെ നബിദിനം, റംസാൻ, ബക്രീദ്, എന്നിവയും ശ്രീകൃഷ്ണജയന്തി, ശിവരാത്രി മഹോത്സവം എന്നിവയും സമുചിതമായി ആഘോഷിക്കുന്നു.

## വിതുരയിലെ സാംസ്കാരിക രംഗം
## കെ. പി. എസ്. എം ഗ്രന്ഥശാല.

വിതുരയിലെ സാംസ്കാരിക രംഗത്ത് കാര്യമായ പങ്കുവഹിക്കാൻ ഇന്നത്തെ കെ.പി.എസ്.എം ലൈബ്രറിക്ക് കഴിഞ്ഞിട്ടുണ്ട്. 1926 ലാണ് ഇത് ഇന്ന് സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ 'കെ. പി. എസ് എം ഗ്രന്ഥശാല' എന്ന പേരിൽ പ്രവർത്തിച്ചു തുടങ്ങിയത്. ഇതിനും വർഷങ്ങൾക്ക് മുൻപ് തന്നെ ഇവിടെ ഗ്രന്ഥശാല പ്രവർത്തിച്ചു വന്നിരുന്നു. ഹൈന്ദവ യുവജന സമാജം എന്നതായിരുന്നു ഇതിന്റെ ആദ്യത്തെ പേര്. വെറും വിനോദത്തിനായി ഒത്തുചേർന്ന ചെറുപ്പക്കാർ ജനങ്ങളുടെ സാംസ്കാരിക ഉയർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ തുടങ്ങി. ഒരു രൂപ നിരതദ്രവ്യവും നാലണ മാസവരിയും നാലണപ്രവേശന ഫീസും നൽകുന്ന ഏതൊരാളിനും ഈ ഗ്രന്ഥശാലയിൽ അംഗത്വം നൽകിയിരുന്നു. ഇതിന് ജാതിമത ഭേദം ഉണ്ടായിരുന്നില്ല. വായിക്കാനറിയാവുന്നവർക്ക് പുസ്കം, പത്രം എന്നിവ വായിക്കുന്നതിനും നിരക്ഷരരായവരെ കൂടെയിരുത്തി കാര്യങ്ങൾ വായിച്ചു കേൾപ്പിക്കുന്നതിനും വേണ്ട സൗകര്യം ഇവിടെ ഉണ്ടായിരുന്നു.

ആദ്യം നാട്ടുകാരിൽ നിന്ന് സംഭാവന പിരിച്ച് പതിനൊന്ന് സെന്റ് സ്ഥലം ഈ ലൈബ്രറിക്കായി വാങ്ങിച്ചു. അതിൽ ഒരു താൽക്കാലിക ഷെഡ് നിർമ്മിച്ചു ഗ്രന്ഥശാല പ്രവർത്തനം വിപുലമാക്കി. ഗ്രന്ഥശാലയുടെ പ്രവർത്തനം നേരിൽ കണ്ട് സന്തോഷിച്ച ശ്രീ. കെ. പി എസ് മേനോൻ ഒരു സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട തുക സംഭാവനയായി നൽകി. തുടർന്ന് ഒരു ഭേദപ്പെട്ട കെട്ടിടം നിർമ്മിക്കുകയും ഗ്രന്ഥശാലയ്ക്ക്. കെ. പി. എസ്. എം ഗ്രന്ഥശാല, എന്ന പേര് നൽകുകയും ചെയ്തു. കേരള ഗ്രന്ഥശാലാസംഘം രൂപീകരിച്ചതോടെ കെ.പി.എസ്.എം ഗ്രന്ഥശാല അതിൽ അംഗമായി ചേരുകയും, തുടർന്ന് ഈ ഗ്രന്ഥശാലയ്ക്ക് സർക്കാർ ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. 1965 ന് ശേഷമാണ് ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചത്. ലൈബ്രേറിയൻമാരുടെ അശ്രദ്ധകാരണം ഗ്രന്ഥശാലയുടെ പുസ്തകങ്ങൾ പലതും നഷ്ടപ്പെട്ടു. 1975 മുതൽ പ്രവർത്തനം വീണ്ടും ശക്തിപ്പെട്ടുവന്നു. എന്നാൽ 1977 ൽ സർക്കാർ ഗ്രാന്റ് സമയത്തിന് ലഭിക്കാത്തതുകാരണം ഗ്രന്ഥശാലയുടെ പ്രവർത്തനം വീണ്ടും താളംതെറ്റി. തുടർന്ന് 10 വർഷത്തോളം ഗ്രാന്റ് ലഭിക്കാതെ വന്നപ്പോൾ ഗ്രന്ഥശാലയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലെത്തി. ഇത് മനസ്സിലാക്കിയ പഞ്ചായത്ത് കമ്മിറ്റി ഗ്രന്ഥശാല ഏറ്റെടുക്കാൻ സന്നദ്ധത കാണിച്ചു. ഇതിന്റെ ഫലമായിട്ടാണ് ഗ്രന്ഥശാല സെക്രട്ടറി ആയിരുന്ന ശ്രീ വി. കുമാരൻനായർ ഈ സാംസ്കാരിക നിലയത്തെ പഞ്ചായത്തിനു കൈമാറിയത്. 1988 ഡിസംബർ 22 ആയിരുന്നു ഈ കൈമാറ്റം നടന്നത്. പതിനൊന്ന് സെന്റ് സ്ഥലം നാല് മുറികളുള്ള കെട്ടിടം 7 അലമാര, രണ്ട്മേശ, ഒരു റീഡിംഗ് ടേബിൾ 921 പുസ്കതങ്ങൾ എന്നിവയായിരുന്നു അന്ന് ഈഗ്രന്ഥശാലയിൽ ഉണ്ടായിരുന്നത്. ഇന്ന് 2457 പുസ്തകങ്ങളും 415 അംഗങ്ങളുമുള്ള ഈ ഗ്രന്ഥശാലകളിൽ ഇതുവരെ ഒരു സ്ഥിരം ലൈബ്രേറിയനെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല.

ഹൈന്ദവ യുവജന സംഘത്തിന്റെ പ്രവർത്തനഫലമായിട്ടാണ് വിതുരയിൽ സഹകരണസംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. ഈ സഹകരണസംഘം ഹരിജനങ്ങൾക്ക് സൗജന്യ അംഗത്വം നൽകിയിരുന്നു. ശ്രീ കുമാരൻ നായരുടെ ഉത്സാഹത്തോടെയാണ് കെ.പി.എസ്.എം. ഗ്രന്ഥശാലയിൽ സഹകരണസംഘത്തിന്റെ പ്രവർത്തനം വികസിപ്പിച്ചത്. ശ്രീ കുഴിവിള പത്മനാഭപിള്ള, കുറവരുകോണം വേലായുധൻനായർ, മിടാലം പത്മനാഭപിള്ള, വലി

തൃവേങ്കോട് പത്മനാഭപിള്ള, കേശവനേഡ്, ഈഞ്ചെപ്പൂരി പത്മനാഭപിള്ള, തുടങ്ങിയവരായിരുന്നു ഹൈന്ദവ യുവ ജനസമാജത്തിന്റെ ശില്പികൾ. ഇവരുടെ നേതൃത്വത്തിലാണ് ഗ്രന്ഥശാലയിൽ സഹകരണസംഘം പ്രവർത്തിച്ചു തുടങ്ങിയത്. വിവേകദായിനി പരസ്പര സഹായസംഘം എന്നതായിരുന്നു ഈ സഹകരണസംഗത്തിന്റെ പേര്.

1956 നവംബർ 1-ാം തീയതി ബഷീർ ബിൽഡിംഗിൽ ശ്രീ വിതുര ബേബിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ജനകീയ കലാസമിതി എന്ന ഒരു സമിതി രൂപം കൊണ്ടു വിതുരബേബി സെക്രട്ടറിയായും, ശ്രീ എം. എസ് ഹമീദ്, ഷാജി ഹരിദാസ് എന്നിവരെ മറ്റുഭാരവാഹികളായും മീരാസാഹിബിനെ പ്രസിഡന്റായും അംഗീകരിച്ചുകൊണ്ട് 13 പേരടങ്ങിയ ഒരു കമ്മിറ്റിക്ക് രൂപം നല്കി. ഈ സമിതി വിതുരയിലെ സാംസ്കാരികരംഗത്ത് വളരെ ഏറെ പ്രവർത്തിച്ചിരുന്നു.

1956 നവംബർ 1ന് പ്രവർത്തനം ആരംഭിച്ച ഭാവന സ്പോർട് ആന്റ് ആർട്സ് ക്ലബും ലൈബ്രറിയും ഇന്ന് കേരളോദയം ലൈബ്രറി എന്നപേരിൽ അറിയപ്പെടുന്നു. എൻ. ഗംഗാധരൻ നായരായിരുന്നു ഇതിന്റെ പ്രസിഡന്റ് ഇന്ന് ഈ ലൈബ്രറി പ്രവർത്തിക്കുന്നില്ല.

## സ്വദേശാഭിമാനി മരുതുംമൂട്

കെ. പി. എസ് എം ഗ്രന്ഥശാലയ്ക്ക് പുറമേ വിതുര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു പ്രമുഖ ഗ്രന്ഥശാലയാണ് 1988 ൽ സ്ഥാപിച്ച സ്വദേശാഭിമാനി ഗ്രന്ഥശാല മരുതും മൂട്. ഇന്ന് 1400 ൽ പരം അംഗങ്ങൾ ഇതിലുണ്ട്. ഈ ഗ്രന്ഥശാലയ്ക്ക് 5000 ഓളം പുസ്തകങ്ങൾ ഇതിന്റെ ശേഖരത്തിൽ ഉൾപ്പെടുത്താൻ സാധിച്ചത് എടുത്തു പറയത്തക്ക നേട്ടമാണ്. ദിനം പ്രതി 20 വായനക്കാർ ഗ്രന്ഥശാലയിലെത്തുകയും ചുരുങ്ങിയത് 40 പുസ്തകങ്ങൾ വായിക്കപ്പെടുകയും ചെയ്യുന്നു. ഇപ്പോൾ 12 ആനുകാലികങ്ങൾ ഗ്രന്ഥശാലയിലുണ്ട്. പഞ്ചായത്തിൽ നിന്നും മുമ്പ് 900 രൂപയും ഗവൺമെന്റിൽ നിന്ന് 1000 രൂപയും ഗ്രാന്റായി ലഭിച്ചിരുന്നു. ഇപ്പോൾ ഗവൺമെന്റിൽ നിന്നും പഞ്ചായത്തിൽ നിന്നും 4000 രൂപ ലൈബ്രറി ഗ്രാൻഡായും 6000 രൂപലൈബ്രേറിയൻ ഗ്രാൻഡായും ലഭിക്കുന്നു.

വിതുരയിലെ കൊപ്പത്ത് പ്രവർത്തിച്ചിരുന്ന ഒരു പ്രമുഖ ഗ്രന്ഥശാലയായിരുന്നു മഹാത്മ. ഇന്ന് ഇതിന്റെ പ്രവത്തനം നിലച്ചിരിക്കുകയാണ്. കൂടാതെ മരുതാമലയിൽ രമ്യോദയ എന്ന പേരിൽ ഒരു കലാ കായിക വേദിയും ഗ്രന്ഥശാലയും പ്രവർത്തിക്കുന്നുണ്ട്.

ഗ്രന്ഥശാലകൾക്ക് പുറമെ നിരവധി കലാസാംസ്കാരിക സമിതികളും കായിക സമിതികളും വിതുരയിൽ പ്രവർത്തിച്ചിരുന്നു. ഇവയിൽ പലതും പലവിധ കാരണങ്ങളാൽ ഇടയ്ക്ക് പ്രവർത്തനം നിലച്ചിരിക്കുന്നു. പല സംഘടനകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഇവയിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു സമിതിയാണ് വിതുര തീയേറ്റേഴ്സ്. ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഇല്ല. തേവിയോട് കേന്ദ്രമാക്കിയാണ് ഇത് പ്രവർത്തിച്ചിരുന്നത്. കല്ലാർ, നളന്ദ, മരുതാമല, കെ എസ് എൻ, ചേന്നമ്പാറ വൈ എം എ , സി പി എ സി ചായം, തുടങ്ങിയവയും നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നതുമായ സംഘടനകളാണ്. കൈരളി ബാലജനസഖ്യം ആൻഡ് റേഡിയോക്ലബ് കല്ലാർ, യുവജന സമാജം വിതുര, പി പി എ സി ചേന്നമ്പാറ, ഭാരത്സേവക് സമാജ് ചേന്നമ്പാറ, ന്യൂ ഇൻഡ്യാ ആർട്സ് & സ്പോർട്സ് ക്ലബ് ആനപ്പാറ, സർഗ്ഗാ സാംസ്കാരിക സമിതി ആനപ്പാറ എന്നിവയും വിതുരയുടെ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവയാണ്.

രമ്യോദയ കലാ കായിക വേദി, അക്ഷര കലാവേദി തേവിയോട്, കെ. പി. എസ്. എം ആർട്സ് ആൻഡ് സ്പോർട്ട് ക്ലബ് വിതുര ദർശൻ സാംസ്കാരിക സമിതി ആനപ്പാറ, ശൃംഖല ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് , ജനനി ആർട്ട് ആൻഡ് സ്പോർട്സ് ക്ലബ് കളീയ്ക്കൽ, പുലരി മരുതുംമൂട് എന്നിവ ഇപ്പോൾ ഈ രംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘടനകളാണ്.

പ്രതിമാസ നാടക പരിപാടി നടത്തുന്നതിനുവേണ്ടി വിതുരയിൽ പ്രവർത്തിച്ചിരുന്ന സൗന്ദര്യാ ആർട്സ് ആന്റ് സെന്ററിന്റെ പ്രവർത്തനം വിതുരയിലെ ജനങ്ങൾക്ക് നാടകാസ്വാദനത്തിനും മറ്റും അവസരമുണ്ടാക്കിയിരുന്നു. വിതുര കേന്ദ്രമാക്കി രൂപപ്പെടുന്ന പ്രൊഫഷണൽ നാടകസമിതിയാണ് ആർഷ

പ്രതിമാസ നാടകപരിപാടികൾ സംഘടിപ്പിക്കുന്നതിനും സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമാക്കി അടുത്ത കാലത്ത് രൂപം കൊണ്ട സാംസ്കാരിക സമിതിയാണ് സദസ്സ്

വിതുരയുടെ സാംസ്കാരിക രംഗത്ത് വളരെയധികം സംഭാവനകൾ നൽകിയ മറ്റൊരു കലാകേന്ദ്രമാണ് വിതുര പ്രസന്നാ തീയേറ്റർ. നിരവധി നല്ല സിനിമകൾ ഇവിടെ പ്രദർശിപ്പിക്കുക വഴി സാംസ്കാരികോന്നമനത്തിന് കളമൊരുക്കി. ഇവിടെ പ്രദർശിപ്പിച്ച സംസാരിക്കുന്ന ആദ്യ മലയാള ചിത്രം കൃഷ്ണഭക്തിയാണ്.

നിഷ്കളങ്കമായ ഒരു സാംസ്കാരിക പാരമ്പര്യം സ്വന്തമായുണ്ടായിരുന്ന ഈ പ്രദേശം ഇനി വളരെവേഗം മലിനപ്പെടും. അതിനുള്ള സങ്കേതങ്ങൾ ഇവിടെയും മുളച്ചു തുടങ്ങി.

## Chapter - IV

# ഭൂപ്രകൃതിയും ജലവിഭവങ്ങളും

വിതുര പഞ്ചായത്തിന്റെ സ്ഥാനം മാർക്കറ്റിൽ ലഭ്യമായ മാപ്പുകൾ പ്രകാരം ഭൂമധ്യ രേഖക്ക് വടക്ക് 8° 45′ ലും രേഖാംശം 77° 7′ കിഴക്കുമാണ്. 131.56 ച.കി.മി വിസ്തീർണ്ണം വരുന്ന ഈ പഞ്ചായത്തു പ്രദേശം പശ്ചിമഘട്ടമലനിരയുടെ പടിഞ്ഞാറുഭാഗത്തെ താഴ്വാരമാണ്. ഈ പഞ്ചായത്തിന്റെ ഭാഗമായ ബോണക്കാടു വാർഡ് പശ്ചിമഘട്ട മലനിരയിൽ സമുദ്രനിരപ്പിൽ നിന്നും 2000 അടി ഉയരത്തിൽ മലനിരയുടെ പടിഞ്ഞാറുഭാഗത്തു ഒറ്റപ്പെട്ടു സ്ഥിതി ചെയ്യുന്നു. വാമനാപുരം നദിക്കും കരമനയാറിനും ഇടയ്ക്കാണ് ഈ പഞ്ചായത്തിന്റെ ഒൻപതു വാർഡുകൾ. ആനപ്പാറ വാർഡും കല്ലാർ വാർഡിന്റെ ഒരു ഭാഗവും വാമനാപുരം നദിക്കു വടക്കുഭാഗത്താണ്. ബോണക്കാടു വാർഡ് ഒഴികെ പത്തു വാർഡുകളും കുന്നുകളും താഴ്വാരങ്ങളും നിറഞ്ഞതാണ്. വളഞ്ഞു പുളഞ്ഞു ശാഖകളുമായി 200 അടിമുതൽ 500 അടിവരെ ഉയരമുള്ള ഒറ്റ കുന്നും അതിന്റെ താഴ്വാരങ്ങളുമാണ് ഈ പ്രദേശമെന്നു പറയാം. എല്ലാ പാടങ്ങളും (താഴ്വാരങ്ങളും) പരസ്പരബന്ധിതമാണ്. അതിനാൽ ഒറ്റ താഴ്വാരമെന്നും പറയാം. ബോണക്കാടു വാർഡിന്റെ കാലാവസ്ഥ മറ്റു പത്തു വാർഡുകളിൽ നിന്നും വ്യത്യസ്ഥമാണ്. ഭൂമിശാസ്ത്രപരമായ കിടപ്പാണ് അതിനു കാരണം. പശ്ചിമഘട്ടമലനിരകൾ തെക്കുവടക്കുനീളത്തിലാണെങ്കിൽ ഈ പഞ്ചായത്തിലെ കുന്നുകൾ കിഴക്കു പടിഞ്ഞാറു നീളത്തിൽ ഇരുപതോളം മടക്കുകളായി കിടക്കുന്നു. പടിഞ്ഞാറുനിന്നും കിഴക്കോട്ടു പോകുമ്പോൾ കുന്നുകളുണ്ടെങ്കിലും ഉയരം താരതമ്യേന കുറവാണ്.

പ്രതിദിന ഊഷ്മാവ് ശരാശരി 26° മുതൽ 32° സെൽഷ്യസ് വരെയാണ്. ഡിസംബർ മുതൽ മാർച്ചു വരെയുള്ള മാസങ്ങളിൽ മഴയുണ്ടാകാറില്ല. വരൾച്ച രൂക്ഷമായി അനുഭവപ്പെടുന്നത് ഈ മാസങ്ങളിലാണ്. ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ മിക്കവാറും മഴയുണ്ടാകാറുണ്ട്.

ജില്ലയിൽ ഈ പ്രദേശത്തിന്റെ മാത്രം പ്രത്യേകതയാണ് ഇത്.

മണ്ണു ചുമന്നനിറത്തിൽപ്പെട്ടതാണ്. പഞ്ചായത്തിന്റെ എല്ലാഭാഗത്തുമുള്ള പൊതുസ്ഥിതിയാണിത്. എന്നാൽ മണ്ണൊലിപ്പു ബാധിക്കാത്ത ഭാഗങ്ങളിലും വയലുകൾ താഴ്വാരങ്ങൾ എന്നീ ഭാഗങ്ങളിലും കറുത്ത മണ്ണാണ് കാണുന്നത്. വെയിലും മഴയും ജൈവാവശിഷ്ടങ്ങളും മൂലമാണ് മണ്ണു കറുക്കുന്നത്. ഇതിന്റെ അളവ് കരഭാഗങ്ങളിൽ ഒരു സെ.മീ മുതൽ രണ്ടു അടിവരെ കാണാം. കുന്നു നിരപ്പാക്കിയ ഭാഗങ്ങളിലും മണ്ണൊലിപ്പുള്ള ഭാഗങ്ങളിലും കരിമണ്ണിന്റെ അളവ് വളരെ കുറവാണ്. കുന്നിൻ മണ്ടകളും ബോണക്കാടു പ്രദേശവും ഇതിനു തെളിവാണ്. 131.56 ച.കി.മി വിസ്തൃതിയുണ്ടെങ്കിലും 98.58 ച.കി.മി.യും വനപ്രദേശവും ആദിവാസിമേഖലയുമാണ്.

## ജലവിഭവങ്ങൾ

മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് ഇവിടെ നിലനില്ക്കുന്നത്. ഇപ്പോൾ നിലംകൃഷി നാമാവശേഷമായിക്കൊണ്ടിരിക്കുന്നതിനാലും റബ്ബർ, തെങ്ങ് തുടങ്ങിയ വൃക്ഷവിളകൾ വ്യാപകമായതും കാരണം ജലസേചന സൗകര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ട കാര്യമില്ലാതായിട്ടുണ്ട്. ഡിസംബർ മുതൽ മാർച്ചു വരെയുള്ള മാസങ്ങളിലൊഴികെ മിക്കവാറും എല്ലാ മാസങ്ങളിലും ഈ പ്രദേശത്തു മഴ കിട്ടുന്നുണ്ട്. മേൽപറഞ്ഞ നാലു മാസങ്ങളിൽ രൂക്ഷമായ വരൾച്ചയും ജലക്ഷാമവും അനുഭവപ്പെടാറുണ്ട്.

വാമനാപുരം നദി, കരമനയാർ എന്നീ നദികൾ ഈ പഞ്ചായത്തു പ്രദേശത്തുനിന്നും ഉത്ഭവിച്ചു ഒഴുകുന്നു. ജലസേചന ആവശ്യങ്ങൾക്കു വേണ്ടി ഈ നദികളിലെ ജലം ഇതുവരെ ഉപയോഗിച്ചിട്ടില്ല.

ഇപ്പോൾ കരമനയാറ്റിലെ ജലം പേപ്പാറയിൽ ഡാം നിർമ്മിച്ചു തിരുവനന്തപുരത്തു ശുദ്ധജലവിതരണത്തിനായി കൊണ്ടുപോകുന്നുണ്ട്. മാത്രമല്ല ഡാമിലെ വെള്ളച്ചാട്ടത്തിൽ നിന്നും ചെറിയ തോതിൽ (3 മെഗാവാൾട്ട്) വൈദ്യുതിയും ഉല്പാദിപ്പിക്കുന്നുണ്ട്.

വാമനാപുരം നദിയിൽ കല്ലാർ ഭാഗത്തു ഡാം നിർമ്മിച്ചു നെടുമങ്ങാട്, ആറ്റിങ്ങൽ, ചിറയിൻകീഴ് ഭാഗങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കുവാനുള്ള ശ്രമം നടക്കുന്നുണ്ട്. 1-ാം പഞ്ചവത്സരപദ്ധതിയിൽ ഉണ്ടായ തീരുമാനപ്രകാരം 1955 മുതൽ ഇതിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭശ്രമം തുടങ്ങിയതാണ്. നാളിതുവരെ നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 1955 ലെ ആവശ്യങ്ങളും സാഹചര്യങ്ങളുമല്ല ഇപ്പോഴുള്ളത്. 2353 ൽപരം ഹെക്ടർ നെൽപാടങ്ങളും 5704 ൽ പരം ഹെക്ടർ കരഭാഗങ്ങളും ഉദ്ദേശിച്ചാണ് ജലസേചനപദ്ധതി ആസൂത്രണം ചെയ്തത്. ഇപ്പോൾ

ജലസേചന ആവശ്യം എത്ര ഹെക്ടറിനാണു വേണ്ടത് എന്നു കണക്കാക്കിയശേഷം ഡാമിന്റെ നിർമ്മാണം തുടങ്ങുന്നതാണ് നല്ലത്. വെറുതെ പതിനായിരംക്കണക്കിൽ കോടി രൂപയും (പണിതീരുമ്പോൾ) 500 ഹെക്ടറിലധികം വനഭൂമിയും അത്രയും മനുഷ്യ അധിവാസപ്രദേശങ്ങളും നശിപ്പിക്കേണ്ട കാര്യമില്ല.

മഴക്കു പുറമേ തോടുകളും, നീരുറവകളും കുളങ്ങളും ജലസേചനത്തിനും കുടിവെള്ളത്തിനുമായി ഈ പ്രദേശത്തുകാർ ഉപയോഗിച്ചു വരുന്നു. മിടാലം തോട്, കളിക്കൽ തോട്ട്, തള്ളച്ചിറ തോട്, മുത്തിപ്പാറ തോട്, പട്ടൻകുളിച്ചപാറതോട്, മേമല തോട്, ദർപ്പതോട് എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന തോടുകൾ. എല്ലാം വേനൽകാലത്ത് വറ്റിപോകാറുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ 5 മീറ്റർ വരെ താഴുമ്പോൾ വെള്ളം കിട്ടാറുണ്ട്. എന്നാൽ ഉയർന്ന ഭാഗങ്ങളിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടാറുണ്ട്. ആദിവാസി മേഖലകളിലും നാട്ടിൻപുറങ്ങളിലെ കുന്നിൻ ചരിവുകളിലും ഒരിയ്ക്കലും വറ്റാത്ത നീരുറവകൾ പലതുമുണ്ട്. അവ സംരക്ഷിക്കപ്പെടേണ്ടതാണ്. കല്ലാർ മുതൽ അഞ്ചുതെങ്ങുവരെയുള്ള ഭാഗങ്ങളിലെ ജനങ്ങൾ വാമനാപുരം നദിയിലെ ജലം കുടിക്കുവാനുപയോഗിക്കുന്നുണ്ട്. കല്ലാർ മുതൽ ഈ നദിയിലെ ജലം മലിനമാക്കുന്നുണ്ട്. കുടിവെള്ളത്തിനുപയോഗിക്കുന്ന നദികളിൽ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെടുന്ന നദി വാമനാപുരം നദിയാണ്.

## ഭൂപ്രകൃതി 10 വാർഡുകൾ



# Chapter - V

# സാമൂഹ്യസാമ്പത്തിക മേഖലകൾ

## 1. കൃഷി

13156 ഹെക്ടർ ഭൂവിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ കാർഷികാവശ്യത്തിനു ഉപയോഗിച്ചുവരുന്നത് 3298 ഹെക്ടർ മാത്രമാണ്. ബാക്കി വനഭൂമി, റോഡ്, തോട്, വഴി മുതലായവയാണ്.

**ഭൂവിനിയോഗം (ഹെക്ടറിൽ)**

| | ഇനവിവരം | 1967 | 1972 | 1987 | 1996 |
|---|---|---|---|---|---|
| 1. | നെല്ല് | 400 | 350 | 175 | 30 |
| 2. | പയർ | - | - | 40 | - |
| 3. | പച്ചക്കറികൾ | - | - | 20 | 20 |
| 4. | തെങ്ങ് | - | - | 30 | 120 |
| 5. | വാഴ | - | - | 120 | 100 |
| 6. | മരച്ചീനി | - | - | 520 | 110 |
| 7. | കുരുമുളക് | - | - | 210 | 30 |
| 8. | റബ്ബർ | - | - | 1255 | 2296 |
| 9. | കമുക് | - | - | 150 | 20 |
| 10. | തേയില | - | - | 558 | 378 |
| 11. | കൊക്കൊ | - | - | 30 | 15 |
| 12. | ഏലം | - | - | 50 | 64 |
| 13. | കശുമാവ് | - | | 110 | 100 |
| 14. | മറ്റിനം | - | - | 30 | 15 |
| | ആകെ | | | 3298 | 3298 |

**കൈവശഭൂമിയുടെ വിസ്തീർണ്ണം**

**0.5 ഹെക്ടറിൽ താഴെ - 1865**

**0.5 - 1.00 ഹെക്ടർ വരെ - 1594**

**1.00 ഹെക്ടറിനു മുകളിൽ 386**

ഇവിടെയുള്ള ഭൂമിയെ പ്രധാനമായും രണ്ടു വിഭാഗത്തിൽപ്പെടുത്താം. 1. കുന്നുകൾ 2. താഴ്വാരങ്ങൾ താഴ്വാരങ്ങളിൽ 85% വും ചതുപ്പാണ്. മുൻപ് ചതുപ്പു പ്രദേശങ്ങൾ മുഴുവൻ നെല്ല് കൃഷി ചെയ്തിരുന്നു. നാല്പതിൽ കൂടുതൽ താഴ്വാരങ്ങൾ ഈ പ്രദേശത്തുണ്ട്. രണ്ടു കുന്നുകൾക്കിടയിൽ വരുന്ന താഴ്വാരഭാഗങ്ങൾക്ക് 50 മീറ്റർ മുതൽ 100 മീറ്റർ വരെ വീതിയുണ്ടാകും. മൂന്നും നാലും കുന്നുകൾ വരുന്ന ഭാഗങ്ങളിൽ 200 മീറ്റർ മുതൽ 800 മീറ്റർ വരെ വീതിയുണ്ടാകാം. നീളം ശരാശരി 1 കിലോമീറ്റർ മുതൽ 1½ കിലോമീറ്റർ വരെ വരും. കുന്നുകളിലെ ചരിവ് 70% വും കുത്തനെയുള്ളതാണ്.

1950 കളിൽ കരഭാഗങ്ങളധികവും മാവ്, പ്ലാവ്, ആഞ്ഞിൽ, പറങ്കിമാവ്, തെങ്ങ്, കമുക് തുടങ്ങിയവ കൊണ്ടു നിറഞ്ഞതായിരുന്നു. നിലങ്ങളെല്ലാം പൂർണ്ണമായും വയൽ കൃഷിക്കു ഉപയുക്തമാക്കിയിരുന്നു. പുരയിടങ്ങളിൽ ഗണ്യമായ ഭാഗം മരച്ചീനി കൃഷിക്കു ഉപയോഗിച്ചിരുന്നു. കുറച്ചുഭാഗം റബ്ബറും കൃഷിചെയ്തിരുന്നു. ബോണക്കാടുഭാഗത്തു തേയില മാത്രമായിരുന്നു കൃഷി.

1970 കളിൽ നെൽകൃഷി ചെയ്തിരുന്ന പ്രദേശങ്ങൾ നികത്തിത്തുടങ്ങി. 400 ഹെക്ടർ വരെ നെല്ലു കൃഷിചെയ്തിരുന്നതു 1987 ആയപ്പോൾ 175 ഹെക്ടർ ആയി കുറഞ്ഞു. മാത്രമല്ല പല ഭാഗങ്ങളിലും കര നെല്ലു കൃഷിചെയ്തിരുന്നതും ഇല്ലാതായി. രാസവളം, കീടനാശിനികൾ, ഇത്തമ്പു കലപ്പ നല്ലയിനം വിത്തുകൾ എന്നിവ 1970 കളിലാണ് ഈ പ്രദേശത്തു ഉപയോഗിച്ചുതുടങ്ങിയത്. 1970 നു മുൻപ് വെള്ളം കയറിയും മട വീണും നെൽകൃഷി നശിച്ചുകൊണ്ടിരുന്നു. എന്നിട്ടും പ്രയത്ന ശീലമുള്ള കർഷകരും, തൊഴിലാളികളും അത്തരം പ്രകൃതിക്ഷോഭങ്ങളെ വിജയകരമായി തരണം ചെയ്തിരുന്നു.

1970 കളിൽ ബണ്ടുകൾ ബലപ്പെടുത്തുന്നതിലും തോടുകൾ വീതി കൂട്ടുന്നതിലും പഞ്ചായത്തുതലത്തിലും ബ്ളോക്കു തലത്തിലും മറ്റും വലിയ ശ്രമങ്ങൾ ഉണ്ടായി. അതിന്റെ പ്രയോജനവുമുണ്ടായി. വെള്ളം കയറുന്നതും മട വീഴുന്നതും മിക്കവാറും കുറഞ്ഞു. രാസവളങ്ങളും, കീടനാശിനികളും കാർഷികോപകരണങ്ങളും വേണ്ടത്ര ലഭ്യമായി തുടങ്ങി. എന്നാൽ പ്രതികൂല സാഹചര്യങ്ങളിൽ വ്യാപകമായി നിലനിന്ന നെൽകൃഷി ആധുനികസൗകര്യങ്ങൾ ലഭ്യമായതോടെ കൂടുതൽ ഉല്പാദനക്ഷമത കൈവരിക്കുന്നതിനു പകരം കൃഷി ഉപേക്ഷിക്കുന്ന നിലയിലോട്ടാണ് കാര്യങ്ങൾ നീങ്ങിയത്. ഇപ്പോൾ ഈ പ്രദേശത്ത് 30 ഹെക്ടറിൽ താഴെ മാത്രമാണ് നെൽകൃഷിയുള്ളത്. ഇടയ്ക്ക് ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം നിലവിൽ വന്നില്ലായിരുന്നുവെങ്കിൽ ഇപ്പോഴുള്ളതു അഞ്ചുവർഷം മുമ്പുതന്നെ നികത്തപ്പെടുമായിരുന്നു. നെൽകൃഷി അവസാനിച്ചത് ഇട സീസണിൽ കൃഷിചെയ്തിരുന്ന പയറു, ഉഴുന്നു, കപ്പലണ്ടി കൃഷികളേയും നാമാവശേഷമാക്കി.

ഉല്പാദനച്ചെലവു കൂടിയതും, വയൽകൃഷിക്കു ആ

ളുകളെ കിട്ടാതായതും, കൂലികൂടുതലും, മുടക്കുമുതലിനു തുല്യമായിപോലും ഉല്പാദനം ലഭ്യമല്ലാതായതും ആണ് നെൽകൃഷി അവസാനിപ്പിക്കാൻ കർഷകരെ നിർബന്ധിതരാക്കിയത്.

അരിയുടെ ആവശ്യം പ്രതിവർഷം 2500 മെട്രിക്ടൺ ആയിരിക്കുകയും അത്രയുംതന്നെ ഉല്പാദിപ്പിക്കുവാൻ തക്ക ചതുപ്പുനിലം ഉണ്ടായിരിക്കുകയും ചെയ്തിട്ടും നിലം നികത്തി റബ്ബർ, വാഴ, മരച്ചീനി, തെങ്ങ് എന്നിവ നടുവാൻ കർഷകരെ പ്രേരിപ്പിച്ചതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ സാഹചര്യം പരിശോധിക്കേണ്ടതാണ്.

മനസിലാക്കാനൊ പരിഹാരം കാണാനൊ, ഗവേഷണപ്രവർത്തനങ്ങളെ ആവശ്യവുമായി ബന്ധപ്പെടുത്തുവാനൊ അവർക്കു കഴിഞ്ഞില്ല.

കാർഷിക സർവകലാശാലകൾക്കും കാർഷികഗവേഷണപ്രവർത്തനങ്ങൾക്കും മുടക്കിയ പണം നൂറുശതമാനവും നഷ്ടമായിരുന്നുവെന്നതിനു തെളിവാണ് കേരളത്തിലെ കാർഷികമേഖല. റബ്ബറിന്റെ വികസനത്തിൽ റബ്ബർ ബോർഡാണല്ലോ അഭിമാനിക്കേണ്ടത്.

മണ്ണു പരിശോധനകൾ വേണ്ടത്ര നടത്തുന്നതിനോ കാർഷിക എൻജിനീയറിംഗ് ജനകീയമാക്കുന്നതിനോ കഴി

**വിതുര ഗ്രാമപഞ്ചായത്ത്**
**ഭൂമി സംബന്ധിച്ച വിവരങ്ങളും**

**ഭൂ ഉടമസ്ഥരുടെ എണ്ണവും** (അവലംബം വിതുര വില്ലേജ് (BT രജിസ്റ്റർ)

| ക്രമനമ്പർ | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1–10 സെന്റ് | 10–25 സെന്റ് | 25–50 സെന്റ് | 50–100 സെന്റ് | 1–2 ഏക്കർ | 2–5 ഏക്കർ | 5 ഏക്കറിന് മുകളിൽ |
| 2793 | 1649 | 1124 | 904 | 632 | 300 | 129 |

ശരിയായ കാർഷിക വിജ്ഞാനമില്ലായ്മ, റബ്ബർ കൃഷിക്കു ലഭിച്ച അമിത പ്രാധാന്യം, മറ്റു സ്റ്റേറ്റുകളിൽനിന്നും അരികൊണ്ടു വരുന്നതാണ് കൂടുതൽ ലാഭം എന്ന ചിന്ത തുടങ്ങി കർഷക തലത്തിലും സർക്കാർ തലത്തിലുമുള്ള ചിന്തകൾ നെൽകൃഷിയെ പുറന്തള്ളാനും തെങ്ങ്, റബ്ബർ എന്നിവക്കു പ്രാധാന്യം നൽകാനും കാരണമായി.

വിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റങ്ങളും, വയൽ കൃഷിക്കുകിട്ടുന്നതിനേക്കാൾ കൂടുതൽ കൂലി മറ്റു ജോലികൾക്കു ലഭിച്ചതും നെൽകൃഷിക്കു ആളെ കിട്ടാതാക്കി. വയൽകൃഷിയിൽ ഏർപ്പെട്ടിരുന്നവരോടു സമൂഹത്തിനുണ്ടായിരുന്ന അവജ്ഞയും അടിമയോടുള്ള് മനോഭാവവും വിദ്യാഭ്യാസം ചെയ്തവരെ ഈ രംഗത്തുവരുന്നതിൽനിന്നും വിലക്കി. തൊഴിൽപരമായ അന്തസ്സും സാമൂഹികമായ മാന്യതയും ജീവിതസുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ ദുഃസ്ഥിതി ഒഴിവാക്കാൻ കഴിയുമായിരുന്നു.

കാർഷിക ശാസ്ത്രജ്ഞരും ഗവേഷകരും മറ്റു വിദഗ്ധൻമാരും തലസ്ഥാന നഗരിയിൽ എയർ കണ്ടീഷൻ ഓഫീസുകളിലും ലബോറട്ടറികളിലും മാത്രം പ്രവർത്തിക്കുവാനാണിഷ്ടപ്പെടുന്നത്. സാമൂഹിക പ്രതിബദ്ധത എന്തെന്നു അറിയാത്തതിനാൽ നാട്ടിന്റെ ആവശ്യങ്ങളെ

ഞ്ഞില്ല. പുഴു, പൂപ്പൽ, പ്രാണി, കളനാശിനികൾ ഇവ വേർതിരിച്ചു കർഷകരെ മനസിലാക്കിക്കുവാൻ കഴിഞ്ഞില്ല.

രാജ്യത്തെ സർവ്വകലാശാലകളും അവയുടെ കീഴിലുള്ള നൂറുകണക്കിൽ കോളേജുകളും പ്രതിവർഷം ബോട്ടണി, ജ്യോഗ്രഫി വിഷയങ്ങളിൽ ആയിരക്കണക്കിൽ വിദ്യാർത്ഥികളെ ബിരുദബിരുദാനന്തര ബിരുദ-ഗവേഷണ പ്രാപ്തിയിൽ പുറത്തിറക്കുന്നുണ്ട്.

അപൂർവസസ്യശേഖരങ്ങളെ കുറിച്ചുമാത്രം പഠിച്ചു വിദഗ്ധരായി പുറത്തിറങ്ങുന്ന പതിനായിരങ്ങളെ കാർഷിക പ്രാധാന്യമുള്ള വിഷയങ്ങൾ കൂടി പഠിപ്പിച്ചു പരിശീലിപ്പിച്ചെടുത്തിരുന്നുവെങ്കിൽ അവർക്കും നാട്ടിനും അതുകൊണ്ടു പ്രയോജനമുണ്ടായേനെ. അതുണ്ടാകാതെ പോയത് കാർഷികമേഖലക്ക് ഏറ്റ കനത്ത ആഘാതമാണ്. ഏതെങ്കിലും ഒരു വാർഡിന്റെ ബയോഡൈവേഴ്സിറ്റി അവലോകനം ചെയ്യാൻപോലും അപ്രാപ്തരാണ് ഈ യുവാക്കൾ എന്നറിയുമ്പോഴാണ് ഈ വിഷയങ്ങളുടെ സാമൂഹികപ്രാധാന്യവും അതിനുവേണ്ടി ചെലവാക്കിയ സമ്പത്തും എത്രയെന്നു ബോധ്യം വരിക.

പല വികസിതരാജ്യങ്ങളും അടിമകളെ കുറഞ്ഞ കൂലിക്കുവച്ചല്ല ഉയർന്ന ഉല്പാദനക്ഷമതയിൽ വൻതോതിൽ ധാന്യോൽപാദനം നടത്തുന്നത്. ആധുനിക ശാസ്ത്ര-സാ

ങ്കേതിക വിജ്ഞാനങ്ങളെ കാർഷിക മേഖലയിലേക്കു വ്യാപിപ്പിക്കാനും വികസിപ്പിക്കാനും കഴിഞ്ഞതുകൊണ്ടാണ് അവർക്കതിനു കഴിയുന്നത്. ഈ പഞ്ചായത്തിലെ നെൽകൃഷി പഴയനിലയിൽ തിരികെ കൊണ്ടുപോകുന്നതിനു ചെറിയ സാമ്പത്തിക സഹായങ്ങളോ, വിത്തും വളവും പണി ആയുധങ്ങളും സൗജന്യമായി നൽകിയതുകൊണ്ടോ കഴിയുമെന്നു തോന്നുന്നില്ല. കഴിഞ്ഞ മൂന്നുവർഷം കൃഷിഭവൻ വഴി നൽകിയ ലക്ഷക്കണക്കിനു രൂപയുടെ സഹായങ്ങൾ കാര്യമായ പ്രയോജനം വരുത്തിയിട്ടില്ലെന്നുള്ളതുതന്നെയാണിതിനു തെളിവ്.

വയൽ നികത്തുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും പഞ്ചായത്തു മുതൽ സർക്കാർതലംവരെ ഗൗരവപൂർണ്ണമായ ചർച്ചയും പരിശ്രമവും ഉണ്ടായാൽ മാത്രമേ കേരളത്തിൽ നെൽകൃഷിയെ ഇന്നത്തെ നിലയിലെങ്കിലും പിടിച്ചുനിർത്തുവാൻ കഴിയൂ. അല്ലായെങ്കിൽ ഇതിന്റെ സാമൂഹികപ്രാധാന്യം മുഴുവൻ ജനങ്ങൾക്കും ഉണ്ടാകാൻ തക്കവിധം ക്ഷാമം പടർന്നുപിടിക്കണം.

ആരും പ്രോത്സാഹിപ്പിച്ചില്ലായെങ്കിൽപോലും 2005-ാമാണ്ടാകുമ്പോൾ വിതുര പ്രദേശം ഒറ്റ റബ്ബർ തോട്ടമായി തീരുമെന്നുള്ളതാണ് റബ്ബർ കൃഷിയോടുള്ള ആളുകളുടെ താല്പര്യം വ്യക്തമാക്കുന്നത്. ആദായകരം എന്ന തോന്നൽ റബ്ബർ കർഷകനുണ്ടെങ്കിലും യഥാർത്ഥത്തിൽ 60% റബ്ബർ കൃഷിയും ആദായകരമല്ല. വൻകിട എസ്റ്റേറ്റുകളാണ് ഒരു വിധമെങ്കിലും ലാഭകരമായ രീതിയിൽ കൃഷി ചെയ്യുന്നത്. രണ്ടു ഹെക്ടറിൽ കൂടുതൽ റബ്ബർ കൃഷിയുള്ളവരാരും തന്നെ വിതുര പ്രദേശത്തു സ്ഥിരതാമസക്കാരുമല്ല. 3459 പേർ 0.5 ഹെക്ടർ മുതൽ 1.00 ഹെക്ടർവരെ സ്ഥലമുള്ളവരും 386 പേർ 1.00 ഹെക്ടറിനു മുകളിൽ സ്ഥലമുള്ളവരുമാണ്. നിക്ഷേപകാലവും ആദായമെടുക്കുന്ന സമയവും തമ്മിൽ വലിയ അന്തരമുള്ളതിനാൽ നിക്ഷേപത്തിന്റെ ആഘാതം കർഷകനില്ലാതെ പോകുന്നു. മാത്രമല്ല കിട്ടുന്ന ആദായത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു. മാനസികമായും ശാരീരികമായും സ്വസ്ഥതയുണ്ടെന്നതാണ് റബ്ബർ കൃഷിയുടെ നേട്ടം.

ഉല്പാദനചെലവ്, ഭൂമിയുടെ മേലുള്ള നിക്ഷേപം, ഉല്പാദനക്ഷമത ഇവയൊന്നും താരതമ്യപ്പെടുത്തുവാൻ റബ്ബർ കർഷകർ മിനക്കെടുന്നില്ലായെന്നതാണ് റബ്ബർ കൃഷിയുടെ വ്യാപനത്തിന്റെ രഹസ്യം. യഥാർത്ഥത്തിൽ 5 ഹെക്ടറിൽ പച്ചക്കറിയോ, ചീരയോ, പൂവോ, ഓർക്കിഡുകളോ കൃഷി ചെയ്താൽ കിട്ടാവുന്ന ആദായം 75 ഹെക്ടറിൽ റബ്ബർ കൃഷി ചെയ്താൽ കിട്ടുന്നില്ല. റബ്ബറിന്റെ ലാഭം യഥാർത്ഥത്തിൽ കർഷകനല്ല കിട്ടുന്നത്. മറിച്ചു റബ്ബർ വ്യാപാരികൾക്കും റബ്ബർ വ്യവസായികൾക്കുമാണ്.

രാസവളത്തിന്റെ വിലയിൽ കുറവുവരുത്തുകയും മണ്ണു പരിശോധനാ സൗകര്യങ്ങൾ ഉണ്ടാക്കുകയും മഴയത്തും ടാപ്പുചെയ്യുന്നതിനു റെയിൻഗാഡ് ഇടുകയും ചീക്കുരോഗത്തിനു അണുനാശിനികളും മരുന്നുതളിയും സൗകര്യപ്പെടുത്തുകയും ചെയ്താൽ മാത്രമേ റബ്ബർകൃഷി ഇവിടെ നിലനില്ക്കുകയുള്ളു. ചീക്കുബാധയും പട്ടമരവിപ്പും കാറ്റത്തു ഒടിയുന്നതുമാണ് റബ്ബർ കൃഷിയുടെ ഏറ്റവും വലിയ ഭീഷണി.

1987 ലെ കണക്കുപ്രകാരം 30 ഹെക്ടർ സ്ഥലത്താണ് ഇവിടെ തെങ്ങുകൃഷിയുണ്ടായിരുന്നത്. തെങ്ങു കൃഷിക്ക് ഒരു നൂറ്റാണ്ടുകാലത്തെ പഴക്കം ഇവിടെയുണ്ട്. റബ്ബർ കൃഷി വ്യാപിച്ചപ്പോൾ കരഭാഗങ്ങളിലെ തെങ്ങുകൾ മറ്റു വൃക്ഷങ്ങളോടൊപ്പം വൻതോതിൽ മുറിച്ചുമാറ്റപ്പെടുകയുണ്ടായി. ഇപ്പോൾ വയൽനികത്തിയും മറ്റും 120 ഹെക്ടർ വരെ സ്ഥലത്തു തെങ്ങു കൃഷി ചെയ്യുന്നു. വീട്ടുവളപ്പുകളിൽ തെങ്ങു കൃഷിചെയ്യുവാനുള്ള പ്രവണതയും ഉണ്ട്. 117000 തെങ്ങുകൾ ഉള്ളതായി വിതുര കൃഷിഭവനിലെ രേഖയിൽ കാണുന്നു. എന്നാൽ അത് വിശ്വസനീയമായി തോന്നുന്നില്ല. വീട്ടാവശ്യത്തിനുള്ള തേങ്ങ മാത്രമാണിപ്പോൾ ഇവിടെ ലഭിക്കുന്നത്. വെളിച്ചെണ്ണ ഉല്പാദനത്തിനൊ പുറത്തു വില്ക്കുന്നതിനൊ തേങ്ങ ഉപയോഗിക്കുന്നുമില്ല. കാറ്റുവീഴ്ച, മണ്ഡരിപ്പ്, വേരുചീയൽ രോഗങ്ങൾ തെങ്ങുകൃഷിക്കു ഭീഷണിയായിട്ടുണ്ട്. ശരിയായ രീതിയിൽ വളപ്രയോഗവും പരിചരണവും ലഭിക്കുന്നില്ലായെന്നതാണ് തെങ്ങുകൃഷിയുടെ പ്രശ്നം. കൃഷിഭവൻ വഴിയുള്ള സാമ്പത്തികസഹായങ്ങളും, ബോധവൽക്കരണവും ജൈവവളം ലഭ്യമാക്കാനുള്ള സാഹചര്യവുമുണ്ടെങ്കിൽ നിലവിലുള്ള തെങ്ങു കൃഷിയെ ആദായകരമാക്കാൻ കഴിയും. വയലുകളിൽ വെള്ളക്കെട്ടു കാരണമാകാം തെങ്ങിനു ഓലചീയൽ സർവത്ര കണ്ടുവരുന്നു.

തേയിലകൃഷി ഈ പ്രദേശത്തു ആരംഭിച്ചിട്ടു 125 വർഷം വരെയായി 1987 ലെ കൃഷിഭവൻ കണക്കുപ്രകാരം 558 ഹെക്ടർ സ്ഥലത്താണ് തേയില കൃഷി ചെയ്തിരുന്നത്. ഇപ്പോൾ ഇത് 378 ഹെക്ടർ ആയി കുറഞ്ഞിരിക്കുന്നു. ഈ പഞ്ചായത്തിൽ ബോണക്കാടു വാർഡിലാണ് തേയില കൃഷിയുള്ളത്. ഇപ്പോൾ റബ്ബർ, തെങ്ങുകൃഷി കൂടി വ്യാപിച്ചതാകാം തേയില കൃഷിയിൽ കുറവുണ്ടാകാൻ കാരണം. മഹാവീർ പ്ലാന്റേഷൻകാരാണ് ഈ തേയിലത്തോട്ടത്തിന്റെ ഉടമകൾ. ഇപ്പോൾ ഈ കൃഷിയിൽ മാനേജ്മെന്റ് വേണ്ടത്ര താല്പര്യം കാണിക്കുന്നില്ലെന്നു തോന്നുന്നു. ആയതിനാൽ തൊഴിലാളികളുടെ ജീവിതം നരകതുല്യംതന്നെ

യാണ്.

1960-കളിൽ വിതുരയിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്തിരുന്നത് കമുകാണ്. കമുകിൽ കുരുമുളകും പടർത്തിയിരുന്നു. ഈ പ്രദേശത്തിന്റെ സാമ്പത്തികഘടന ഇപ്പോൾ റബ്ബറിനെ ആശ്രയിച്ചിരിക്കുംപോലെ മുൻപ് കമുകിനേയും കുരുമുളകിനേയും ആശ്രയിച്ചിരുന്നു. ഇപ്പോൾ ബോണക്കാട് ഭാഗങ്ങളിലും ആദിവാസിമേഖലകളിലും മാത്രമാണ് കുറെയെങ്കിലും കമുകു കൃഷി ചെയ്തിട്ടുള്ളത്. 1960 കളുടെ അവസാനം പടർന്നുപിടിച്ച രോഗമാണ് വംശനാശമെന്നു പറയത്തക്കവിധം ഈ കൃഷിയുടെ തകർച്ചക്കു കാരണമായത്. 1965 വരെ വിതുരയുടെ സാമ്പത്തിക മേഖലയിൽ കുരുമുളകു കൃഷി വലിയ സ്വാധീനം ചെലുത്തിയിരുന്നു കമുകുകളിലാണ് കുരുമുളക് കൂടുതലായി പടർത്തിയിരുന്നത് കൂടാതെ മുരിങ്ങ, മുരുക്ക്,പ്ലാവ്, മാവ് ആഞ്ഞിൽ, മരുത്, തെങ്ങ് എന്നീ വൃക്ഷങ്ങളിലും കുരുമുളകു പടർത്തിയിരുന്നു. റബർകൃഷിയുടെ വ്യാപനം ഈ വൃക്ഷങ്ങളുടെയെല്ലാം ഉന്മൂലനത്തിനു കാരണമായി. കമുക് രോഗം വന്നു നശിച്ചു. കുരുമുളകുകൃഷി നശിക്കാൻ ഈവക കാര്യങ്ങൾ ഇടയായി. നെടുമങ്ങാടിന്റെ മാത്രം പ്രത്യേകതയായ കോട്ടുക്കോണംമാങ്ങ ഒരു കാലത്ത് ഇവിടെ സുലഭമായിരുന്നു. ആധുനിക മാമ്പഴങ്ങളുടെ രുചിയെവെല്ലുന്ന കോട്ടുക്കോണംമാങ്ങ ഇന്നും അത്യപൂർവ്വമാണ്.

ദിനംപ്രതി 60,000ൽ പരംരൂപയുടെ പച്ചക്കറി ഈ പ്രദേശത്തു പുറത്തുനിന്നും കൊണ്ടുവന്നുവിറ്റഴിക്കുന്നു 1970നു മുൻപ് പച്ചക്കറികൾ എല്ലാ പുരയിടങ്ങളിലും സുലഭമായിരുന്നു. മുരിങ്ങ, വെണ്ട, വഴുതിന, കത്തിരി, അമര, ചീര, മത്തൻ, വെള്ളരി, പാവൽ, പയർ, പടവലം, ചേമ്പ്, ചേന, കാച്ചിൽ ചെറുകിഴങ്ങ് ചീനി (മധുരക്കിഴങ്ങ്) മാങ്ങ, പുളി, എന്നിവ എല്ലാ പുരയിടങ്ങളിലും ലഭ്യമായിരുന്നു. കാബേജ്, കോളിഫ്ലവർ, കാരറ്റ്, ബീറ്റ്റൂട്ട്, എന്നിവ മാത്രമാണ് കിട്ടാതിരുന്നത്. ഇന്നു പുളിയും കറിവേപ്പിലയും പോലും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നു വിൽക്കുന്നു.

ഈ പ്രദേശത്ത് വ്യാപകമായിരുന്ന മരച്ചീനി കൃഷി സമീപകാലത്ത് പൂർണ്ണമായും അപ്രത്യക്ഷമായി ഇപ്പോൾ വയലുകൾ നികത്തി മരച്ചീനി കൃഷി ആരംഭിച്ചിട്ടുണ്ട്. പന്നിശല്യമാണ് മരച്ചീനികൃഷി നേരിടുന്ന ഏറ്റവും വലിയ ഭീഷണി. ന്യായമായ വിലകിട്ടാതിരുന്നതും ഉല്പാദനം അമിതമായതും മൂലം മരച്ചീനി കൃഷി നഷ്ടമായതുകൊണ്ടാണ് ഈ കൃഷി ഇവിടെ നിന്നും അപ്രത്യക്ഷമായ ത് ആ സ്ഥലം റബ്ബർ കൃഷിക്കു വേണ്ടിമാറ്റിയതും

1975 80 കാലഘട്ടത്തിൽ കാഡ്ബറീസ് കമ്പനിയും ച കേരള സർക്കാരും കൊക്കോക്ക് വലിയ പ്രാധാന്യം നൽകി. ഉല്പാദകർക്ക് അവരുടെ പ്രതീക്ഷയെക്കാൾ വലിയ വിലകിട്ടി.

ആളുകൾ കിട്ടാവുന്ന സ്ഥലങ്ങളിലെല്ലാം കൊക്കോ കൃഷി ചെയ്തു. 1980 നു ശേഷം കാഡ്ബറീസ് കമ്പനി കൊക്കോ വാങ്ങാതായതും സർക്കാരിനോ കാംപ്കോയ്ക്കോ ഇതിന്റെ സംഭരണത്തിനും സംസ്കരണത്തിനും മാർഗമില്ലാതായതും കൊക്കോ കൃഷിയുടെ നാശത്തിനു തുടക്കമിട്ടു. കർഷകർ കൊക്കോമരങ്ങൾ മുഴുവൻ മുറിച്ചുമാറ്റി പകരം റബ്ബർ നട്ടുപിടിപ്പിച്ചു. 1987 ൽ 30 ഹെക്ടർ സ്ഥലത്തുമാത്രമേ കൊക്കോ കൃഷി ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 15 ഹെക്ടർ സ്ഥലത്തു ഈ കൃഷിയുണ്ടാകും.

ബോണക്കാട് ഭാഗത്താണ് ഏലം കൃഷി ചെയ്യുന്നത്. 1987 -ൽ 50 ഹെക്ടറിൽ മാത്രം ഏലം കൃഷി ചെയ്തിരുന്നു. ഇപ്പോൾ 64 ഹെക്ടർ സ്ഥലത്തു ഏലം കൃഷിയുണ്ട്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പശ്ചിമഘട്ടമലനിരകളിൽ നൂറുകണക്കിൽ ഹെക്ടർ സ്ഥലത്തു ഏലം കൃഷി ചെയ്തിരുന്നതായി തെളിവുണ്ട്.

കശുമാവു കൃഷി ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ടായിരുന്നു. ഇപ്പോൾ ഇത് ആദിവാസി മേഖലകളിൽ മാത്രമായി ചുരുങ്ങിയിട്ടുണ്ട്. 1987-ൽ 110 ഹെക്ടർ സ്ഥലത്തു ഇതിന്റെ കൃഷിയുണ്ടായിരുന്നു. ഇന്നു 100 ഹെക്ടറിൽ താഴെ മാത്രമേ കശുമാവു കൃഷി കാണുകയുള്ളൂ. പട്ടയഭൂമികളിൽ 1970 നു മുൻപുതന്നെ ഇവ വില കുറവ് കാരണം മുറിച്ചുമാറ്റപ്പെട്ടു.

കപ്പ, ഏത്തൻ, പാളയംകോടൻ, രസകദളി, കദളി, ചിങ്ങൻ തുടങ്ങിയ വാഴകൾ വൻതോതിൽ ഈ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കൃഷി ചെയ്തിരുന്നു. ഇപ്പോൾ റബ്ബർ തൈകൾ വച്ചുപിടിപ്പിക്കുമ്പോൾ ആദ്യത്തെ രണ്ടു കൊല്ലം മാത്രം പാളയം തോടൻ വാഴകൾ വച്ചുപിടിപ്പിക്കാറുണ്ട്. അസുഖം ബാധിച്ചു നശിച്ചു പോകുന്നതു കൊണ്ടാണ് വാഴകൃഷി ഇവിടെ കുറയാൻ കാരണം.

കുവകിഴങ്ങ് (arrowroot) മധുരകിഴങ്ങ് (ചീനി) തുടങ്ങിയവ ഈ പ്രദേശത്തുകാരുടെ ഇഷ്ടഭോജ്യങ്ങളായിരുന്നു. ഇപ്പോൾ അവയൊന്നും കാണാൻ പോലും ഇല്ല. മഞ്ഞൾ, ഇഞ്ചി എന്നിവയും വൻതോതിൽ കൃഷി ചെയ്തിരുന്നു. മുമ്പുണ്ടായിരുന്ന പല കൃഷികളും ഇപ്പോൾ പഴമക്കാരുടെ ഓർമ്മകൾ മാത്രമാണ്.

**പ്രശ്നങ്ങൾ:**

1. കൃഷി ചെയ്യുവാൻ ആവശ്യമായ സാമ്പത്തിക ശേ

പറ്റില്ല.

2. ആവശ്യത്തിനു തൊഴിലാളികളെ കൃഷിപണിക്കു കിട്ടാനില്ല.
3. ഫലഭൂയിഷ്ഠത കുറഞ്ഞു വരുന്നതിനനുസരിച്ചു ജൈവവളവും രാസവളവും പ്രയോഗിക്കുവാൻ കഴിയുന്നില്ല.
4. നല്ലയിനം വിത്തുകൾ ആവശ്യമായ സമയത്തു ലഭ്യമാകുന്നില്ല.
5. ഈ പ്രദേശത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആവശ്യമായ സമയത്തു ഇടപെടാൻ കൃഷിഭവനുകൾക്കു കഴിയുന്നില്ല.
6. രോഗബാധയും മറ്റും തിരിച്ചറിഞ്ഞു രോഗത്തിനനുസരിച്ചു പ്രതിരോധ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ല.
7. കഷ്ടപ്പെട്ടു ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ പോലുള്ള ഉല്പന്നങ്ങൾ കുറഞ്ഞ ചെലവിൽ കമ്പോളത്തിൽ എത്തിക്കുന്നതിനുള്ള റോഡ്-വാഹന ഗതാഗത സൗകര്യങ്ങളില്ല.
8. ന്യായവില കിട്ടിയില്ലായെങ്കിൽ സൂക്ഷിച്ചു വയ്ക്കുവാൻ സൗകര്യമോ തിരികെ കൊണ്ടുപോകാൻ വാഹനങ്ങളോ ഇല്ലാത്തതിനാൽ വിലപേശൽ ശേഷിയില്ല. അതുകാരണം കുറഞ്ഞ വിലക്കു വില്ക്കുവാൻ നിർബന്ധിതമാകുന്നു. കൃഷി ഉപേക്ഷിക്കുവാൻ ഇതു കാരണമാകുന്നു.
9. കാർഷിക മേഖലകളിൽ എത്തുവാൻ സ്വന്തം വാഹനം കൃഷിഭവനുകൾക്കില്ല. ജനങ്ങൾക്കുമായി ഇടപെടേണ്ടിവരുന്ന ഒരു വിഭാഗങ്ങൾക്കും, ആശുപത്രിയാകട്ടെ, മൃഗാശുപത്രിയാകട്ടെ, കൃഷിഭവനുകളും, വൈദ്യുതി ആഫീസുകൾ, ശുദ്ധജലവിതരണവിഭാഗം തുടങ്ങി പോലീസ് സ്റ്റേഷനുകൾക്കു പോലും വാഹനസൗകര്യമില്ല. എഫിഷ്യൻസി കൂട്ടേണ്ട മേഖലകൾക്കാണ് വാഹനവും ക്വാർട്ടേഴ്സുകളും ആവശ്യം. ഇവിടെ നമ്മൾ കാണുന്നത് നേരെ മറിച്ചാണ്.
10. ഹ്രസ്വകാല വായ്പകൾ എടുത്തിട്ടുള്ള കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ അത് പരിശോധിച്ച് ദീർഘകാലവായ്പയായ് മാറ്റിക്കൊടുക്കേണ്ടതാണ്.

## പരിഹാരനിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലെ കാർഷിക പ്രശ്നങ്ങളെക്കുറിച്ച് കാര്യമായ പഠനം നടത്തിയാൽ ചെറിയ പരിശ്രമം കൊണ്ടൊന്നും ഈ മേഖലയെ സജീവമാക്കുവാൻ സാധിക്കുകയില്ല. അതിനാൽ ആധുനിക കാഴ്ചപ്പാട് കാർഷികമേഖലക്ക് ആവശ്യമാണ്.

**1. നെൽകൃഷി**

ഈ പഞ്ചായത്തിലെ എല്ലാ താഴ്വാരങ്ങളും പരസ്പരബന്ധിതമാണ്. അങ്ങനെ അല്ലാത്ത ഭാഗങ്ങളെ ബന്ധിപ്പിക്കുവാനും സൗകര്യമുണ്ട്.

1. നെൽകൃഷി സാധ്യതയുള്ള മുഴുവൻ പ്രദേശങ്ങളും സർവെ ചെയ്തു ഉടമകൾക്ക് പാസ്ബുക്കുകൾ വിതരണം ചെയ്യുക.
2. നിലം ഉടമകളെ ചേർത്തു ഒരു നെൽകൃഷി സഹകരണസംഘം രൂപീകരിക്കുക.
3. ഗ്രാമപഞ്ചായത്തും, സഹകരണ-വാണിജ്യബാങ്കുകളും കൃഷിഭവനും നെൽകൃഷി സഹകരണസംഘം കമ്മിറ്റിയും ചേർന്ന് നെൽകൃഷിക്കുവേണ്ട സാഹചര്യങ്ങൾ - പണി ആയുധം, വിത്ത്, വളം, കീടനാശിനി, പണം, പണിയെടുക്കേണ്ട തൊഴിലാളികൾ എന്നിവ സംഘടിപ്പിക്കുക.
4. നിലം ഉഴുന്നതുമുതൽ നെല്ലു സംസ്കരണംവരെയുള്ള എല്ലാ ജോലികളും കഴിയുന്നത്ര യന്ത്രസാമഗ്രികൾ ഉപയോഗിച്ചു ചെയ്യുക.
5. വിപണനം കഴിയുന്നത്ര പ്രാദേശികമായി ചെയ്യുക.
6. നെല്ല്, അരി, വയ്ക്കോൽ ഇവ വിറ്റുകിട്ടുന്ന തുകയിൽനിന്നും നിശ്ചിതതുക ചെലവു കഴിച്ചു ബാക്കിയുള്ള തുക ആനുപാതികമായി നിലമുടമകളുടെ അക്കൗണ്ടിൽ കൊള്ളിക്കുക.
7. നെൽകൃഷി വികസനത്തിനുള്ള സഹായധനങ്ങൾ നെൽകൃഷി സഹകരണസംഘങ്ങൾക്കു നൽകുക.

**2. കുരുമുളക്:** കുരുമുളക് കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് അവരുടെ കൃഷിഭൂമിയെ അടിസ്ഥാനമാക്കി തൈകൾ വിതരണം ചെയ്യണം.

ഇതിന് ആവശ്യമായ തൈകൾ കർഷകരുടെ സഹകരണത്താൽ കുരുമുളക് കൃഷിയുള്ള കർഷകരിൽ നിന്നും ശേഖരിച്ച് തൈകൾ വിതരണം ചെയ്യുവാൻ കഴിയും.

**3. കരനെല്ല്:** കൃഷിചെയ്യാൻ കഴിയുന്ന തരിശായി കിടക്കുന്ന ആദിവാസി കൃഷിഭൂമികൾ പൂർണ്ണമായും ഇതിലേക്കായി ഉപയോഗിക്കാവുന്നതാണ്.

**4. വെറ്റില:** ഈ പ്രദേശം വെറ്റിലകൃഷിക്ക് വളരെ യോജിച്ചതാണ്. കൂടാതെ ആദിവാസി പ്രദേശങ്ങളിലും ഈ കൃഷിക്ക് പറ്റിയ ധാരാളം സ്ഥലങ്ങൾ ഉണ്ട്.

ഈ പ്രദേശങ്ങൾ ശാസ്ത്രീയമായി ഉപയോഗിക്കാമെങ്കിൽ വെറ്റിലകൃഷി വളരെയധികം മെച്ചപ്പെടുത്താൻ കഴിയും.

5. **കൈതച്ചക്ക:** കൈതച്ചക്ക ധാരാളം കൃഷി ചെയ്യാനുള്ള സൗകര്യം ഉണ്ട്. റബ്ബറിനിടയിലും, മണ്ണൊലിപ്പ് തടയാൻ കെട്ടുന്ന കല്ലടുക്കുകളിലും യോജിച്ച മറ്റ് പ്രദേശങ്ങളിലും ഇത് കൃഷിചെയ്യാം.

6. **കൂൺ:** ഇവിടെ നിലവിലുള്ള മഹിളാസമാജത്തെ പ്രവർത്തനക്ഷമമാക്കി കൂൺകൃഷിയും അതിന്റെ സംസ്കരണവും ഒപ്പം സ്ക്വാഷ്, ജാം മുതലായവയുടെ ഉല്പാദനവും നടത്താം.

7. **വാഴ:** വാഴകൃഷിക്ക് പറ്റിയ ധാരാളം കൃഷിയിടങ്ങൾ ആദിവാസി പ്രദേശങ്ങളിലും അല്ലാതെയും ഉണ്ട്. ഈ പ്രദേശങ്ങൾ പൂർണ്ണമായും ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

8. **മരച്ചീനി:** ആദിവാസി പ്രദേശങ്ങളിലുള്ള ചരിവ് പ്രദേശങ്ങളും മറ്റ് കൃഷികൾ നടത്താൻ ബുദ്ധിമുട്ടുള്ള മരച്ചീനി കൃഷിക്ക് യോജിച്ച ഉദ്ദേശങ്ങളും ഇതിലേക്കായി ഉപയോഗിക്കാവുന്നതാണ്.

9. **പച്ചക്കറി:** നിത്യോപയോഗത്തിനാവശ്യമായ എല്ലാ പച്ചക്കറികളും നമുക്കിവിടെ കൃഷിചെയ്യാൻ കഴിയും. അതിനുപറ്റിയ കൃഷിഭൂമിയും ഇവിടെ വേണ്ടുവോളം ഉണ്ട്.

**പ്രതിമാസ മഴ (സെ.മീ) ലഭ്യത 1995 നവംബർ മുതൽ ഒക്ടോബർ 96 വരെ**

| | 1995 Nov | 1995 Dec | 1996 Jab | 1996 Feb | 1996 Mar | 1996 April | 1996 May | 1996 June | 1996 July | 1996 Aug | 1996 Sep | 1996 Oct |
|---|---|---|---|---|---|---|---|---|---|---|---|---|
| ബോണക്കാട് വിതുര | 120.2 | 120.8 | 123.5 | 61.34 | 130.63 | 44.30 | 64.28 | 130.19 | 205.66 | 244.92 | 296.63 | 61.34 |

Chapter - V-2

# മൃഗസംരക്ഷണം

## മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ വിതുരയിലെ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയും കന്നുകാലിവളർത്തലും മുഖ്യതൊഴിലായി സ്വീകരിച്ചവരാണ്. ഇവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നിതന് ഈ മേഖലകളുടെ വികസനം അത്യന്താപേക്ഷിതമാണ്. പശു, കാള, എരുമ, പോത്ത്, ആട് എന്നിവയാണ് ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ. പക്ഷികളിൽ പ്രധാനം കോഴികളും.

പട്ടിക

വളർത്തുമൃഗങ്ങളും പക്ഷികളും

| ഇനം | 1987 | 1996 |
|---|---|---|
| കന്നുകാലികൾ | 3136 | 2867 |
| ആടുകൾ | 2275 | 1538 |
| പന്നികൾ | 2 | 5 |
| കോഴികൾ | 16,764 | 18,500 |

കഴിഞ്ഞ രണ്ടു കന്നുകാലി കാനേഷുമാരിയിൽ വിതുരയിലെ വളർത്തുമൃഗസംഖ്യയിൽ ഉണ്ടായ മാറ്റങ്ങളാണ് പട്ടികയിൽ സൂചിപ്പിച്ചത്. കന്നുകാലികളുടെയും ആടുകളുടെയും എണ്ണം ഗണ്യമായി കുറഞ്ഞതായി കാണാം. നെൽകൃഷി കുറഞ്ഞതുകാരണം കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതായാണ് പൊതുവെ കാണുന്നത്. ഇറച്ചിക്കോഴിക്ക് പ്രചാരം ഉണ്ടായത് കൊണ്ട് കോഴികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഇറച്ചിക്കോഴി യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## പഞ്ചായത്തിലെ മൃഗസംരക്ഷണം സംവിധാനങ്ങൾ

1. വിതുര മൃഗാശുപത്രി 1968 ൽ പ്രവർത്തനമാരംഭിച്ചു
2. മൃഗാശുപത്രിയുമായി ചേർന്നു പ്രവർത്തിക്കുന്ന ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം.
3. ചെറ്റച്ചൽ, അടിപറമ്പ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 2 ഡയറി ഫാമുകൾ.

## മൃഗസംരക്ഷണ മേഖലയിൽ 2,3 ദശാബ്ദക്കാലത്തിനിടയ്ക്ക് ഉണ്ടായ മാറ്റങ്ങൾ

1. മുൻകാലങ്ങളിൽ കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും വൻതോതിൽ നെൽകൃഷി ചെയ്തിരുന്ന വൻകിട കർഷകരായിരുന്നു. നെൽകൃഷി ഗണ്യമായി കുറയുകയും കന്നുകാലികളെ നോക്കുന്നതിന് ജോലിക്കാരെ കിട്ടാതാകുകയും ചെയ്തപ്പോൾ, ഇത്തരത്തിലുള്ള കർഷകർ കന്നുകാലി വളർത്തലിൽ താല്പര്യം ഇല്ലാത്തവരായി തീരുകയാണ് ചെയ്തിട്ടുള്ളത്.
2. വണ്ടിക്കാളകൾ, കൃഷിക്കാവശ്യമായ ഉഴവുമാടുകൾ, വിത്തുകാളകൾ, എരുമകൾ, ആടുകൾ, എന്നിങ്ങനെ പരമ്പരാഗതമായി വളർത്തിയിരുന്ന മൃഗങ്ങളുടെയെല്ലാം എണ്ണം ഗണ്യമായി കുറയുകയുണ്ടായി.
3. ഇപ്പോഴുള്ള കന്നുകാലികളിൽ ബഹുഭൂരിപക്ഷവും ഉല്പാദനക്ഷമതയുള്ള പശുക്കളാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷക തൊഴിലാളികളാണ്.

പാലിന്റെ ഉല്പാദനത്തിലും വിപണനത്തിലും വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ട്. മൂന്ന് ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിപണനത്തിനുള്ള സൗകര്യങ്ങളുണ്ടെങ്കിലും ഉല്പാദന ചെലവനുസരിച്ചുള്ള വില പാലിന് ലഭിക്കുന്നില്ല എന്നുള്ള പരാതിയാണ് കർഷകർക്കുള്ളത്.

മുൻകാലങ്ങളിൽ ധാരാളം മേച്ചിൽ സ്ഥലങ്ങൾക ഉണ്ടായിരുന്നപ്പോൾ കന്നുകാലികളെ യഥേഷ്ടം അഴിച്ചുവിട്ട് മേയാൻ അനുവദിച്ചിരുന്നു. എന്നാൽ ഇന്ന് കന്നുകാലികളെ തൊഴുത്തിൽ തന്നെ കെട്ടിയിട്ടു വളർത്തുന്ന രീതിയാണ് അവലംബിച്ചു പോരുന്നത്.

## മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ളകാലിത്തീറ്റ കുറഞ്ഞവിലയ്ക്കു ലഭ്യമല്ല.
2. കോഴിത്തീറ്റ കുറഞ്ഞവിലയ്ക്കു ലഭിക്കുന്നില്ല. അതിനാൽ മുട്ടകോഴികളെ ലാഭകരമായി വളർത്തുവാൻ കഴിയുന്നില്ല.
3. മരുതാമല, ബോണക്കാട്, കല്ലാർ എന്നീ വാർഡുകൾക ഒഴിച്ചാൽ മറ്റുവാർഡുകളിൽ തീറ്റപ്പുല്ലും മേച്ചിൽ സ്ഥലങ്ങളും കുറവാണ്.
4. നെൽകൃഷി ഗണ്യമായി കുറഞ്ഞതോടെ വയ്ക്കോലിനും വലിയക്ഷാമമാണ്.
5. ബോണക്കാട്, കല്ലാർ തുടങ്ങിയ പ്രദേശങ്ങളിൽ മൃ

ഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്.

6. ശുദ്ധമായ മാംസോല്പാദനത്തിനും സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ ഇല്ല. ഉപോല്പന്നങ്ങളായ തോല് മുതലായവ പ്രയോജനപ്പെടുത്തുന്നതിനുള്ള വ്യാവസായിക സ്ഥാപനങ്ങൾ ഇല്ല.
7. ഇറച്ചിക്കോഴിയുടെ വിപണനത്തിനുള്ള സൗകര്യങ്ങള് കുറവാണ്.
8. പേപ്പട്ടിശല്യം സ്ഥിരമായി അനുഭവപ്പെടുന്നു.
9. മൃഗാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെട്ട സേവനങ്ങൾക്ക് പര്യാപ്തമല്ല.
10. ഈ മേഖലയിൽ തൊഴിൽ സ്വീകരിക്കുന്ന കർഷകർക്ക് വിജ്ഞാനവും പരിശീലനവും നൽകുന്നതിനുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല.
11. കാലീത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കുറവാണ്.
12. ഉപഭോഗത്തിനനുസരിച്ചുള്ള ഉല്പാദനം ഈ മേഖലയിൽ നടക്കാത്തതിനാൽ പാലിന്റെയും മുട്ടയുടെയും മാംസത്തിന്റെയും ഉല്പാദനത്തിൽ ഈ പഞ്ചായത്ത് സ്വയം പര്യാപ്തമല്ല. 3.5 ലക്ഷം കോഴിമുട്ട മാസംതോറും ഇറക്കുമതി ചെയ്യുന്നുണ്ട്.
13. പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ വിതുര പഞ്ചായത്തിനെ കാര്യമായി ബാധിക്കാറുണ്ട്. ഇതിനുള്ള നഷ്ടപരിഹാരങ്ങൾ കർഷകർക്ക് വേണ്ടത്ര ലഭിക്കുന്നില്ല.

## ജഴ്സിഫാം വിതുര

ജഴ്സിഫാം വിതുര പഞ്ചായത്തിലെ അടിപ്പറമ്പ് എന്ന സ്ഥലത്ത് 6-10-76 ലാണ് തുടങ്ങിയത്. ഈ ഫാമിന് 400 ഏക്കർ സ്ഥലമുണ്ട്. സങ്കരവർഗ്ഗത്തിലുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ ജഴ്സിപശുക്കളെ പ്രജനനം നടത്തി ഉല്പാദിപ്പിക്കുകയും അവയെ കർഷകർക്ക് നൽകുകയും അതുവഴി സംസ്ഥാനത്തിന്റെ കാലിസമ്പത്ത് മെച്ചപ്പെടുത്തുകയും പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നത് ഈ ഫാമിന്റെ ലക്ഷ്യമായിരുന്നു. എന്നാൽ നാളിതുവരെയും ഈലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഈ ഫാമിനു കഴിഞ്ഞിട്ടില്ല. വർഷങ്ങൾ കഴിയുംതോറും ഈ ഫാം കൂടുതൽ കൂടുതൽ നഷ്ടത്തിലേക്ക് കുതിക്കുകയാണ്. ഇതിന്റെ പ്രവർത്തനം സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുകയാണ്. ഫാമിൽ മൊത്തം 200 പശുക്കളെ പാർപ്പിക്കാൻ കഴിയുന്നതാണ്. ഇപ്പോൾ 100 പശുക്കൾ മാത്രമേ ഈ ഫാമിലുള്ളൂ. 83 തൊഴിലാളികൾ ഈ ഫാമിൽ ജോലി ചെയ്യുന്നുണ്ട്.

## ഫാമിന്റെപുരോഗതിക്കുള്ള നിർദ്ദേശങ്ങൾ

ആകെ 160.8 ഹെക്റ്റർ സ്ഥലമുള്ളതിൽ 45 ഹെക്ടർ സ്ഥലത്ത് മാത്രമാണ് പുൽകൃഷി നിലവിൽ ഉള്ളത്. 20 ഹെക്ടർ സ്ഥലത്ത് മറ്റ് വിളകൾ കൃഷി ചെയ്യുന്നു. 95.6 ഹെക്ടർസ്ഥലം കൃഷി ഒന്നും ചെയ്യാതെ കിടക്കുകയാണ്. ഈ സ്ഥലം പുൽകൃഷി ചെയ്ത് പുല്ല് ഉല്പാദനം മെച്ചപ്പെടുത്തി ഫാമിന്റെ ആവശ്യം കഴിഞ്ഞുള്ള തീറ്റപ്പുല്ല് കുറഞ്ഞവിലക്ക് കാലിവളർത്തുന്ന കർഷകർക്ക് നൽകാവുന്നതാണ്. കൂടാതെ പുല്ല് ഉണക്കി സൂക്ഷിക്കാവുന്നതും വേനൽ കാലങ്ങളിൽ പുല്ലിന് ദൗർലഭ്യം ഉള്ളപ്പോൾ ഉപയോഗിക്കാവുന്നതാണ്. തീറ്റപ്പുല്ല് ഉല്പാദനത്തിൽ വളരെയധികം പുറകിൽ നിൽക്കുന്ന വിതുര പഞ്ചായത്തിന് ഇത് ഉപകരിക്കുന്നതായിരിക്കും. തീറ്റപ്പുല്ല് ഉല്പാദനത്തിലുള്ള കുറവ് വിതുര പഞ്ചായത്തിലെ കന്നുകാലി വളർത്തലിനെ സാരമായി ബാധിക്കുന്നുണ്ട്. ജെഴ്സി ഫാമിലെ പുൽകൃഷി, ഇതിനൊരു പരിഹാരമായിരിക്കും. പുല്ല്,വിത്ത്, തൈകൾ എന്നിവയും കർഷകർക്ക് നൽകാൻ കഴിയും. പുല്ല് ഉല്പാദനം മെച്ചപ്പെടുത്താൻ ഉള്ള ഒരു തടസ്സം ജലസേചന സൗകര്യം ഇല്ലായ്മയാണ്. വേനൽ കാലങ്ങളിൽ വരൾച്ച ബാധിച്ച് പുൽകൃഷി നശിച്ചുപോകാറുണ്ട്. അതിനാൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കൂടുതൽ വാട്ടർ പമ്പുകൾ ഉപയോഗിക്കുകയും, സ്പ്രിംഗ്ളർ ഉപയോഗിച്ചോ ഡ്രിപ്പ് ഇറിഗേഷൻ മുഖേനയോ ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്. സ്ലറി പമ്പ് ഉപയോഗിച്ച് പുൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ചാണകം വളമായി എത്തിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഫലഭൂയിഷ്ഠമായ ഫാമിന്റെ ഭൂമിയിൽ ആവശ്യാനുസരണം തെങ്ങിൻ തൈകൾ ഉല്പാദനശേഷിയുള്ള കമുകിൻ തൈകൾ എന്നിവ വച്ചുപിടിപ്പിക്കാവുന്നതാണ്. ഫാമിന്റെ അതിർത്തി പ്രദേശങ്ങളിൽ തേക്ക്, ഈട്ടി, മാഞ്ചിയം, എന്നിവയുടെ തൈകൾ വച്ചുപിടിപ്പിക്കാവുന്നതാണ്. ഫാമിലുള്ള മരങ്ങളിലെല്ലാം കുരുമുളക് തൈകൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

പച്ചക്കറികൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ പച്ചക്കറികൃഷിയും ചെയ്യാവുന്നതാണ്. ഈ ഫാമിന്റെക അതിർത്തികളിൽ മതിലോ, മുള്ളുവേലിയോ കെട്ടേണ്ടതും അത്യാവശ്യമാണ്.

മാംസോല്പാദനത്തിൽ വളരെയധികം പുറകിലൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ബീഫ് ഉല്പാദനത്തിൽ ഫാമുകൾ ഒന്നും തന്നെ ഇല്ല. സംസ്ഥാനത്ത് ഇന്നുകിട്ടുന്ന ബീഫ് നാല്പതുശതമാനവും അയൽ സംസ്ഥാനങ്ങ

ളിൽ [illegible] കൊണ്ടുവരുന്ന ഉരുക്കളിൽ നിന്നുള്ളവയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ബീഫ് ഉപയോഗം കണക്കിലെടുത്ത് അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടത് അവശ്യമാണ്. ഫാമിലുണ്ടാകുന്ന കാളക്കുട്ടികളെ വളർച്ചപ്രാപിക്കുന്നതുവരെ ഫാമിൽ വളർത്തി മാംസോല്പാദനത്തിനായി ഉപയോഗിക്കാവുന്നതാണ്. തീറ്റപ്പുല്ലിന്റെ ഉല്പാദനം മെച്ചപ്പെടുത്തുകയും കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്താൽ ഉല്പാദന ചിലവ് കുറക്കാനും സാധിക്കുന്നതായിരിക്കും. ഇപ്പോൾ നിലവിലുള്ള പാർപ്പിട സൗകര്യങ്ങൾ ഇതിലേക്കായി ഉപയോഗിക്കാനും കഴിയും.

കൃത്രിമ ബീജസങ്കലനം വഴി വിദേശ ഇനുസുകളിൽപ്പെട്ട അത്യുൽപാദനശേഷിയുള്ള പശുക്കളെ ഉല്പാദിപ്പിക്കുന്നതിൽ മുന്നോട്ടുപോകുന്നതോടൊപ്പം രോഗ പ്രതിരോധ ശക്തി വളരെയധികം ഉള്ളതും നമ്മുടെ കാലാവസ്ഥയ്ക്ക് വളരെയധികം യോജിച്ചതുമായ നമ്മുടെ കാലി സമ്പത്ത് നമുക്ക് നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതും ആവശ്യമാണ്. കേരള കാർഷിക സർവ്വകലാശാലയിൽ കർഷകരിൽ നിന്നും വാങ്ങി ഇപ്പോൾ പ്രജനനം നടത്തിക്കൊണ്ടിരിക്കുന്ന വർഗ്ഗനാശം സംഭവിക്കാറായ വെച്ചൂർപശുക്കൾ ഇതിനുദാഹരണമാണ്. കാർഷിക സർവ്വകലാശാലയുമായി കൂട്ടായ ശ്രമത്തിൽ കൂടി വർഗ്ഗനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം പശുക്കളെ ജേഴ്സിഫാമിൽ വളർത്തുകയും അതുവഴി അവയുടെ വർഗ്ഗനാശം തടയാനും നമ്മുടെ കാലിസമ്പത്ത് നഷ്ടപ്പെടാതെ സൂക്ഷിക്കാനും കഴിയുന്നതായിരിക്കും.

ആടുവളർത്തലും ഈ ഫാമിൽ തുടങ്ങാവുന്നതാണ്. ആടുകൾക്ക് തീറ്റയായിട്ടുള്ള വൃക്ഷത്തോലുകൾ ഈ ഫാമിൽ ലഭ്യമാണ്. ആടുകളുടെ എണ്ണം വിതുര പഞ്ചായത്തിൽ എന്നുമാത്രമല്ല കേരളത്തിലാകമാനം കുറഞ്ഞുവരുന്ന സാഹചര്യമാണ് ഇന്ന് നിലനില്ക്കുന്നത്. ആട്ടിറച്ചിയുടെ ഉപഭോഗത്തിനനുസരിച്ച് അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ ആടുവളർത്തലിന് പ്രോത്സാഹനം നൽകി പദ്ധതികൽ ആവിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്.രണ്ടായിരം ആടുകളുടെ ഒരു യൂണിറ്റ് ഈ ഫാമിൽ തുടങ്ങാവുന്നതാണ്. കർഷകർക്ക് ഭാവിയിൽ ആവശ്യാനുസരണം ആടുകളെ നല്കുന്നതിന് ഈ പദ്ധതി സഹായകമാകും.

പന്നിവളർത്തലിന്റെ ഒരു യൂണിറ്റും ഈ ഫാമിൽ തുടങ്ങാവുന്നതാണ്. വളരെ ലാഭകരമായി നടത്താൻ കഴിയുന്നതോടൊപ്പം മാംസോല്പാദനത്തിൽ പുരോഗതി കൈവരിക്കാൻ ഇത് സഹായകമാകും. പന്നിവളർത്തൽ വിതുര പഞ്ചായത്തിൽ പ്രായേണ ഇല്ലാത്ത സാഹചര്യത്തിൽ ഇത് വളരെ പ്രാധാന്യം അർഹിക്കുന്നു. 12 പന്നികൾ അടങ്ങുന്ന ഒരു മിനി ബ്രീഡിംഗ് യൂണിറ്റായി ഇത് തുടങ്ങാവുന്നതാണ്.

സംശുദ്ധമായ മാംസോല്പാദന സംസ്ക്കരണത്തിനും വേണ്ടി ആധുനിക സൗകര്യങ്ങൾ ഉള്ള ഒരു ഹൗസ്സ്ഥാപിച്ച് ശുദ്ധമായ മാംസോല്പാദനവും സംസ്ക്കരണവും വിപണനവും നടത്തുന്നതിന് ഈ ഫാമിൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നത് മാംസോല്പാദന രംഗത്തെ പോരായ്മകൾ പരിഹരിക്കാൻ സഹായകമാകും.

ഫാമിൽ വളർത്തുന്ന മൃഗങ്ങൾക്ക് എല്ലാം ആവശ്യമായ തീറ്റ അവിടെ തന്നെ ഉല്പാദിപ്പിക്കുകയും ഈ പഞ്ചായത്തിലെ കർഷകർക്ക് കൂടി അത് നല്കാവുന്നതുമാണ്.

പശുവളർത്തൽ, ആടുവളർത്തർ, പന്നിവളർത്തൽ, ശുദ്ധമായ മാംസോല്പാദനം, തീറ്റപ്പുൽകൃഷി, കാലിത്തീറ്റ നിർമ്മാണം എന്നിവയിൽ എല്ലാം കർഷകർക്ക് വിജ്ഞാനം പകർന്നുകൊടുക്കുന്നതിനും പരിശീലനം നൽകുന്നതിനും ഉള്ള ഒരു സെന്റർ ആയും ഈ ഫാമിനെ പ്രവർത്തിപ്പിക്കാൻ കഴിയുന്നതായിരിക്കും.

വേനൽ കാലങ്ങളിൽ പോലും വെള്ളം വറ്റാത്ത ചതുപ്പു സ്ഥലങ്ങൾ ഈ ഫാമിൽ ഉണ്ട്. ഈ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് മത്സ്യം വളർത്തുന്നതാണ്.

## ചെറ്റച്ചൽ ജേഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിന്റെ വികസന റിപ്പോർട്ട്.

കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഡയറിഫാമുകളിൽ ഒന്നായ ഈ സ്ഥാപനം വിതുര പഞ്ചായത്തിൽ ചെറ്റച്ചൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു വാമനപുരം നദിയുടെ കരയിൽ അമ്പത്തിമൂന്ന് ഏക്കർ സ്ഥലവിസ്തീർണ്ണമുള്ള ഭാഗത്ത് പുൽകൃഷിയും കന്നുകാലിവളർത്തലും നടത്തിവരുന്നു. റിസർവ്വ് വനത്തോടു ചേർന്നുകിടക്കുന്ന ഭാഗത്തിന് 65 ഏക്കർ വിസ്തീർണ്ണമുണ്ട്. ഈ ഭാഗത്തെ ഒരാടുവളർത്തൽ കേന്ദ്രം തുടങ്ങുവാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഈ ഡയറിഫാമിൽ ഇപ്പോൾ 125 ഉരുക്കളുണ്ട്. ഇതിൽ നാല്പതോളം കറവപ്പശുക്കളാണ്. പ്രതിദിനം ശരാശരി 225 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നു. ഇവിടെ 52 സ്ഥിരം തൊഴിലാളികളും 12 ക്ലാസ് ഫോർ ജീവനക്കാരും 4 ഓഫീസ് ജീവനക്കാരും 2 അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരും ഒരു അഗ്രികൾച്ചറൽ ഓഫീസറും ഒരു ഫാം സൂപ്പർവൈസറും ഒരു വെറ്റിനറി സർജ്ജനും അസിസ്റ്റന്റു ഡയറക്ടറുമാണുള്ളത്.

പ്രതിമാസം 1.10.000 രൂപ ശമ്പളമിനത്തിലും രണ്ടു ലക്ഷത്തോളം രൂപ വേജസ് ഇനത്തിലും ചെലവുവരുന്നു.

കന്നുകാലികളുടെ ആഹാരവും മറ്റുമായി 1200- രൂപയോളം പ്രതിദിനം ചെലവുവരുന്നു. പ്രതിമാസം പാൽ വിലയായി 50,000-ത്തോളം രൂപ റവന്യൂ വരുമാനമുണ്ട്. കുരുമുളക്, തെങ്ങ്, കശുമാവ്, സപ്പോട്ട തുടങ്ങിയ കാർഷിക വിളകളിൽ നിന്നും ഒന്നര ലക്ഷത്തോളം രൂപ പ്രതിവർഷം റവന്യൂ വരുമാനമായികിട്ടുന്നു.

ഈ സ്ഥാപനം സമഗ്രമായ ഒരു വികസന പദ്ധതിയിലൂടെ കേരളത്തിലെ ഒരു മാതൃകാ സ്ഥാപനമായി നിലനിർത്തുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

## I. തീറ്റപ്പുൽകൃഷി

ഇപ്പോൾ ഉല്പാദിപ്പിക്കുന്ന തീറ്റപ്പുല്ല് ഫാമിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് തികച്ചും അപര്യാപ്തമാണ്. നവംബർ മുതൽജൂൺ വരെ പുല്ല് പുറത്തു നിന്നും വാങ്ങേണ്ടിവരുന്നു. ആവശ്യത്തിനു തൊഴിലാളികൾ ഇല്ലാത്തതിനാലും ജലസേചന മാർഗ്ഗങ്ങൾ അപര്യാപ്തമായതിനാലും ഇപ്പോഴത്തെ നിലയ്ക്ക് പുൽകൃഷി വർദ്ധിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ്.

ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് കൊണ്ട് കോൺട്രാക്റ്റുവ്യവസ്ഥയിലെങ്കിലും തൊഴിലാളികളെ നിയോഗിക്കേണ്ടതാണ്.

അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷന്റെ സാങ്കേതിക സഹായത്തോടുകൂടി വാട്ടർപമ്പ്, സ്പ്രിംഗ്ലറുകൾ തുടങ്ങിയവ ഉപയോഗിച്ച് ജലസേചനം നടത്താം.

## II. കാർഷികോല്പന്നങ്ങൾ

ഗണ്യമായ വരുമാനം നേടിത്തരുന്ന കാർഷിക വിളകളായ കുരുമുളക്, തെങ്ങ്, കശുമാവ് മുതലായവയുടെ കൃഷി പോഷിപ്പിക്കേണ്ടതാണ്. ഇതിന് തൊഴിലാളികളുടെ സേവനം ആവശ്യമാണ്.

## III. ഉരുക്കളുടെ ലേലം

കാലാകാലങ്ങളിൽ മറ്റു പശുക്കളെയും കാളക്കുട്ടികളെയും ലേലം ചെയ്തുകൊടുക്കുന്നത് ദൈനംദിന ചെലവ് കുറയ്ക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. തൊഴിലാളികളുടെ സേവനം അത്രയും കുറച്ചേ ആവശ്യം വരുന്നുള്ളു.

## IV തൊഴിലാളികളുടെ ക്ഷേമം

തൊഴിലാളികളുടെ ക്ഷേമനടപടികൾ ഈ ഫാമിനെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമാണ്. ഫാം കോമ്പൗണ്ടിൽ വഴി വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ക്വാർട്ടേഴ്സുകളിൽ വളരെക്കാലമായി ചെയ്യാതിരിക്കുന്ന അറ്റകുറ്റപ്പണികളും യഥാകാലം ചെയ്യേണ്ടതാണ്.

## V ഫാമിനുള്ളിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി

തികച്ചും ശോചനീയാവസ്ഥയിലുള്ള റോഡുകൾ അറ്റകുറ്റപ്പണി ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതാണ്.

## VI ഷെഡ്ഡുകളിലെ അറ്റകുറ്റപ്പണി

നിലവിലുള്ള ഷെഡ്ഡുകളിൽ അത്യാവശ്യമായ അറ്റകുറ്റപ്പണികൾ( പഴകിയ കതകുകൾ മാറ്റുക പഴകിയ ഇലക്ട്രിസിറ്റി വർക്കുകൾ പുതക്കുകയും വിപുലമാക്കുകയും ചെയ്ത് രാത്രിയിൽ ഷെഡ്ഡിനുള്ളിൽ ആവശ്യത്തിനുള്ള പ്രകാശം ലഭ്യമാക്കുക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു) ചെയ്യേണ്ടതാണ്. ഉപയോഗ ശൂന്യമല്ലാത്തതും എന്നാൽ മൃഗങ്ങളെ കെട്ടാൻതല്ക്കാലം ഉപയോഗിക്കാൻ പറ്റാത്തതുമായ ഷെഡ്ഡുകളിൽ ചില്ലറമാറ്റങ്ങൾ വരുത്തുക വഴി ഉപയോഗയോഗ്യമാക്കാവുന്നതാണ്.

## ആടുവളർത്തൽ

ആടുവളർത്തൽ കേന്ദ്രം സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുന്ന ഒരു പരിപാടിയാണ്. പ്രതിവർഷം 2000ത്തോളം നല്ലയിനം ആട്ടിൻകുട്ടികളെ കൃഷിക്കാർക്ക് വിതരണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ കർഷകർക്ക് വളരെയധികം പ്രയോജനപ്രദമായ ഈ പദ്ധതിയിലേക്ക് രണ്ടുകോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

മേൽപ്പറഞ്ഞ രൂപരേഖ സ്റ്റാഫിന്റെയും തൊഴിലാളികളുടെയും പരിപൂർണ്ണ സഹകരണത്തോടെ നടപ്പിലാക്കിയാൽ ഈ ഫാമിനെ മൃഗസംരക്ഷണ വകുപ്പിന്റെകീഴിലുള്ള ഒരു മാതൃകാ ഫാമായി നിലനിർത്താൻ നമുക്ക് നിസ്സംശയം സാധിക്കും.

## 8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ സ്കീമുകളുടെ അവലോകനം

## സ്കീമുകൾ

### 1. അടുക്കള മുറ്റത്തെ കോഴിവളർത്തൽ

1990 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ പലപ്രാവശ്യങ്ങളിലായി അനുവദിച്ചു കിട്ടിയ 383 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം 383 നിർദ്ധനരായ കർഷ കുടുംബങ്ങൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിച്ചിട്ടുണ്ട്. 5,7,10 എന്നീ എണ്ണങ്ങളുളള മുട്ടക്കോഴി യൂണിറ്റുകൾ, കോഴിക്കൂടുകൾ കോഴിത്തീറ്റ എന്നിവ ഈ പദ്ധതി പ്രകാരം വിതരണം ചെയ്തി

ട്ടുണ്ട്.

ഓരോ വീടിനും ആവശ്യമായ കോഴിമുട്ടസ്വന്തമായി തന്നെ ഉല്പാദിപ്പിക്കാൻ ഈ പദ്ധതി പ്രയോജനപ്പെടുന്നു. വീട്ടിൽ തന്നെയുള്ള ഭക്ഷണ പദാർത്ഥങ്ങളുടെ അവശിഷ്ടം കോഴികൾക്ക് തീറ്റയായി കൊടുക്കുന്നതുകൊണ്ട് ഉല്പാദനചെലവ് തീരെകുറവാണ്. മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഈ പദ്ധതിവളരെ പ്രയോജന പ്രദമാകുന്നുണ്ട്. തൊഴിലില്ലാത്ത, ഗൃഹവൃത്തി മാത്രമായി കഴിയുന്ന ഗ്രാമീണ സ്ത്രീകൾക്ക് അവരുടെതായ ഒരു ചെറിയ വരുമാനം സ്വന്തം കുടുംബത്തിനു നൽകാനും ഈ പദ്ധതി സഹായകമാകുന്നു.

## 2. ആടുവളർത്തൽ

1993-94 ഇതിന്റെ അഞ്ചുയൂണിറ്റുകൾ ഒരു യൂണിറ്റ് 2 കറവ ആടുകൾ) ഈ പഞ്ചായത്തിലെ അടിപ്പറമ്പ് ഹരിജൻ കോളനിയിൽ നടപ്പിലാക്കിയിട്ടുണ്ട്. നിർദ്ധനരായ 5 ഹരിജൻ കുടുംബങ്ങൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിച്ചിട്ടുണ്ട്. ആടുകളെ വിലയ്ക്കുവാങ്ങി ഇൻഷ്വർ ചെയ്ത കർഷകർക്ക് സൗജന്യമായി കൊടുക്കുകയാണ് ചെയ്തത്. 94001യ- രൂപ ഈ പദ്ധതി പ്രകാരം ചിലവാക്കിയിട്ടുണ്ട്.

ആടുകളുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ആട്ടിറച്ചിയുടെ ഉപഭോഗമനുസരിച്ച് ആടുകളുടെ എണ്ണം വർദ്ധിക്കാത്തതാണിതിനുകാരണം. ആടുവളർത്തൽ പദ്ധതി ആടുകളുടെ എണ്ണ് വർദ്ധിപ്പിക്കുന്നതിനും നിർദ്ധനരായ കർഷകർക്ക് വളരെ ബുദ്ധിമുട്ടില്ലാത്തതുമായ തൊഴിൽ നവീകരിക്കാൻ കഴിയുന്നതുമാണ്. ചെറിയ കുടുംബങ്ങൾക്കാവശ്യമൊയ പാലുകിട്ടുന്നതിനും ഇത് സഹായിക്കുന്നുണ്ട്.

## 3. പശുവളർത്തൽ

1991-92 ചെറിയ മണലി എന്ന സ്ഥലത്തും ഹരിജനങ്ങൾക്കായി രണ്ടു കറവപ്പശുകളടങ്ങുന്ന 9 യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു യൂണിറ്റിന് 8445 രൂപ ചെലവായതിൽ 4445 രൂപ സബ്സിഡിയായി നൽകുകയും 4000 രൂപ വായ്പയായി ബാങ്കിൽ നിന്ന് നൽകുകയും ചെയ്തു.

1992-93 ൽ കളിയ്ക്കൽ ഹരിജൻ കോളനിയിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള 5 യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിലില്ലാത്തവർക്ക് ഒരു തൊഴിൽ നൽകുന്നതിനും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ഈ സ്കീം സഹായകമാകുന്നുണ്ട്. പശുവളർത്തലിൽ ആഭിമുഖ്യം ഇല്ലാത്തവരെയും പശുവളർത്തലിനുവേണ്ടസൗകര്യങ്ങൾ തീരെ ഇല്ലാത്തവരെയും ഈ പദ്ധതിയിലെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുമ്പോൾ ഇതിന്റെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായി സാക്ഷാത്ക്കരിക്കാൻ കഴിയാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്.

## 4. പ്രകൃതിക്ഷോഭങ്ങൾക്കുള്ള ദുരിതാശ്വാസം

1992 ൽ പ്രകൃതിക്ഷോഭം മൂലം പശു, ആട് കോഴി, തൊഴുത്ത് എന്നിവ നഷ്ടപ്പെട്ട കർഷകർക്ക് പരിഹാരമായി 32000യ- രൂപ ചെലവാക്കിയിട്ടുണ്ട്.

സാമ്പത്തിക ബുദ്ധിമുട്ട് കാരണം കർഷകർക്കുണ്ടായ യഥാർത്ഥ നഷ്ടത്തുക നഷ്ടപരിഹാരമായി നൽകാൻ ഗവൺമെന്റിനു കഴിയുന്നില്ല.

## 5. പേവിഷ നിർമ്മാർജ്ജനം

ഘട്ടം ഘട്ടമായി പേവിഷനിർമ്മാർജ്ജനം ചെയ്യുന്നതിന് വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് എല്ലാ വർഷവും നടത്തി വരുന്നുണ്ട്. എന്നാൽ സമഗ്രമായി പൊതുജന പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനാൽ ഇതിന്റെ ഉദ്ദേശലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല

## 6. ഗോരക്ഷാക്യാമ്പുകൾ

കന്നുകാലികളിൽ വന്ധ്യതാ പരിശോധന, പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവ ഈക്യാമ്പുകൾ വഴി ചെയ്തുവരുന്നുണ്ട്. കർഷകർക്ക് ഇത് വളരെ പ്രയോജനം ചെയ്യുന്നുണ്ട്.

## 7. നടപ്പുപദ്ധതികൾ 1996-97

### 1. അടുക്കളമുറ്റത്തെ കോഴിവളർത്തൽ

അടുക്കളമുറ്റത്തെ കോഴിവളർത്തൽ 100 യൂണിറ്റുകൾ രണ്ടുമാസം പ്രായമുള്ള 5മുട്ടക്കോഴികുഞ്ഞുങ്ങൾ വീതം 50% സബ്സിഡിയോടെ 100 കുടുംബങ്ങൾക്ക് നല്കുന്നു.

### 2. ആടുവളർത്തൽ

നാരകത്തിൻകാല ഗിരിജൻ കോളനിയിൽ ഒരുയൂണിറ്റ് രണ്ട് കറവ ആടുകൾ അടങ്ങുന്ന 10 യൂണിറ്റുകൾ നടപ്പാക്കി വരുന്നുണ്ട്. ഒരുയൂണിറ്റിന് 3735 രൂപ സബ്സിഡിയായി ചിലവാക്കുന്നതായിരിക്കും.

### 3. പ്രകൃതിക്ഷോഭ ദുരിതാശ്വാസം

പ്രകൃതിക്ഷോഭത്തിൽ വളർത്തു മൃഗങ്ങൾ, തൊ

ഴുത്ത് എന്നിവ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നല്കുന്നുണ്ട്.

ഓരോ വർഷവും 20 ഓളം കർഷകർക്ക്, ഐ. ആർ. ഡി. പി, മുഖേന 2 കറവ പശുക്കൾ അടങ്ങുന്ന ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. ഐ. ആർ. ഡി. പി മുഖേന പതിനഞ്ചോളം ആട് വളർത്തൽ യൂണിറ്റുകളും ഓരോ വർഷവും ഈ പഞ്ചായത്തിൽ നടപ്പാക്കാറുണ്ട്.

## മൃഗസംരക്ഷണ മേഖലയിലെ വികസനത്തിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും

9-ാം പഞ്ചവത്സര പദ്ധതയിൽ മൃഗസംരക്ഷണ മേഖലയിൽ താഴെപറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

മൃഗസംരക്ഷണമേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുക.

### പാലുല്പാദനം

പാലുല്പാദനം വർദ്ധിപ്പിക്കാൻ അതിന്റെ ഉല്പാദന ചിലവ് കുറയ്ക്കേണ്ടിയിരിക്കുന്നു. ജനിതക ഗുണമുള്ള സങ്കരയിനം കന്നുകാലികൾക്ക് ശാസ്ത്രീയമായ പരിചരണവും പോഷക ഗുണമുള്ള തീറ്റയും ആവശ്യമാണ്. പോഷകഗുണമുള്ള കാലിത്തീറ്റ ചിലവേറിയതായതുകൊണ്ട് ഉല്പാദന ചിലവ് വളരെയധികം കൂടുതലാണ്. കുറഞ്ഞ നിരക്കിൽ സാധാരണ കർഷകന് കാലിത്തീറ്റ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. സഹകരണമേഖലയ്ക്ക് ഈരംഗത്ത് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. കേരളത്തിൽ ലഭ്യമായിട്ടുള്ള തേങ്ങാപിണ്ണാക്ക്, മരിച്ചീനി എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണം വ്യാപകമാക്കണം. ഇതിലൂടെ കാർഷിക മേഖലയുമായി മൃഗപരിപാലനത്തെവർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്കവിധം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാനും സാധിക്കുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ചെറിയ തോതിൽ സ്ഥാപിച്ച് സൊസൈറ്റികൾ മുഖേന വിപണനം നടത്താവുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കർഷകർക്ക് കാലിത്തീറ്റ സബ്സിഡിയായി നല്കുന്നതിനുള്ള പദ്ധതിയും ഉണ്ടാക്കണം.

പച്ചപ്പുല്ല് വച്ച് പിടിപ്പിക്കാനായി പുൽവിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനും തരിശുഭൂമികളിൽ പുൽകൃഷി ചെയ്യുന്നതിനും വേണ്ടി വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

വയ്ക്കോലിന്റെ ക്ഷാമം രൂക്ഷമാകാതിരിക്കാൻ നിലവിലുള്ള നിലങ്ങളെങ്കിലും നികത്താതെ നെൽകൃഷി ചെയ്യേണ്ടത് അത്യാവശ്യമാണ്.

### മുട്ടയുല്പാദനം:

ഓരോവീടിനും ആവശ്യമുള്ള മുട്ട വീടുകളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനായി രണ്ടുമാസം പ്രായമുള്ള നല്ലയിനം മുട്ടക്കോഴി കുഞ്ഞുങ്ങളെ ജനങ്ങൾക്ക് വിതരണം ചെയ്ത് അടുക്കളമുറ്റത്തെ കോഴിവളർത്തൽ വ്യാപകമാക്കണം. എഗ്ഗർ നഴ്സറി പദ്ധതി വ്യാപകമാക്കുകയും ഹാച്ചറി യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം ഉണ്ടാകുകയില്ല. പോഷകാംശമുള്ള കോഴിത്തീറ്റ ഉണ്ടാക്കുന്നതിന് മത്സ്യം ആവശ്യമായതിനാൽ മത്സ്യബന്ധനവുമായി ബന്ധപ്പെടുത്തി കോഴിത്തീറ്റ ഉണ്ടാക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് കുറഞ്ഞവിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുകയും വേണം.

കാടക്കോഴികളെ വളർത്തി കാടമുട്ടയുടെ ഉല്പാദനവും നടത്താവുന്നതാണ്.

### മാംസോല്പാദനം

ഇറച്ചിക്കോഴി വളർത്തൽ പ്രതീക്ഷ ഉണർത്തുന്നൊരു മേഖലയാണ്. പക്ഷെ ഈ മേഖലയിലെ കർഷകർ വളരെ അസംഘടിതരാണ്. പ്രാദേശിക സഹകരണസംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ട് പോയാലേ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ.

ശുദ്ധമായ മാംസോല്പാദനം പൊതുജനാരോഗ്യകാരണങ്ങളാൽ ശ്രദ്ധപതിയേണ്ട മേഖലയാണ്. ആധുനിക സൗകര്യങ്ങൾ ഉള്ള കശാപ്പുശാലകൾ ഉണ്ടാകണം. മാംസത്തിന്റെ സംസ്ക്കരണത്തിനും വിപണനത്തിനും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം, തോൽ, മാംസം, രക്തം തുടങ്ങിയവ ഉപയോഗിച്ച് നടത്താവുന വ്യവസായ യൂണിറ്റുകൾക്ക് രൂപം ഉണ്ടാക്കാൻ കഴിയും. ആട്ടിറച്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ ആടുവളർത്തൽ പദ്ധതികൾ ആവിഷ്ക്കരിക്കണം. മാംസോല്പാദനത്തിനായി മുയൽവളർത്തൽ യൂണിറ്റുകളും നടപ്പാക്കാവുന്നതാണ്.

## II മൃഗസംരക്ഷണ മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം

ഈ മേഖലയിൽ തൊഴിൽ സ്ഥിരീകരിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകുകയും വായ്പ ലഭ്യമാക്കുകയും വേണം. ദരിദ്ര ജനവിഭാഗങ്ങളുടെ പ്ര

ത്യേകിച്ചും പട്ടികജാതിക്കാർ, ആദിവാസികൾ തുടങ്ങിയവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ മേഖലയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. തൊഴിൽ രഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കണം.

## III മൃഗചികിത്സാ കേന്ദ്രങ്ങളിലെ സജ്ജീകരണങ്ങൾ അടിയന്തരമായി ആധുനികവത്ക്കരിക്കുകയും വിപുലപ്പെടുത്തുകയും വേണം.

ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങൾ ടെലഫോൺ, വാഹനം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ബോണക്കാട്, കല്ലാർ, ആനപ്പാറ മേമല എന്നിവിടങ്ങളിൽ വെറ്റിനറി സബ്സെൻറ്റുകൾ ആരംഭിക്കണം. മൃഗാശുപത്രിയുമായി ചേർന്ന് പ്രവർത്തിക്കുന്ന സബ്സെന്ററുകൾ കൂടുതൽ ജനോപകാരപ്രദമായിരിക്കുവാൻ അതിന്റെ സേവനം അത്യാവശ്യമായിട്ടുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.. പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്താൻ വേണ്ട വാക്സിനുകൾ മൃഗാശുപത്രിയിൽ ലഭ്യമാക്കണം. മൃഗാശുപത്രിയുമായി ചേർന്ന് കോർട്ടേഴ്സ് നിർമ്മിക്കേണ്ടതാണ്.

## IV. പേവിഷനിർമ്മാർജ്ജനം

പേവിഷ നിർമ്മാർജ്ജനത്തിൽ ഈ പഞ്ചായത്തോടെ സമ്പൂർണ്ണവും ആസൂത്രിതവുമായ പരിപാടി നടപ്പാക്കണം. വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും തെരുവുനായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് ലൈസൻസ് കർശനമാക്കുകയുംവേണം. ജില്ലാതല പ്രവർത്തന സമിതികൾ രൂപീകരിച്ചും വാർഡുതല സ്ക്വാഡുകൾ രൂപീകരിച്ചും പ്രവർത്തനം ഊർജ്ജിതമാക്കണം.

മൃഗസംരക്ഷണ മേഖലയിൽ തൊഴിൽ സ്ഥിരീകരിക്കുന്ന കർഷകർക്ക് വിജ്ഞാനം പകർന്നുകൊടുത്തും പരിശീലനം നല്കിയും അവരെ ഈ മേഖലയിലെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാക്കണം. കർഷകർക്ക് ഈ മേഖലയിൽ സ്ഥിരം വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കണം. കർഷകർക്കിടയിൽ മത്സരബുദ്ധി ഉളവാക്കാൻ കന്നുകാലി പ്രദർശനങ്ങളും കന്നുക്കുട്ടി പ്രദർശനങ്ങളും വ്യാപകമാക്കണം.

## മൃഗസംരക്ഷണ മേഖലയിൽ നടത്താവുന്ന പദ്ധതികളുടെ രൂപരേഖ.

### മിനിഡയറി യൂണിറ്റുകൾ

രണ്ടു പശുക്കൾ അടങ്ങുന്നതാണ്. ഒരു യൂണിറ്റ് പദ്ധതിയുടെ പകുതി ബാങ്കുവായ്പ, നാലിലൊന്ന് ധനസഹായം, ബാക്കി ഗുണഭോക്താവിന്റെ വിഹിതം 200 യൂണിറ്റുകൾ നടപ്പാക്കണം.

### കിടാരി വളർത്തൽ യൂണിറ്റ്

മേൽത്തരം സങ്കരവർഗ്ഗകിടാരികളുടെ ഗർഭകാല സംരക്ഷണം ഉറപ്പാക്കുകയാണ് ലക്ഷ്യം. സബ്സിഡിയോടെ ഗുണമേന്മയുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്ന ഗുണഭോക്താവിന്റെ പ്രതിമാസ കാർഷികേതര വരുമാനം 900 രൂപയിൽ കവിയരുത്. ഈ പദ്ധതിയുടെ പകുതി സബ്സിഡിയായി ക്ഷീരസംഘം ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെന്റ് അസോസിയേഷൻ നല്കണം.

### വീട്ടുമുറ്റത്തെ കോഴിവളർത്തൽ

2 മാസം പ്രായമുള്ള 5 മുട്ടക്കോഴി കുഞ്ഞുങ്ങളെ വീതം നല്കണം. ഈ പഞ്ചായത്തിൽ കുറഞ്ഞത് 1500 യൂണിറ്റുകൾ സ്ഥാപിക്കണം.

### സ്കൂൾ പൗൾട്രി ക്ലബ്

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 5 രൂപ അംഗത്വഫീസ് നല്കി സ്കൂൾ പൗൾട്രി ഫാം ക്ലബിൽ അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തണം. ഒരു വർഷം 200 കുട്ടികൾക്കെങ്കിലും പ്രയോജനം ലഭിക്കും. താല്പര്യമുള്ള ഒരദ്ധ്യാപകനാകണം ക്ലബിന്റെ ചുമതല. 60 ദിവസം പ്രായമുള്ള 3 മുട്ടക്കോഴി കുഞ്ഞുങ്ങളെ സൗജന്യമായി ഗുണഭോക്താക്കളായ കുട്ടികൾക്ക് നല്കാവുന്നതാണ്.

### എഗ്ഗർ നഴ്സറി

ഗുണമേന്മയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതി പ്രവർത്തനം. വീട്ടുമുറ്റത്തെ കോഴിവളർത്തലുകാർക്കും സ്കൂൾ പൗൾട്രി ക്ലബിനും ഈ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാം. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഈ തൊഴിൽ സ്ഥിരീകരിക്കാം. ഗുണഭോക്താവ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനം നേടിയിരിക്കണം. 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ തുടങ്ങാം. ഒരു വർഷം 5 തവണയെങ്കിലും കോഴിക്കുഞ്ഞുങ്ങളെ വളർത്തിവില്ക്കാം.

## മുട്ടക്കോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ

ഈ തൊഴിലിൽ താല്പര്യമുള്ള സാമ്പത്തിക ശേഷിയുള്ള കർഷകർ, ഗൾഫിൽ നിന്നും തൊഴിൽ രഹിതരായി മടങ്ങിയെത്തിയ സാധാരണക്കാർ തുടങ്ങിയ വിഭാഗങ്ങളെ ഏകോപിപ്പിച്ച് മുട്ടയുല്പാദന വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കാം. കോഴിത്തീറ്റ ഉത്പാദനം സംഘം ഏറ്റെടുത്ത് നടത്തണം. 5000 കോഴിക്കുഞ്ഞുങ്ങളെയെങ്കിലും ഉണ്ടാകണം. മുട്ടയുല്പാദക കാലശേഷം ഇവയെ ഇറച്ചിക്കായി ഉപയോഗിക്കാം.

## ഇറച്ചിക്കോഴി വളർത്തൽ

കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവ് സമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വിൽപനയ്ക്ക് സജ്ജമാക്കുന്ന പദ്ധതി സർക്കാർ ഫാമുകളിൽ നിന്നോ സ്വകാര്യ ഹാച്ചറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം. ഗ്രാമീണ വനിതകൾക്കുള്ള ചെറുകിട വനിതകൾ അടങ്ങിയ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ് പ്രാദേശിക ബാങ്കുകളിൽ പ്രസ്തുത അക്കൗണ്ടുകൾ വഴി ഈ പദ്ധതിയുടെ ധനവിനിയോഗം നടത്താം. സാമൂഹിക ക്ഷേമ വകുപ്പിന്റെ ഗ്രാമീണ വനിതാ ശിശുവികസന പദ്ധതിയിൽ ലഭിക്കുന്ന സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

## ആടുവളർത്തൽ

ഒരുയൂണിറ്റ് 6 മുതൽ 9 മാസം വരെ പ്രായമുള്ള രണ്ട് ആട്ടിൻകുട്ടികൾ ഇത്തരത്തിലുള്ള ഓരോ അഞ്ച് യൂണിറ്റിനും ഒരു ആൺ ആടിനെ നല്കുന്നു. ആടുകളുടെ വിലയുടെ 50% വും ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% ഉം സബ്സിഡി ഗുണഭോക്താക്കളിൽ 30% പട്ടികജാതി പട്ടികവർഗ്ഗക്കാരും 30% വനിതകളും ആയിരിക്കണം. 500 യൂണിറ്റുകൾ നടപ്പിലാക്കണം.

## മുയൽവളർത്തൽ

വിവിധ സ്കൂളുകളിൽ 8ാം ക്ലാസിൽ പഠിക്കുന്ന 60 കുട്ടികളെ വീതം ഓരോ വർഷവും തിരഞ്ഞെടുത്ത് അവർക്ക് ഒരു ആൺമുയലും രണ്ട് പെൺമുയലുകളും അടങ്ങിയ ഓരോയൂണിറ്റ് വീതം നല്കുന്നു. 9-ാം ക്ലാസിലും 10-ാം ക്ലാസിലും എത്തുമ്പോൾ അവർ ഒരു ജോഡി മുയൽ കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ നൽകണം, അവയെ വീണ്ടും വിതരണം ചെയ്യാം.

## സമ്മിശ്ര മൃഗപരിപാലനം

മൃഗപരിപാലനത്തോടൊപ്പം കൃഷി,മത്സ്യം വളർത്തൽ, പശുവളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ, എന്നിവ സംയോജിപ്പിച്ച് ലഭ്യമായ കൃഷിസ്ഥലം പൂർണ്ണമായും ഉപയോഗപ്പെടുത്തി ലാഭം കൂടുകയാണ് പദ്ധതി ലക്ഷ്യം.

നിലവിലുള്ള കാർഷിക വിളകൾക്കൊപ്പം+ 3 കറവപശുക്കൾ, 3 ആട്ടിൻകുട്ടികൾ, 5+1 പന്നികൾ 25 കോഴി എന്നിവയെ വളർത്തുകയും പുൽകൃഷി ചെയ്യുകയും ചെയ്യുന്ന രീതി, കോഴിക്കാഷ്ഠം പന്നിക്ക് തീറ്റയായും പന്നിക്കാഷ്ഠം കുളത്തിലെ മത്സ്യം വളർത്തലിനും ഉപയോഗിക്കാം. 3 ക്യു:മീറ്റർ വലിപ്പമുള്ള ഗോബർഗ്യാസ് പ്ലാന്റും പ്രവർത്തിപ്പിക്കാം. അതിന്റെ മട്ട് കാർഷിക വിളയ്ക്കും പുൽകൃഷിക്കും ജൈവവളമായി ഉപയോഗിക്കാം.

## കാളക്കുട്ടി പരിപാലനം

രണ്ട്മൂന്ന്മാസം പ്രായമായ കാളക്കുട്ടികളെ തെരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കുന്നു.

## പന്നിവളർത്തൽ

2 കുഞ്ഞുങ്ങൾ ഒരു യൂണിറ്റ് വിലയുടെ 25 % സബ്സിഡി. 50 യൂണിറ്റുകൾ നടപ്പാക്കാവുന്നതാണ്.

## കന്നുകാലി ഇൻഷ്വറൻസ്

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കർഷകരുടെ കന്നുകാലികളെ ഇൻഷ്വറൻസ് ചെയ്യുന്നതിന് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% സബ്സിഡിയായി നല്കണം.

## ക്ഷീരവികസനം

ക്ഷീര കർഷകർക്ക് ശാസ്ത്രയീ പാലുല്പാദനത്തെ കുറിച്ച് അറിവുപകരുക, ചെറുകിട നാമമാത്രമേഖലയിലേക്ക് കർഷകത്തൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, പാലിന്റെ ഉല്പാദനവും, ഉപഭോഗവും വർദ്ധിപ്പിക്കുക, കാലിവളർത്തൽ മുഖ്യതൊഴിലായി സ്വീകരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ.

വെള്ളനാട് ബ്ളോക്കു പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റൻഷൻ ആഫീസാണ് എട്ട് ഗ്രാമ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണചുമതലയും മറ്റു പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത്. പഞ്ചായത്തു തലത്തിൽ ഡെയറിയുടെ (ക്ഷീരവികസനം) ആഫീസ് ഇല്ലാത്തതിനാൽ സ്കീമുകളുടെ നടത്തിപ്പിൽ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

**പാൽ** ഉല്പാദനവും ഉപഭോഗവും വിതരണവുമാ**യി ബന്ധപ്പെട്ട്** പ്രവർത്തിക്കുന്ന ടി വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ട്. മരുതാമല ക്ഷീരസംഘം, വിതുര ക്ഷീരസംഘം, മേമല , ചെറ്റച്ചൽ ക്ഷീര സംഘം ( പ്രവർത്തനമില്ല) എന്നിവയാണവ.

ഗ്രാമീണജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ക്ഷീരവികസന മേഖലക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ സംഘങ്ങൾ മുഖേന ദിവസവും ശേഖരിക്കുന്നതും, മറ്റുള്ളവർ വിതരണം ചെയ്യുന്നതുമായ പാലിന്റെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

**ക്ഷീരസംഘങ്ങൾ 386 ലിറ്റർ പ്രതിദിനം**

**വ്യക്തികൾ ഉല്പാദിപ്പിച്ച് വിറ്റവ 4632 ലിറ്റർ പ്രതിദിനം**

5018 liter day

ഓരോ വാർഡിലും ഓരോ ക്ഷീര സംഘം ഉണ്ടായാൽ മാത്രമേ പാൽ ഉൽപാദനവും വിപണനവും കാര്യക്ഷമമാക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ ഓരോ വാർഡിലും ഓരോ ക്ഷീരസംഘം ആരംഭിക്കാൻ വേണ്ട നടപടികൾ സ്ഥിരീകരിക്കേണ്ടതാണ്.

## ക്ഷീര വികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ

1. ക്ഷീര സമ്പർക്ക പരിപാടി ( ചർച്ചാക്ലാസ്)
2. ക്ഷീരോല്പാദന നിർമ്മാണ പ്രദർശനം
3. മാതൃകാ കാലിത്തൊഴുത്തു നിർമ്മാണം
4. ധാതുലവണ മിശ്രിതം , Vita വിതരണം
5. ശുചിയായ പാൽ ഉല്പാദന കിറ്റ് വിതരണം
6. തീറ്റ പുൽകൃഷിക്ക് വിവിധ പദ്ധതികൾ
7. വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി
8. വയ്ക്കോലിൽ യൂറിയ ചേർക്കൽ
9. SEP & ISP പദ്ധതി
10. ഹേ, സൈലേജ് എന്നിവയുടെ നിർമ്മാണം
11. ചെറുകിട കാലിത്തീറ്റ ഫാക്ടറി
12. മാതൃകാ ഡയറി യൂണിറ്റ്
13. പാൽ ഉല്പ്പന്ന നിർമ്മാണ യൂണിറ്റ്
14. കൂടാതെ ക്ഷീര സംഘങ്ങൾക്കുള്ള വിവിധ സഹായ പദ്ധതികൾ

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റവും ലഭ്യത കുറവും
2. പച്ചപ്പുല്ലിന്റെ ദൗർലഭ്യം
3. പാൽ ഉല്പാദന ചെലവിന് അനുസൃതമായ വില ലഭ്യമല്ലാത്തത്.
4. പാൽ വിപണനത്തിലുള്ള അസൗകര്യം
5. പദ്ധതികൾ നല്ല രീതിയിൽ നടത്തുന്നതിന് പഞ്ചായത്തു തലത്തിൽ ക്ഷീര വികസന ആഫീസ് ഇല്ലാത്തത്.

## സാദ്ധ്യതകൾ പരിഹാരങ്ങൾ

കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റത്തിനും ലഭ്യത കുറവിനും പരിഹാരമായി ഗ്രാമപഞ്ചായത്തു തലത്തിൽ ചെറുകിട കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കുക പ്രാദേശികമായി ലഭിക്കുന്ന മരിച്ചീനി ചക്കക്കുരു, പുളിയരി തുടങ്ങിയവ ഇതിനായി ഉപയോഗിക്കുക.

പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പുൽകൃഷി പ്രോത്സാഹിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ആരംഭിക്കുകയും ചെയ്യുക. ഇതിലേക്കായി പുൽവിത്തും, വളവും സൗജന്യമായി നല്കുക. സൈലേജ്, വോ നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

3. പാൽ വിപണനത്തിനുള്ള അസൗകര്യം ഇതു പരിഹരിക്കുന്നതിനായി ഒരു വാർഡിൽ ഒരു ക്ഷീര സഹകരണസംഘം ആരംഭിക്കുക.

ഈ പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിനായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീര വികസന ആഫീസ് തുടങ്ങുക.

O

# Chapter - V-3

# വ്യവസായം

## നിലവിലുള്ള വ്യവസായങ്ങളെകുറിച്ചുള്ള വിവരണം

കാർഷിക പ്രാധാന്യമുള്ള വിതുര പഞ്ചായത്തിൽ വ്യവസായികമായി വളരെയേറെ പിന്നോക്കാവസ്ഥ പണ്ട് മുതലെ നിലനിൽക്കുകയാണ്. അല്പമാത്ര പുരോഗതി നേടിയ കുറെ വ്യവസായ യൂണിറ്റുകളും മൃതപ്രായമായ കുറച്ച് വ്യാവസായിക യൂണിറ്റുകളുമാണ് ഇവിടെ നിലനിൽക്കുന്നത്.

### നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തന അവലോകനം.

അതിൽ എടുത്തു പറയത്തക്ക ഒരു വ്യവസായ യൂണിറ്റാണ് ചേന്നൻപാറയിലെ റബ്ബർ ക്രീപ്പ് മിൽ. ധാരാളം റബ്ബർ ഉത്പ്പാദിപ്പിക്കുന്ന മേഖലയാണ് വിതുര പഞ്ചായത്ത് എങ്കിലും ഈ മില്ലിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

റബ്ബർ സംസ്ക്കരിച്ചെടുക്കുന്നതിനായി നടത്തുന്ന മറ്റൊരു വ്യവസായ യൂണിറ്റാണ് എം.കെ.പി. സൺസ് പ്രൈവറ്റ് ലിമിറ്റഡ്. ഓഫീസ് സ്റ്റാഫ് ഉൾപ്പെടെ 15 ഉദ്യോഗസ്ഥരും 59 ജോലിക്കാരും പണിയെടുക്കുന്ന ഈ വ്യവസായം പഞ്ചായത്തിലെ ഒരു മേജർ വ്യവസായ യൂണിറ്റാണ്.

വിതുര പഞ്ചായത്തിലെ മറ്റൊരു വ്യവസായമാണ് കാഡ്ബറി ഇൻഡ്യ ലിമിറ്റഡ്. ഒൻപത് സ്റ്റാഫുകളുള്ള ഈ വ്യവസായയൂണിറ്റ് അസംസ്കൃത വസ്തുക്കളുടെ കുറവു മൂലം ബുദ്ധിമുട്ടുകയാണ്.

പഞ്ചായത്തിലെ മറ്റൊരു മേജർ വ്യവസായമാണ് മഹാവീർ പ്ലാന്റേഷൻ & ടീ ഫാക്റ്ററി ബോണക്കാട്. ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ തുടക്കം കുറിച്ച ഈ എസ്റ്റേറ്റ് ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും തേയില തോട്ടം റബ്ബർതോട്ടത്തിന് വഴിമാറി കൊടുക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

പഞ്ചായത്തിലെ ഒരു പ്രമുഖവ്യവസായമായി തുടക്കം കുറിച്ച ഒന്നായിരുന്നു കല്ലാറിലെ മിനറൽ വാട്ടർ പ്രോജക്റ്റ്. ബാലാരിഷ്ഠതകൾ ഏറെ ബാധിച്ച ഈ വ്യവസായം ഇന്നും സിക്ക് യൂണിറ്റായി പ്രഖ്യാപിച്ച മാനേജ്മെന്റുകൾ മാറി മാറി മുന്നോട്ട് പോകുന്നു അൻപതോളം പേർക്ക് തൊഴിൽ സാധ്യത നൽകുന്ന ഈ വ്യവസായത്തിന് വളരെയേറെ സാധ്യതകൾ നിലനിൽക്കുന്നു.

എടുത്തു പറയത്തക്ക മറ്റൊരു വ്യവസായ യൂണിറ്റാണ് ശാസ്താംകാവിലും കാലൻകാവിലും പ്രവർത്തിക്കുന്ന ഖാദി വ്യവസായ കേന്ദ്രം. ശാസ്താംകാവിൽ തന്നെ പ്രവർത്തിക്കുന്ന ശിവശക്തി ഹോളോബ്രിക്ക് മറ്റൊരു വ്യവസായ യൂണിറ്റാണ്.

വിതുര പഞ്ചായത്തിലെ ശ്രദ്ധേയമായ ചില ചെറുകിട വ്യവസായ യൂണിറ്റുകളാണ് സേതു പ്രസ്സും, അശ്വതി പ്രിന്റേഴ്സും, അരുണ് പ്രിന്റേഴ്സും, ആനന്ദ് പ്രിന്റേഴ്സും.

### നിലവിലുള്ള വ്യവസായ സംരംഭങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം | തൊഴിലാളികൾ സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|---|---|
| 1. | റബ്ബർ ക്രിപ്പ്‌ചിൽ | 1 | 2 | 8 | 10 |
| 2. | M.K.P.Son's Pvt. Ltd. | 1 | 74 | | |
| 3. | കാഡ്ബറീസ് ഇന്ത്യ ലിമിറ്റഡ് | 1 | 9 | | |
| 4. | മഹാവീർ പ്ലാന്റേഷൻ | 1 | | | |
| 5. | മിനറൽസ് വാട്ടർ പ്രൊജക്റ്റ്കല്ലാർ | 1 | | | |
| 6. | ഹോളോ ബ്രിക്ക് യൂണിറ്റ് | | | | |
| 7. | പ്രിന്റിംഗ് പ്രസ്സ് | 4 | 8 | 12 | 20 |
| 8. | എണ്ണയാട്ട് വ്യവസായം | 2 | 4 | 4 | |
| 9. | തടിയറുപ്പ് വ്യവസായം | 3 | 15 | 15 | |
| 10. | ഫർണിച്ചർ വ്യവസായം | 10 | 25 | 25 | |
| 11. | ഐസ്ക്രീം നിർമ്മാണം | 1 | 4 | 4 | |
| 12. | ഖാദി വ്യവസായ കേന്ദ്രങ്ങൾ | 2 | | | |

### 2. ടൂറിസം

ടൂറിസ്റ്റ് മേഖലയായ പൊന്മുടി, മീൻമുട്ടി, ഗോൾഡൻ വാലി, സിൽവർവാലി, വരയാടിൻമൊട്ട, പേപ്പാറ എന്നിവ ബന്ധിപ്പിച്ചു കൊണ്ടുള്ള ട്യൂറിസ്റ്റ് വികസനത്തിനായി ട്യൂറിസ്റ്റ് ഹോട്ടലുകൾ സ്ഥാപിക്കുക ഹാൻന്റി ക്രാഫ്റ്റ് ഉത്പ്പാദന വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

### 3. ഇലക്ട്രോണിക്സ് രംഗം

അനേകം ഇലക്ട്രോണിക് ഉത്പന്നങ്ങൾ ചെറുകിട സൊസൈറ്റികൾ വഴി ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്യാവുന്നതാണ്. കെൽട്രോണുമായി സഹകരിച്ച് അവരുടെ ബ്രാന്റിൽഇലക്ട്രോണിക്ക് ചോക്ക്, സ്റ്റെപ്പ് അപ്പ് എന്നിവ നിർമ്മിച്ച് വിപണനം ചെയ്യാവുന്നതാണ്. ആട്ടോമാറ്റിക് വോൾട്ടേജ് സ്റ്റെബിലൈസർ, ഇലക്ട്രോണിക് ബാലിസ്റ്റ്, ടി.വി. ആന്റിന എന്നിവയുടെ നിർമ്മാണ യൂണിറ്റുകളും

ആരംഭിക്കാവുന്നതാണ്.

പഞ്ചായത്തിനാവശ്യമായ ഇലക്ട്രിക് പോസ്റ്റ് നിർമ്മിക്കുന്നതിന് മെറ്റീരിയലുകൾ വായ്പാടിസ്ഥാനത്തിൽ ലഭ്യമാക്കിയാൽ ചെലവ് കുറഞ്ഞതും ഈടുറ്റതുമായ ഇലക്ട്രിക് പോസ്റ്റ് നിർമ്മിക്കാൻ ആകും. അതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

## കൺസ്ട്രക്ഷൻ മെറ്റീരിയലുകൾ

വൻതോതിൽ കെട്ടിടനിർമ്മാണ പ്രവർത്തനം നടത്തുന്ന ഈ പ്രദേശത്തിൽ ഇഷ്ടിക സിമന്റ് ഉപയോഗിച്ചുള്ള കട്ട (ഹോളോബ്രിക്സ്) ജനൽ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുക.

## ഖാദിമേഖല

ഖാദി ബോർഡിന്റെ ശാഖകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച് തുണി നെയ്ത്ത്, മെഴുകുതിരി, സോപ്പുകൾ (ടോയിലറ്റ് സോപ്പുൾപ്പെടെ) കറിപൗഡറുകൾ, ജാം, ബേക്കറി വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുകയും അവ വിപണനം നടത്തുന്നതിനുള്ള ഷോറൂമുകളും മറ്റും ആരംഭിക്കുകയും ചെയ്യും. കമ്മിഷൻ അടിസ്ഥാനത്തിൽ വീടുവീടാന്തരം കയറിയിറങ്ങി വിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

## സാധ്യതകൾ

**റബ്ബർ:** റബ്ബർ കൃഷിമേഖലയായ ഈ ഗ്രാമത്തിൽ റബ്ബർ അധിഷ്ഠിത കുടിൽ വ്യവസായമാണ് ഫലപ്രദം. ഇവിടുത്തെ റബ്ബർ കർഷകർക്ക് പങ്കാളിത്തമുള്ള പൊന്മുടി റബ്ബേഴ്സ്. റബ്ബർ ബോർഡ് എന്നിവയുടെ സഹായസഹകരണത്തോടെ ക്രമ്പ് റബ്ബറിൽനിന്നും ഓരോ കുടുംബത്തിലേയും വീട്ടമ്മമാർക്കും മറ്റുള്ളവർക്കും ലഘുവായി ഉണ്ടാക്കാവുന്ന ചെറിയ ചെറിയ ധാരാളം ഉത്പന്നങ്ങൾ ഉണ്ട്. തെരഞ്ഞെടുക്കുന്ന അൻപത്പേർ അടങ്ങുന്ന ഒരു യൂണിറ്റിന് ഒരാഴ്ചത്തെ ട്രെയിനിംഗ് കൊണ്ട് ഈ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയും. റബ്ബർ ബോർഡിന്റേയും മറ്റ് റബ്ബർ ട്രെയ്ഡിംഗ് കമ്പനികളുടേയും സഹായത്തോടെ അവ വിറ്റഴിക്കാനും പ്രയാസമില്ല. (ഒരു കാറിൽ തന്നെ നൂറിൽപരം റബ്ബർ കൊണ്ടുണ്ടാക്കിയ പാർട്ടുകൾ ആവശ്യമുണ്ട്. അതുപോലെതന്നെ ബാൻഡേജ്, ബുഷുകൾ, ബീഡിംഗ്, ഗ്ലൗസ്സ്, കൈയുറകൾ എന്നിവ ലഘുവായി ഉണ്ടാക്കാവുന്നതാണ്.) ഇതിന് ഒരു യൂണിറ്റിന് ഒരാൾക്ക് 10000 രൂപ വച്ച് 500,000 രൂപയുടെ മദ്ധ്യകാലവായ്പ സൗകര്യങ്ങൾ ഉണ്ടാക്കിയാൽ മതി. കുടിൽ വ്യവസായമായത് കൊണ്ട് പൊതുവായ സ്ഥലസൗകര്യത്തിന്റെ ആവശ്യമില്ല. ഇന്ന് നിലവിലുള്ള ആർ.പി.എസ്. മുഖേന ഉത്പന്നങ്ങൾ വേണ്ടിടത്തെത്തിക്കാനും അസംസ്കൃതസാധനങ്ങൾ (ക്രമ്പ് റബ്ബർ) വിതരണം ചെയ്യാനും കഴിയും. ഫലപ്രദമെന്നു കണ്ടാൽ അഞ്ചുവർഷം കൊണ്ട് അഞ്ചുയൂണിറ്റാക്കി ഉയർത്താനും 250 പേർക്ക് ചെറിയ ഉപജീവനമാർഗ്ഗം ഉണ്ടാക്കാനും കഴിയും.

ഇത്തരം വ്യവസായ സംരംഭങ്ങൾ താഴെപ്പറയുന്ന വാർഡുകളിൽ തുടങ്ങണം.

1. കല്ലാർ
2. ആനപ്പാറ
3. ചെറ്റച്ചൽ
4. മരുതാമല
5. ചേന്നൻപാറ
6. തേവിയോട്
7. വിതുര.

ധാരാളം കശുവണ്ടി ഉത്പ്പാദിപ്പിക്കുന്ന ഈ മേഖലയിൽ കശുവണ്ടി പ്രോസസിംഗ് യൂണിറ്റ് ആരംഭിച്ചാൽ കശുവണ്ടിപ്പരുപ്പ് പാക്കറ്റുകളിലാക്കി കൂടുതൽ വിപണനസാദ്ധ്യതയുണ്ടാക്കാൻ കഴിയും. ആയതിലേയ്ക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക.

തയ്യൽ പരിശീലനകേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ആരംഭിച്ച് പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ റെഡിമെയ്ഡ് വസ്ത്രവ്യാപാരഷോറൂമുകൾ ആരംഭിക്കണം. സഹകരണമേഖലയുടെ സഹായത്താൽ വായ്പ ലഭ്യമാക്കി ഈ സംരംഭം ആരംഭിക്കാവുന്നതാണ്.

## ഈറ്റ, ചൂരൽ വ്യവസായം

ഈറ്റ കൊണ്ടും ചൂരൽ കൊണ്ടുമുള്ള സാധനങ്ങളുടെ നിർമ്മാണവും വിപണനവും പരിപോഷിപ്പിക്കുന്നതിന് ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകൾക്ക് കൂടുതൽ പരിശീലനം നൽകി പുതിയ ഡിസൈനുകളിൽ ഫർണിച്ചർ ഐറ്റങ്ങളും മറ്റും നിർമ്മിക്കുന്നതിനും വിൽക്കുന്നതിനും ഉള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. കല്ലാർ, മരുതാമല, വിതുര, തേവിയോട്, തള്ളച്ചിറ, മേമല എന്നിവിടങ്ങളിൽ ഈ സംരംഭത്തിന് കൂടുതൽ സാധ്യതകൾ ഉണ്ട്.

## പാഴ്തടി സംസ്കരണം

റബ്ബർ തടികളും മറ്റ് പാഴ്തടികളും ധാരാളം ലഭിക്കുന്ന ഈ പ്രദേശത്ത് റബ്ബർ പാഴ്തടികൾ സംസ്ക്കരിക്കുന്ന ഒരു യൂണിറ്റ് രൂപീകരിക്കാവുന്നതാണ്. അതൊടൊപ്പം ടി.തടികൾ ഉപയോഗിച്ചുള്ള ഒരു ഫർണിച്ചർ വ്യവസായവും ആ

രംഭിക്കാം. റബ്ബർക്കുരു സംസ്ക്കരിച്ച് എണ്ണ, കാലിത്തീറ്റ എന്നിവ നിർമ്മിക്കാം. പ്രസ്തുത എണ്ണ സോപ്പ് നിർമ്മാണ യൂണിറ്റിന് പ്രയോജനപ്പെടുത്താം.

### നാളികേരം

ഇവിടെ ധാരാളമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് എണ്ണ വ്യവവസായയൂണിറ്റും ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വ്യവസായയൂണിറ്റും ആരംഭിക്കാവുന്നതാണ്.

### ആയുർവേദ ഔഷധ നിർമ്മാണം

ധാരാളം ആയുർവേദ ഔഷധ സസ്യങ്ങൾ ലഭ്യമായ ഈ പഞ്ചായത്തിൽ ലഭ്യമായ ഔഷധ സസ്യങ്ങൾ ശേഖരിച്ച് തരിശുഭൂമിയിൽ വാണിജ്യ അടിസ്ഥാനത്തിൽ ഔഷധസസ്യങ്ങൾ വച്ച് പിടിപ്പിച്ചും ഈ മേഖലയെ ത്വരിതപ്പെടുത്തണം. ആയുർവേദ ഔഷധങ്ങളായ ച്യവനപ്രാശലേഹ്യം പോലെയുള്ള ധാരാളമായി നിർമ്മിച്ച് വില്പന നടത്താവുന്നതാണ്. അതിനാവശ്യമായ സംരംഭങ്ങൾ തുടങ്ങേണ്ടതാണ്.

### മില്ലുകൾ

ധാന്യങ്ങൾ പൊടിക്കുന്നതിനുള്ള മില്ലുകൾ എല്ലാ വാർഡുകളുടെയും പ്രധാന കേന്ദ്രങ്ങളിൽ ആരംഭിച്ചാൽ കുറെ തൊഴിൽരഹിതർക്ക് ആശ്വാസകരമായിരിക്കും അതിനുള്ള യന്ത്രസാമഗ്രികൾ പഞ്ചായത്ത് തന്നെ വാങ്ങിക്കൊടുക്കുകയോ തൊഴിൽ രഹിതർക്ക് വായ്പ ലഭ്യമാക്കി ആരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുകയോ ചെയ്യണം.

### പൗൾട്രിഫാം; ഗോട്ട് ഫോം:

വളരെ ലാഭകരമായി നടത്താൻ കഴിയുന്ന ഒരു ചെറുകിട വ്യവസായ സംരംഭത്തിന് ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവയുടെ പ്രത്യേകം പ്രത്യേകം ഫാമുകളും ആടുവളർത്തൽ ത്വരിതപ്പെടുത്താൻ ഗോട്ട് ഫാം യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്. ഇതും തൊഴിൽ രഹിതർക്ക് വായ്പ ബാങ്കുകൾ വഴിയോ സഹകരണ സ്ഥാപനങ്ങൾ വഴിയോ ലഭ്യമാക്കി ആരംഭിക്കാവുന്നതാണ്.

### ഡയറി ഫാം

പഞ്ചായത്തിനാവശ്യമായ മുഴുവൻ പാലും ലഭ്യമാകത്തക്കവിധത്തിൽ പശു വളർത്തൽ, എരുമ വളർത്തൽ എന്നിവ പരിപോഷിപ്പിക്കാവുന്നതാണ്. ആയതിലേയ്ക്ക് ഡയറിഫാം യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ട ധന സഹായം ലഭ്യമാക്കേണ്ടതുമാണ്. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ സഹായത്തോടെ ഇതിനാവശ്യമായ പരിശീലനം ലഭ്യമാക്കാവുന്നതാണ്.

### ബുക്ക് നിർമ്മാണവും വിതരണവും:

വനിതകൾക്കായി ഒരു നോട്ട് ബുക്ക് നിർമ്മാണവിതരണയൂണിറ്റ് സ്ഥാപിക്കുകയാണെങ്കിൽ വിതുരയിലെ വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്കുകൾ ഇവിടെ നിർമ്മിക്കാൻ കഴിയും. ഇതിനായി സഹകരണസംഘം രൂപീകരിച്ച് വായ്പ ലഭ്യമാക്കാവുന്നതാണ്.

### ചെറ്റച്ചൽ ഡയറി ഫാം:

ചെറ്റച്ചൽ ഡയറി ഫാമിനെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തരിശായി കിടക്കുന്ന ഇതിന്റെ കീഴിലുള്ള സ്ഥലം കൃഷിക്കാർക്ക് പാട്ടമായി നൽകി കാർഷികമേഖലയെ സമ്പുഷ്ടമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

### പ്രശ്നങ്ങൾ

1. വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലസൗകര്യങ്ങൾ ലഭിക്കുന്നില്ല.
2. വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത.
3. മുഖ്യകാർഷികോല്പന്നങ്ങളായ തേങ്ങ, റബ്ബർ തുടങ്ങിയവ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
4. മാർക്കറ്റിംഗ് പ്രശ്നം.
5. വനിതകൾക്ക് തൊഴിൽ അവസരങ്ങൾ പൊതുവെ കുറവാണ്.
6. സാങ്കേതിക വൈദഗ്ദ്ധ്യം ഇല്ലായ്മ.

### നിർദ്ദേശങ്ങൾ

1. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതികമായ വൈദഗ്ധ്യം നൽകുക.
2. ഉദാരവ്യവസ്ഥയിൽ സംരംഭകർക്ക് വായ്പ നൽകുന്നതിനുള്ള സൗകര്യങ്ങൾ നൽകുക.
3. സഹകരണ അടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
4. എല്ലാ വാർഡിലും വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ തക്കവിധസ്ഥലവും കെട്ടിടങ്ങളും നിർമ്മിക്കുക.
5. പ്രാദേശിക വിപണി പുഷ്ടിപ്പെടുത്തുന്നതിനുള്ള ജനകീയ ശൃംഖല ശക്തിപ്പെടുത്തുക.

## വിതുര ഗ്രാമപഞ്ചായത്തിൽ തുടങ്ങാവുന്ന വ്യവസായ യൂണിറ്റുകളുടെ രൂപരേഖ

വിതുര ഗ്രാമ പഞ്ചായത്തിൽ റബ്ബർ ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾക്കും നാളികേരം ഉപയോഗിച്ചുള്ള

വ്യവസായ യൂണിറ്റുകൾക്കും വലിയ സാധ്യതയുള്ളതിനാൽ താഴെപ്പറയുന്ന വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതുകൊണ്ട് പഞ്ചായത്തിലെ തൊഴിൽ രഹിതർക്കു തൊ ലഭിക്കാനും പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും സാധ്യതയുണ്ടായിരിക്കും.

## റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

1. ത്രെഡ് റബ്ബർ (Tread Rubber)
2. മൈക്രോ സെല്ലുലാർ റബ്ബർ ഷീറ്റുകൾ
3. കയർഫോം.
4. ക്രംബ്ബ് റബ്ബർ
5. ലാറ്റക്സ് ത്രെഡ്.
6. റബ്ബർ കുഴൽ
7. റബ്ബർ ബാൻഡ്.
8. സൈക്കിൾ ടയർ, ട്യൂബ്
9. മൂശയിൽ നിർമ്മിക്കുന്ന റബ്ബർ ഉത്പന്നങ്ങൾ (Moulded Rubber goods)
10. ബ്ലാക്ക് ബോർഡ്, വീന്സ്റ്റ്.
11. ബലൂൺ, കൈയുറകൾ, സർജ്ജിക്കൽ ഗ്ലൗസ്, ഫുട്ബാൾ ബ്ലഡർ.
12. റബ്ബർ തടി സംസ്കരണ യൂണിറ്റ്.

## നാളികേര അധിഷ്ഠിത വ്യവസായങ്ങൾ

1. പച്ചത്തൊണ്ടിൽ നിന്നും കയറുല്പാദനം
2. ചിരട്ടക്കരി നിർമ്മാണം.
3. ചിരട്ടകൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങൾ
4. കരിക്കിൻവെള്ളം ഉപയോഗിച്ചുള്ള സോഫ്റ്റ് ഡ്രിംഗ്സ്.
5. ജലാംശം നീക്കിയ നാളികേര പൊടി.

സ്വയം തൊഴിൽ കണ്ടെത്തുന്ന യുവാക്കൾക്ക് Mechanical, Electircal, Electronic, Food Items,Ceramic, Mosaic, granite എന്നീ വിഭാഗങ്ങളിലുള്ള ചെറുകിട വ്യാവസായ യൂണിറ്റുകൾ കുറഞ്ഞ മുതൽമുടക്കിൽ തുടങ്ങാവുന്നതാണ്.

റബ്ബറും, നാളികേരവും ഉപയോഗിച്ചു നടത്താവുന്ന പ്രധാനപ്പെട്ട വ്യവസായ യൂണിറ്റുകളുടെ മൂലധന ചിലവും തൊഴിൽസാധ്യതയെ കുറിച്ചും താഴെ വിവരിക്കുന്നു.

ട്രെഡ് റബ്ബർ

ടയറുകളും ഉപയോഗശൂന്യമായ ഭാഗം (തേഞ്ഞു പോയ ഭാഗം) വീണ്ടും പിടിപ്പിച്ച് അവയെ ഉപയോഗയാഗ്യമാക്കുകയാണ് ടയർ റീട്രീഡിംഗ് കൊണ്ടു ചെയ്യുന്നത്. ഇതിന് ആവശ്യമായ റബ്ബർ ട്രഡ് നിർമ്മിക്കുന്നത്. വളരെ വലിയ വിപണിയുള്ള ഒരു വ്യവസായമാണ്. കെ. എസ്. ആർ. ടി. സി, ടി. വി. എസ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ട്രഡ് റബ്ബർ വളരെയധികം ആവശ്യമുണ്ട്.

### ഉത്പ്പന്നം – ട്രഡ് റബ്ബർ

സ്ഥലം 800 ച:മി

| | |
|---|---|
| പ്രവർത്തനമൂലധനം | 20,00,000 |
| (സ്ഥലം, കെട്ടിടം, മെഷ്യറി എന്നിവ | ഉൾപ്പെടെ) |
| തൊഴിൽ അവസരങ്ങൾ | 20 പേർ |
| തൊഴിൽ സാധ്യത (Loading & Unloading) - | 30 പേർ |
| വാർഷികവരുമാനം | 5 ലക്ഷം |

### ഉത്പ്പന്നം– മെക്രോസെല്ലുലാർ ഷീറ്റ് റബ്ബർ

ഹവായി ചെരുപ്പ് നിർമ്മിക്കുന്നതിന്
മൈക്രോസെല്ലുലർ ( എം. സി. ഷീറ്റ്) ഉപയോഗിക്കുന്നു.
സ്ഥലം 800 ച: മീ
(കെട്ടിടം, സ്ഥലം, യന്ത്രസാമഗ്രികൾ ഉൾപ്പെടെ)

| | |
|---|---|
| പ്രവർത്തനമൂലധനം | 14,50,000 |
| തൊഴിലവസരങ്ങൾ | 12 പേർ |
| വാർഷിക വരുമാനം | 3,62,500 |

### കയർഫോം

ചകിരിയിൽ റബ്ബർപാൽ Spray ചെയ്ത് ഉണ്ടാക്കുന്ന കയർ ഫോം വളരെ വില്പനയുള്ളതാണ്.

| | |
|---|---|
| പ്രവർത്തന മൂലധനം | 110 ലക്ഷം |
| (സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെ) | |
| തൊഴിൽ സാധ്യത | 50 പേർ |

### ക്രംമ്പ് റബ്ബർ

ടയർനിർമ്മാണത്തിനുള്ള അസംസ്കൃത പദാർത്ഥമാണ് ക്രം റബ്ബർ. ഒട്ടുകറ അരച്ച് Drying Chamber ൽ കയറ്റി ഉണക്കി 25 കിലോ വീതമുള്ള ചതുരക്കട്ടകളാക്കി മാറ്റുന്നു. വിതുര പഞ്ചായത്തിൽ ഒരു ക്രംമ്പ് റബ്ബർ ഫാക്ടറി പ്രവർത്തിക്കുന്നു. റബ്ബർ ധാരാളം ലഭിക്കുന്ന പ്രദേശമായതിനാൽ ഒരു ക്രംമ്പ് റബ്ബർ ഫാക്ടറി കൂടി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയും.

| | |
|---|---|
| പ്രവർത്തനമൂലധനം | 70 ലക്ഷം |
| (സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ ഉൾപ്പെടെ) | |
| തൊഴിൽസാധ്യത | 120 പേർ |
| Loading & Unloading | 50 പേർ |
| സാധ്യത | 170 പേർ |

### സൈക്കിൾ ടയർ ട്യൂബ്

സൈക്കിൾ ട്യൂബിന് വലിയ വിപണന സാധ്യതയുണ്ട്. തിരുവനന്തപുരം ജില്ലയിൽ Trivandrum Rubber Works മാത്രമാണ് ടയർ നിർമ്മിക്കുന്നത്.

### പ്രവർത്തനമൂലധനം

(സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ ഉൾപ്പെടെ) 41,50,000

തൊഴിൽ സാധ്യത 50 പേർ

### ലാറ്റക്സ് ത്രെഡ്

ഇലാസ്റ്റിക് തുണികളുടെ നിർമ്മാണത്തിനാണ് റബ്ബർ നൂലിന്റെ പ്രധാന ഉപയോഗം. വസ്ത്രങ്ങളുടെ വളർന്നു വരുന്ന ഉപയോഗം അവയിൽ ഇലാസ്റ്റിക് നൂലിന്റെ വർദ്ധിച്ച ഉപയോഗം ഈ പദ്ധതിക്ക് അനുകൂലമായ ഒരു വിപണി സൃഷ്ടിച്ചിരിക്കുന്നു.

### പ്രവർത്തനമൂലധനം

| | |
|---|---|
| (സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെ) | 5,50,00 |
| തൊഴിലവസരങ്ങൾ | 10 പേർ |

### മൂശയിൽ നിർമ്മിക്കുന്ന റബ്ബർ ഉൽപന്നങ്ങൾ

പമ്പു വാൽവുകൾ, ഡയഫ്രം, ബുഷുകൾ, ഗാസ്കറ്റുകൾ തുടങ്ങി ശതകണക്കിനുള്ള ഉൽപന്നങ്ങൾ റബ്ബർ മോൾഡ് ചെയ്ത് നിർമ്മിക്കാൻ സാധിക്കും.

### പ്രവർത്തനമൂലധനം

(സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെ)
7,50,000
തൊഴിലവസരങ്ങൾ 12 എണ്ണം

### ബ്ളോക്ക് ബോർഡ് & വീനേഴ്സ്

ബ്ളോക്ക് ബോർഡും, വീനേഴ്സും ഫ്ളൈവുഡ്ഡും നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങളാണ് റബ്ബർ തടി ഉപയോഗിച്ച് ബ്ളോക്ക് ബോർഡും വീനേഴ്സും നിർമ്മിക്കാം. ബോംബെ, ഡെൽഹി, അഹമ്മദാബാദ് എന്നീ സ്ഥലങ്ങളിൽ സോഫ്റ്റ്-വുഡ് ലഭിക്കാത്തതിനാൽ പ്ളൈ വുഡ് നിർമ്മാണത്തിന് ആവശ്യമായ ബ്ളോക്ക് ബോർഡ്,വീനേഴ്സ് എന്നിവ കേരളത്തിലും, തമിഴ്നാട്ടിലും നിന്ന് വാങ്ങുകയാണ്. ഈ വ്യവസായ യൂണിറ്റ് വമ്പിച്ച സാധ്യതയുള്ളതാണ്.

സ്ഥലം 20 സെന്റ്
പ്രവർത്തനമൂലധനം
(സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെ)
22 ലക്ഷം
തൊഴിൽ സാധ്യത 20 പേർ
Laoding & Unloading 20 പേർ
സാധ്യത 25 പേർ

### റബ്ബർ തടി സംസ്കരണ യൂണിറ്റ്

റബ്ബർ തടി രാസപ്രവർത്തനത്തിനു വിധേയമാക്കി കിട്ടുന്നതടി നല്ല ഉറപ്പുള്ളതും (തേക്കിനും ഈട്ടിക്കും തുല്യമായവ) ഫർണിച്ചറുകൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയ നിർമ്മിക്കുന്നതിനും ഉപയോഗിച്ചു വരുന്ന ഈ വ്യവസായ യൂണിറ്റിന് വൻവിപണന സാധ്യതയുള്ളതാണ്.

സ്ഥലം 25 സെന്റ്

### പ്രവർത്തനമൂലധനം

(സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെ)
17 ലക്ഷം
തൊഴിൽ സാധ്യത 15 പേർ
Laoding & Unloading 20 പേർ

## നാളികേരം ഉപയോഗിച്ചുള്ള വ്യാവസായ യൂണിറ്റുകൾ.

1. പച്ചത്തൊണ്ടിൽ നിന്നും കയറുൽപ്പാദനം
പച്ചത്തൊണ്ടു തല്ലിച്ചതച്ച് കയറ്, കയർ റോപ്പ്, മാറ്റ് തുടങ്ങിയ മെഷ്നറി പ്രോസസ്സ് മുഖാന്തരം നിർമ്മിക്കുന്നതിനാവശ്യമായ പുതിയതരം മെഷ്നറികൾ രൂപപ്പെടുത്തി എടുത്തിട്ടുണ്ട്.
മെഷ്നറി വിവരം
1. 2 2 mistress മാറ്റിംഗ് ലൂം
1 മീറ്റർ മാറ്റിംഗ് ലൂം
1 മീറ്റർ മാറ്റ് ലൂം
ബോബിൻ വൈൻഡിംഗ് മെഷീൻ, 3PH മോട്ടോർ, കല്ലിങ്ങ് മെഷ്യൻ, തൊണ്ടുതല്ലൽ മെഷ്യൻ മുതലായവ.
ഈ വ്യവസായ യൂണിറ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ആയിട്ടും, പാർട്ണർഷിപ്പിലും, കമ്പനിയായിട്ടും തുടങ്ങാം. വടക്കേ ഇന്ത്യ, വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നല്ല മാർക്കറ്റ് ലഭിക്കും.

| | |
|---|---|
| സ്ഥലം | 50 സെന്റ് |
| കെട്ടിടം (ഫാക്ടറി ഷെഡ്) | 895 sq. meter. |
| മെഷിനറി വില | 4,57,250 |
| പ്രവർത്തനമൂലധനം | 2,50,000 |
| തൊഴിൽ സാധ്യത | 60 പേർ |

### 2. ചിരട്ടക്കരി ഉൽപാദനം

(Activated Charcoal)

കെമിക്കൽ വ്യവസായത്തിനും ഭക്ഷ്യസാധന നിർമ്മാണ വ്യവസായ യൂണിറ്റുകൾക്കും ശുദ്ധീകരണത്തിനും, de-colourisation, ദുർഗന്ധനിവാരണത്തിനും വേണ്ടി

ഉപയോഗിക്കുന്ന തോൽപ്പാദന വ്യവസായ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന സാധനങ്ങളുടെ ഒരു അസംസ്കൃത പദാർത്ഥമായിട്ടാണ് ചിരട്ടക്കരി ഉൽപാദനം ഉപയോഗിക്കുന്നത്

മെഷ്യറി

1. റിയാക്ടർ
2. കാൽസിനേഷൻ ടാൽക് (Calcination Talk)
3. ആസിഡ് ട്രീറ്റ്മെന്റ് പ്ലാന്റ്
4. പൗഡറിംഗ് യൂണിറ്റ്
5. Drying Chamber

## പ്രവർത്തനമൂലധനം

(സ്ഥലം,കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെ) 5 ലക്ഷം

തൊഴിൽസാധ്യത 10 പേർ

Laoding & Unloading 5 പേർ

## ചിരട്ടകൊണ്ടുള്ള കരകൗശല ഉൽപന്നങ്ങൾ

ചിരട്ട ഉപയോഗിച്ച് Fancy Itmes നിർമ്മിക്കുന്ന വ്യാവസായത്തിന് വലിയ വിപണന സാധ്യതയുണ്ട്. കയറ്റുമതിയിൽ ഈ വ്യവസായം നല്ല പങ്കാണ് വഹിക്കുന്നത്. വിദഗ്ധരായ തൊഴിലാളികൾ (കരകൗശല തൊഴിലാളികൾ) ഈ രംഗത്ത് അത്യാവശ്യമാണ്.

## പ്രവർത്തനമൂലധനം

(സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെ) 3 ലക്ഷം

തൊഴിൽ സാധ്യത 25 പേർ

## ജലാംശം നീക്കിയ നാളികേരപൊടി

ഉണക്കി പായ്ക്ക് ചെയ്ത നാളികേരപൊടി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഗാർഹിക ഉപയോഗത്തിനും, വ്യവസായ ആവശ്യത്തിനും അനിവാര്യമാണ്. ഈ ഉൽപ്പാദനത്തിന് വിദേശവിപണിയുണ്ട്. 60-70% എണ്ണമയമുള്ള തേങ്ങയിൽ നിന്നും എണ്ണയും, രാസഘടനയ്ക്ക് വ്യതിയാനം വരാതെ ജലാംശം നീക്കം ചെയ്ത് പൊടികളാക്കി കേടുവരാതെ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. സാധാരണ നാളികേരം കൊണ്ടുള്ള എല്ലാ ഉപയോഗവും ഈ നാളികേരപ്പൊടികൊണ്ട് നിർവ്വഹിക്കാവുന്നതാണ്. കൂടാതെ മിഠായികൾ, സുപാരികൾ, സുഗന്ധമുറുക്കാൻ തുടങ്ങിയവയ്ക്കും ഇവ ചേർക്കുന്നു.

സ്ഥലം 50 ച.മീ

കെട്ടിടം 100 ച.മീ

യന്ത്രസാമഗ്രികൾ

a. കൊപ്രാക്കട്ടർ
b. ഡിസിന്റഗേറ്റർ
c. ബേബി ബോയിലർ
d. വാകം ബഡ് ഫ്ലൂയിഡ് ഡ്രൈയർ
e. പ്ലാസ്റ്റിക് സീലിംഗ് മെഷീൻ.

## പ്രവർത്തലമൂലധനം

(സ്ഥലം, കെട്ടിടം എന്നിവ ഉൾപ്പെടെ) 4,50,000

ഉൽപ്പാദന വേഗത 15 മെ.ടൺ പ്രതിമാസം

തൊഴിൽസാധ്യത 10 പേർ

വാർഷികവരുമാനം 865000 രൂ.

# Chapter - V-4

# ഗതാഗതം, ഊർജ്ജം മാർക്കറ്റ്

## ഗതാഗതം

വളരെ പ്രസിദ്ധമായ തിരുവനന്തപുരം പൊന്മുടി റോഡ് വിതുരവഴിയാണ് പോകുന്നത്. ചേന്നൻപാറ മുതൽ കുളച്ചിക്കിരവരെയുള്ള റോഡ് വിതുര പഞ്ചായത്തിനകത്താണ്. പണ്ട് ഈ റോഡിലൂടെ ധാരളം വില്ലുവണ്ടികൾ പോയിരുന്നു. കുതിരകളും കാളകളുമാണ് ഈ വില്ലുവണ്ടികൾ വലിച്ചിരുന്നത്. തിരുവനന്തപുരം-പൊന്മുടി റോഡൊഴിച്ച് ഇന്നു കാണുന്ന റോഡുകളിൽ പലതും പണ്ട് ഓരോ വ്യക്തികൾ അവരുടെ വസ്തുവകകളിൽ പോകുന്നതിനായി വെട്ടിച്ചതടങ്ങളാണ്. ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുവനന്തപുരത്തുനിന്ന് വിതുരവഴി പല തവണ പൊന്മുടിയിൽ പോയിട്ടുണ്ട്. ഇങ്ങനെ പോകുന്ന വേളയിൽ മഹാരാജാവിന് ഇടയ്ക്കു വിശ്രമിക്കുന്നതിനു വേണ്ടിയാണ് ഒരു ടൂറിസ്റ്റ് ബംഗ്ലാവ് (മുസാവരി) പണിതത്. മഹാരാജാവിന് പൊന്മുടിയിൽ വിശ്രമിക്കുന്നതിനും ഒരു കെട്ടിടം (കൊട്ടാരം) ഉണ്ടായിരുന്നു. പണ്ട് വിതുര പൊന്മുടി റോഡിന്റെ പല ഭാഗങ്ങളിലായി വിശാലമായ വഴിയമ്പലങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ഒരു വഴിയമ്പലം അടുത്തകാലംവരെ വിതുര ചന്തമുക്കിനു സമീപം; പഴയ നല്ല കാലത്തിന്റെ സ്മരണയെ വിളിച്ചോതിക്കൊണ്ടു നില നിന്നിരുന്നു.

ഈ വഴിയമ്പലത്തിനു വേണ്ടമൂന്നു സെന്റു സ്ഥലം താവയ്ക്കൽ കുറുപ്പ് സംഭാവന ചെയ്തതാണ്. ഇദ്ദേഹം ഈ സ്ഥലത്ത് വിശാലമായ ഒരു വഴിയമ്പലം നിർമ്മിച്ചു. ഈ വഴിയമ്പലത്തിനു സമീപം ഒരു കിണറും ഒരു ചുമടുതാങ്ങിയുമുണ്ടായിരുന്നു. ഈ വഴിയമ്പലത്തിൽ വഴിയാത്രക്കാർക്ക് ചൂട്ടുകെട്ടി കൊടുക്കുന്നതിനും ദാഹജലം നൽകുന്നതിനും ഒരാളുണ്ടായിരുന്നു. ഇതിനുവേണ്ട ചെലവു വഹിച്ചിരുന്നതും കുറുപ്പുതന്നെയായിരുന്നു. 6 കി. മീ ഇട വിട്ട് വഴിയമ്പലങ്ങളോ, സത്രങ്ങളോ ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

പണ്ടു കെട്ടിയ ചില കലുങ്കുകൾ ഒരു കേടും കൂടാതെ ഇപ്പോഴും ഈ റോഡിലുണ്ട്. കമാനാകൃതിയിലുള്ള ചിറ്റാർ പാലം, കല്ലാർപാലം എന്നിവ പണ്ടത്തെ പാലങ്ങളുടെ വൈശിഷ്ട്യത്തെ വിളിച്ചോതുന്നവയാണ്. കരിങ്കല്ലും, കുമ്മായവും, മുട്ടയും, ശർക്കരപ്പാവുമുപയോഗിച്ച സുർക്കി കൊണ്ടാണ് ഈ പാലങ്ങൾ നിർമ്മിച്ചതെന്ന് പറയപ്പെടുന്നു. കല്ലാറ്റിൽനിന്ന് 4 മൈൽ യാത്ര ചെയ്ത് ബോണക്കാട്ട് എത്തത്തക്കരീതിയിൽ ഒരു വിശാലമായ റോഡുണ്ടായിരുന്നു. ഇന്ന് അത് സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയാണ്. ബോണക്കാട്ടുനിന്ന് അംബാസമുദ്രത്തിലേക്ക് പണ്ട് കുതിരപ്പുറത്തു യാത്ര ചെയ്തിരുന്നതായി സൂചനയുണ്ട്.

പൊന്മുടി എസ്റ്റേറ്റിന്റെ വികാസത്തോടുകൂടിയാണ് തിരുവനന്തപുരം-പൊന്മുടി റോഡ് വികസിച്ചത്. ആദ്യമായി വിതുരയിൽ കാറിൽ വന്നത് ശ്രീമൂലംതിരുനാൾ മഹാരാജാവാണ്. 1934-ലാണ് വിതുരയിൽ ആദ്യമായി ട്രാൻസ്പോർട്ടിങ്ങ് സൗകര്യം ഉണ്ടായത്. ഇരുവശങ്ങളിലൂടെയും ഉള്ളിൽ കയറാവുന്ന (ഓപ്പൺ ബോഡി) 'ജേർണി ഫുട്ട്' വാഹനമായിരുന്നു വിതുരയിൽ ആദ്യമായി സർവ്വീസ് നടത്തിയത്. ശ്രീ. മൈദീൻ കണ്ണറാവുത്തരായിരുന്നു ഈ ബസ്സിന്റെ ഉടമ. തിരുവനന്തപുരം - കല്ലാർ സർവ്വീസായിരുന്നു ആദ്യത്തേത്. തുടർന്ന് പൊന്നൻ പണിക്കർ, ഫിലിപ്പ്, കെ. എം. എസ്സ്., ആർ. കെ. വി തുടങ്ങിയ പ്രൈവറ്റ് ബസ്സുകൾ വിതുരവഴി കല്ലാർ, ബോണക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ സർവ്വീസ് നടത്തി.

1942-മുതലാണ് തിരുവിതാംകൂർ ട്രാൻസ്പോർട്ട് ബസ് ഈ റൂട്ടിൽ ഓടിത്തുടങ്ങിയത്. താളാത്മകമായ കുതിരക്കുളമ്പടി കേട്ടുരസിച്ചിരുന്ന വിതുരയുടെ വീഥികൾ ഇന്ന് അതിദ്രുതം പായുന്ന അനവധി വാഹനങ്ങളുടെ അമ്പരപ്പിക്കുന്ന അലർച്ചയിലാണ്. ഇത്തരം വാഹനസഞ്ചയങ്ങൾക്കു അനുയോജ്യമായ റോഡുകളും ബസ്സ്സ്റ്റേഷനുമാണ് ഗതാഗതരംഗത്ത് വിതുരയ്ക്ക് ആവശ്യം.

വിതുര പഞ്ചായത്തിൽ ആകെ 68.5 കി.മീ.റോളം പി.ഡ.ബ്ലിയു.ഡി റോഡുകളും, പഞ്ചായത്തു റോഡുകളും ഉണ്ട്. എല്ലാ പി. ഡബ്ലിയു. ഡി റോഡുകളിലും ബസ്സ് ഗതാഗതം ഉണ്ട്. തിരുവനന്തപുരം-പൊന്മുടി റോഡാണ് പ്രധാനറോഡ്. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽനിന്നും 5 മുതൽ പത്തുവരെ കി. മീറ്ററുകൾ ( ആദിവാസിമേഖലകളിൽ നിന്നുമാണെങ്കിൽ 15 കിലോമീറ്റർവരെ സഞ്ചരിക്കേണ്ടതുണ്ട്) സഞ്ചരിച്ചാൽ മാത്രമേ പ്രധാന റോഡിലെത്തിച്ചേരാൻ കഴിയുകയുള്ളൂ.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിന് വേണ്ടത്ര ഗതാഗതസൗകര്യം ഇല്ല.

2. ആദിവാസി മേഖലയിലുള്ളവർക്ക് നാടുമായി ബന്ധപ്പെടുന്നതിന് റോഡ് ഗതാഗതസൗകര്യമില്ല.
3. വാഹനഗതാഗത സൗകര്യമുള്ള റോഡുകൾക്ക് വേണ്ടത്ര വീതിയില്ല. ടാറിന് സമീപം മണ്ണൊലിച്ച് പോകുന്നത് ടാർ ഇളകിപോകുന്നതിന് കാരണമാകുന്നു.
4. ടാറിംഗിനുള്ള അശ്രദ്ധകാരണം പെട്ടെന്ന് പൊളിഞ്ഞു പോകുന്നതിനുകാരണമാകുന്നു.
5. മിക്കവാറും റോഡുകൾക്ക് ഓടകൾ ഇല്ല.
6. അപകടം നിറഞ്ഞ വളവുകളും, റോഡിലേക്ക് തള്ളി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ, റോഡ് സൈഡിൽ ഇറക്കിയിടുന്ന കരിങ്കൽ, മണൽ, ഇഷ്ടിക, തുടങ്ങിയവയും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു.
7. റോഡ് സൈഡിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾ, പ്രതിമകൾ, ചപ്പുചവറുകൾ, കൊടിമരങ്ങൾ, കാണിക്കപ്പെട്ടികൾ തുടങ്ങിയവ റോഡ് ഗതാഗത പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
8. റോഡ് പുറമ്പോക്കിൽ കച്ചവടം നടത്തുന്നതും റോഡു വക്കിൽ അനധികൃതമായി കെട്ടിടങ്ങൾ/ഷെഡുകൾ നിർമ്മിക്കുന്നതും ഗതാഗതത്തെ ബാധിക്കുന്നു.
9. വാഹനങ്ങൾ നിയമങ്ങൾ പാലിക്കാത്തതും ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
ഡ്രെയിനേജിന്റെ അഭാവം റോഡിലേക്ക് മലിനജലം ഒഴുകുന്നതിന് കാരണമാകുന്നു.
10. ഉള്ള റോഡുകൾ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.
11. പ്രധാന ജംഗ്ഷനുകളിൽ (കലുങ്ക് ജംഗ്ഷൻ, ചന്തമുക്ക്, ആനപ്പാറ, ചേന്നൻപാറ) വെയിറ്റിംഗ് ഷെഡ്ഡുകൾ ഇല്ല.
12. യാതൊരു മുന്നറിയിപ്പുമില്ലാതെ ബസ് റൂട്ടുകൾ സമയങ്ങൾ നിശ്ചയിക്കുന്നതും, റൂട്ടുകൾ റദ്ദുചെയ്യുന്നതും പ്രശ്നമുണ്ടാക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ ഉൾഭാഗത്തേക്ക് റോഡുകൾ നിർമ്മിക്കണം.
2. ആദിവാസി മേഖലയിലേക്ക് അടിയന്തിരമായി റോഡുകൾ നിർമ്മിക്കുകയും വാഹനഗതാഗത സൗകര്യം ഉണ്ടാക്കുകയും വേണം.
3. കാലാകാലങ്ങളിൽ റോഡ് റീടാർ ചെയ്യുകയാണെങ്കിൽ ഗട്ടറുകൾ ഉണ്ടാവന്നത് തടയാനും റോഡിന്റെ ടാറിംഗ് ചെലവ് വളരെയധികം കുറയ്ക്കുന്നതിനും കഴിയും.
4. ടാറിന്റെ വശങ്ങളിലുള്ള മണ്ണിന്റെ നിരപ്പ് കാലാകാലങ്ങളിൽ ഉയർത്തുകയാണെങ്കിൽ ടാർ ഇടിയുന്നത് തടയാനും ടാറിന്റെ വീതി നിലനിർത്തുന്നതിനും കഴിയും.
5. അപകടകരമായ വളവുകൾ നിവർത്തിയും റോഡുകൾ സൈഡുവാളുകൾ കെട്ടി സംരക്ഷിക്കുതിനും പദ്ധതികൾ വേണം.
6. ടാറിംഗ് ശാസ്ത്രീയമായി നടത്തണം.
7. റോഡ്സൈഡില കച്ചവടം നടത്തുന്നതും ചപ്പുചവറുകൾ നിക്ഷേപിക്കുന്നതും ബോർഡുകൾ കാണിക്കപ്പെട്ടികൾ തുടങ്ങിയ സ്ഥാപിക്കുന്നതും നിയമം മൂലം നിരോധിക്കണം.
8. റോഡ് പുറമ്പോക്കിലുള്ള എല്ലാവിധ ഷെഡ്ഡുകളും കെട്ടിടങ്ങളും പൊളിച്ചുമാറ്റുകയും, റോഡിന്റെ വീതി നിലനിർത്തുകയും വേണം.
9. ഓടകൾ, ഡ്രെയിനേജ് പൈപ്പുകൾ നിർമ്മിച്ച് മലിനജലം ഒഴുകുന്നത് തടയാം.
10. ബസ് റൂട്ടുകൾ ആരംഭിക്കുമ്പോഴും നിർത്തലാക്കുമ്പോഴും അതിന്റെ സമയമാറ്റം വരുത്തുമ്പോഴും ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആലോചിക്കേണ്ടതുണ്ട്. പൊതുജനങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.
11. കെ. എസ്. ആർ. ടി. സി ബസ്സുകൾ പലതും കാലപ്പഴക്കം ചെന്നവയാണ്. അതിനാൽ മലയോരമേഖലയായ ഈ പ്രദേശത്ത് കണ്ടീഷനുള്ള പുതിയ ബസ്സുകൾ മാത്രം ഓടിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
12. മലയോരപ്രദേശമായതിനാൽ ഇവിടത്തെ റോഡുകൾ അതിവേഗം ടാർ ഇളകിപ്പോകുന്നു അതിനാൽ ഇവിടത്തെ റോഡുകൾ രണ്ടുവർഷത്തിലൊരിക്കലെങ്കിലും ടാർ ചെയ്യേണ്ടതാണ്.

## മറ്റു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാനറോഡുകൾ പ്രധാന ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ, പ്രധാന ആദിവാസികേന്ദ്രങ്ങൾ തുടങ്ങിയവ സൂചിപ്പിക്കുന്ന ഒരുമേപ്പ് ബോർഡ് പ്രധാന ജംഗ്ഷനുകളായ കലുങ്ക് ജംഗ്ഷൻ, ചന്തമുക്ക്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ സ്ഥാപിക്കണം.

## 2. ബസ്സ് സ്റ്റേഷൻ സ്ഥാപിക്കണം

വിതുരയ്ക്ക് അനുവദിച്ച ബസ്സ്റ്റേഷൻ പ്രവർത്തികമാക്കുന്നതിനുവേണ്ട നടപടികൾ. എത്രയുംപെട്ടെന്ന് ആരംഭിക്കണമെന്ന് എല്ലാ ഗ്രാമസഭകളിലും ആവശ്യമുണ്ടായിട്ടുണ്ട്. ഇതിന് പൊതുജനങ്ങളിൽ നിന്നും പരമാവധി വിഭവസമാഹരണം നടത്താവുന്നതാണ്.

## വിതുരഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ്സർവ്വീസ് ഉണ്ടോ- ഇല്ലയോ | റോഡിലുള്ള പാലങ്ങളുടെ എണ്ണം | അറ്റകുറ്റപ്പണികൾ വേണോ വേണ്ടയോ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം - പൊന്മുടി റോഡ്(P.W.D) | 20 | ഉണ്ട് | 8 | വേണം | (ഓടകൾ വേണം ഘട്ടറുകൾ നികത്തണം) |
| 2. | തേവിയോട് - ബോണക്കാട് (P.W.D) | 22 | ഉണ്ട് | 3 | വേണം | ഘട്ടറുകൾ നികത്തണം |
| 3. | വിതുര - പാലോട് (P.W.D) | 7 | ഉണ്ട് | 2 | വേണം | ഘട്ടറുകൾ നികത്തണം |
| 4. | ചാരുപാറ - ചായം (P.W.D) | 2.5 | ഉണ്ട് | 1 | വേണം | ഘട്ടറുകൾ നികത്തണം |
| 5. | വിതുര (കൊപ്പം) - പേപ്പാറ (P.W.D) | 6 | ഉണ്ട് | 1 | വേണം | ഘട്ടറുകൾ നികത്തണം |
| 6. | വിതുര K.P.S.M (n) പേപ്പാറ (P.W.D) | 9 | ഉണ്ട് | 2 | വേണം | ഉടൻ റീടാർ ചെയ്യണം |
| 7. | മാങ്കാല - തോട്ടുമുക്ക് (P.W.D) | 2 | ഉണ്ട് | 2 | വേണം | ഓട നിർമ്മിക്കണം. |

## വിതുര പഞ്ചായത്തിൽ പുതുതായി ആരംഭിക്കേണ്ട ബസ്സ് സർവ്വീസുകൾ

| നമ്പർ ബസ്സർവ്വീസിന്റെ പേര് | ഒരുദിവസം നടത്തേണ്ട സർവ്വീസുകൾ | പുറപ്പെടേണ്ടുന്ന സമയം | എത്തിച്ചേരേണ്ടുന്ന സമയം |
|---|---|---|---|
| 1. പൊൻമുടി - കന്യാകുമാരി (പൊന്മുടി - വിതുര, കുറ്റിച്ചൽ, കാട്ടാക്കട, നെയ്യാറ്റിൻകര, നാഗർകോവിൽ, ശുചീന്ദ്രം, കന്യാകുമാരി) | 1 | | |
| 2. പൊൻമുടി - പാപനാശം (പൊന്മുടി, വിതുര, പാലോട്, ആറ്റിങ്ങൽ, വർക്കല, പാപനാശം) | 1 | | |
| 3. പൊന്മുടി - തിരുവനന്തപുരം - കോവളം | 2 | | |
| 4. ബോണക്കാട്, വിതുര - ആര്യനാട്, കാട്ടാക്കട - കളിയിക്കാവിള | 2 | | |
| 5. പേപ്പാറ - വിതുര - കോവളം | 2 | | |
| 6. വിതുര - കുളത്തൂപ്പുഴ - പാലരുവി - കുറ്റാലം | 1 | | |
| 7. വിതുര - ചെങ്കോട്ട (പൊന്നാംചുണ്ട് വഴി) | 2 | | |
| 8. വിതുര - ഗുരുവായൂർ (പാലോട് വഴി) | 1 | | |

# ഊർജ്ജം വൈദ്യുതി

1956-ൽ വിതുരയിൽ വൈദ്യുതി എത്തിയത് വിതുര ആശുപത്രിയ്ക്കാണ്. ആദ്യമായി വൈദ്യുതി കണക്ഷൻ ലഭിച്ചത്. തുടർന്ന് വിതുര ചേന്നൻപാറ സെന്ററുകളിലും വൈദ്യുതി ലഭിച്ചു.

പാലോട്, നെടുമങ്ങാട് 110 കെ. വി. സബസ്റ്റേഷനുകളിൽ നിന്നുമാണ് വിതുരയിൽ വൈദ്യുതി ലഭിക്കുന്നത്. 1996-ൽ വിതുര ഇലക്ട്രിക്കൽ സബ് എഞ്ചിനീയർ ഓഫീസ് മേജർ സെക്ഷൻ ഓഫീസായി ഉയർത്തി.

പേപ്പാറയിൽ ആരംഭിച്ച മിനി വൈദ്യുതനിലയം വിതുരപഞ്ചായത്തിലാണ്. ഈ പഞ്ചായത്തിലുള്ള 56 ഗിരിജൻ സങ്കേതങ്ങളിൽ പൂർണ്ണമായും വൈദ്യുതീകരിച്ചത് ഒന്നുമാത്രമാണ് (മണലി അംബേദ്കർ ഗ്രാമം. മറ്റ് ഒന്ന് രണ്ട് സെന്ററുകളിൽ ഭാഗികമായി വൈദ്യുതീകരിച്ചെങ്കിലും ബാക്കിയുള്ള സെന്ററുകളിൽ വൈദ്യുതി ഒരു സ്വപ്നമാണ്. പട്ടികജാതികോളനികളിൽ ഒരെണ്ണംപോലും പൂർണ്ണമായും വൈദ്യുതീകരിച്ചതില്ല.

പേപ്പാറ വൈദ്യുതി നിലയം സ്ഥിതിചെയ്യുന്ന മേമല വാർഡിൽ ഇതുവരെയും വൈദ്യുതി എത്തിയിട്ടില്ല എന്നത് ഒരു വിരോധാഭാസമായി നിലനിൽക്കുന്നു.

പാചക ആവശ്യത്തിന് 99% പേരും വിറകുതന്നെയാണ് ഉപയോഗിക്കുന്നത്. 1% ത്തിൽ താഴെയാണ് ഗ്യാസും, വൈദ്യുതിയും, മണ്ണെണ്ണയും ഉപയോഗിക്കുന്നത് കാണിത്തടം (ചാത്തൻകോട്) പട്ടികവർഗ്ഗസങ്കേതത്തിൽ സൗരോർജ്ജ വിളക്കുകളും ഉണ്ട്.

### പ്രശ്നങ്ങൾ

1. എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. മിക്ക സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.
4. പ്രവർത്തിക്കാത്ത മീറ്ററുകൾ ധാരാളമുണ്ട്, ഇത് വൈദ്യുതി ബോർഡിന് നഷ്ടം വരുത്തുന്നു.
5. ബോർഡ് ജീവനക്കാരുടെ അനാസ്ഥയും, അഴിമതി

യും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു.

6. മരച്ചില്ലുകളും മറ്റ് തടസ്സങ്ങളും യഥാസമയം വെട്ടിമാറ്റുന്നില്ല.
7. വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകി വർഷങ്ങളോളം കാത്തുനിൽക്കേണ്ടിവരുന്നു.
8. പ്രസരണ നഷ്ടം വളരെകൂടുതലാണ്.
9. വൻകിട പദ്ധതികൾ കാലതാമസമുണ്ടാക്കുകയും നടപ്പിൽ വരുമ്പോഴേക്കും ആവശ്യം വർദ്ധിക്കുകയും ചെയ്യും.
10. 10/90 നുശേഷമുള്ള അപേക്ഷകർക്ക് ഇതുവരെയും കനക്ഷൻ നൽകിയിട്ടില്ല.

### സാധ്യതകൾ-

1. വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ചെറുകിട പദ്ധതികൾ ഒരു പരിഹാരമാർഗ്ഗമാണ്.
2. വിതുര പഞ്ചായത്തിൽത്തന്നെ ചെറുകിട വൈദ്യുതി പദ്ധതികൾക്കുവേണ്ടി ധാരാളം സാധ്യതകൾ ഉണ്ട്.

കല്ലാർ, മീൻമുട്ടി, ബോണക്കാട്(മീൻമുട്ടി, ബോണക്കാട്, വെള്ളച്ചാട്ടം തുടങ്ങിയവയിൽ ചെറുകിട വൈദ്യുതി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

3. സമുദ്രനിരപ്പിൽ നിന്നും 2000ത്തോളം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ബോണക്കാട് നദിയിൽ നിന്നും മൂന്നോ നാലോ ഘട്ടങ്ങളായിതിരിച്ച് ഓരോ ഘട്ടത്തിലും വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്നതാണ്.
4. കാലിവളർത്തൽ ധാരാളമുള്ള ഈ പ്രദേശത്ത് വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകിയാൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച്, വൈദ്യുതി ഉപയോഗം കുറയ്ക്കാവുന്നതാണ്.
5. ഉയർന്ന ഇന്ധനക്ഷമതയുള്ള അടുപ്പുകൾ പ്രചരിപ്പിച്ചാൽ വിറകുപയോഗം 50% വരെ കുറയ്ക്കുകയും വൻ സാമ്പത്തികനേട്ടം കൊയ്യാവുന്നതുമാണ്.
6. വിറകടുപ്പുകളിൽ പ്രഷർ കുക്കർ ഉപയോഗിച്ച് പാചകം ചെയ്യുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കണം.
7. വൈദ്യുതി ബോർഡിന്റെ ഓഫീസുകളുടെ പ്രവർത്തനം ജനകീയ സമിതികളുടെ പരിശോധനയ്ക്ക് വിധേയമാക്കണം.

## വിതുരഗ്രാമപഞ്ചായത്ത്

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| വിഷയം No. | | എണ്ണം | ആകെ |
|---|---|---|---|
| 1. | **നിലവിലുള്ള ഉപഭോക്താക്കൾ** | | |
| a) | ഗാർഹികം | 2915 | |
| b) | വ്യാപാരം | 405 | 3428 |
| c) | വ്യാവസായികം | 48 | |
| d) | കാർഷികം | 60 | |
| 2. | **കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം** | | |
| a) | Ordinary | 414 | |
| b) | O.T.P | 72 | 556 |
| c) | O.Y.E.V | 70 | |
| 3. | **സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം** | | |
| a) | ബൾബ് | 720 | |
| b) | ട്യൂബ് | 190 | 915 |
| c) | മെർക്കുറി പേപ്പർ | 5 | |
| 4. | **ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ:** | 1 | |
| 5. | **തൻവർഷത്തെ കണക്ഷൻ** | | |
| a) | Ordinary | | |
| b) | O.T.P | 218 | |
| c) | O.Y.E.C | | |
| 6. | **ആകെ ട്രാൻസ്ഫോർമറുകൾ** | 26 | |
| 7. | **അവസാനം നൽകിയ കണക്ഷന്റെ അപേക്ഷ തീയതി** | | |

OYEC 10/95

Ordinary - 10/90

## മാർക്കറ്റിങ്.

### കല്ലാർ ചന്ത

വിതുരയിലെ പ്രധാനചന്ത പണ്ട് കല്ലാറ്റിൽ ആയിരുന്നു. പൊന്മുടി, കുളിച്ചിക്കര, ബോണക്കാട് തുടങ്ങിയ എസ്റ്റേറ്റുകളിലെ തൊഴിലാളികളെ ലക്ഷ്യമാക്കിയാണ് കല്ലാർ ചന്ത പ്രവർത്തിച്ചുപോന്നത്. വിതുരയുടെ പല ഭാഗങ്ങളിൽ നിന്നുമുള്ള ഉൽപന്നങ്ങൾ ഈ ചന്തയിൽ കച്ചവടത്തിനായി എത്തുമായിരുന്നു. കൂടാതെ തിരുവനന്തപുരത്തുനിന്നും നെടുമങ്ങാട്ടു നിന്നും പെരിങ്ങമ്മല നിന്നു കാളവണ്ടിയിൽ കച്ചവട സാധനങ്ങൾ കല്ലാർ ചന്തയിൽ എത്തിയിരുന്നു. ഞായറാഴ്ചയിൽ മാത്രമായിരുന്നു ചന്ത കാര്യമായി പ്രവർത്തിച്ചിരുന്നത്. മുകളിൽപ്പറഞ്ഞ എസ്റ്റേറ്റുകളിൽ നിന്ന് വനത്തിലൂടെ ചന്തയിലെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. പെരിങ്ങമ്മല നിന്നും കല്ലാർ ചന്തയിലേക്ക് വരുന്നതിനുണ്ടായിരുന്ന വനപാർശ്വസരണികൾ ഇന്നും അവിടവിടെയായി കാണാം. ബോണക്കാട്ട് നിന്നും വെറും 4 മൈൽ വനത്തിലൂടെ നടന്നാൽ കല്ലാറിൽ എത്താൻ കഴിയുമെന്ന് നമുക്ക് കാണിച്ചുതരുന്നത്, പണ്ട് ഈ എസ്റ്റേറ്റിൽ നിന്ന് കല്ലാർ ചന്തയിലേക്ക് വരുന്നതിനുവേണ്ടി തൊഴിലാളികൾ ഉപയോഗിച്ചിരുന്ന വഴി (തടം)യാണ്. കല്ലാർ ചന്തയിൽ പണ്ട് ഉണക്കമത്സ്യം ധാരാളമായി ലഭിച്ചിരുന്നു. ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുകയും പെരിങ്ങമ്മല ചന്ത വികസിക്കുകയും ചെയ്തു തൊടുകൂടിയാണ് -കല്ലാർ ചന്തയുടെ പ്രസക്തി നഷ്ടപ്പെ

ട്ടത്. ഈ ചന്തയുടെ ആരംഭഘട്ടത്തിൽ മത്സ്യം എത്തുമായിരുന്നില്ല - എന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. കല്ലാർ ചന്ത ഇന്ന് പ്രവർത്തിക്കുന്നില്ല. ഈ പ്രദേശം ഇപ്പോൾ പട്ടികജാതിക്കോളനിയാണ്.

### വിതുര ചന്ത

കല്ലാർ ചന്തയെ കൂടാതെ വിതുരയിൽ ഒരു വ്യാപാരകേന്ദ്രം ഉണ്ടായിരുന്നു. ഇന്നത്തെ വിതുര ചന്തയ്ക്ക് അല്പം താഴെയായിട്ടാണ് ആ ചന്ത പ്രവർത്തിച്ചിരുന്നത്. തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന അന്തിച്ചന്തയായിരുന്നു അത്. ആറ്റിൻപുറം കേശവനേയും മറ്റും ശ്രമിച്ച്, ഇന്ന് വിതുര പഞ്ചായത്താഫീസിരിക്കുന്ന മൂന്നേക്കർ സ്ഥലത്ത് ഒരു പൊതുമാർക്കറ്റ് ഉണ്ടാക്കാൻ ശ്രമിച്ചെങ്കിലും ആ ശ്രമം വിഫലമാവുകയാണുണ്ടായത്. തുടർന്നാണ് ഇപ്പോൾ വിതുര ചന്ത സ്ഥിതിചെയ്യുന്ന സ്ഥലത്ത് ചന്തയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിന് സ്ഥലം സംഭാവനയായി നൽകിയത്, ശ്രീ മൈദീൻകണ്ണ് റാവുത്തർ ആണ്. പാക്ക്, മരച്ചീനി, കുരുമുളക് തുടങ്ങിയ ഉൽപ്പന്നങ്ങൾ കല്ലാർ ചന്തയിൽ നിന്നും കാളവണ്ടിയിൽ കയറ്റി ദൂരദേശങ്ങളിൽ കൊണ്ടുപോയി വിറ്റിരുന്നു.

ഇന്നത്തെ വിതുര കലുങ്ക് ജംഗ്ഷനിൽ പണ്ട് ശ്രീ. മൊതപ്പേര് ഒരു പലവ്യഞ്ജനക്കട നടത്തിയിരുന്നു. ഈ കട ഒഴിച്ചാൽ എടുത്തുപറയത്തക്ക കടകളൊന്നും തന്നെ വിതുരയിൽ ഉണ്ടായിരുന്നില്ല.

ഇന്ന് വിതുരയിൽ, വിതുര പബ്ലിക് മാർക്കറ്റും കൂടാതെ മേമല, ചായം, ചേന്നൻപാറ, ആനപ്പാറ, മീനാങ്കൽ തുടങ്ങിയ സ്ഥലങ്ങളിൽ ചെറുചന്തയും പ്രവർത്തിച്ചുവരുന്നു.

## മാർക്കറ്റ്

### പ്രശ്നങ്ങൾ

1. മത്സ്യം, പച്ചക്കറി തുടങ്ങിയവ വീടുകൾതോറും കൊണ്ടുനടന്നു വിൽക്കുന്നു. ഇത് ചന്തയുടെ ഉപയോഗം കുറയ്ക്കുന്നു.
2. വിതുര മാർക്കറ്റിൽ കാർഷിക ഉൽപന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യമില്ല.
3. വിതുരയിലെ പബ്ലിക് മാർക്കറ്റിൽ വിൽക്കേണ്ട മത്സ്യങ്ങൾ, വിൽക്കുന്നത് കൂടുതലും റോഡ് പുറമ്പോക്കുകളിലും, ജംഗ്ഷനുകളിലുമാണ്.
4. ചന്തലേലം ചെയ്ത് വാങ്ങുന്ന കോൺട്രാക്ടർ അയാളുടെ സ്വന്തം ഇഷ്ടപ്രകാരം ടാക്സുകൾ നിശ്ചയിക്കുന്നു.
5. ചന്തയ്ക്കകത്ത് ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനോ അവ നശിപ്പിക്കുന്നതിനോ സൗകര്യങ്ങളില്ല.
6. മാലിന്യങ്ങളും അഴുകിയ മത്സ്യങ്ങൾ തുടങ്ങിയവ നിക്ഷേപിക്കുന്നതിനും സൗകര്യമില്ല.
7. വിതുര മാർക്കറ്റിൽ വൈദ്യുതിയോ പൈപ്പോ ഇല്ല.
8. സാമൂഹ്യവിരുദ്ധരുടെ താവളമാണ് ചന്ത.
9. വിതുരയിൽ വിതുര, മേമല തുടങ്ങിയ സ്ഥലങ്ങളിൽ മാത്രമേ ചന്തയുള്ളൂ.
10. വിതുര ചന്തയിൽ വേണ്ടത്ര സ്റ്റാളുകൾ ഇല്ല.
11. പുറത്തു നിന്നുള്ള മത്സ്യക്കച്ചവടക്കാരെ പ്രവേശിപ്പിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

I. വിതുര ചന്ത

1. വിതുര പബ്ലിക്ക് മാർക്കറ്റിൽ കൂടുതൽ സ്റ്റാളുകൾ കെട്ടി വാടകയ്ക്ക് നൽകാവുന്നതാണ്.
2. വിതുര പബ്ലിക് മാർക്കറ്റിനുള്ളിൽ ഒരു വേപ്പർലാമ്പ് സ്ഥാപിക്കുകയും, ചന്തയ്ക്കകത്ത് പൈപ്പ് കണക്ഷൻ നൽകിയാൽ ചന്ത കഴുകുന്നതിനും വേണ്ട സംവിധാനം ഉണ്ടാക്കണം.
3. മത്സ്യ-മാംസ വ്യാപാരങ്ങൾ നിർബന്ധമായും ചന്തയിൽ നടത്തുന്നതിനു വേണ്ട സംവിധാനം ഉണ്ടാക്കണം.
4. പുറത്തുനിന്നും വരുന്ന വിൽപനക്കാർക്കുകൂടി ചന്തയിൽ കച്ചവടം നടത്തുന്നതിനുവേണ്ട സൗകര്യം നൽകണം.
5. ചന്തയ്ക്ക് പുതിയ ഗേറ്റ് സ്ഥാപിക്കണം.
6. ചന്തയിൽ സ്ഥിരതാമസം നടത്തുന്നവരെ ഒഴിപ്പിക്കണം.
7. ചന്തക്കരം പഞ്ചായത്ത് നിശ്ചയിച്ച് ബോർഡ് സ്ഥാപിക്കണം.
8. ചന്തയിൽ ഒരു സ്ലോട്ടർ ഹൗസ് സ്ഥാപിക്കണം.

## പഞ്ചായത്തിലെ [illegible]
## വിവരവും [illegible]

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | [illegible] | | [illegible] | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | | |
| 1. | കൊപ്പം- ആശുപത്രി | 500 m | ✓ | | | ✓ | ✓ | | | | | |
| 2 | കൊപ്പം-നൂറേക്കർ | 2000m | ✓ | | | ✓ | ✓ | | | | | |
| | | | | | | | | | | | ടീടാർ | |
| 3. | കൊപ്പം- കരിമ്പനടി | 500m | | ✓ | | ✓ | ✓ | | | ✓ | | ഈഞ്ചപ്പുര തടത്തിൽ ബന്ധിപ്പിക്കണം |
| 4. | കൊപ്പം- കോട്ടിയത്തറ | 600m | | ✓ | | ✓ | ✓ | | | | | |
| 5. | കൊപ്പം- വാവറക്കോണം | 1020m | | ✓ | | | | ✓ | | ✓ | | കുറച്ച് ഭാഗം മെറ്റൽ ഇട്ടിട്ടുണ്ട് |
| 6. | ശാസ്താംകാവ്- ഏലാറോഡ് | 200m | | ✓ | | | ✓ | | | ✓ | | |
| 7. | ഈഞ്ചപ്പുരി ഇറച്ചിപ്പാറ | 1000m | | ✓ | | ✓ | | | | | | വീതി കൂട്ടി ഗതാഗത |
| | | | | | | | | | | | | യോഗ്യമാക്കണം |
| 8. | ആശുപത്രിജംഗ്ഷൻ- കോട്ടിയത്തു | 500m | | ✓ | | ✓ | | ✓ | | | | ഈഞ്ചപ്പുരിതടവുമായി ബന്ധിപ്പിക്കണം |
| 9. | ശാസ്താംകാവ് ഏല-പൊന്നാൻചുണ്ട് | 2000m | | ✓ | | ✓ | | ✓ | | | | |
| 10. | ശാസ്താംകാവ്- പന്നിക്കോണം | - 500m | | ✓ | | ✓ | | ✓ | | | | |
| 11. | ശിവൻകോവിൽ- ഇറച്ചിപ്പാറ | 2000m | | ✓ | | ✓ | | ✓ | | | | |
| 12. | വിതുര എച്ച് എസ് ജംഗ്ഷൻ- സരിത കോളെജ് | 200 m | | ✓ | | | | | | | | |
| 13. | വിതുര എച്ച്. എസ്. ജംഗ്ഷൻ- ശിവൻകോവിൽ ജംഗ്ഷൻ | 300m | | ✓ | | ✓ | | ✓ | | | | ഗതാഗതയോഗ്യമാക്കണം |
| 14. | സരിത കോളെജ് -കോട്ടിയത്തറ | 300m | | | | ✓ | | | | | | നടപ്പാത സഞ്ചാര യോഗ്യമാക്കണം. |
| 15 | കൊപ്പം ജംഗ്ഷൻ ഇറയ്ക്കാംകോട് ഏല | 1000m | | ✓ | | ✓ | | ✓ | | | | |
| 16 | മേലെ കൊപ്പം- കോട്ടിയത്തറ ഏല | 500m | | ✓ | | ✓ | | ✓ | | | | |
| 17. | കൊപ്പം. നെല്ലിക്കുന്ന് ഇറയാം കോട് | 600m | | | | | | ✓ | | ✓ | | കൊപ്പംറോഡിൽ നിന്നും സരസ്വതികോളെജ്‌വരെയുള്ള റോഡുബന്ധിപ്പിക്കണം. |
| 18. | ശാസ്താം കാവ് - ആറ്റിൻ പുറം- പൊന്നാൻചുണ്ട് | 2000m | | | | | | | | | | വീതി കൂട്ടി |
| | | | | | | | | | | | | ഗതാഗത യോഗ്യമാക്കണം. |
| 1 | ഗണപതിയാംകോട് ശാസ്താംകാവ് | 250m | | ✓ | | | | ✓ | | ✓ | | |
| 2 | ശാസ്താം കാവ് ലക്ഷംവീട് റോഡ് | 600m | | ✓ | | ✓ | | | | | | |
| 3. | പ്ലാപ്പെട്ടി. ചായം | 1000 m | | ✓ | | ✓ | | | | | | |
| | | | | | | | | | | | | |

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | കലുങ്ക് | | അറ്റകുറ്റപ്പണി വേണ്ടത് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | | |
| | ശാസ്യം കാവ് - ചായം | 500m | | | | | | | | ✓ | | |
| 5. | മൊട്ടമൂട്-പ്ലാപ്പള്ളിറോഡ് | 500m | | ✓ | | | | | | | | |
| 6. | മുക്കർ- മെകതക്കുഴി | 500m | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 7. | ഇടമുക്ക്- വാവുപുരം | 1000m | | ✓ | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 8. | കുറുങ്ങണം- ഒഴുകുപാറ | 5000m | | ✓ | | ✓ | | ✓ | | | | |
| 9. | വാവുപുരം- ആകുമൂല | 500m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 10. | ചെറ്റച്ചൽ ആറ്റുകടവ് | 2000m. | | ✓ | | | | ✓ | | | | |
| 11. | പൊട്ടൻചിറ- കരിമ്പിൻ കാല | 1000m. | | ✓ | | | | ✓ | | | | |
| 12. | കൊട്ടിയംകോണം മൈപ്പുര | 1000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 13. | കാലങ്കാവ്- കൊട്ടിയംകോണം | 1000m | | ✓ | | | | ✓ | | | | |
| 14 | കൊട്ടിയംകോണം- കരിമ്പിൻകല | 1000M | | ✓ | | | | ✓ | | | | |
| 15. | കാലങ്കാവ്-പാച്ചക്കുന്ന് | 1000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 16. | ചെറ്റച്ചൽ- മുതിയാംപാറ മരിയാപുരം | 1000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 17 | ദർപ്പയിൽ ആറ്റുമൂല | 1000m. | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 18. | ശാസ്യം കാവ് -ജുമാ അത്ത് ചായം | 250m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 19 | ചെറ്റച്ചൽ കൊന്നമൂട് | 500m. | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 1. | കൊപ്പം നെല്ലിക്കുന്ന് വാവറക്കോണം | 1350 m | | ✓ | | ✓ | | | | ✓ | | |
| 2. | വാവറക്കോണം ഇറയാം കോട് | 400m | | ✓ | | | | | | | | |
| 3. | പോലീസ് സ്റ്റേഷൻ - ക്വാർട്ടേഴ്സ് റോഡ് | 400m | | ✓ | | ✓ | | | | | | |
| 4. | ചേന്നൻപാറ ഞാറ്റടിക്കോണം | 700m | | ✓ | | | | | | | | |
| 5. | ചേന്നൻപാറ കൊച്ചുകരിയ്ക്കകം | 300m | | ✓ | | | | | | | | |
| 6. | ചേന്നൻപാറ ഞാറ്റാടിക്കോണം അംബേദ്ക്കർ റോഡ് | 210m | | ✓ | | ✓ | | | | | | സ്ലാബു ഇട്ട് ഗതാഗതയോഗ്യമാക്കണം |
| 7. | ചേന്നൻപാറ ഞാറ്റടിക്കോണം അംബേദ്ക്കർ റോഡ് | 210m | | | | | | | | | | |
| 8. | വാവറക്കോണം- ഇടയാം കോട് ചിറ്റൂര കലുങ്ക് | 1500m | | ✓ | | | | | | | | |
| 9. | ചേന്നൻപാറ-കാവും മൂല | 600 | | | | | | | | ✓ | | ഗതാഗത യോഗ്യമാക്കണം |
| 10. | നെല്ലിക്കുന്ന് ഉരുളൻകുടി | 500m | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 11. | എട്ടാംകല്ല്- നെല്ലിക്കുന്ന് കോളനി റോഡ് | 1000m | | ✓ | | | | | | ✓ | | |
| 12. | ഗണപതിയാംകോട്- എട്ടാംകല്ല് | 500m | | | | | | ✓ | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 13 | വാവറക്കോണം- എട്ടാംകല്ല് | 1000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 14. | കാവുംമൂല- ചാത്തപാറ | 750m | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 15. | കാവുംമൂല വാവറക്കോണം | 500m | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 16. | ചേന്നൻ പാറ KMCM | | | | | | | | | | | |

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | കലുങ്ക് | | അറ്റകുറ്റപ്പണി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | വേണ്ടത് | |
| | സ്കൂൾ -കൊച്ചുകരിക്കകം | 210 | | ✓ | | ✓ | | | | | | |
| 17. | മൈലക്കോണം മുത്തിപ്പാറ | 250m | | ✓ | | | | | | | | |
| 18. | ശിവൻകോവിൽ ജംഗ്ഷൻ മൈലക്കോണം- മാങ്കുന്നിൽ | 1500m | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം. |
| 19. | കാവുമ്മൂല പാണിയോട്ടുല | 300m. | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 20 | വേളാങ്കണ്ണി -ചരുവിള | 400m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 21. | ചായം ദേവീക്ഷേത്രം- നെല്ലിക്കുന്ന് | 300m | | | | | | | | | | നടപ്പാത ഗതാഗതയോഗ്യമാക്കണം. |
| 22 | എം. കെ. പി ഗോഡൗൺ- കൊച്ചുകരിയ്ക്കകം | 400m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |
| 23. | വേളാങ്കണ്ണി ഉറയാം കോട് | 200m | | | | | | | | ✓ | | നടപ്പാതറോഡാക്കിമാറ്റണം |
| 24. | പെട്രോൾ പമ്പ് മൈലക്കോണം | 200m | | | | | | | | | | നടപ്പാതറോഡാക്കിമാറ്റണം. |
| 1. | വലിയവേങ്കോട് മേമല | 3000m | | | | | | | | | | ടാർ ചെയ്തിട്ടുണ്ട്. |
| 2 | മീനാങ്കൽ പട്ടൻകുളിച്ചപാറ | 1000m | | ✓ | | ✓ | | | | ✓ | | |
| 3. | പട്ടൻകുളിച്ചപാറ പുളിമൂട് | 500m | | ✓ | | ✓ | | ✓ | | | | ഗതാഗതയോഗ്യമാക്കണം. |
| 4. | പഴവുണ്ണിപ്പാറ- മേമല (ഹരിജൻകോളനി) | 1500m | | ✓ | | ✓ | | ✓ | | ✓ | | |
| 5. | സുന്ദരിമുക്ക്- പൊടിയക്കാല (ഗിരിജൻസെറ്റിൽമെന്റ്) | 3500m | | ✓ | | ✓ | | ✓ | | ✓ | | |
| 6. | പാതിരിക്കോട്-പാറമുക്ക് | 2000M | | ✓ | | ✓ | | ✓ | | | | |
| 7 | തേവിയാരുകുന്ന്- കരിപ്പാലം മീനങ്കൽ | 2000m | | ✓ | | ✓ | | ✓ | | | | |
| 8 | മീനാങ്കൽ- പമ്പ്ഹൗസ് | 600m | | ✓ | | ✓ | | | | ✓ | | |
| 9. | ഒറ്റക്കുടി-പമ്പ് ഹൗസ് | 230m | | ✓ | | ✓ | | | | | | |
| 10. | കാലങ്കാവ്-ലക്ഷ്മി എസ്റ്റേറ്റ് | 3000m | | | | | | | | | | ടാർ ചെയ്തിട്ടുണ്ട്. |
| 11. | മേമല ഹരിജൻ കോളനി ഇമിലത്തൊട്ടി- മീനാങ്കൽ | 2000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം സൈഡ്‌വാൾ കെട്ടണം. |
| 12 | വി വി ബി മിനിസ്കൂൾ ഉരുണ്ടകുന്ന് | 3000m | | ✓ | | ✓ | | | | | | |
| 13. | കരിപ്പാലം- കിളിക്കോട് തെണ്ടിപ്പുമല | 2000m | | ✓ | | ✓ | | | | | | |
| 14. | കിളിക്കോട്- ആനക്കലത്തുമൂല | 1500m | | | | | | | | ✓ | | സൈഡ്‌വാൾ കെട്ടി ഗതാഗതയോഗ്യമാക്കണം. |
| 15. | കുട്ടപ്പാറഎസ്റ്റേറ്റ്ബൗണ്ടർമുക്ക് | 3500m | | | | | | | | | | കുട്ടപ്പാറ മുതൽ കരിപ്പാലം വരെസൈഡ്‌വാൾകെട്ടണം. |
| 16. | ബൗണ്ടറിമുക്ക്- മൂന്നാറ്റുമുക്ക് | 3000m | | | | | | | | | | |
| 17. | അഞ്ച് മരുതുമൂട് പന്നിക്കുഴി | 1000m | | ✓ | | ✓ | | | | | | |
| 18. | തേവിയാര്സുവർണ്ണത്ത്പാറ | 1000m | | | | | | | | | | |
| 19. | ഒറ്റക്കുടി കിളിക്കോട് | 1000m | | | | | | | | | | |

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | കലുങ്ക് | | അറ്റകുറ്റ പ്പണി വേണ്ടത് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | | |
| 20 | മങ്കാല ആയിരവല്ലി ക്ഷേത്രം തള്ളച്ചിറ | 750m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. സൈഡ്‌വാൾ കെട്ടണം. |
| 21 | മങ്കാല കൊടിയേത്തിൽ | 500m. | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 22. | പുളിമൂട്- പട്ടൻകുളിച്ച ചിറ | 1000m | | | | | | | | | | ബണ്ട്റോഡാക്കണം. |
| 23. | ഉരുക് കുന്ന് പാതിരിക്കോട് | 750m | | | | | | | | | | പടികെട്ടി ഗതാഗത |
| | | | | | | | | | | | | യോഗ്യമാക്കണം |
| 24. | പട്ടൻകുളിച്ചപാറ- വേമ്പുക്കര | 400 m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |
| 25. | വലിയവേങ്കോട് പുഞ്ചിരിഎസ്റ്റേറ്റ് | 1000m | | ✓ | | ✓ | | | | | | |
| 26. | വലിയ വേങ്കോട് മുളക് തോട്ടം | 500m | | | | | | | | | | നടപ്പാതയുണ്ടാക്കണം. |
| 27. | മീനാങ്കൽ- പന്നിക്കുഴി | 1500m | | | | | | | | ✓ | | റോഡ് നിർമ്മിക്കണം. |
| 28. | അഞ്ച് മരുതുംമൂട്. പൊടിയമല | 2000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 29. | മേമല- പാതിരിക്കോട് തടം | | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 30. | മേമല കലുങ്ക്- കുന്നുംപുറം | | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 31 | മേമല പച്ചവീട് പന്നിക്കുഴി | | | | | | | | | | | തോടിന് കുറുകെ നടപ്പാലം നിർമ്മിക്കണം |
| 32 | മീനാങ്കൽ മിച്ചഭൂമി | | | | | | | | | | | തോടിന് കുറുക്കെ നടപ്പാലം നിർമ്മിക്കണം |
| 33. | ആര്യനാട്-വിതുര | | | | | | | | | | | ആര്യനാടും വിതുരയുമായി ബന്ധിപ്പിക്കുന്നതിന് പട്ടൻ കുളിച്ചപാറയിൽ പാലം നിർമ്മിക്കണം. |
| 1. | പേപ്പാറക്കോണം മുന്നൂക്ക് | 1000m | | ✓ | | ✓ | | ✓ | | | | എസ്സ്‌വാൾ കെട്ടി സ്ലാബ് |
| 2 | കാലൻ കാവ്- പറങ്കിമാംതോട്ടം | 550M | | ✓ | | ✓ | | ✓ | | | | മുന്നൂക്ക് |
| 3. | ചെറുവരമ്പ് മേമല | 1250 | | ✓ | | | | ✓ | | ✓ | | |
| 4. | മേമല ലക്ഷ്മി എസ്റ്റേറ്റ് | 1500M | | ✓ | | ✓ | | ✓ | | | | |
| 5. | മേമലഎൽ.പി.എസ്-എലിക്കോണം | 600 m | | ✓ | | | | | | | | |
| 6. | എലിക്കോണം-തള്ളച്ചിറ ഏല- | 500m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 7. | ലക്ഷംവീട് ജംഗ്ഷൻ കട്ടയ്ക്കാൽ റോഡ് | 1500 | | ✓ | | ✓ | | ✓ | | ✓ | | |
| 8. | കട്ടയ്ക്കാൽ മേമല | 800 m | | ✓ | | ✓ | | | | | | ഗതാഗതയോഗ്യമാക്കണം. സൈഡ്‌വാൾകെട്ടണം. |
| 9. | വിതുര പേപ്പാറ ക്കോണം | 600m | | ✓ | | ✓ | | | | | | |
| 10. | വിതുര ശിവൻകോവിൽ ജംഗ്ഷൻ പറങ്കിമാം തോട്ടം | 1000m | | ✓ | | ✓ | | ✓ | | | | |
| 11. | ശിവൻകോവിൽ ജംഗ്ഷൻ തള്ളച്ചിറ കട്ടയ്ക്കാൽ | 3000m | | ✓ | | | | | | ✓ | | സൈഡ്‌വാൾകെട്ടണം. |
| 12 | മൈലാക്കോണം തള്ളച്ചിറ കട്ടയ്ക്കാൽ റോഡ് | 2000m | | ✓ | | ✓ | | ✓ | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 13. | തള്ളച്ചിറ കട്ടയ്ക്കാൽ | | | | | | | | | | | |

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | കലുങ്ക് | | അറ്റകുറ്റ പ്പണി വേണ്ടത് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | | |
| | ലക്ഷം വീട് എസ്റ്റേറ്റ് മേമല | 500m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |
| 14 | എലിക്കോണം- മുന്നുമുക്ക് | 800m | | | | | | | | | | ഗതാഗത യോഗ്യമാക്കണം. |
| 15. | പോലീസ് സ്റ്റേഷൻ തള്ളച്ചിറ റോഡ് | 450m | | ✓ | | ✓ | | | | ✓ | | സൈഡ്‌വാൾ കെട്ടി ഗതാഗതയോഗ്യമാക്കണം. |
| 16. | കട്ടയ്ക്കൽ- ആട്ടിൻകൂട് | 700m | | ✓ | | ✓ | | ✓ | | | | സൈഡ്‌വാൾകെട്ടണം |
| 17. | മേമല- കാലൻകാവ് തള്ളച്ചിറ | 1100m | | | | | | ✓ | | ✓ | | മെറ്റൽ ഇട്ട് ഗതാഗത യോഗ്യമാക്കണം. |
| 18 | മൈലക്കോണം മാർക്കറ്റ് ബണ്ട് റോഡ് | 1000m | | ✓ | | | | ✓ | | | | |
| 19. | തള്ളച്ചിറ കുറവർകോണം | 800m | | ✓ | | ✓ | | | | ✓ | | മെറ്റൽ ഇടണം |
| 20. | തള്ളച്ചിറ മൈലാക്കോണം | 600m | | ✓ | | | | | | ✓ | | പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം. |
| 21. | തള്ളച്ചിറ ലക്ഷ്മി എസ്റ്റേറ്റ്മേമല | 800m | | ✓ | | | | | | | | |
| 22. | കാലങ്കാവ് -വട്ടപ്പാറക്കോണം | 600m | | ✓ | | ✓ | | | | | | ഗതാഗത യോഗ്യമാക്കണം. |
| 23. | തള്ളച്ചിറ- എലിക്കോണം | 500m | | ✓ | | | | | | | | പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം. |
| 1. | വിതുര ചന്തമുക്ക് താവങ്കൽ പമ്പ്ഹൗസ് | 1100m | | ✓ | | ✓ | | ✓ | | ✓ | | |
| 2. | പ്ലാങ്കാല തോപ്പിൽ കരിയ്ക്കകം | 500m | | ✓ | | ✓ | | | | ✓ | | സൈഡ്‌വാൾ കെട്ടി ഗതാഗതയോഗ്യമാക്കണം |
| 3. | മൂന്നാം നമ്പർ ഫോറസ്റ്റ് ബൗണ്ടറി | 1000m | | ✓ | | ✓ | | ✓ | | | | ഗതാഗതയോഗ്യമാക്കണം. |
| 4. | കെ. പി. എം. എസ് ജംഗ്ഷൻ പോറ്റിക്കുന്ന് മുന്നുമുക്ക് | 1000m | | ✓ | | ✓ | | | | | | ഗതാഗതയോഗ്യമാക്കണം |
| 5. | ബൗണ്ടർ മുക്ക്- കളിയ്ക്കൽ കൂട് | 600m | | ✓ | | ✓ | | | | ✓ | | കളിയ്ക്കൽ കുപ്പിൽ നിന്നും കളിയ്ക്കൽ ചിഫ് |
| | | | | | | | | | | | | റോഡുമായിബന്ധിപ്പിക്കണം. |
| 6. | പല്ലൻചിറ- കളിയ്ക്കൽ കുപ്പ് | 600m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |
| 7. | തേവിയോട് കലുങ്ക് കളിയ്ക്കൽ ചിഫ് | 520 m | | ✓ | | | | | | | | സൈഡ്‌വാൾ കെട്ടണം. |
| 8. | തേവിയോട് മംഗലകരിക്കകം | 500m | | ✓ | | ✓ | | | | ✓ | | സൈഡ്‌വാൾ കെട്ടി ഗതാഗതയോഗ്യമാക്കണം |
| 9. | തേവിയോട് മാതളം ഗോകുൽഎസ്റ്റേറ്റ് | 1000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 10. | ഗോകുൽ എസ്റ്റേറ്റ് താവങ്കൽ ഹരിജൻ കോളനി | 1000m | | ✓ | | ✓ | | ✓ | | | | മെറ്റൽ, ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. |
| 11. | കോട്ടിയത്തറ- താവയ്ക്കൽ ഹരിജൻ കോളനി | 500m | | | | | | ✓ | | | | സൈഡ്‌വാൾ കെട്ടണം. ഗതാഗതയോഗ്യമാക്കണം. |
| 12. | വിതുരചന്തമുക്ക് പള്ളിത്തറ | 500m | | ✓ | | ✓ | | | | | | സ്ലാബ് ഇട്ട് |
| | | | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | കലുങ്ക് | | അറ്റകുറ്റപ്പണി വേണ്ടത് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | | |
| 13. | ചിപ്പ് കളിയ്ക്കൽ, പമ്പ്ഹൗസ് ബണ്ട്റോഡ് | 1000m | | ✓ | | | | ✓ | | ✓ | | സൈഡ്‌വാൾ കെട്ടണം. |
| 14. | പ്ലാങ്കാല- അരി അരിച്ചമൂല | 1000m | | ✓ | | ✓ | | ✓ | | | | സൈഡ്‌വാൾ കെട്ടി സ്ലാബ് ഇട്ട് ഗതാഗതയോഗ്യമാക്കണം. |
| 15. | തോപ്പിൽ കരിയ്ക്കകം മുന്നുക്ക് റോഡ് | | | ✓ | | ✓ | | ✓ | | | | |
| 16 | ശിവൻകോവിൽ കോട്ടിയത്താറോഡ് | 500m | | ✓ | | | | ✓ | | ✓ | | സ്ലാബ് ഇട്ട് സൈഡ് വാൾ കെട്ടിഗതാഗതയോഗ്യമാക്കണം |
| 17 | ഫോറസ്റ്റ് സ്റ്റേഷൻ നട പോറ്റിക്കുന്ന് | 500m | | | | | | ✓ | | | | പടികെട്ടി നടപ്പാതകെട്ടണം |
| 18. | ചപ്പാത്ത് പ്ലാങ്കാല | 500m | | | | | | ✓ | | | | സൈഡ് വാൾകെട്ടി ഗതാഗതയോഗ്യമാക്കണം. |
| 19. | കാലങ്കാവ് മുന്നുക്ക് | 800m | | ✓ | | ✓ | | ✓ | | | | |
| 1. | ചിറ്റാർ- പനനിന്നമൺപുറം | 800m | | ✓ | | ✓ | | ✓ | | | | ഗതാഗതയോഗ്യമാക്കണം |
| 2. | വാളേങ്കി കൊച്ചാനപ്പാറ | 250m | | | | | | | | | | ഗതാഗത യോഗ്യമാക്കണം സൈഡ്‌വാൾകെട്ടണം |
| 3. | ആനപ്പാറ- മണലി കുണ്ടാളംകുഴി | 3000m | | ✓ | | ✓ | | | | | | മണലിയിൽ പാലംകെട്ടണം. |
| 4. | പൊന്നാൻചുണ്ട് പോർപ്പത | 1000m | | ✓ | | ✓ | | ✓ | | | | |
| 5. | ചതുപ്പ് തച്ചരുകാല | 3000m | | ✓ | | ✓ | | ✓ | | ✓ | | |
| 6. | അരയക്കുന്ന്- മണലി | 5000m | | ✓ | | ✓ | | | | | | |
| 7. | ആനപ്പാറ കൊച്ചാനപ്പാറ | 500m | | | | | | | | | | സൈഡ്‌വാൾ കെട്ടി ഗതാഗതയോഗ്യമാക്കണം. |
| 8. | മണലി-മുത്തിക്കോവിൽ | 2000m | | ✓ | | ✓ | | ✓ | | | | |
| 9. | പൊന്നാൻചുണ്ട് താവയ്ക്കൽ | 600m | | ✓ | | ✓ | | ✓ | | | | |
| 10 | ആനപ്പാറ പൊന്നമ്പിക്കോണം ആറ്റുകടവ് | | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 11. | പൊന്നാൻ ചുണ്ട് ബൗണ്ടർ മുക്ക് മണലി | 3000m | | ✓ | | ✓ | | ✓ | | | | |
| 12. | ഇറച്ചിപ്പാറ പൊന്നാൻചുണ്ട് | 1000m | | ✓ | | ✓ | | ✓ | | | | |
| 13 | മേരിനോൾ നെട്ടയം പന്നിക്കാല | 2000m | | ✓ | | ✓ | | ✓ | | | | |
| 14. | മുത്തിക്കോവിൽ പനനിന്ന മൺപുറം കണ്ടാളംകുഴി പന്നിക്കാല മേരിനോൾ | | | | | | | | | | | |
| 15 | കുണ്ടാളം കുഴി പന്നിക്കാല മേരിനോൾ | | | | | | | | | | | |
| 16 | പന്നിക്കാല നെട്ടയം മേരിനോൾ | 1500m | | | | | | | | | | |
| 17 | മണലി പനനിന്ന മണപ്പുറംതടം | | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 1. | തച്ചരുകാല ചെമ്പിക്കുന്ന് | 3000m | | ✓ | | ✓ | | ✓ | | ✓ | | |
| 2. | തച്ചരുകാല തലത്തുതകാവ് | 3000m | | ✓ | | ✓ | | ✓ | | | | |

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | കലുങ്ക് | | അറ്റകുറ്റപ്പണി വേണ്ടത് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | | |
| 3. | കല്ലൻകുട്ടി- കൊമ്പ്രാം കല്ല് | 4000 m | | ✓ | | ✓ | | ✓ | | ✓ | | |
| 4. | കല്ലാർ മൊട്ടമൂട് | 3000m 2km | | ✓ | | ✓ | | ✓ | | ✓ | | ടാർ ചെയ്തിട്ടുണ്ട്. |
| 5. | 26-ാം കല്ല് കൊന്നമരത്തുംമൂട് | 1500 | | | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 6. | 27-ാംകല്ല് ആറാനക്കുഴി | 2000m | | | | | | | | | | ഗതാഗത യോഗ്യമാക്കണം |
| 7. | കല്ലാർ- ആറാനക്കുഴി | 2000m 1.5km | | ✓ | | ✓ | | | | | | ടാർ ചെയ്തിട്ടുണ്ട്. |
| 8. | ആനപ്പാറ നാരകത്തിൻകാല | 2000m | | | | | | | | | | |
| 9. | വാളങ്കി നാരകത്തിൻകാല | 3000m | | | | | | | | | | വാളങ്കിവരെ ടാർചെയ്തിട്ടുണ്ട്. |
| 10 | മൊട്ടമൂട് മണക്കുഴി | 3000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |
| 11. | കൊമ്പ്രാംകല്ല് ഓടച്ചൻപാറ | 2000 m | | ✓ | | ✓ | | ✓ | | | | ഗതാഗതയോഗ്യമാക്കണം |
| 12. | ഓടച്ചൻപാറ മൊട്ടമൂട് | 2000m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |
| 13. | മുല്ലമൂട്- മൊട്ടമൂട് | 2000m | | | | | | | | | | |
| 14. | 26-ാം കല്ല് ചാമക്കര | 3000m | | | | | | | | ✓ | | സൈഡ്‌വാൾകെട്ടി ഗതാഗതയോഗ്യമാക്കണം |
| 15. | കല്ലാർ- ചാമക്കര | 3000m | | | | | | | | | | ആറാനക്കുഴിറോഡ് ചാമക്കരയുമായി ബന്ധപ്പെടുത്തണം |
| 16. | കല്ലാർ- മീൻമുട്ടി | 2000m | | ✓ | | ✓ | | ✓ | | | | ഗതാഗതയോഗ്യമാക്കണം ടൂറിസ്റ്റ് കേന്ദ്രമാണ്. |
| 17. | നാരകത്തിൻ കാല ഊളൻകോട് | 3000m | | ✓ | | ✓ | | ✓ | | ✓ | | |
| 18 | കൊന്നമരത്തു മൂട് വാഴമൺപുറം | 2000m | | | | | | | | ✓ | | കല്ലൻകുടി ചെമ്പിക്കുന്നുമായി ബന്ധിപ്പിക്കണം |
| 19. | കല്ലൻകുടി ചെമ്പിക്കുന്ന് | 3000m | | ✓ | | | | | | | | |
| 20 | 27ാം കല്ല് മൊട്ടമൂട് | 3000m | | | | | | | | | | പാലംകെട്ടി ഗതാഗത യോഗ്യമാക്കണം |
| 21. | 28-ാം കല്ല് വാളയറതടം | 12500m | | | | | | | | | | |
| 1. | ചിറ്റാർ എട്ടേക്കർ | 500m | | ✓ | | | | ✓ | | | | |
| 2. | ഗണപതിപാറ മിടാലം | 750 | | ✓ | | | | ✓ | | ✓ | | |
| 3. | മൂന്നാംനമ്പർ കളിയ്ക്കൽ | 1000m | | | | | | | | | | സ്ലാബ് ഇട്ട് ഗതാഗത യോഗ്യമാക്കണം |
| 4. | തേവിയോട് മിച്ചഭൂമി | 250m | | | | | | | | | | സ്ലാബ് ഇട്ട് ഗതാഗത യോഗ്യമാക്കണം |
| 5. | ചിറ്റാർ കുണ്ടയം | 250m | | ✓ | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം. |
| 6. | കളിയ്ക്കൽ ചിപ്പ് കിഴക്കുംകര | 1000m | | | | | | | | | | സ്ലാബ് ഇട്ട് സൈഡ്‌വാൾ കെട്ടിഗതാഗതയോഗ്യമാക്കണം. |
| 7. | കളിയ്ക്കൽ പല്ലൻചിറ | 500m | | | | | | | | | | ഗതാഗതയോഗ്യമാക്കണം. |
| 8. | മിടാലം മൂന്നാം നമ്പർ | 750m | | ✓ | | ✓ | | | | | | |
| 9. | തെപാറ- പട്ടൻകുളിച്ചപാറ | 2000m | | ✓ | | ✓ | | ✓ | | | | ഗതാഗത യോഗ്യമാക്കണം |
| 10. | കളിയ്ക്കൽചിപ്പ് | 250m | | ✓ | | | | | | | | ഗതാഗതയോഗ്യമാക്കി |

| നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | | ഓട | | വീതി | | കലുങ്ക് | | അറ്റകുറ്റപ്പണി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | വേണ്ടത് | |
| 11 | ആനപ്പാറ മുല്ലച്ചിറ | 1000m | | | | | | | | | | ഗതാഗതയോഗ്യമാക്കി |
| 12 | ആനപ്പാറ വാളങ്കി | 750m | | | | | | | | | | ഗതാഗതയോഗ്യമാക്കി. |
| 13. | മാതളം - കുണ്ടയം | 500m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 14. | മിടാലം മുല്ലച്ചിറ | 500m | | ✓ | | | | | | ✓ | | ഗതാഗതയോഗ്യമാക്കണം |
| 1. | ചാത്തൻകോട് സെറ്റിൽമെന്റ് | 350m | | ✓ | | ✓ | | ✓ | | ✓ | | |
| 2. | അടിപ്പറമ്പ് കാവുംമൂല | 350m | | ✓ | | ✓ | | | | ✓ | | |
| 3 | അടിപ്പറമ്പ് ഫോറസ്റ്റ്- ബൗണ്ടറി വലിയകാല | 2000m | | ✓ | | ✓ | | | | ✓ | | |
| 4. | മക്കി കത്തിപ്പാറ | 1000m | | | | | | | | | | സ്ലാബ് ഇട്ട് ഗതാഗതയോഗ്യമാക്കണം |
| 5 | മക്കി- ഊളൻകോട് വാളങ്കി | 1000m | | ✓ | | ✓ | | ✓ | | ✓ | | |
| 6. | മരുതമല -ശിൽപ്പിനഗർ | 400m | | ✓ | | ✓ | | ✓ | | | | |
| 7. | മരുതാമല ചന്തവിള കോളനി | 600m | | | | | | | | | | പടികെട്ടി ഗതാഗതയോഗ്യമാക്കണം |
| 8. | പേരയം ശാസ്താംപാറ- മുല്ലച്ചിറ | 2500m | | ✓ | | ✓ | | | | | | |
| 9. | മുല്ലച്ചിറ കൊച്ചുമുല്ലച്ചിറ | 400m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 10. | ഈഞ്ച മൺപുറംകൊച്ചുമുല്ലച്ചിറ | 700m | | | | | | | | ✓ | | |
| 11. | മണിതൂക്കി അല്ലത്താര | 2000m | | ✓ | | ✓ | | ✓ | | | | |
| 12. | മുല്ലച്ചിറ മിടാലം | 600m | | ✓ | | ✓ | | | | | | |
| 13. | മക്കി- വട്ടക്കുഴി ഫോറസ്റ്റ് ബൗണ്ടറി | 2000m | | | | | | ✓ | | | | തടംഗതാഗതയോഗ്യമാക്കണം |
| 14. | അടിപറമ്പ്- കാവിൽമൂല | 1000m | | | | | | | | | | തടം നിർമ്മിക്കണം |
| 15. | മരുതാമല- കുന്നിൻപുറം | 800m | | | | | | | | | | ഗതാഗതയോഗ്യമാക്കണം |
| 16 | 3-ാം നമ്പർ ഒറ്റക്കുടി | | | ✓ | | ✓ | | ✓ | | ✓ | | |
| 1. | ബോണക്കാട് ടോപ്പ് ഡിവിഷൻ | 5000m | | ✓ | | ✓ | | ✓ | | ✓ | | |
| 2. | ബോണക്കാട് കല്ലാർ | 13000m | | ✓ | | ✓ | | ✓ | | ✓ | | |
| | ഫ്രോണ്ടിയർ റോഡ് | | | | | | | | | | | |
| 3. | ബോണക്കാട്- അഗസ്ത്യർകൂടം | 4000m. | | ✓ | | ✓ | | ✓ | | ✓ | | |
| | | | | | | | | | | | | |
| 4. | പേരയ് മരുതാമല ബൗണ്ടറി | 1500 | | | | | | | | | | റോഡ് നിർമ്മിക്കണം. |

## വിതുര പഞ്ചായത്ത് വൈദ്യുതി കണക്ഷൻ വേണ്ട പ്രദേശങ്ങളും വാർഡുകളും

| | വൈദ്യുതി കണക്ഷൻ | | | |
|---|---|---|---|---|
| സ്ഥലം | ലൈൻ വേണ്ടത് | സ്ട്രീറ്റ് ലൈറ്റ് | ഹൗസ് കണക്ഷൻ | റിമാർക്സ് |
| **കൊപ്പം വാർഡ്** | | | | |
| 1. കരിമ്പനടി - കോട്ടിയത്തുറ | വേണം | വേണം | 25 വീടുകൾ | 12 പോസ്റ്റുകൾ |
| 2. ഇറയംകോട് - നെല്ലിക്കുന്ന് | വേണം | വേണം | 15 വീടുകൾ | 10 പോസ്റ്റ് |
| 3. ശാസ്താംകാവ് - പണിക്കോണം | വേണം | വേണം | 50 വീടുകൾ | 10 പോസ്റ്റ് |
| 4. കോട്ടിയത്തുറ - മേക്കുംകര | വേണം | വേണം | 40 വീടുകൾ | 10 പോസ്റ്റ് |
| 5. ഈഞ്ചപ്പുര ശാസ്താംകാവ് | വേണം | വേണം | 14 വീടുകൾ | 7 പോസ്റ്റ് |
| 6. കൊപ്പം - പൊന്നാൻചുണ്ട് ട്രാൻസ്ഫോർമർ | | | വേണം | |
| 7. വാർഡിലെ കർഷകർക്ക് (കാർഷിക ഉപഭോഗങ്ങൾക്ക് മാത്രം) സൗജന്യവൈദ്യുതി | | | | |
| **II ചെറ്റച്ചൽ വാർഡ്** | | | | |
| 1. കരിമ്പിൽകാല ആദിവാസികോളനി | വേണം | വേണം | | പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കണം. |
| **III ചേന്നൻപാറ വാർഡ്** | | | | |
| 1. വിതുര - മൈലക്കോണം -മുത്തിപ്പാറ | | വേണം | | വേണം |
| 2. കൊച്ചുകരിക്കകം ഗോഡൗൺവഴി | | വേണം | വേണം | |
| 3. ചായംദേവീക്ഷേത്രം - നെല്ലിക്കുന്ന് | | വേണം | വേണം | |
| 4. പേരയത്തുപ്പാറ - ചായം | | വേണം | വേണം | |
| 5. 8-ാം കല്ല് - ഊളൻകുട്ടി | | വേണം | വേണം | |
| 6. പേരയത്തുപ്പാറ - ചേന്നൻപാറ | | വേണം | വേണം | |
| **IV മേമല വാർഡ്** | | | | |
| 1. പാട്ടംകുളിച്ചപാറ ട്രാൻസ്ഫോമർ | വേണം | വേണം | വേണം | ട്രാൻസ്ഫോർമർ വേണം |
| 2. പാതിരിക്കോട് | വേണം | വേണം | വേണം | |
| 3. ഉരുളുകുന്ന് | | | | |
| 4. പൊടിയക്കാല ആദിവാസികോളനി | വേണം | വേണം | വേണം | |
| **V തള്ളച്ചിറ വാർഡ്** | | | | |
| 1. കാലംകാവ് - വട്ടപ്പാറകോണം | വേണം | വേണം | വേണം | |
| 2. തള്ളച്ചിറ കട്ടയ്ക്കൽ - ആട്ടിൻകൂട് വഴി മേമല | | | | |
| 3. കട്ടയ്ക്കൽ - മേമല (ചിറവരമ്പ്) | | | | |
| 4. തിയേറ്റർ - മൈലക്കോണം - തള്ളച്ചിറ | വേണം | വേണം | വേണം | |
| 5. മാങ്കാല - മേമല | വേണം | വേണം | വേണം | |
| **VI വിതുര വാർഡ്** | | | | |
| 1. കളിയിക്കലിനും ബൗണ്ടർ മുക്കിനും മധ്യേ | വേണം | വേണം | വേണം | |
| 2. പൊറ്റിക്കുന്ന് - പള്ളിത്തറ - കോട്ടിയത്തറ | | | | ട്രാൻസ്ഫോർമർ വേണം |
| 3. ചന്തമുക്ക് - താപയ്ക്കൽ | വേണം | വേണം | വേണം | |
| 4. പോറ്റിക്കുന്ന് തടം | വേണം | വേണം | വേണം | |
| 5. ശിവൻകോവിൽ - ഇറച്ചിപ്പാറ | വേണം | വേണം | വേണം | |
| 6. പേപ്പാറകോണം - 3 മുക്ക് | വേണം | വേണം | വേണം | |
| 7. താവക്കൽ കോളനിയിലെ | വേണം | വേണം | വേണം | |
| 8. ടി.വി. കോസ്ക്കിന് വൈദ്യുതികണക്ഷൻ | വേണം | വേണം | വേണം | |
| 9. താവയ്ക്കൽ പമ്പ് ഹൗസ് റോഡ് | വേണം | വേണം | വേണം | |

## വൈദ്യുതി കണക്ഷൻ

| സ്ഥലം | ലൈൻ വേണ്ടത് | സ്ട്രീറ്റ് ലൈറ്റ് | ഹൗസ് കണക്ഷൻ | റിമാർക്സ് |
|---|---|---|---|---|
| VII ആനപ്പാറ വാർഡ് | | | | |
| 1. പൊന്നമ്പിക്കോണം - കൊച്ച് ആനപ്പാറ | വേണം | വേണം | വേണം | |
| 2. ആനപ്പാറ - ആറ്റുമൺപുരം | വേണം | വേണം | വേണം | |
| 3. ചിറ്റാർ - പനനിന്നമൺപുരം | വേണം | വേണം | വേണം | |
| 4. പന്നിക്കാല - നെട്ടയം | വേണം | വേണം | വേണം | |
| 5. കുണ്ടാളംകുഴി - പന്നിക്കാല | | | | കുണ്ടാളംകുഴിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. |
| 6. മുളമൂട്ടുമൺപുരം - തച്ചരുകാല | വേണം | വേണം | വേണം | |
| 7. പൊന്നാംചുണ്ട് - അരയകുന്ന്വേണം | വേണം | വേണം | | |
| 8. പൊന്നാംചുണ്ട് - അടപ്പുപാറവേണം | വേണം | വേണം | | |
| VIII കല്ലാർ വാർഡ് | | | | |
| 1. ചെമ്പിക്കുന്ന് - കല്ലൻകുടി ആദിവാസികോളനിവേണം | | വേണം | വേണം | |
| 2. മൊട്ടമൂട് | വേണം | വേണം | വേണം | |
| 3. വാളയറ | വേണം | വേണം | വേണം | |
| 4. ചാമക്കര | വേണം | വേണം | വേണം | |
| 5. ചന്തകോമ്പൗണ്ട് | വേണം | വേണം | വേണം | |
| 6. നെല്ലിക്കുന്ന് | വേണം | വേണം | വേണം | |
| 7. നാരകത്തിൻകാല. | വേണം | വേണം | വേണം | |
| 8. മുല്ലമൂട് | വേണം | വേണം | വേണം | |
| 9. കൊഞ്ഞമരത്തിൻമൂട് | വേണം | വേണം | വേണം | |
| 10. ആറ്റുമൺപുരം | വേണം | വേണം | വേണം | |
| 11. പെരുമ്പാറയടി | വേണം | വേണം | വേണം | |
| 12. ഈട്ടിമൂട് | വേണം | വേണം | വേണം | |
| IX തേവിയാട് വാർഡ് | | | | |
| 1. ചിറ്റാർ- ചീടാലം | വേണം | വേണം | വേണം | |
| 2. കളിയിക്കൽ കിഴക്കുക | വേണം | വേണം | വേണം | |
| 3. മൂന്നാം നമ്പർ - മണിതൂക്കി | വേണം | വേണം | വേണം | |
| 4. ചപ്പാത്ത് - കുണ്ടയം | വേണം | വേണം | വേണം | |
| 5. കളിയിക്കൽ കുന്ന് | വേണം | വേണം | വേണം | |
| 6. മാങ്കാല - കിണറ്റുവെട്ടി മൺപുറം | വേണം | വേണം | വേണം | |
| 7. തേവിയാട് മിച്ചഭൂമി | വേണം | വേണം | വേണം | |
| X മരുതാമല വാർഡ് | | | | |
| 1. കൊച്ചുമുല്ലിച്ചിറ 30 വീടുകൾ | വേണം | വേണം | വേണം | |
| 2. ഇടമൺപുറം 5 | വേണം | വേണം | വേണം | |
| 3. ചാത്തൻകോട് സെറ്റിൽമെന്റ് | വേണം | വേണം | വേണം | |
| 4. അടിപറമ്പ് - കാവിൻമൂല | വേണം | വേണം | വേണം | |
| 5. അടിപറമ്പ് - കുപ്പ് | വേണം | വേണം | വേണം | |
| XI ബോണക്കാട് വാർഡ് | | | | |
| 1. എല്ലാ ക്വാർട്ടേഴ്സിലും വൈദ്യുതി എത്തിക്കണം | | | | |
| 2. ജേഴ്സിഫാം - ബോണക്കാഡ്. | | | | |

Chapter - V-5

# ആരോഗ്യം
# കുടിവെള്ളം

## ആരോഗ്യം

രാജപ്രമുഖനായ ചിത്തിരതിരുനാൾ പൊൻമുടിയിലേക്ക്പോകുംവഴി, ഇന്നത്തെ വിതുര ചന്തമുക്ക് ജംഗ്ഷനിൽ നാട്ടുകാർ കാത്തുനിന്ന് തങ്ങളുടെ പരാതി മഹാരാജാവിനെ ബോധിപ്പിച്ചു. മലമ്പനിബാധിച്ച് വലയുന്ന രോഗികളെ ചികിത്സിക്കാൻ ഒരു ആതുരാലയം വേണമെന്ന നാട്ടുകാരുടെ പരാതിയെ തുടർന്ന് മഹാരാജാവിന്റെ അനുവാദത്തോടെ ഗോകുൽ എസ്റ്റേറ്റിലാണ് ആദ്യമായി വിതുരയിലെ ആതുരാലയം സ്ഥാപിക്കപ്പെട്ടത്. അന്ന് ഗോകുൽ എസ്റ്റേറ്റ് ഒരു സ്വാമിയുടെ വകയായിരുന്നു.

ദ്വരൈ സ്വാമിയായിരുന്നു ആദ്യത്തെ ഡോക്ടർ. കൊയ്നവെള്ളവും കൊയ്നെപ്പോടിയുമായിരുന്നു ഈ ആശുപത്രിയിൽ നിന്നും ലഭിച്ചിരുന്ന മരുന്നുകൾ. ആശുപത്രിയുടെ നടത്തിപ്പിനുവേണ്ട സഹായങ്ങൾ സ്വാമി ചെയ്തിരുന്നു. പരിമിത സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ഈ ആശുപത്രിയെയാണ്, വിതുര ചേന്നൻപാറ റോഡിനിടയ്ക്കുള്ള മൈലക്കോണം എന്ന സ്ഥലത്ത് ( ഇന്നത്തെ വേളാങ്കണ്ണി മാതാവിന്റെ പള്ളി ഇരിക്കുന്ന സ്ഥലം മാറ്റിയത്. ദ്വരൈ സ്വാമിയെ തുടർന്ന് ഡോ. കേശവക്കണിയാരുടെ ചികിത്സയാണ് വിതുരക്കാർക്ക് ലഭിച്ചത്.

ഇന്ന് ആശുപത്രി ഇരിക്കുന്ന സ്ഥലം പണ്ടത്തെ ക്യാമ്പ് ഷെഡിന്റെ ഭാഗമായിരുന്നു. 18-3-1952-ൽ മർച്ചിസ്റ്റൺ എസ്റ്റേറ്റ് ഉടമയായിരുന്ന ആർ. ജെ. മൂർ (Moor) ആണ് വിതുര ആശുപത്രിക്ക് തറക്കല്ലിട്ടത്. അദ്ദേഹം ഈ ആശുപത്രിക്കായി 300/ രൂപാ സംഭാവന ചെയ്യുകയും ചെയ്തു.

ആശുപത്രി ചികിത്സയെക്കാൾ പ്രാധാന്യത്തോടുകൂടിയാണ് നാട്ടുവൈദ്യൻമാരുടെ ചികിത്സയെ കണ്ടിരുന്നത്. ദർപ്പയിലെ കൃഷ്ണപിള്ള വൈദ്യൻ, കളീയ്ക്കൽ കൃഷ്ണനാശാരി, തള്ളച്ചിറ രാമസ്വാമി വൈദ്യൻ, ചായത്തെ കുഞ്ഞൻ കണിയാർ, കാലങ്കാവ് അയ്യുസ്വാമി തുടങ്ങിയവരുടെ ചികിത്സാവിധികൾ നാട്ടുകാർക്ക് പഥ്യമായിരുന്നു. ശാസ്താംകാവിലെ രാഘവൻനായർ വിഷചികിത്സയ്ക്ക് പേരുകേട്ട ആളാണ്. ക്ഷുരകകുടുംബത്തിലെ വയറ്റാട്ടികൾ വിതുരയുടെ പലഭാഗത്തുമുണ്ടായിരുന്നു. താഴ്ന്നജാതിക്കാർക്കും ഉയർന്ന ജാതിക്കാർക്കും പ്രസവമെടുത്തിരുന്നത് ഒരേ വയറ്റാട്ടികൾ ആയിരുന്നില്ല. മാത്തു വൈദ്യന്റെ അമ്മ അമ്മാളു വളരെയേറെപ്പേരുടെ പ്രസവമെടുത്ത ഒരു വയറ്റാട്ടിയാണ്. ആദിവാസികൾ മരുന്നിനെക്കാൾ മന്ത്രവാദത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്.

വിതുര പഞ്ചായത്തിൽ ഇപ്പോൾ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും അതിന്റെ കീഴിൽ അഞ്ച് സബ് സെന്ററുകളും പ്രവർത്തിക്കുന്നു. കൂടാതെ രണ്ട് ഹോമിയോ ഡിസ്പെൻസറിയും സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾക്ക് പുറമേ ഏഴ് സ്വകാര്യ ഡിസ്പെൻസറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആയുർവ്വേദ ചികിത്സ നടത്തുന്ന നാട്ടുവൈദ്യൻമാരും, സിദ്ധവൈദ്യൻമാരും, വിഷചികിത്സ നടത്തുന്നവരുമുണ്ട്. ഗിരിവർഗ്ഗമേഖലയിൽ ആദിവാസി വൈദ്യൻമാരും പല വിധത്തിലുള്ള പരമ്പരാഗത ചികിത്സകളും നടത്തുന്നുണ്ട്. ഇതിൽ ഉണ്ടൻകല്ലിൽ മല്ലൻകാണി വിഷചികിത്സക്ക് പ്രസിദ്ധനാണ്. ആരോഗ്യമേഖലയിൽ ഇന്ന് പലവിധ പ്രശ്നങ്ങളും ഉണ്ടെങ്കിലും പണ്ട് ഉണ്ടായിരുന്ന മസൂരി, മലമ്പനി തുടങ്ങിയ പകർച്ചാവ്യാധികൾ പൂർണ്ണമായും മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

വിതുരയിൽ ആയുർവേദ ചികിത്സക്ക് യാതൊരു സൗകര്യവുമില്ല. ആയുർവ്വേദ ചികിത്സയ്ക്കായി ആനാട്, പാലോട് ആശുപത്രികളെയാണ് ആശ്രയിക്കേണ്ടത്. കൂടാതെ നാട്ടുവൈദ്യൻമാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

### പഞ്ചായത്തിലെ പൊതുവായ ആരോഗ്യ സ്ഥിതിവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ. | 28810 (1996 സർവ്വേ) |
| പുരുഷൻമാർ | 13282 |
| സ്ത്രീകൾ | 13749 |
| കുട്ടികൾ | 1679 |
| ആകെ വീടുകൾ | 6873 |
| കക്കൂസുള്ള വീടുകൾ | 3158 |
| കുടിവെള്ളം ലഭിക്കുന്ന വീടുകൾ | 4589 |
| അമ്മമാരുടെ എണ്ണം | 3627 |
| കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവർ | 2497 |

| | |
|---|---|
| മന്ദബുദ്ധികളായവർ | 60 |
| സ്ഥായിയായ രോഗം ബാധിച്ചവർ | |
| രക്തസമ്മർദ്ദം | 2342 |
| പ്രമേഹം | 613 |
| ക്യാൻസർ | 28 |
| കുഷ്ഠം | 12 |
| ക്ഷയം | 21 |
| ഹൃദ്രോഗം | 362 |
| ആകെ | 3378 |

| | |
|---|---|
| ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | 365 |
| പ്രതിരോധകുത്തിവയ്പ്പ നടത്തിയവർ | 358 |
| ജനനം 95-96 (C.H.C മാത്രം) | 403 |

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ.

| ക്രമ നമ്പർ | | ഉൾപ്പെടുന്ന വാർഡ് | സ്ഥാപിച്ച വർഷം | നിലവിലുള്ള ഉദ്യോഗസ്ഥർ | വേണ്ടത് |
|---|---|---|---|---|---|
| 1. | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വിതുര | കൊപ്പം | 1954 | 44 | 61 |
| 2. | ഹോമിയോ ഡിസ്പെൻസറി വിതുര | വിതുര | 1994 | 3 | 4 |
| 3. | ഹോമിയോ ഡിസ്പെൻസറി കല്ലാർ | കല്ലാർ | 1994 | 2 | 3 |
| 4. | FWS ശാസ്താംകാവ് | ചെറ്റച്ചൽ | | 1 | 1 |
| 5. | FWS മേമല | മേമല | | 1 | 1 |
| 6. | FWS തേവിയോട് | വിതുര | | 1 | 1 |
| 7. | FWS ബോണക്കാട് | ബോണക്കാട് | | | 1 |
| 8. | FWS കല്ലാർ | കല്ലാർ | | 1 | 1 |
| 9. | FWS (C.H.C വിതുര) | കൊപ്പം | | 1 | 1 |

## ആരോഗ്യം - പ്രശ്നങ്ങൾ

1. വിതുരയിലെ C.H.C ജനങ്ങൾക്ക് ആശ്വാസമാണെങ്കിലും ഇതിന്റെ സേവനം രാത്രികാലങ്ങളിൽ ലഭ്യമല്ല.
2. വിതുരയിലെ രണ്ട് ഹോമിയോ ആശുപത്രികൾക്കും സ്വന്തമായി കെട്ടിടമോ, ആവശ്യമായ ഫർണിച്ചറുകളോ ഇല്ല.
3. ആദിവാസി സെറ്റിൽമെന്റുകളിൽ നിന്നും C.H.C-യിൽ എത്തുന്നതിന് കിലോമീറ്ററുകൾ, കാൽനടയാത്ര നടത്തേണ്ടതുണ്ട്. വേണ്ടത്ര ഗതാഗതസൗകര്യമില്ലാത്തതും പ്രശ്നമാണ്.
4. ആദിവാസികൾ ഇപ്പോഴും ആധുനികചികിത്സയെക്കുറിച്ച് ബോധവാൻമാരല്ല. മന്ത്രതന്ത്രങ്ങളിൽ ഇപ്പോഴും വിശ്വസിക്കുന്നു.
5. വിതുര - കല്ലാർ ഹോമിയോ ആശുപത്രികൾ പ്രവർത്തനം ആരംഭിക്കുന്നത് പതിനൊന്ന് മണിയോട് അടുപ്പിച്ചായിരിക്കും.
6. വിതുരയിൽ ആയുർവ്വേദ ചികിത്സയ്ക്ക് യാതൊരു സൗകര്യവുമില്ല.
7. ആദിവാസികോളനികളിലും മറ്റും മാരകമായ രോഗങ്ങൾ ബാധിച്ച അനേകം ആൾക്കാരുണ്ട്. ഇവർ യഥാസമയം ചികിത്സിച്ച് ഭേദമാക്കുകയോ, അസുഖം മറ്റുള്ളവരിലേക്ക് പകരാതിരിക്കുവാൻ മുൻകരുതലുകൾ എടുക്കുകയോ ചെയ്യുന്നില്ല.
8. മിക്കവാറും അസുഖങ്ങൾക്ക് പരിശോധനയ്ക്കും ചികിത്സയ്ക്കും തലസ്ഥാനനഗരിയിലെ ആശുപത്രികളെയാണ് ആശ്രയിക്കേണ്ടത്. വിതുര C.H.C യിൽ സൗകര്യങ്ങളും വിദഗ്ദ്ധരും കുറവാണ്. ഇത് തോട്ടം മേഖലയിലെയും ആദിവാസികൾക്കും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നു.
9. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും, താണവരുമാനക്കാരുടെയും കുട്ടികളിൽ പോഷകാഹാരക്കുറവു മൂലമുള്ള അസുഖങ്ങൾ ബാധിക്കുന്നു. ഇവരുടെ ഇടയിലുള്ള അമ്മമാരിലും ഇത് അനുഭവപ്പെടുന്നു.
10. വിതുര പഞ്ചായത്തിൽ ഇപ്പോൾ ജന അധിവാസം കൂടിയാതുകാരണം, മൃതശരീരം മറവുചെയ്യുന്നതിന് സ്ഥലസൗകര്യങ്ങൾ കുറവാണ്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വിതുര

1954-ൽ പ്രവർത്തനം ആരംഭിച്ച വിതുര ആശുപത്രി ഇന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർന്നിട്ടുണ്ട്. എം. കുമാരപിള്ള മെമ്മോറിയൽ പ്രസവവാർഡും, 40 കിടക്കകളുള്ള ഇരുനിലക്കെട്ടിടവും പ്രവർത്തനം ആരംഭിച്ചു. വ്യാപാരിവ്യവസായി ഏകോപന സമിതി വിതുര യൂണിറ്റ് സംഭാവനയായി നിർമ്മിച്ചു നൽകിയ എക്സ്റേ മന്ദിരത്തിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കാനുള്ള പണികൾ നടന്നുവരുന്നു. കൂടാതെ ആശുപത്രിയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഓവർഹെഡ് ടാങ്കിന്റെ പണിയും നടന്നുവരുന്നു.

## വിതുര C.H.C യുടെ പ്രശ്നങ്ങൾ

1. C.H.C പാറ്റേൺ അനുസരിച്ച് അഡ്മിനിസ്ട്രേറ്റീവ് കം

- ഒ. പി. ബ്ളോക്ക് ഇല്ല.

2. 61 സ്റ്റാഫുകൾ വേണ്ടിടത്ത് 44 സ്റ്റാഫുകൾ മാത്രമേ യുള്ളൂ.
3. പി.പി യൂണിറ്റ് ഇല്ല.
4. ചുറ്റുമതിൽ പൂർത്തീകരിച്ചിട്ടില്ല.
5. ഇൻസുനേറ്റർ സൗകര്യം ഇല്ല.
6. പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഇല്ല.
7. ലബോറട്ടറി സൗകര്യം അപര്യാപ്തം.
8. പഴകിയ രണ്ട് വാർഡുകൾ ഏത് സമയത്തും നില പൊത്താവുന്ന അവസ്ഥയിലാണ്. ഇവിടെപ്പോലും രോഗികളെ കിടത്തുന്നു.
9. ജനറേറ്റർ സൗകര്യമില്ല
10. ആശുപത്രിയിൽ ക്യാന്റീൻ സൗകര്യമി.
11. ആശുപത്രി ഫാർമസിയിൽ മരുന്നുകൾ അപര്യാപ്ത മാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരെയും താഴ്ന്ന വരുമാനക്കാരെയും ഇത് വളരെയധികം ബുദ്ധിമുട്ടി ക്കുന്നു.

**നിർദ്ദേശങ്ങൾ**

1. വിതുരയിലെയും സമീപപഞ്ചായത്തുകളിലെയും സാധാരണക്കാർക്കും തോട്ടം തൊഴിലാളികളും (പൊൻമുടി, ബോണക്കാട്, മർച്ചിസ്റ്റൺ എസ്റ്റേറ്റുകൾ) ആദിവാസികൾ ഉൾപ്പെടെ ലക്ഷത്തിൽപ്പരം വരുന്ന ജനങ്ങൾക്ക് ഏക ആശ്രയമാണ് വിതുര C.H.C അതിനാൽ ഇവിടെ ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെ എല്ലാവിധ ചികിത്സകളും ലഭ്യമാക്കുന്നതും, 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ ഒരു **സൂപ്പർസ്പെഷ്യാലിറ്റി** ആശുപത്രിയായി ഉയർത്തണം
2. വിതുരയിൽ ആയുർവ്വേദ ചികിത്സയ്ക്കായി ഒരാശുപത്രി സ്ഥാപിക്കണം.
3. കല്ലാറിലോ, മരുതാമലയിലോ ആയുർവ്വേ ഗവേഷണ സ്ഥാപനം സ്ഥാപിക്കണം. ഈ പ്രദേശങ്ങളിൽ കാണുന്ന ഔഷധസസ്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും വിനോദസഞ്ചാരികൾക്കും നാട്ടുകാർക്കും ആയുർവ്വേദ ചികിത്സയും, പ്രകൃതിചികിത്സയും ഇവിടെ സജ്ജമാക്കാം. നാട്ടുവൈദ്യൻമാരുടെ അറിവ് മൺമറയാതിരിക്കുന്നതിന് ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് ഈ ഗവേഷണ-ചികിത്സാകേന്ദ്രത്തിന് സാധിക്കണം.
4. സർക്കാർ ഹോമിയോ ആശുപത്രികൽക്കും, സബ് സെന്ററുകൾക്കും സ്വന്തമായി കെട്ടിടവും, ആവശ്യമായ ഫർണീച്ചറുകളും ലഭ്യമാക്കണം.
5. വിതുരയിൽ ഒരു ശ്മശാനം നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം.
6. ആദിവാസി മേഖലകളിൽനിന്നും മറ്റും C.H.C യിൽ എത്തുന്നതിന് ബുദ്ധിമുട്ടായതിനാൽ ആനപ്പാറ, മരുതാമല, ചേന്നൻപാറ, ചെറ്റച്ചൽ എന്നിവിടങ്ങളിൽ സബ്സെന്ററുകൾ ഉണ്ടാകണം.
7. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തുകയും ആരോഗ്യ പ്രവർത്തകർ വീടുകൾ സന്ദർശിച്ച് പരിശോധനകൾ നടത്തി വിവരങ്ങൾ കാർഡുകളിൽ രേഖപ്പെടുത്തണം.
8. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും താണവരുമാനക്കാരുടെയും കുട്ടികളിലും അമ്മമാരിലും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കണം.
9. പഞ്ചായത്തിലെ ഹോട്ടലുകളിലെയും മറ്റ് ആഹാര പദാർത്ഥങ്ങൾ വിൽക്കുന്ന കടകളിലും ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സംവിധാനം ഉണ്ടാക്കണം.
10. എല്ലാവാർഡുകളിലും ജനകീയ ആരോഗ്യ സമിതികൾ രൂപീകരിച്ച് ആരോഗ്യ ബോധവത്ക്കരണ സെമിനാറുകളും ക്യാമ്പുകളും സംഘടിപ്പിക്കണം.
11. ഓരോ വാർഡിലും സാമൂഹ്യസേവന തൽപരരായ വനിതകളെ സംഘടിപ്പിച്ച് അവർക്ക് ഹോം നേഴ്സിംഗ്, ആരോഗ്യപരിപാലനം, ഹെർബൽ ചികിത്സ, പരിസരശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുകയും അവരിലൂടെ പ്രചരിപ്പിക്കുകയും വേണം.

## C.H.Cയിൽ അത്യാവശ്യം നടപ്പിലാക്കേണ്ടുന്ന പദ്ധതി നിർദ്ദേശങ്ങൾ

1. ആശുപത്രിയിൽ ജനറേറ്റർ സൗകര്യം ഏർപ്പെടുത്തണം.
2. ആശുപത്രിക്ക് ആംബുലൻസ് സൗകര്യം ഉണ്ടാക്കണം.
3. ആശുപത്രിയിൽ ആവശ്യത്തിനു ഡോക്ടർമാരെയും മറ്റു സ്റ്റാഫുകളെയും നിയമിക്കണം.
4. ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനവും, ഒബ്സർവ്വേഷൻ വാർഡും, I.C. യൂണിറ്റും ആവശ്യമാണ്.

5. പഴകിയ വാർഡുകൾ പൊളിച്ചുനീക്കി 100 ബെഡ്ഡുകളുള്ള ഒരു കെട്ടിടം പണിയണം.
6. പേവാർഡ് സൗകര്യം ഏർപ്പെടുത്തണം.
7. ചുറ്റുമതിൽ കെട്ടുകയും ആവശ്യമായ സ്ഥലങ്ങളിൽ ഗേറ്റുകൾ പണിയുകയും വേണം.
8. ചപ്പുചവറുകൾ നശിപ്പിക്കുന്നതിനു ഇൻസുനേറ്റർ ലഭ്യമാക്കണം.
9. പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ അത്യാവശ്യമായി പണിയണം.
10. ആശുപത്രിക്കുള്ളിലെ റോഡ് ടാർ ചെയ്യണം.
11. ആശുപത്രിക്കുള്ളിൽ വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.
12. ആശുപത്രിയിൽ ക്യാന്റീൻ സൗകര്യവും, നവീകരിച്ച മെഡിക്കൽ സ്റ്റോറും ഉണ്ടാക്കണം.
13. വുതിര C.H.C യിലെത്തുന്നതിൽ ഭൂരിഭാഗം രോഗികളും പട്ടികജാതി പട്ടികവർഗ്ഗക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. അതിനാൽ എല്ലാവിധ മരുന്നുകളും ആശുപത്രി ഫാർമസിയിൽ ലഭ്യമാക്കാനുള്ള നടപടികൾ വേണം.

## പരിസരശുചിത്വം

പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ കുറവായതിനാൽ പരിസരമലിനീകരണം വളരെ കുറവാണ്. വിശേഷാൽ ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ പരിസരമലിനീകരണ പ്രശനങ്ങൾ പൊന്തിവന്നിട്ടുണ്ട്. ഇവയിൽ ചിലത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നവയാണ്.

## പരിസരമലിനീകരണ പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 60% വീടുകൾക്കും കക്കൂസ്സ് ഇല്ലാത്തവയാണ്. ഇവരിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പട്ടികജാതി പട്ടികവർഗ്ഗക്കാരുമാണ്.
2. ചന്തയിലും, റോഡുവക്കിലും, ആശുപത്രി, സ്കൂളുകൾ എന്നിവിടങ്ങളിലും ചപ്പുചവറുകൾ കുന്നുകൂടുന്നു.
3. മാംസം, മത്സ്യം, പച്ചക്കറി എന്നിവ റോഡുകളിൽ കച്ചവടം നടത്തുകയും അവയുടെ അവശിഷ്ടങ്ങൾ റോഡുവക്കിൽ ഉപേക്ഷിക്കുകയും ചെയ്യുന്നു.
4. പഞ്ചായത്തിലെ പ്രധാനജംഗ്ഷനുകളിലും, ആശുപത്രി, സ്കൂൾ എന്നിവിടങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.
5. ഡ്രെയിനേജ് സൗകര്യം വേണ്ടത്രയില്ലാത്തതിനാൽ (കലുങ്ക് ജംഗ്ഷൻ, ചന്തമുക്ക്, ആനപ്പാറ) റോഡിൽകൂടി മലിനജലം ഒഴുകുന്നതിനു കാരണമാകുന്നു.

## കുടിവെള്ളമലിനീകരണം

1. ജ്യൂഷിഫാം, താവയ്ക്കൽ ക്രമ്പ് ഫാക്ടറി, ക്രീപ്പ് ഫാക്ടറി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും മലിനജലം ആറ്റിലേയ്ക്ക് ഒഴുക്കിവിടുന്നു. ഇത് കുടിവെള്ളം മലിനമാക്കുന്നു.
2. K.W.A വക ടാങ്കിൽ ജലശുദ്ധീകരണത്തിനു അളന്നു തിട്ടപ്പെടുത്താതെ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കുന്നു.
3. ടി ടാങ്ക് യഥാസമയം വൃത്തിയാക്കുന്നില്ല.
4. താവയ്ക്കൽ പമ്പുഹൗസിനോടു ചേർന്ന് ജലശുദ്ധീകരണത്തിനുണ്ടായിരുന്ന ഗാലറി സംവിധാനം തകർന്നുപോയതിനാൽ ശുദ്ധീകരിക്കാത്ത ജലമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്.
5. വീടുകളിലും മറ്റും നൽകിയിട്ടുള്ള പൈപ്പുകണക്ഷനുകൾ നേരിട്ടു കക്കൂസിനും കുളിമുറിയിലും മറ്റും നൽകിയിട്ടുണ്ട്. ഇത് പൈപ്പുജലം മലിനമാകുന്നതിന് കാരണമാകുന്നു.

## നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടുന്നവ

1. പരിസരമലിനീകരണം തടയുന്നതിന് എല്ലാവീടുകൾക്കും കക്കൂസ്. ഇതിന് സന്നദ്ധസംഘടനകളുടെയും, ധനകാര്യസ്ഥാപനങ്ങളുടെയും സഹായം തേടാവുന്നതാണ്.
2. പ്രധാന ജംഗ്ഷനുകളിലും, ആശുപത്രികളിലും പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ പണിയണം.
3. നിരത്ത്വക്കിലും, ചന്ത, ആശുപത്രി, സ്കൂളുകൾ എന്നിവിടങ്ങളിലും അടിഞ്ഞുകൂടുന്ന ചപ്പുചവറുകൾ നശിപ്പിക്കുന്നതിനുള്ള സംവിധാനവും ടി സ്ഥലങ്ങളിലെല്ലാം കുപ്പത്തൊട്ടികൾ സ്ഥാപിക്കുകയും വേണം.
4. ചപ്പുചവറുകൾ മാറ്റുന്നതിന് സ്ഥിരം ജോലിക്കാരെ നിയമിക്കുകയും "വിതുര പഞ്ചായത്ത് വൃത്തിയുള്ള പഞ്ചായത്ത്" പദ്ധതി നടപ്പിലാക്കുകയുമാവാം.
5. റോഡിനിരുവശവും ഓടകൾ നിർമ്മിക്കുകയും (ചന്തമുക്ക്, ചേന്നൻപാറ, കലുങ്ക് ജംഗ്ഷൻ, ആനപ്പാ

റഎന്നിവിടങ്ങളിൽ അത്യാവശ്യം) മലിനജലം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം.

6. നിരത്ത് വക്കിൽ പച്ചക്കറി, മാംസം, മത്സ്യം എന്നിവ വിൽക്കുന്നത് കർശനമായി തടയണം.
7. K.W.A-യുടെ താവയ്ക്കൽ പമ്പുഹൗസിനോട് ചേർന്നുള്ള ജലശുദ്ധീകരണത്തിനുള്ള ഗാലറിസംവിധാനം അടിയന്തിരമായി സ്ഥാപിക്കണം.
8. നിയന്ത്രിത അളവിൽ മാത്രമേ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കാവൂ.
9. മൂന്നുമാസത്തിലൊരിക്കലെങ്കിലും ടാങ്ക് വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
10. കക്കൂസിലേക്കും, കുളിമുറിയിലേക്കും നേരിട്ട് പൈപ്പുലൈൻ നൽകിയിട്ടുള്ള ഉപഭോക്താക്കളുടെ കണക്ഷനുകൾ കട്ട് ചെയ്യണം.
11. ഫാമിൽ നിന്നും, ഫാക്ടറികളിൽ നിന്നും ആറ്റിലേക്ക് ഒഴുക്കിവിടുന്ന മലിനജലം വഴിതിരിച്ച് വിടുകയോ, ശുദ്ധീകരിച്ച് വിടുകയോ ചെയ്യുക.
12. പഞ്ചായത്തിൽ വിൽപ്പന നടത്തുന്ന മത്സ്യവും മാംസവും ഗുണപരിശോധനയ്ക്ക് ശേഷം വിൽപ്പന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

## പഞ്ചായത്ത് നടപ്പിലാക്കേണ്ടുന്ന മറ്റുചില നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിലുള്ള നാട്ടുവൈദ്യൻമാരെ സംഘടിപ്പിച്ച് ഒരു സംഘം രൂപീകരിക്കുകയും, ഈ സംഘത്തിന്റെ കീഴിൽ വിവിധ ചികിത്സകൾ, മരുന്നുനിർമ്മാണം, ഔഷധ സസ്യത്തോട്ടങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
2. പഞ്ചായത്തിൽ പെരുകി വരുന്ന മദ്യപാനം, പുകവലി, വെറ്റില ചവയ്ക്കൽ, മറ്റു ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, എയ്ഡ്സ് തുടങ്ങിവയ്ക്കെതിരെ ബോധവത്ക്കരണം നടത്തുകയും, നേത്രദാനം, രക്തദാനം എന്നിവയ്ക്ക് പ്രോത്സാഹനം നൽകുകയും വേണം. ഇതിനെ സന്നദ്ധസംഘടനകളുടെയും, സർക്കാർ സ്ഥാപനങ്ങളുടെയും സേവനം ഉപയോഗിക്കാം.
3. കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും യോഗ, വിവിധതരം കളികൾ, മറ്റുകായിക പരിശീലനം, കരാട്ടെ, കളരി തുടങ്ങിയവ വികസിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകണം.
4. വൃദ്ധജനങ്ങളുടെ സംരക്ഷണയ്ക്കായി ഒരു വൃദ്ധമന്ദിരവും സാമ്പത്തികമായി വളരെ താഴെക്കിടയിലുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിന് ഒരു ബാലമന്ദിരവും ആരംഭിക്കേണ്ടതുണ്ട്.
5. പൊതുനിരത്തിലും, മറ്റു വഴികളിലും മലിനജലം (കുളിമുറി, കക്കൂസ്, അടുക്കള തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളം) ഒഴുക്കി വിടാതിരിക്കുവാൻ ജനങ്ങളെ ബോധവത്കരിക്കണം.

## കുടിവെള്ളം

നദികളും, കുളങ്ങളും, ഉറവകളും കൊണ്ട് സമ്പുഷ്ടമായ ഒരു പ്രദേശമാണ് വിതുര. ഇവിടെ രണ്ട് നദികളും, പത്തോളം ചെറുതോടുകളും, K.W.A യുടെ പമ്പ് ഹൗസും, പഞ്ചായത്തിന്റെ കീഴിൽ 24 കിണറുകളും, 11 കുളങ്ങളും ഉൾപ്പെടെ അനേകം ജലസ്രോതസ്സുകളും ഉണ്ട്. മൊത്തം ജനസംഖ്യയുടെ 80% കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലമായതിനാൽ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. ഇതിന് പ്രധാനകാരണങ്ങൾ.

1. രൂക്ഷമായ വനനശീകരണം.
2. വയലുകളും കുളങ്ങളും നികത്തിയത്.
3. ഉറവകളും തോടുകളും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടാത്തത്.
4. ലഭിക്കുന്ന മഴവെള്ളം പെട്ടെന്ന് വാർന്നുപോകുന്നത്.
5. അശാസ്ത്രീയമായ പദ്ധതികൾ.

## താവയ്ക്കൽ പമ്പുഹൗസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ

1. K.W.A യുടെ കീഴിലുള്ള താവയ്ക്കൽ പമ്പുഹൗസ്സിൽ വളരെകുറഞ്ഞ horse power ഉള്ള പമ്പുസെറ്റുകളാണ് ഉള്ളത്. ടാങ്കിന്റെ കപ്പാസിറ്റിക്കനുസരിച്ച് ഉയർന്ന horse power ഉള്ളവ സ്ഥാപിച്ചാൽ പമ്പിംഗ് കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിയും.
2. ടാങ്കിന്റെ ഡെലിവറി ലൈനും, സെക്ഷൻ ലൈനും നേരത്തെയുണ്ടായിരുന്ന ടാങ്കിന്റെ കപ്പാസിറിക്കനുസരിച്ചുള്ളവയാണ്. അവ മാറ്റി വലുപ്പംകൂടിയ പൈപ്പുകൾ സ്ഥാപിക്കണം.
3. പമ്പുഹൗസിന് ജനറേറ്റർ സൗകര്യം ഏർപ്പെടുത്തണം.
4. മുഴുവൻ സമയം പമ്പിംഗിന് ആവശ്യമായ സ്റ്റാഫി

നെ നിയമിക്കുക.

5. പമ്പുഹൗസ് പ്രവർത്തനം കാര്യക്ഷമമായാൽ വിതുരയിലെ കുടിവെള്ളപ്രശ്നം വലിയൊരളവ് പരിഹരിക്കുവാൻ കഴിയും.
6. K.W.A യുടെ ഒരു ഓഫീസ് വിതുരയിൽ ആരംഭിക്കണം.

## മറ്റുചില പദ്ധതികൾ, നിർദ്ദേശങ്ങൾ

1. ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടിയും, കിണറുകൾ, കുളങ്ങൾ കുഴിച്ചും അവ ശരിയായ രീതിയിൽ സംരക്ഷിച്ചും ജലക്ഷാമം പരിഹരിക്കാവുന്നതാണ്.
2. പഞ്ചായത്തിലെ കളിയ്ക്കൽ, വയലിൽ പുല്ല്, കല്ലാർ എന്നിവിടങ്ങളിൽ വനത്തിൽ നിന്നും വരുന്ന ഉറവകളിലെ വെള്ളം കെട്ടിനിർത്തി അതിനടുത്തും സമീപപ്രദേശങ്ങളിലേക്കും പൈപ്പുവഴി ജലം എത്തിയ്ക്കാവുന്നതാണ്. (മരുതാമല മോഡൽ)
3. മറ്റുചില ഉയർന്ന പ്രദേശങ്ങളിൽ കുഴൽക്കിണർകുഴിച്ചും (നെല്ലിക്കുന്ന്, ചേന്നൻപാറ വാർഡ്) ജലക്ഷാമം പരിഹരിക്കാം.
4. താവയ്ക്കൽ പമ്പുഹൗസിന് വളരെയടുത്തു സ്ഥിതിചെയ്യുന്ന പോറ്റിക്കുന്നിൽ ലൈനിലെ മർദ്ദക്കുറവുമൂലം ജലം ലഭിക്കുന്നില്ല. ഇത് പരിഹരിക്കുവാൻ ഇവിടെ ഒരു ടാങ്ക് നിർമ്മിച്ച് പ്രധാന പൈപ്പ് ലൈൻ അതിലേയ്ക്ക് നീട്ടിയാൽ പോറ്റിക്കുന്നുപ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം.

## ജലസംരക്ഷണത്തിന് ചില നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകൾ ഉണ്ടാക്കി തടസ്സം ഉണ്ടാക്കിയും മഴവെള്ളം മണ്ണിൽ സംഭരിക്കുക. സന്നദ്ധസംഘടനകളുടെയും പ്രാദേശിക വികസന സമിതിയുടെയും സേവനം ഉപയോഗിക്കാം.
2. തോടുകളിൽ ചെറിയ ബണ്ടുകൾ നിർമ്മിക്കുക. കരയിടിച്ചിൽ ഒഴിവാക്കുന്നതിനും ഇതു സഹായിക്കും.
3. നികത്തിയതും ഉപയോഗിക്കാതെ കിടക്കുന്നതുമായ കുളങ്ങളും, മറ്റു ജല സ്രോതസ്സുകളും വീണ്ടും ഉപയോഗിക്കാൻ സജ്ജമാക്കുക.
4. ആറുകളിലേയും, തോടുകളിലേയും മണലൂറ്റും മറ്റു ഖനനങ്ങളും തടയുക. ജലം ശുദ്ധമാക്കുന്നതിനും ഉറവകൾ നിലനിൽക്കുന്നതിനും സഹായകമാകും.

Chapter - V-6

# വിദ്യാഭ്യാസം

ശാന്തവും സുന്ദരവുമായ ഈ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസകാര്യത്തിലും വളരെ മുന്നിലാണ്. രാജഭരണകാലത്ത് തന്നെ ഇവിടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായിരുന്നു. കുടിപ്പള്ളിക്കൂടങ്ങൾ എന്ന പേരിലാണ് അവ അറിയപ്പെട്ടിരുന്നത്. പഴയ കുടുംബങ്ങളിലെ നെല്ലും മറ്റും കൊയ്തുകൂട്ടിയിരുന്ന കെട്ടിടങ്ങളിലായിരുന്നു കുടിപ്പള്ളിക്കൂടങ്ങൾ പ്രവർത്തിച്ചിരുന്നത്. ചെറ്റച്ചൽ മൊട്ടമൂട്ടിൽ ഗോവിന്ദപ്പിള്ള ആശാൻ, മണിലിയിൽ ഭാസ്ക്കരനാശാൻ, ചങ്ങനാശ്ശേരിക്കാരൻ പാച്ചുക്കുട്ടിക്കൈമൾ (വലിയവേങ്കാട്) തുടങ്ങിയവർ ഈ രംഗത്ത് പ്രസിദ്ധരാണ്. അക്കാലത്ത് കുട്ടികളെ എഴുത്തിനിരുത്തുന്നത് അവരുടെ കുടിപ്പള്ളിക്കൂടങ്ങളിലായിരുന്നു. മലയാളവും കണക്കുമായിരുന്നു കുടിപ്പള്ളിക്കൂടങ്ങളിൽ പ്രധാനമായും പഠിപ്പിച്ചിരുന്നത്. മണലിലും പനയോലയിലും എഴുതിപഠിപ്പിച്ചിരുന്നു. വായിച്ചു പഠിക്കാനായി പനയോലയിൽ നാരായംകൊണ്ട് എഴുതി സൂക്ഷിക്കുമായിരുന്നു. ഈ ഓലയിൽ മഞ്ഞളോ തുളസിയിലയോ തേയ്ക്കുമ്പോൾ അക്ഷരങ്ങൾ വ്യക്തമായി കാണാൻ കഴിയും.

വിതുരയിൽ ആദ്യമായി സ്കൂൾ പ്രവർത്തിച്ചുതുടങ്ങിയത് 1902-ൽ ആണ്. ഇന്നത്തെ പോസ്റ്റാഫീസിന് സമീപമാണ് അത് പ്രവർത്തിച്ചിരുന്നത്. പ്രധാന അധ്യാപകൻ ശ്രീ. കാളിപിള്ളസാറും മറ്റ് രണ്ട് അധ്യാപകരും കൂടിയുണ്ടായിരുന്നു. മൂന്നാംക്ലാസ്സുവരെ ഇവിടെ പഠിപ്പിച്ചിരുന്നു. ഈ സ്കൂളിലെ ആദ്യകാല അധ്യാപകരിൽ ഒരാളായ ശ്രീ. ജോഷ്വാസാർ ഇപ്പോഴും ജീവിച്ചിരുപ്പുണ്ട്.

പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 1908-ൽ വലിയവേങ്കാട്ടിൽ വിവേകദായിനി സ്കൂൾ ആരംഭിച്ചത്. അപ്പോൾ ഒരു ഓലക്കെട്ടിടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശ്രീ. എം. എൻ. ഗോവിന്ദൻ നായർ (കമ്മ്യൂണിസ്റ്റു നേതാവും മുൻമന്ത്രിയും എം.പിയും ആയിരുന്നു) ഈ സ്കൂളിലെ അധ്യാപകരിൽ ഒരാളായിരുന്നു. ഗിരിജനോദ്ധാരണം മുന്നിൽകണ്ടുകൊണ്ട് 1957-ൽ മരുതാമല മാമൂട്ടിൽ വെൽഫെയർ സ്കൂൾ സ്ഥാപിതമായി. സി. ശ്രീധരൻനായർ ആദ്യത്തെ മാനേജരും ശ്രീ. എം. കെ. പരമേശ്വരൻ നായർ ഹെഡ്മാസ്റ്ററും ആയിരുന്നു. തുടർന്ന് ഈ സ്കൂളിനെ ഗവൺമെന്റ് ഏറ്റെടുക്കുകയുണ്ടായി.

ഗിരിജനോദ്ധാരണം മുന്നിൽകണ്ടുകൊണ്ട് ഏകദേശം അൻപതിൽപ്പരം വർഷം മുമ്പ് ആരംഭിച്ച പ്രൈമറി സ്കൂളാണ് തലത്തൂത ഗവൺമെന്റ് ട്രൈബൽ സ്കൂൾ.

1955-ൽ വിതുരയിൽ ആദ്യഹൈസ്കൂൾ ആരംഭിച്ചു. 1955 മാർച്ച് 6-ാം തീയതി തിരു:കൊച്ചി സ്റ്റേറ്റിലെ പഞ്ചായത്ത് ഡയറക്ടർ ആയിരുന്നു. ശ്രീ. പി. കെ. അബ്ദുള്ള സ്കൂൾ കെട്ടിടത്തിന് തറക്കല്ലിടുകയും 1955 ജൂലായ് 9-ന് മുഖ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ സ്കൂൾ പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ആറുമാസം കൊണ്ട് സ്കൂൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു എന്നത് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. 1984-ൽ ഈ സ്കൂൾ വൊക്കേഷണൽ ഹയർ സെക്രണ്ടറി സ്കൂൾ ആയി ഉയർത്തി.

ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ രണ്ടാമത്തെ ഹൈസ്കൂളായ ആനപ്പാറ ഗവൺമെന്റ് ഹൈസ്കൂൾ ഉദ്ദേശം 65 വർഷങ്ങൾക്കുമുമ്പ് ശ്രീ. മുല്ലച്ചിറ മാധവൻനായരുടെ വീട്ടുവളപ്പിൽ ഓലഷെഡ്ഡിൽ ആരംഭിച്ച കുടിപ്പള്ളിക്കൂടമാണ്. ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് 50 സെന്റ് സ്ഥലവും ഒരു കെട്ടിവുമുൾപ്പെടെ സർക്കാരിന് വിട്ടുകൊടുക്കുകയും അഞ്ചാം സ്റ്റാൻഡേർഡുവരെയുള്ള ക്ലാസ്സുകൾ നടത്തിവരുകയും ചെയ്തു. തുടർന്ന് പി. റ്റി. എയുടെയും വികസന സമിതിയുടേയും ആത്മാർത്ഥവും കാര്യക്ഷമവുമായ പ്രവർത്തനത്തിന്റെ ഫലമായി 1975-ൽ യു.പി. എസ് ആയും 1981-ൽ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്യുകയും അതിനാവശ്യമായ 60X20 ന്റെയും 80X20 ന്റെയും സ്ഥിരകെട്ടിടങ്ങളും നാലു ഷെഡ്ഡുകളും നിർമ്മിച്ചുകൊടുക്കുകയും ഒന്നര ഏക്കർ സ്ഥലം വാങ്ങി നൽകുകയും കൂടുതൽ ആവശ്യമായ ഒരേക്കർ സ്ഥലം. ലഭിക്കാത്തതിനാൽ 1981-ൽ 20,000/ രൂപ സർക്കാരിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വികസനപ്രവർത്തനങ്ങൾക്ക് വിതുര പഞ്ചായത്തിന്റെ സാമ്പത്തികവും അല്ലാതെയുമുള്ള സഹായം ലഭിച്ചിട്ടുണ്ട്. സ്കൂളിനാവശ്യമായ മുഴുവൻ ഫർണീച്ചറുകളും വാട്ടർടാങ്കും പൈപ്പുകളും വൈദ്യുതിയും പി.റ്റി. എ ചെയ്തുകൊടുത്തിട്ടുണ്ട്. സ്കൂൾ വികസനത്തിനുവേണ്ടി പ്രവർത്തിച്ച പി. റ്റി. എയുടേയും വികസനസമിതിയുടേയും പ്രവർത്തനം പ്രശംസനീയമാണ്. ഇപ്പോൾ 140X20 ന്റെ ഒരു സെമിപെർമനെന്റ് ഷെഡ്ഡിന്റെ നിർമ്മാ

ണം ശ്രീ. വയലാർ രവി എം. പിയുടെ എം. പി. ഫണ്ടിൽ നിന്നുള്ള സഹായത്തോടെ നിർമ്മിച്ചുവരുന്നു.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വിതുരയുടെ ചരിത്രം ശ്രദ്ധേയമാണ്. കെ.പി. എസ് എം. ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിലും വിതുര തീയറ്റേഴ്സ് എന്ന ക്ലബ്ബിന്റെ ആഭിമുഖ്യത്തിലും വിദ്യാർത്ഥികൾക്ക് സൗജന്യട്യൂഷൻ നൽകിയിരുന്നു. ഇപ്പോൾ K.R.D.S.S ബ്ളോക്ക്, കേരളാ യൂണിവേഴ്സിറ്റിയുടെ വയോജന വിദ്യാഭ്യാസപദ്ധതി, സാമൂഹ്യക്ഷേമവകുപ്പ്, കേരളാ സാക്ഷരതാ സമിതി, ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയവയുടെ നേതൃത്വത്തിൽ പൊതുവായും ആദിവാസിമേഖലയിലും നിരക്ഷരതാ നിർമ്മാർജ്ജനവും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ ആറ് പാരലൽ കോളേജുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കലാശാലാ വിദ്യാഭ്യാസത്തിന് വിതുരയിൽ പാരലൽകോളേജുകളെയാണ് ആശ്രയിക്കുന്നത്. കൂടാതെ ഇക്ബാൽ കോളേജ് പെരിങ്ങമ്മല, ഗവഃ കോളേജ് നെടുമങ്ങാട്, തിരുവനന്തപുരത്തെ വിവിധ കോളേജുകൾ എന്നിവയിലും വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

വിതുര പഞ്ചായത്തിൽ മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു കമ്പ്യൂട്ടർ പഠനകേന്ദ്രവും രണ്ട് തയ്യൽപരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിനായി ആര്യനാട്, നെടുമങ്ങാട്, തിരുവനന്തപുരം എന്നിവിടങ്ങളിലെ പോളിടെക്നിക്ക്, ഐ. റ്റി. ഐ, ഐ. റ്റി.സി, എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയവയെയാണ് ആശ്രയിക്കുന്നത്.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് വിവിധ വാർഡുകളിലായി അംഗീകൃതവും സ്വകാര്യവുമായ 10 ഓളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ രണ്ട് ഇംഗ്ലീഷ്മീഡിയം എൽ. പി. സ്കൂളുകളും സമീപപഞ്ചായത്തിൽ ഒരു യു.പി. സ്കൂളും പ്രവർത്തിക്കുന്നു. ഇവിടെനിന്നും 200 ഓളം കുട്ടികൾ നെടുമങ്ങാട്, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നു.

### പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ ഭൂപ്രകൃതിയും ജനസംഖ്യയും അടിസ്ഥാനമായി വിലയിരുത്തിയാൽ അടിസ്ഥാന വിദ്യാഭ്യാസത്തിനുവേണ്ടി മതിയായ സ്ഥാപനങ്ങൾ ഉണ്ടെന്നു പറയാമെങ്കിലും വിദ്യാർത്ഥികളുടെ പഠനനിലവാരം താഴ്ന്നതാണെന്ന് സ്കൂൾ സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് പ്രധാന കാരണങ്ങൾ ജനനനിരക്കിലുണ്ടാകുന്ന കുറവും, ഇംഗ്ലീഷ് വിദ്യാഭ്യാസം ലക്ഷ്യമാക്കി ദൂരസ്ഥലങ്ങളിൽ കുട്ടികളെ അയയ്ക്കുന്നതും, ശിക്ഷണത്തിലെ അപാകതകളും, അധ്യാപകരിൽ കുറഞ്ഞുവരുന്ന ആത്മാർത്ഥതയും, സാധാരണക്കാരായ രക്ഷാകർത്താക്കളുടെ അജ്ഞതയുമാണ്.

### മറ്റു പ്രധാനപ്രശ്നങ്ങൾ

1. സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഇടയിൽ മത്സരബുദ്ധി വളരെക്കുറവാണ്.
2. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും സാധാരണ കുടുംബങ്ങളിൽ നിന്നു വരുന്നവരും പട്ടികജാതി, പട്ടികവർഗ്ഗക്കാരുമാണ് ഇവർക്ക് വേണ്ട പ്രോത്സാഹനം നൽകുവാനും പഠനസൗകര്യങ്ങൾ ഒരുക്കുവാനും രക്ഷകർത്താക്കൾ തൽപ്പരരല്ലാതിരിക്കുകയും സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരും ആണ്.
3. അദ്ധ്യയന സമയം പല കാരണങ്ങളാൽ കുറയുന്നു.
4. ദൃശ്യശ്രവ്യ മാധ്യമങ്ങൾ ഇല്ലാത്തതും, അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനം ലഭിക്കാത്തതും വിദ്യാർത്ഥി അധ്യാപക അനുപാതം ശരിയല്ലാത്തതും നിലവാരം നോക്കാതെയുള്ള ക്ലാസ്സ് കയറ്റവും പഠനനിലവാരം കുറയുവാൻ കാരണമാകുന്നു.
5. എല്ലാ വിഷയങ്ങൾക്കുമുള്ള അദ്ധ്യാപകർ സ്കൂൾ വർഷാരംഭം മുതൽ ഉണ്ടാകുന്നില്ല. ഉള്ള അദ്ധ്യാപകരിൽ പലരും ദൂരെ സ്ഥലങ്ങളിൽ നിന്നു വരുന്നതിനാൽ അവർ സ്കൂളിൽ എത്തിച്ചേരുമ്പോൾ വൈകുന്നു. ഇത് പഠനസമയം കുറയ്ക്കുന്നു.
6. പി.റ്റി.എ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
7. പല വാർഡുകളിൽ പ്രൈമറി വിദ്യാഭ്യാസത്തിനുപോലും കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിവരുന്നു. (ഉദാഃ കുണ്ടാളം കുഴി, പൊന്നാംചുണ്ട്, തേവിയാട്, മണലി) പൊടിയക്കാല, കല്ലൻകുടി.
8. കലാശാലാ വിദ്യാഭ്യാസത്തിന് പാരലൽ കോളേജുകൾ മാത്രമാണ് ആശ്രയം.
9. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല.
10. പല സ്കൂളുകളിലെയും ഭൗതിക സാഹചര്യങ്ങളിലെ അപര്യാപ്തത, ഉള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താതിരിക്കൽ എന്നിവ.
11. കലാകായിക വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രാമുഖ്യം നൽകുന്നില്ല.
12. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ

ക്കും പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും വേണ്ടത്ര പഠനോപകരണങ്ങൾ ലഭിക്കുന്നില്ല. ഇത്തരം കുട്ടികൾ പോഷകാഹാരക്കുറവുള്ളതിനാൽ പഠനതാല്പര്യം കുറവാണ്.

13. V.H.S.C ക്ക് സ്ഥിരം അദ്ധ്യാപകരില്ല.
14. പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നില്ല.
15. വയോജനവിദ്യാഭ്യാസവും, തുടർ സാക്ഷരതാ പ്രവർത്തനവും കാര്യക്ഷമമല്ല.
16. വിദ്യാലയങ്ങളിൽ ജനകീയ ഇടപെടലുകൾ (മാതൃ സംഗമം, പ്രാദേശിക ജനകീയസമിതികൾ) ഉണ്ടാകുന്നില്ല.

## നിർദ്ദേശങ്ങൾ പദ്ധതികൾ

1. വിദ്യാഭ്യാസമേഖലയിൽ ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭായോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും പദ്ധതികളും.

1. നിലവിൽ ബാലവാടികൾ, നേഴ്സറികൾ ഇവ ഇല്ലാത്ത വാർഡുകളിൽ അടിയന്തിരമായി അവ ആരംഭിക്കണം. നിലവിലുള്ള ബാലവാടികളുടെ നഴ്സറികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
2. ബാലവാടികളിൽ പരിശീലനം ലഭിച്ച അധ്യാപകരെ നിയമിക്കുകയും കുട്ടികൾക്ക് കളിക്കോപ്പുകളും മറ്റു ഉപകരണങ്ങളും ലഭ്യമാക്കുകയും വേണം.
3. പ്രൈമറി സ്കൂളുകൾ തമ്മിലുള്ള ശരാശരിദൂരം മൂന്ന് കി.മീ ആയി കുറയ്ക്കുകയും ഇതിന് ആനപ്പാറവാർഡിലെ കുണ്ടാളം കുഴി, തേവിയാട്, ചേന്നമ്പാറ, മേമല, പൊടിയക്കാല എന്നിവിടങ്ങളിൽ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കണം.
4. മേമല K.V.L.P.S, ചായം L.P.S, മരുതാമല W.F.L.P.S എന്നിവയെ L.P.S ആയി ഉയർത്തണം.
5. ചെറ്റച്ചൽ യു. പി. എസ്സിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് കൂടുതൽ ക്ലാസ്സ് റൂമുകൾ നിർമ്മിക്കുകയും അധ്യാപകരെ നിയമിക്കുകയും ചെയ്യുക.
6. പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും പൂർണ്ണമായും ചുറ്റുമതിലുകൾ സ്ഥാപിക്കണം.
7. എല്ലാ സ്കൂളുകളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.
8. തലത്തുത ട്രൈബൽ സ്കൂളിന് സ്ഥിരം കെട്ടിടം, ഫർണീച്ചർ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ അടിയന്തിരമായ പണിയണം.
9. സ്കൂൾ ആരംഭത്തിൽ തന്നെ എല്ലാ വിഷയങ്ങൾക്കുമുള്ള അധ്യാപകരെ ലഭ്യമാക്കണം.
10. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻനൽകി അവരുടെ പഠനനിലവാരം ഉയർത്തണം.
11. പഞ്ചായത്തിലുള്ള എല്ലാ സ്കൂളുകളിലും ദൂരെസ്ഥലങ്ങളിൽ നിന്നും വരുന്ന അദ്ധ്യാപകർക്കുവേണ്ടി ക്വാർട്ടേഴ്സുകൾ പണിയണം. ഇത് പഠനസമയം കൂട്ടാൻ സഹായകമാകും.
12. എല്ലാ സ്കൂളുകളിലും കായികപരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും കായിക പരിശീലനം നിർബന്ധമാക്കുകയും വേണം.
13. വിദ്യാലയങ്ങളിലെ നിലവിലുള്ള ലൈബ്രറികൾ എല്ലാ വിദ്യാർത്ഥികളും പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുകയും വേണം. കൂടാതെ ലബോറട്ടറി സംവിധാനവും വിപുലപ്പെടുത്തേണ്ടതും വിദ്യാർത്ഥികളെ അവ പ്രയോജനപ്പെടുത്തുന്നതിനു പ്രാപ്തരാക്കുകയും വേണം.
14. പഞ്ചായത്തിൽ അടിയന്തിരമായി ഒരു ടെക്നിക്കൽ സ്കൂൾ ആരംഭിക്കണം.
15. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയും ഇവയുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും വേണം.
16. ആനപ്പാറ എച്ച്. എസ്., വിതുര യു. പി. എസ്സ്., എച്ച്. എസ്സ്. എന്നിവിടങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൂടി ഏർപ്പെടുത്തണം.
16. വിതുരയിലേയും സമീപപ്രദേശങ്ങളിലേയും വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി ഒരു കോളേജ് അടിയന്തിരമായി സ്ഥാപിക്കണം.
17. നവസാക്ഷരർക്കും; നിരക്ഷരർക്കും പ്രയോജനപ്പെടുന്ന രീതിയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കണം.
18. എസ്. എസ്. എൽ. സി വിജയശതമാനം ഉയർത്തുവാൻ പി.റ്റി. എയുടെ പ്രാദേശിക ജനകീയ സമിതികളുടെ ഇടപെടലുകൾ ഉണ്ടാകണം.
19. സ്കൂൾ പ്രവർത്തനങ്ങളിൽ ഓരോ സ്കൂളിനും പ്രത്യേകം പ്രത്യേകവും, പഞ്ചായത്തിൽ ഏകീകരിച്ചും ഒരു ജനകീയ സമിതി രൂപീകരിക്കണം. ഈ സമിതി സ്കൂൾ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും

സഹായങ്ങളും പി.റ്റി. എയുടെയും സ്കൂളിന്റെയും പ്രവർത്തനങ്ങളും വിലയിരുത്തേണ്ടതാണ്.

20. വിതുര V.H.S.Sൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം.
21. ആനപ്പാറ H.Sൽ നിന്നും L.P. വിഭാഗം മാറ്റുകയും പകരം വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ ആരംഭിക്കുകയും വേണം.

## നിർദ്ദേശങ്ങൾ, പദ്ധതികൾ

വിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും പദ്ധതികളും

1. നിലവിൽ ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ഇല്ലാത്ത വാർഡുകളിൽ അടിയന്തിരമായി അവ ആരംഭിക്കണം. നിലവിലുള്ള ബാലവാടികളുടെ നഴ്സറികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
2. ബാലവാടികൾ പരിശീലനം ലഭിച്ച അദ്ധ്യാപകരെ നിയമിക്കുകയും കുട്ടികൾക്ക് കളിക്കോപ്പുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുകയും വേണ്.
3. പ്രൈമറി സ്കൂളുകൾ തമ്മിലുള്ള ശരാശരി ദൂരം മൂന്ന് കി. മീ ആയി കുറയ്ക്കുകയും ഇതിന് ആനപ്പാറ വാർഡിലെ കുണ്ടാളം കുഴി, തേവിയാട് , ചേന്നൻ പാറ, മേമല പൊടിയക്കാല എന്നിവിടങ്ങളിൽ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുകയും വേണം.
4. മേമല K.V., L.P.S , ചായം എൽ. പി. എസ്, മറുതാമല W.F., L.P.S എന്നിവയെ U.P.S ആയി ഉയർത്തണം.
5. ചെറ്റച്ചൽ യു.പി. എസ്-ൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് കൂടുതൽ ക്ലാസ്സ് റൂമുകൾ നിർമ്മിക്കുകയും അദ്ധ്യാപകരെ നിയമിക്കുകയും വേണം.
6. പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും പൂർണ്ണമായും ചുറ്റുമതിലുകൾ സ്ഥാപിക്കണം.
7. എല്ലാ സ്കൂളുകളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും വേണം.
8. തലത്തുത ട്രൈബൽ സ്കൂളിന് സ്ഥിരം കെട്ടിടം, ഫർണിച്ചർ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ അടിയന്തിരമായി പണിയണം.
9. സ്കൂൾ ആരംഭത്തിൽ തന്നെ എല്ലാ വിഷയങ്ങൾക്കുമുള്ള അദ്ധ്യാപകരെ ലഭ്യമാക്കണം.
10. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകി അവരുടെ പഠനനിലവാരം ഉയർത്തണം.
11. പഞ്ചായത്തിലുള്ള എല്ലാ സ്കൂളുകളിലും ദൂരെ സ്ഥലങ്ങളിൽ നിന്നും വരുന്ന അദ്ധ്യാപകർക്ക് വേണ്ടി ക്വാർട്ടേഴ്സുകൾ പണിയണം. ഇത് പഠനസമയം കൂട്ടാൻ സഹായമാകും.
12. എല്ലാ സ്കൂളുകളിലും കായിക പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും കായിക പരിശീലനം നിർബന്ധമാക്കുകയും വേണം.

വിദ്യാലയങ്ങളിലെ നിലവിലുള്ള ലൈബ്രറികൾ

13. എല്ലാ വിദ്യാർത്ഥികളും പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുകയും വേണം. കൂടാതെ ലബോറട്ടറി സംവിധാനവും വിപുലപ്പെടുത്തേണ്ടതും വിദ്യാർത്ഥികളെ അവ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.
14. ആനപ്പാറ എച്ച്. എസ്., വിതുര യു. പി. എസ്, എച്ച്. എസ്. എന്നിവിടങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൂടി ഏർപ്പെടുത്തണം.
15. വിതുരയിലെയും സമീപ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി ഒരു കോളേജ് അടിയന്തിരമായി ആരംഭിക്കണം.
16. നവസാക്ഷരർക്കും നിരക്ഷരർക്കും പ്രയോജനപ്പെടുന്ന രീതിയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കണം.
17. എസ്. എസ്. എൽ. സി വിജയശതമാനം ഉയർത്തുവാൻ പി.റ്റി.എയുടെയും, പ്രാദേശീയ ജനകീയ സമിതികളുടെയും ഇടപെടലുകൾ ഉണ്ടാവണം.
18. സ്കൂൾപ്രവർത്തനങ്ങളിൽ ഓരോ സ്കൂളിനും പ്രത്യേകം, പ്രത്യേകം പഞ്ചായത്ത് ഏകീകരിച്ച് ഒരു ജനകീയ സമിതി രൂപീകരിക്കണം. ഈ സമിതിയിൽ സ്കൂൾപ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും, പി റ്റി എ യുടെയും സ്കൂളിന്റെയും പ്രവർത്തനവും വിലയിരുത്തണം.

## ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ഗുണനിലവാര വർദ്ധനവിനും എസ്. എസ്. എൽ. സി വിജയശതമാനം ഉയർത്തുന്നതിനും അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ.

1. ഈ പഞ്ചായത്ത് ആസ്ഥാനത്തു നിന്നും വളരെ ദൂരെയുള്ള പ്രദേശങ്ങളിലെ പ്രത്യേകിച്ച് യാതൊരു ഗതാഗത സൗകര്യങ്ങളുമില്ലാത്ത ആദിവാസിമേഖലയിലെ വിദ്യാർത്ഥികളെയും മറ്റുപിന്നോക്ക വിഭാഗവിദ്യാർ

ഥിഹാളെയും തോട്ടം മേഖലകളിലെ വിദ്യാർത്ഥികളെയും വിത്യര കേന്ദ്രമാക്കി താമസിപ്പിച്ച് ആഹാരം നൽകി. പഠിപ്പിക്കുവാൻ, നടപടികൾ ആരംഭിക്കണം. ഇതിന് വേണ്ടി ഹോസ്റ്റലുകൾ പണിയണം.

2. ഇന്ന് യു. പി വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഏഴാം സ്റ്റാൻഡേർഡ് ഹൈസ്കൂൾ വിഭാഗത്തിൽ ചേർക്കുകയോ അല്ലെങ്കിൽ ബിരുദധാരികളായ അദ്ധ്യാപകരെമാത്രം ഏഴാം ക്ലാസിലെ കുട്ടികളെ പഠിപ്പിക്കുവാൻ ചുമതലപ്പെടുത്തുകയോ വേണം.
3. ഹൈസ്കൂൾ ക്ലാസുകളിൽ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതിന് ജ്യോഗ്രഫി വിഷയം മുഖ്യമായെടുത്ത് പഠിച്ച അദ്ധ്യാപകരെ ഏൽപ്പിക്കണം.
4. ഹൈസ്കൂൾ ക്ലാസുകളിലെങ്കിലും ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഭാഷ മുഖ്യപാഠ്യവിഷയമായി പഠിച്ച അദ്ധ്യാപകരെ തന്നെ നിർബന്ധമായി ഏൽപ്പിക്കണം. ഇന്ന് അങ്ങനെയുള്ള ഒരാളും ഗവൺമെന്റ് ഹൈസ്ക്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നില്ല..
5. ഓരോ കുട്ടിക്കും 150 ദിവസമെങ്കിലും പഠന ദിവസം കിട്ടണം (പ്രവർത്തി ദിവസമല്ല) അനാവശ്യമായ അവധികൾ ഒഴിവാക്കണം.

## ആവശ്യമായ പരിഷ്കാരങ്ങൾ

1. ഹെഡ്മാസ്റ്റർമാർക്ക് management ൽ പരിശീലനം നൽകുക.

2. പഞ്ചായത്തിനകത്തുള്ള മുഴുവൻ അദ്ധ്യാപകരെയും ചേർത്ത് വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും നിർബന്ധമായും സമ്മേളിപ്പിക്കുകയും (ഓരോ term ആരംഭിക്കുന്നതിന് മുൻപ്) പഠിപ്പിക്കുവാനുള്ള പാഠഭാഗങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച ചെയ്യുകയും ഓരോ അദ്ധ്യാപകരും അവരവർ പഠിപ്പിക്കുന്ന പാഠഭാഗങ്ങളെ സംബന്ധിച്ച അവലോകനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. സിലബസ് മാറ്റങ്ങൾ വരുത്തുമ്പോൾ ഈ റിപ്പോർട്ടിനെ അവലംബമാക്കേണ്ടതാണ്.

3. ആറാം ക്ലാസുവരെ അടിസ്ഥാന വിദ്യാഭ്യാസം മാത്രം നൽകണം.

4. 7-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ സർവ്വ കാര്യങ്ങളും പഠിപ്പിക്കുന്നതിന് പകരം സയൻസ് വിഷയങ്ങൾ ആർട്ട്സ് വിഷയങ്ങൾ എന്നിങ്ങനെ തരംതിരിച്ച് പഠിപ്പിക്കുകയും. ഒരു ജനറൽ പേപ്പർ ഏർപ്പെടുത്തുകയും വേണം. ഒഴിവാക്കുന്ന പേപ്പറുകൾക്ക് പകരം, കൃഷി ,വ്യവസായം തുടങ്ങിയ കാര്യങ്ങളിൽ തൊഴിലധിഷ്ഠിതപരിശീലനവും പ്രയോഗവും പഠിപ്പിക്കണം.

5. സർവ്വകലാശാല തലത്തിലുള്ള പാഠ്യവിഷയങ്ങൾ അതാത് പ്രദേശത്തിന്റെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ സാംസ്കാരിക ആവശ്യങ്ങളെ നിറവേറ്റാൻ തക്കവിധം പരിവർത്തനപ്പെടുത്തണം.

# വിതുര ഗ്രാമപഞ്ചായത്ത് സ്കൂളുകളുടെ പൊതുവിവരം

| സ്കൂളിന്റെപേര് | ഹൈ സ്കൂൾ/ യു. പി/ പ്രൈമറി | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റു കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 ഗവ. വി എച്ച് എസ് വിതുര | HS | സർക്കാർ | | | | 679 | 753 | 1432 | 51 | 50 | 1 | 1 | 4.75ഏക്കർ | 1ഏക്കർ | | ചുറ്റുമതിൽ പൂർണ്ണമല്ല |
| 2. ഗവ.H.S ആനപ്പാറ | HS | സർക്കാർ | | | | 390 | 375 | 765 | 28 | 26 | 2 | 1 | 2.10 ഏക്കർ | ഇല്ല | | ചുറ്റുമതിൽ ഇല്ല, അറ്റകുറ്റപ്പണി, ചെയ്തിട്ടില്ല. |
| 3. ഗവ. U.P.S വിതുര | u.p.s | സർക്കാർ | | | | 899 | 823 | 1722 | 50 | 49 | 1 | 1 | 1.50 ഏക്കർ | ഇല്ല | 30 സെന്റ് പോസ്റ്റ് ഓഫീസിനു സമീപം | ചുറ്റുമതിൽ ഭാഗികം ഫർണ്ണിച്ചർറിപ്പയർചെയ്തിട്ടില്ല. |
| 4. ഗവ. U.P.S ചെറ്റച്ചൽ | u.p.s | സർക്കാർ | | | | 155 | 149 | 304 | 10 | 8 | 2 | | 1.54ഏക്കർ | 120x20 | | ചുറ്റുമതിൽ ഇല്ല ഫർണിച്ചർ അപര്യാപ്തം |
| 5. ഗവ. u.p.s ബോണക്കാട് | u p s | സർക്കാർ | | | | 12 | 22 | 34 | 8 | 4 | 4 | | | | | ഫർണ്ണിച്ചർ ഇല്ല |
| 6. ഗവ. L.P.S കല്ലാർ | LPS | സർക്കാർ | | | | 37 | 25 | 62 | 3 | 3 | | | 1.15 ഏക്കർ | 400sq. feet. | | ചുറ്റുമതിൽ ഇല്ല ഫർണിച്ചർ അപര്യാപ്തം |
| 7. H.S മരുതാമല | LPS | സർക്കാർ | | | | 58 | 63 | 121 | 4 | 4 | 2.00 ഏക്കർ | | 20 സെന്റ് | 30 സെന്റ് | | ചുറ്റുമതിൽ ഇല്ല. റിപ്പയറിംഗ് നടക്കുന്നില്ല. |
| 8. ട്രൈബൽ L.P.S തലത്തൂത | LPS | സർക്കാർ | | | | 14 | 12 | 26 | 5 | 4 | 1 | | | | | |
| 9. K.V.L.P.S തേമല | LPS | എയ്ഡഡ് | | | | 94 | 75 | 169 | 6 | 6 | | | 1.00 ഏക്കർ | ഇല്ല | 30 സെന്റ് | ചുറ്റുമതിൽ ഇല്ല അറ്റകുറ്റപ്പണികൾ ചെയ്തിട്ടില്ല. |
| 10. ഗവ. L.P.S ചായം | | സർക്കാർ | | | | 158 | 148 | 306 | 10 | 10 | - | - | 50 സെന്റ് | 20 സെന്റ് | - | ചുറ്റുമതിൽ ഇല്ല. അറ്റകുറ്റപ്പണികൾ, ഇല്ല |
| ആകെ | | | | | | 2496 | 2445 | 4941 | | | | | | | | |

## വിതുര പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ ഏതെന്ന് ബ്രാക്കറ്റിൽ | | | കോളേജുകൾ | | | പാരലൽ കോളേജുകൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S./H.S | | | | | U.P.S | | | | | L.P.S | | | | | നഴ്സറി | | | | | | | | | | | | |
| വാർഡ് | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ നടത്തുന്നവ | സ്കൂൾ കോളേജ് ക്ലാസുകൾ നടത്തുന്നവ. |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| 1 | 1 | | | | 1 | 1 | | | | 1 | – | | | | | | | 1 | 1 | HSS-1 | | | | | | | | 4 |
| 2 | | | | | | 1 | | | | 1 | 1 | | | | 1 | | | 2 | 2 | | | | | | | | | |
| 3 | | | | | | | | | | | | | 1 | | | | | 1 | 1 | | | | | | | | | |
| 4 | | | | | | | | | | | | 1 | | | 1 | 1 | 1 | 2 | 4 | | | | | | | | | |
| 5 | | | | | | | | | | | | | | | | | | 4 | | | | | | | | | | |
| 6 | | | | | | | | | | | | | | | | | | 2 | 2 | | 1 | 1 | | | | | | |
| | | | | | | | | | | | | | | | | | | | | | C.Tech Computers | | | | | | | |
| 7 | | | | | | | | | | | | | | | | | | 2 | 2 | | | | | | | 2 | | |
| 8 | | | | | | | | | | | 2 | | | | 2 | 2 | | | 4 | | | | | | | | | |
| 9 | 1 | | | | 1 | | | | | 1 | | | | | | | | 1 | 1 | | | | | | | | | |
| 10 | | | | | | | | | | | 1 | | | | 1 | | | 1 | 1 | | | | | | | | | |
| 11 | | | | | | 1 | | | | | | | | | 4 | | | 1 | 1 | | | | | | | | | |
| ആകെ | 2 | | | | 2 | 3 | | | | 3 | 4 | | | | 5 | 3 | 1 | 15 | 19 | | | 2 | | | | 2 | | 4 |

## വിതുരഗ്രാമപഞ്ചായത്ത് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| സ്കൂളുകൾ | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | വേണ്ടത്ര ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| എച്ച് എസ് | | | 79 | 805 | 874 | 1679 | 1 | 1 | | 2 |
| യു. പി എസ് | | | 68 | 795 | 739 | 1534 | 1 | 2 | | 3 |
| എൽ പി എസ് | | | 28 | 896 | 832 | 1728 | 4 | 2 | | 6 |
| പ്രീ പ്രൈമറി | | | | | | | | | | |
| ആകെ | | | | 175 | 2496 | 2445 | 4941 | 6 | 5 | 11 |

വിദ്യാഭ്യാസ ആവശ്യത്തിന് ചെലവഴിച്ച തുക മൊത്തം ചെലവിന്റെ എത്ര ശതമാനം ( 1995 96)

## വിതുര ഗ്രാമപഞ്ചായത്ത് സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം കുട്ടികളുടെ | വികലാം സ്കോളർഷിപ്പ് | ഇവാന്മാരുടെ മക്കൾക്കുള്ള | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ വ്യക്തമാക്കുക |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഗവ. വി. എച്ച് എസ് എസ് വിതുര | 6 | 284 | 103 | 6 | ഇല്ല | ഇല്ല | ഇല്ല | പ്രതിമാസ സ്റ്റൈപെന്റ് 65 |
| 2. | ഗവ. എച്ച്. എസ് ആനപ്പാറ( എൽ പി) | 3 | 339 | 36 | 1 | ഇല്ല | ഇല്ല | ഇല്ല | കോഫീബോർഡ് |
| 3. | ഗവ. യു. പി. എസ് വിതുര | 17 | 337 | 45 | 10 | - | - | - | നാടാർ പെൺകുട്ടികൾ |
| 4. | ഗവ. യു. പി. എസ് ചെറ്റച്ചൽ | | 50 | | 2 | ഇല്ല | ഇല്ല | ഇല്ല | |
| 5. | ഗവ. യു. പി. എസ്. ബോണക്കാട് | | 20 | | | | | | |
| 6. | ഗവ. എൽ. പി എസ് കല്ലാർ | | 32 | | | | | | |
| 7. | ഗവ. എൽ. പി എസ് തലത്തൂത | | 26 | | | | | | പ്രതിമാസ സ്റ്റൈപെന്റ് |
| 8. | ഗവ. ഡബ്ല്യു. എസ് മരുതാമല | | 45 | | | | | | പ്രതിമാസ സ്റ്റൈപെന്റ് 15 |
| 9. | ഗവ. എൽ പി. എസ് ചായം | | 26 | | | | | | |
| 10 | കെ വി എൽ പി എസ് തേമല | | 24 | | | | | | |
| ആകെ | | 26 | | 4 | | | | | |

# വിതുര പഞ്ചായത്ത്, സ്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് ഇല്ല, പ്രവർത്തിക്കുന്നു, പ്രവർത്തിക്കുന്നില്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല, പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട് ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96ൽ ലഭിച്ച അധ്യയനദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം സജീവമല്ല | ക്ലാസ് പി.ടി.എ പ്രവർത്തിക്കുന്നു, ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ്റിക്കാർഡർ | ടി. വി. സെറ്റ് | വി. സി. ആർ/വി. സി. പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9. | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1. VHSSS വിതുര | ഉണ്ട് | ഉണ്ട് | വേണ്ടത്ര | | | | | | | | | | | | | | | |
| | | | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 35 | 195 | 195 | 25 | 25 | സജീവം | ഉണ്ട് |
| 2. H.S ആനപ്പാറ | ഉണ്ട് | ഉണ്ട് | വേണ്ടത്ര | | | | | | | | | | | | | | | |
| | ന്യൂ-ഇല്ല | ന്യൂ-ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 5 | 16 | 195 | ഇല്ല | | സജീവം | ഇല്ല |
| 3. ഗവ. UPS വിതുര | ഉണ്ട് | ഉണ്ട് | വേണ്ടത്ര | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 10 | 35 | 192 | ഇല്ല | 8 | സജീവം | ഭാഗികം |
| | | | ഇല്ല | വേണ്ടത്ര | ഇല്ല | ശൂന്യം | | | | | | | | | | | | പ്രവർത്തനമില്ല |
| 4. ഗവ. UPS ചെറ്റച്ചൽ | ഇല്ല | ഇല്ല | വേണ്ടത്ര | ഉണ്ട് | | | | | | | | | | | | | | |
| | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 | 195 | 3 | 2 | | സജീവം പ്ര |
| വർത്തിക്കുന്നു | | | | | | | | | | | | | | | | | | |
| 5. ഗവ. U.P.S ബോണക്കാട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | | 195 | 6 | 20 | | |
| 6. ഗവ. L.P.S ചായം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | 195 | | 2 | സജീവം | |
| | | | | | | | | | | | | | | | | | | പ്രവർത്തിക്കുന്നു |
| | | | | | പ്രവർത്തനമില്ല | | പ്രവർത്തനമില്ല | | | | | | | | | | | |
| 7. ഗവ. L.P.S കല്ലാർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 190 | ഇല്ല | 3 | സജീവം | ഉണ്ട് |
| 8. W.S മേമല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 4 | 4 | 194 | | 3 | സജീവം | പ്രവർത്തിക്കുന്നില്ല |
| 9. ഗവ. എൽ പി എസ് തലത്തൂത | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 4 | 108 | 3 | 15 | സജീവം | പ്രവർത്തിക്കുന്നു |
| 10. K.V.L.P.S തേമല | ഇല്ല | ഇല്ല | വേണ്ടത്ര | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 5 | 191 | 4 | 5 | സജീവം | പ്രവർത്തിക്കുന്നില്ല. |

# വിതുര ഗ്രാമപഞ്ചായത്ത് സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറി ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള സ്ഥലമുണ്ട് / ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം കിണർ / പൈപ്പ് ഉണ്ട്/ ഇല്ല | വൈദ്യുതീകരണം ഉണ്ട്/ ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ / ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1.ഗവ. VHS വിതുര | 33 | 3 | 2 | 3 | 27 | 14 | 9 | ഇല്ല | | 2 | 40 | | 2 | | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഇല്ല | 50 | 25 | 10 | 20 | അലമാര -10 |
| 2. ഗവ. H.S ആനപ്പാറ | 21 | 3 | - | 4 | 13 | - | 10 | 5 | - | 2 | 20 | 2 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | - | - | 5 | 5 ഇല്ല |
| 3. ഗവ. യു. പി. എസ് വിതുര | 40 | 3 | 1 | 3 | 32 | 4 | 10 | | ഉണ്ട് | 2 | 30 | 6 | ഇല്ല | ഇല്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 150 | 50 | 25 | 45 | അലമാര 5 റാക്ക് 5 മേശ1 |
| 4. ഗവ. യു. പി. എസ് ചെറ്റച്ചൽ | 9 | 3 | ഇല്ല | ഇല്ല | 9 | — | 6 | വേണ്ട | 1 | 10 | 1 | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 55 | 10 | 5 | 7 | അലമാര 3 റാക്ക് 2 മേശ1 |
| 5 ഗവ. യുപി എസ്ബോണക്കാട് | 10 | 1 | - | - | 2 | - | - | 10 | ഉണ്ട് | ഇല്ല | | 2 | ഇല്ല | 2 | | - | ഉണ്ട് | ഇല്ല | ഇല്ല | 20 | 20 | 10 | 10 | അലമാര 4 റാക്ക് 2 മേശ |
| ഗവ. എൽ. പി. എസ്. ചായം | 8 | 1 | 1 | ഇല്ല | 6 | 4 | 8 | 4 | 1 | 3 | 5 | 1 | 1 | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 15 | 5 | 10 | | അലമാര 2 സ്റ്റൂൾ 2 |
| 7. ഗവ. എൽ. പി എസ്. കല്ലാർ | 4 | 1 | - | - | 2 | - | ഇല്ല | ഇല്ല | ഇല്ല | 1 | 10 | 1 | - | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 20 | 20 | 5 | 5 | ബോർഡ് 4 മേശ കസേര 5 അലമാര1 |
| 8. ഗവ. ട്രൈബൽ എൽ പി എസ് [illegible] | 4 | 1 | ഇല്ല | ഇല്ല | 2 | ഇല്ല | - | - | - | 4 | | | | | | | | | | | | | | അലമാര 2 മേശ |
| 9. ഡബ്ല്യു എസ് മരുതാമല | 4 | 1 | 1 | 1 | 4 | ഇല്ല | 4 | ഇല്ല | സ്ഥിരം വേണം | 1 | 4 | 1 | 1 | ഇല്ല | കിണർ പൈപ്പ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 40 | | 6 | | അലമാര 1 റാക്ക് L |
| 10. കെ. വി. എൽ.പി. എസ് | 6 | 1 | 2 | 5 | 6 | ഉണ്ട് | ഇല്ല | 1 | ഇല്ല | ഉണ്ട് | കിണർ | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 2 | 2 | 3 | 20 | - | 1 | 2 | അലമാര1 മേശ 1 |

## വിതുരഗ്രാമപഞ്ചായത്ത്

### പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ

| നമ്പർ | സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1. | ഗവ. വി എച്ച് എസ് വിതുര | 89 | 127 | 216 |
| 2. | ഗവ. എച്ച് എസ് ആനപ്പാറ | 141 | 148 | 289 |
| 3. | ഗവ. യു. പി. എസ് വിതുര | 179 | 172 | 351 |
| 4. | ഗവ. യു. പി. എസ് ചെറ്റച്ചൽ | 17 | 23 | 40 |
| 5. | ഗവ. യു. പി. എസ് ബോണക്കാട് | | | |
| 6. | ഗവ. എൽ. പി. എസ് കല്ലാർ | 19 | 12 | 31 |
| 7. | ഗവ. എൽ. പി. എസ് ചായം | 18 | 8 | 26 |
| 8. | ഗവ. എൽ.പി. എസ് തലത്തൂത | 14 | 12 | 26 |
| 9. | ഗവ. ഡബ്ലിയു. എസ് മരുതാമല | 26 | 19 | 45. |
| 10. | കെ. വി. എൽ. പി. എസ് തേമല | 12 | 12 | 24 |
| | ആകെ | 515 | 533 | 1040 |

## വിതുരഗ്രാമപഞ്ചായത്ത് എസ് എസ് എൽ സി വിജയശതമാനം

| നമ്പർ സ്കൂളിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. ഗവ. വിഎച്ച്എസ്എസ് വിതുര | 28% | 29% | 30% | 28% | 27% |
| 2. ഗവ എച്ച് എസ് ആനപ്പാറ | 30% | 26% | 21% | 28% | 18% |

## വിതുര ഗ്രാമപഞ്ചായത്ത് തോറ്റുപഠിക്കുന്ന വിദ്യാർത്ഥികളും പഠനം നിർത്തിയവരും

| നമ്പർ | സ്കൂളിന്റെ പേര് | തോറ്റുപഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|
| | | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ |
| 1. | ഗവ. വി എച്ച് എസ് എസ് വിതുര | 16 | 22 | 38 | | 3 | 3 |
| 2. | ഗവ. എച്ച് എസ് ആനപ്പാറ | 37 | 62 | 99 | 33 | 37 | 70 |
| 3. | ഗവ. യു. പി. എസ് വിതുര | 37 | 83 | (20) | 7 | 39 | 46 |
| 4. | ഗവ. യു. പി. എസ് ചെറ്റച്ചൽ | 2 | 7 | 9 | | 1 | 1 |
| 5. | കെ. വി. എൽ. പി. എസ് തേമല | | | | 6 | 11 | 17 |
| 7. | ട്രൈബൽ എൽ. പി എസ് തലത്തുതകാറി | | | | | | |
| 8. | ഗവ. എൽ. പി. എസ് കല്ലാർ | | | | | 9 | 9 |
| 9. | ഡബ്ലിയു എസ് എൽ പി. എസ് മരുതാമല | 12 | 3 | 1 | 3 | 4 | |
| 10 | ഗവ. എൽ. പി എസ് ബോണക്കാട് | 2 | 2 | 4 | 5 | 5 | 10 |
| | | 99 | 178 | 277 | 52 | 108 | 160 |

## പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം

| നമ്പർ | സ്കൂളിന്റെ പേര് | 30% നു താഴെ | 30-40%നു നേടുന്നവർ | 40-50% നു നേടുന്നവർ | 50-60%നു നേടുന്നവർ | 60% നുമേൽ നേടുന്നവർ | ആകെ വിദ്യാർത്ഥികൾ |
|---|---|---|---|---|---|---|---|
| 1. | ഗവ. വി. എച്ച്. എസ് എസ് വിതുര | 836 | 83 | 245 | 71 | 97 | 1432 |
| 2 | ഗവ. എച്ച് എസ് ആനപ്പാറ | 396 | 68 | 72 | 58 | 34 | 628 |
| 3. | ഗവ. യു. പി. എസ് വിതുര | 341 | 440 | 291 | 245 | 150 | 1467 |
| 4. | ഗവ. യു. പി. എസ് ചെറ്റച്ചൽ | 67 | 28 | 20 | 25 | 80 | 220 |
| 5. | ഗവ. യു. പി. എസ് ബോണക്കാട് | 34 | - | - | | - | 34 |
| 6. | ഗവ. എൽ. പി. എസ് ചായം | 10 | 20 | 100 | 40 | 30 | 200 |
| 7. | ഗവ. എൽ. പി. എസ് കല്ലാർ | 11 | 14 | | 2 | 1 | 28 |
| 8. | ഗവ. റ്റി. എൽ. പി. എസ്സലത്തുത | 26 | | | | | 26 |
| 9. | ഗവ. ഡബ്ലിയു എസ്. എൽ. പി. എസ് മരുതാമല | 43 | 4 | 3 | 5 | 55 | |
| 10 | കെ. വി. എൽ.പി. എസ് | 20 | 14 | 15 | 13 | 20 | 82 |
| | | 1784 | 671 | 746 | 459 | 412 | 4072 |

Chapter - V-7

# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

## പാർപ്പിടവും സാമൂഹ്യക്ഷേമവും

ഈ പഞ്ചായത്തു പ്രദേശത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് പാർപ്പിടവുമായി ബന്ധപ്പെട്ടതാണ്. കുടിലുകളും ഇടത്തരം വീടുകളുമാണിവിടെ കൂടുതലായും ഉള്ളത്. വർദ്ധിച്ചുവരുന്ന കെട്ടിടനിർമ്മാണ ചെലവ് സാധാരണ ജനങ്ങൾക്ക് താങ്ങാവുന്നതിലേറെയാണ്. ആരോഗ്യവകുപ്പുകണക്കുകൾ പ്രകാരം ഇപ്പോൾ ഇവിടെ 6873 വീടുകളുണ്ട്. പഞ്ചാത്തു കണക്കുകൾ പ്രകാരം 10610 കെട്ടിടങ്ങൾ ഉണ്ട്. അവ പട്ടികതിരിച്ചു താഴെ കൊടുത്തിരിക്കുന്നു. 1991 –92 മുതൽ 1995–96 വരെയുള്ള കെട്ടിടങ്ങളുടെ വർദ്ധനവും പട്ടികയിൽ കൊടുത്തിരിക്കുന്നു. സ്വന്തമായ ഭൂമിയോ വീടോ ഇല്ലാത്തവർ ഗ്രാമപഞ്ചായത്തിലാകെ 240 ൽപരം കുടുംബങ്ങളുണ്ട്.

കെട്ടിടനിർമ്മാണചെലവു കുറക്കുന്നതിനും കെട്ടിടനിർമ്മാണ വായ്പകൾ ലഭ്യമാക്കുന്നതിനും പഞ്ചായത്തു തലത്തിൽ സംവിധാനങ്ങൾ ആവശ്യമാണ്. ഒരു കെട്ടിട നിർമ്മാണം, പെരുമാറ്റച്ചട്ടം ഈ പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തേണ്ടതുണ്ട്. താഴ്ന്ന വരുമാനക്കാർക്കുവേണ്ടി പരിസ്ഥിതിക്കിണങ്ങുന്നതും ചെലവുകുറഞ്ഞതും. ബലമുള്ളതുമായ കെട്ടിടങ്ങളുടെ ഒരു മാതൃകാ പ്ലാൻ തയ്യാറാക്കി കൊടുക്കേണ്ടതാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ ചെലവിൽ സംഘടിപ്പിച്ചുകൊടുക്കുന്നതിനു സ്ഥിരം സംവിധാനം ഉണ്ടാകേണ്ടതും ഒരു സ്ഥിരം വ്യവസായമെന്ന നിലയിൽ ഈ മേഖലയെ സംഘടിപ്പിക്കുകയും വേണം. താമസത്തിനുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെ ഗതാഗതത്തിന്റെ പേരിൽ തടസ്സപ്പെടുത്തുന്ന വ്യക്തികളെ ബോധവൽക്കരിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ അംഗീകൃത ഹൗസിംഗ് കോളനികൾ ഒന്നും തന്നെയില്ല. ലക്ഷംവീടു കോളനികൾ മൂന്ന് എണ്ണം ഉണ്ട്. പട്ടികജാതി കോളനികൾ മുപ്പതിലധികവും പട്ടികവർഗ്ഗ കോളനികൾ എഴുപത്തിനാലും ഉണ്ട്.

### കെട്ടിടങ്ങൾ വിവിധ വിഭാഗങ്ങളിൽപ്പെട്ടവ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം - ഒരു നിലയുള്ള കെട്ടിടങ്ങൾ: കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| I | 1051 | 48 | 73 | 876 | 47 | 7 | 38 |
| II | 891 | 23 | 57 | 631 | 152 | 28 | 26 |
| III | 863 | 14 | 163 | 582 | 93 | 11 | 18 |
| IV | 1042 | 3 | 42 | 806 | 164 | 27 | 21 |
| V | 1029 | 5 | 51 | 743 | 207 | 23 | 29 |
| VI | 1076 | 18 | 140 | 861 | 48 | 9 | 34 |
| VII | 962 | 6 | 38 | 827 | 86 | 5 | 43 |
| VIII | 1172 | 9 | 61 | 943 | 98 | 61 | 27 |
| IX | 716 4 | 49 | 594 | 53 | 16 | 31 | |
| X | 1242 | 6 | 83 | 948 | 174 | 31 | 22 |
| XI | 566 | 2 | 1 | 560 | - | 3 | |
| ആകെ | 10610 | 138 | 757 | 8371 | 1122 | 221 | 289 |

### കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കെട്ടിടങ്ങളിലുണ്ടായ വർദ്ധനവ്

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| എല്ലാ വിഭാഗത്തിലും | 10352 | 10392 | 10456 | 10537 | 10610 |

**വിവിധ നടപ്പുസാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം**

| | |
|---|---|
| തൊഴിലില്ലായ്മാവേതനം | എണ്ണം ലഭ്യമല്ല |
| വിധവാ പെൻഷൻ | 55 |
| വാർദ്ധക്യകാല പെൻഷൻ | 121 |
| കർഷകതൊഴിലാളി പെൻഷൻ | എണ്ണംലഭ്യമല്ല |
| വികലാംഗപെൻഷൻ | എണ്ണം ലഭ്യമല്ല |
| പകർച്ചവ്യാധി പ്രകാരം സഹായം | എണ്ണം ലഭ്യമല്ല |

സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ വിഭവ സമാഹരണത്തിൽ വിവരിച്ചിട്ടുള്ള സാമൂഹികമായ ശൃംഖല ഉണ്ടായാൽ മാത്രമേ സാധിക്കുകയുള്ളു.

## കെട്ടിട നിർമ്മാണ കൂലി നിരക്ക്

| പണി | പുരുഷൻ | സ്ത്രീ |
|---|---|---|
| ഓലകെട്ട് 100 ഓലയ്ക്ക് | 100.00 | - |
| പുല്ലുമേയൽ( പ്രതിദിനം) | 80.00 | - |
| മേസൻ( കൊത്തൻ) | 125.00 | - |
| ഹെൽപ്പർ (കൈയ്യാൾ) | 100.00 | 90.00 |
| ആശാരി | 125.00 | 00 |
| തലചുമട് | 100 | 90.00 |
| തട്ടുതറയ്ക്കൽ | 150 | - |
| കമ്പികെട്ട് | 175 | - |
| കോൺക്രീറ്റ് | 200 | - |
| പെയിന്റിംഗ് | 125 | - |
| വയറിംഗ് | 125 | - |
| പ്ലംബിംഗ് | 150 | - |

## 8-ാം പഞ്ചവത്സരപദ്ധതി മുതൽ സംയോജിത ഗ്രാമവികസന പരിപാടി (IRDP)

വിതുരവില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ ഐ ആർഡി പി പദ്ധതി

1992 93 Total 51 families sc 12 st 17 others 22 ph 2 women 28

Total loan 229600 subsidy 182600

1993-94 Total 73 families Sc 14 St 29 others 32 P.H 2 Women 34

Total Loan 400694 subsidy 353278

1994-95 total 68 families SC 13 ST 38 others 17 P.H 2 Women 34

Total Loan 411739 subsidy 330145

1995-96 Total 67 Families Sc 22 St 20 others 25 PH. 2 Women 30

Total Loan 777500 subsidy 319250

1996 97 Total 54 Families Sc/13 St 14 others 27 P.H 2 Women 25

ലോൺ കൊടുക്കുന്നതിന് ആരംഭിക്കുന്നതേയുള്ളു

ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുവാനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തുല്യതോതിൽ ചെലവ് പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഐ ആർഡി പി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി ബാങ്കുകളിൽ നിന്ന് വായ്പയും ഗവൺമെന്റിൽ നിന്ന് ധനസഹായവും ലഭ്യമാക്കുന്നു.

പ്രതിവർഷം 11000 രൂപയിൽ കുറവായ ഗ്രാമീണരെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കുന്നു. പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ സഹായിക്കുക എന്നുള്ള അന്ത്യോദയ സമീപനമാണ് ഐ ആർ ഡി പി സഹായം നൽകുന്നതിന് അനുവർത്തിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും വികലാംഗർക്കും പ്രത്യേക പരിഗണന ഈ പരിപാടിയിലൂടെ ഉറപ്പാക്കിയിട്ടുണ്ട്. 50% SC ST ക്കാർക്കും 40% സ്ത്രീകൾക്കും 3% വികലാംഗർക്കും സംവരണം ചെയ്തിരിക്കുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെകഴിയുന്നവരെ തിട്ടപ്പെടുത്തുന്നതിന് വിശദമായ ഒരു കുടുംബ സർവ്വേ 1992 ഒക്ടോബറിൽ നടത്തുകയുണ്ടായി. ഇതിൽ നിന്നും അന്ത്യോദയക്രമം. അനുസരിച്ച് തിരഞ്ഞെടുക്കുന്നവരുടെ ലിസ്റ്റ് പഞ്ചായത്ത് സമിതി അംഗീകരിച്ച് നടപ്പിലാക്കുന്നു. ഇതിൻ പ്രകാരം തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് പരമാവതി 4000 രൂപ സഹായധനം നൽകുന്നു. എസ്.സി. എസ്.റ്റി ക്ക് (SC/ ST) 6000 രൂപയും നൽകിവരുന്നു. പ്രാഥമിക മേഖലാപദ്ധതികൾക്ക് 150000 രൂപവരെയും ദ്വിതീയ തൃതീയ മേഖലാ പദ്ധതികൾക്ക് 25000 രൂപാവരെയും പ്രത്യേക ജാമ്യം ആവശ്യമില്ല.

ഇതിൽ കൂടെ ലഭിക്കുന്ന ജീവനോപാധികൾക്ക് ഇൻഷുറൻസ് സംരക്ഷണം ലഭ്യമാണ്. അതുപോലെ ഗുണഭോക്താക്കൾ മരണപ്പെട്ടാൽ 5000/- രൂപ ഗുണഭോക്താവിന്റെ അനന്തര അവകാശം ലഭിക്കും. അപകട മരണമാണെങ്കിൽ 10,000/- രൂപവരെ ലഭിക്കും, ഇതിന് ഗുണഭോക്താവ് പ്രീമിയം അടയ്ക്കേണ്ടതില്ല. ഗവൺമെന്റ് പ്രീമിയം തുക എൽ ഐ സിക്ക് അടയ്ക്കുന്നു.

## D W C R A (ഗ്രാമീണ വനിതാ ശിശു വികസന പരിപാടി)

ഐ ആർ ഡി പി യുടെ അനുബന്ധമായി നടപ്പിലാ

ക്കുന്ന ഒരു പരിപാടിയാണിത്. 1983- 84 ലാണ് ഇത് ആരംഭിച്ചത്. ഈ പരിപാടി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകിവരുന്നു. 10 മുതൽ 15 വരെ അംഗങ്ങൾക്കുള്ള ഗ്രൂപ്പുകൾക്കാണ് ധനസഹായം.

യൂണിസെഫിന്റെ സഹായത്തോടുകൂടിയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

ഓരോഗ്രൂപ്പിനും ഒരു ഗ്രൂപ്പ് ലീഡർ ഉണ്ടായിരിക്കും,ക ഗ്രൂപ്പ് ലീഡറുടെ യും ഗ്രൂപ്പ് തെരഞ്ഞെടുക്കുന്ന ട്രഷററുടെയും സംയുക്ത അക്കൗണ്ടിലാണ് DWCRA യിൽ ഗ്രൂപ്പിന് ലഭിക്കുന്ന സാമ്പത്തിക സഹായം ബാങ്കിൽ നിക്ഷേപിക്കുക.

വായ്പ, ധനസഹായം എന്നിവയ്ക്ക് പുറമേ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും യൂണിസെഫും തുല്യമായി പങ്ക് വഹിച്ച 25000/- രൂ ഒരു റിവോൾവിംഗ് ഫണ്ടായും നൽകിവരുന്നു. ഇത് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് വിനിയോഗിക്കുന്നു.

## വിതുര വി ഇ ഒ ഓഫീസ് മുഖേന നടപ്പിലാക്കിയ DWCRA /-യൂണിറ്റുകൾ

1. 1993 94
   അഗസ്ത്യാ ഹെർബൽ യൂണിറ്റ് ചെമ്മൻകാല
   10 Families ST10
   Loan 60,000 subsidy 60,000
2. 1993 94 DWCRA Fiber Unit Theviyode
   No Families 11 Loan 35893 subsidy 35893/-
3. 1994 95 DWCRA Silk unit, Theviyaru kunnu
   No Families 13 Loan 118000 subsidy 78000/-

TRYSEM Training For Rural youth self Employment.

ഗ്രാമീണയുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി അവർക്ക് ഐ ആർ ഡി പി യുടെ പൂർണ്ണ പ്രയോജനം ലഭിക്കാനുദ്ദേശിക്കുന്നതാണ് ഈ പരിപാടി. പരിശീലനാനന്തര സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും ധനസഹായവും നൽകുന്നു.

ഐ ആർഡി പി ലക്ഷ്യവിഭാഗത്തിൽ 18 നും 35 നും മദ്ധ്യേ പ്രായമുള്ളവർ പരിശീലനത്തിന് അർഹരാണ്. 500രൂപാമുതൽ 200 രൂപാവരെ പ്രതിമാസം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഠിക്കുന്നതിനായി സ്റ്റൈപെന്റ് നൽകുന്നു.

## വിതുര വി. ഇ. ഒ ഓഫീസ് മുഖേന പരിശീലനം സിദ്ധിച്ചവരുടെ എണ്ണം

1 92-93 ഇല്ല
2 93-94 No of Beneficieries - 11 SC 3 ST 3 others 5 Women 6
3 94-95 1 (-Women)
4 95-96 Nil
5 96-97 A SC 1 ST 2 others 1

Rural Artisans ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിൽ ഉപകരണങ്ങൾ നൽകിവരുന്നു. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളാണെങ്കിൽ 3600 രൂപവരെ സബ്സിഡിയായി ലഭിക്കുന്നു. വിതുര വി. ഇ ഒ ഓഫീസ്സുഖേന Toolkitകൾ നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| 1992 93 | Nil |
| 1993-94 | 9 |
| 1994-95 | 7 |
| 1995 -96 | 13 |
| 1996-97 | തുടങ്ങിയില്ല |

## CBCS സാമൂഹ്യാധിഷ്ഠിത സമന്വയ സേവനങ്ങൾ

ഇത് ഒരു പൈലറ്റ് പ്രോജക്ട് ആയി ഇൻഡ്യാ ഗവൺമെന്റ് തുടങ്ങിയതാണ്. കൂടുതൽ ബോധനം നൽകുന്ന ഒരു സമൂഹത്തിന് രാഷ്ട്രം നൽകുന്ന സാമൂഹിക സേവനങ്ങൾ ഉയർന്ന തോതിൽ നേടിയെടുക്കുവാൻ കഴിയുമെന്ന പ്രമാണത്തിന്റെ സാധുത സ്ഥാപിക്കുകയാണ് ഈ പ്രോജക്റ്റിന്റെ ലക്ഷ്യം. ഈ പരിപാടിക്ക് യൂണസെഫ് സഹായം നൽകുന്നു. ഓരോ ജില്ലയ്ക്കും 25 ലക്ഷം അനുവദിക്കുന്നതാണ്

## വിതുര വി. ഇ ഒ ഓഫീസിൽ തുടങ്ങിയിട്ടില്ല

ദേശീയ സമ്പാദ്യ പദ്ധതി ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരത സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള മുഖ്യ പരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി. ഇതിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. ഇതിനായി M. P. K .B.Y.( മഹിളാ പ്രദാൻ ഏജന്റ്) ഒരു കൂട്ടം അർപ്പണബോധമുള്ള വനിതകൾ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

## മഹിളാ സമാജങ്ങളും ബാലവാടികളും

ഗ്രാമവികസന പ്രവർത്തനങ്ങളിൽ വളരെയേറെ സഹായിച്ചിട്ടുള്ള സംഘടനകളാണ് മഹിളാ സമാജങ്ങൾ

കുട്ടികളുടെയും അമ്മമാരുടെയും സംരക്ഷണത്തിനായി പോഷകാഹാരങ്ങൾ നൽകിക്കൊണ്ട് വികസന ബ്ലോക്കുകളുടെ കീഴിൽ പ്രവർത്തിക്കുന്നതാണ് ബാലവാടികൾ. വിതുര പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന

ബാലവാടികൾ

ശാസ്താം കാവ് ബാലവാടി

കൈരളി ബാലവാടി, ആനപ്പാറ Feeding centers

മരുതാമല ബാലവാടി

## വിതുര തേവിയാരുകുന്ന് ട്രൈബൽ ബാലവാടി

## JRY ജവഹർ തൊഴിൽദാനപരിപാടി

തൊഴിൽ രഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പരിപാടിയുടെ മുഖ്യോദ്ദേശ്യം. പദ്ധതിയുടെ ചെലവ് 80.20 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്നു.

പഞ്ചായത്ത് മുഖേനയും ബ്ളോക്ക് മുഖേനയും വിതുരയിൽ നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിച്ചതുമായ വീടുകളുടെയും കക്കൂസുകളുടെയും എണ്ണം

| | | |
|---|---|---|
| 1992-93 | No of Houses | 15 |
| | Roads | 15 kms. |
| | Nof Latrins | 105 |
| | No of irriwells | 33 |
| 1993-94 | No of Houses | 25 |
| | No of Lactrins | 140 |
| | No of Irriwells | 6 |
| 1994-95 | No of Houses | 20 |
| | No of Lactrins | 163 |
| | No of Irriwells | 12 |
| | Tank | 3 |
| 1995-96 | No Houses | 26 |
| | No of Lactrins | 195 |
| | No of irriwells- | 1 |
| | School Buildings- | 1 |
| | No of irriwells | 1 |
| 1996-97 | നടപ്പിലാക്കിയിട്ടില്ല | |

## IA Y (ഇന്ദിര ആവാസ് യോജന)

ഇന്ദിരാ ആവാസ് യോജനാപ്രകാരം പട്ടിക ജാതി/ പട്ടികവർഗ്ഗ വിഹിതമനുസരിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് പ്രത്യേകം രൂപ മാതൃകകള് നിർബ്ബന്ധമില്ല.

എന്നാൽ തറവിസ്തൃതി 20 നടുത്ത ചതുരശ്രമീറ്റർ ആയിരിക്കണം. പുകയില്ലാത്ത അടുപ്പ്, ഇരട്ട കുഴി കക്കൂസ് ഇവ വീടിന്റെ അവിഭാജ്യ ഘടകമാണ്.

ഗുണഭോക്താക്കൾക്ക് 2 സെന്റ് ഭൂമിയുള്ളവരും, വാസയോഗ്യമായ വീട് ഇല്ലാത്തവരും, ദാരിദ്യരേഖയ്ക്ക് താഴെയുള്ളവരും ആയിരിക്കണം.

വിതുര വി. ഇ ഒ ഓഫീസ് മുഖേന IAY പദ്ധതി അനുസരിച്ച് വീട് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| 1994-95 | 3 |
| 1995-96 | 14 |
| 1996-97 | 36 |

## MWS ( മില്യൺ വെൽ സ്കീം)

JRY പദ്ധതിയ്ക്കായി ലഭിക്കുന്ന മൊത്തം വിഹിതത്തിന്റെ 30 ശതമാനം തുക മില്ല്യൺ വെൽപദ്ധതിക്കായി മാറ്റിവച്ചിരിക്കുന്നു. മുഖ്യമായും ഇത് SC/ST യ്ക്ക് വേണ്ടിയുള്ളതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ് ഇതിലെ ഗുണഭോക്താക്കൾ.

വിതുര വി. ഇ. ഒ ഓഫീസ് മുഖേന മില്യൺ വെൽ പദ്ധതിപ്രകാരം നടപ്പിലാക്കിയ കിണറുകൾ, കുളങ്ങൾ, വീടുകൾ, എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1992-93 | No of wells | 33' |
| 1993-94 | No of wells | 6 |
| 1994-95 | No of Houses | 5 |
| | No of wells | 9 |
| | No of Tanks | 3 |
| 1995-96 | No of Houses | 4 |
| | No of wells | 1 |
| 1996-97 | തുടങ്ങിയില്ല | |

## EAS (Employment Assurance Scheme)

തൊഴിൽ ഉറപ്പുപദ്ധതി ഇത് 1993 ൽ ആരംഭിച്ചു. ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കാർഷിക പ്രവർത്തനങ്ങൾ കുറവായ ദിനങ്ങളിൽ 100 ദിവസത്തെവേതനതൊഴിൽ ഉറപ്പാക്കുകയാണ് ലക്ഷ്യം.

No of Persons registered in this panchayat 451

1996-97 ശിവൻകോവിൽ ബണ്ട് റോഡ്

## കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി (C.R.S.P)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പരിപാടിയാണിത്.

വിതുര വി. ഇ ഒ ഓഫീസ് മുഖേന അനുവദിക്കപ്പെട്ട C.R.S.P Lactrins

| | | |
|---|---|---|
| 1992-93 | Nil | |
| 1993-94 | 27 | |
| 1994-95 | 16 | |
| 1995-96 | 18 | |
| 1996-97 | 25 | തുടങ്ങിയിട്ടില്ല |

Centrally sponsord Schemem

Small and marginal farmers

ചെറുകിട പരിമിത കർഷകന് കൃഷി ആവശ്യത്തിലേക്ക് വേണ്ടി പമ്പുസെറ്റ്, കുളം, കിണർ, ഓവർഹെഡ് ടാങ്ക്, എന്നിവ വിതരണം ചെയ്യുന്ന പരിപാടി ഇത് 1991 -92 ൽ ഗവൺമെന്റ് നിറുത്തൽചെയ്തു.

1986-87 ൽ എസ് ബി റ്റി വിതുര മുഖേന 23 ഗുണഭോക്താക്കൾക്കും വിതുര ഐ ബി മുഖേന 11 ഗുണ

ഭോക്താക്കൾക്കും പമ്പ്സെറ്റ് വിതരണം ചെയ്യുകയുണ്ടായി.

Vthura SBT:
23 പേർക്ക് Loan 2,30000/-
subsidy 75000/-
11-പേർക്ക് Loan 110,000/-
subsidy 55000/-

കൃഷിഭവൻ മുഖേന ഈ സ്കീം ഇപ്പോൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കൃത്യമായി സബ്സിഡി കൊടുക്കുന്നില്ല. സബ്സിഡിക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. (ഗവൺമെന്റ് നിർദ്ദേശമനുസരിച്ച്) ആയതിനാൽ കർഷകർക്ക് വളരെയധികം പ്രയോജനം ചെയ്തിരുന്ന മേല്പറഞ്ഞ പദ്ധതി വീണ്ടും ബ്ലോക്കാഫീസ് മുഖേന നടപ്പിൽ വരുത്തുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്.

Families below poverty line According to the IRDP survey in 1992

| | |
|---|---|
| SC- | 611 |
| ST | 680 |
| Others - | 2286 |
| Women Headed families | 1195 |
| Total | 3547 |
| Physically Handicapped | 83 |
| Houses with sanitary lactrine | 1187 |

Occupational classification of Families

SF-31 MF-801 AL-1056 NAL-1507 RA 152

Income classification of Families

| | | |
|---|---|---|
| Up to Rs | 4000 - | 3409 |
| | 4001 - | 132 |
| | 6001 - | 8500-6 |
| | 8501 - | 11000-Nil |

## ഐ ആർ ഡി പി

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗുണഭോക്താക്കളെ സഹായിക്കുന്ന ഈ പദ്ധതികൊണ്ട് വളരെയധികം പാവപ്പെട്ടവർക്ക് ഗുണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി ചെറിയ മാറ്റങ്ങളോടുകൂടി പൂർണ്ണമായും തുടർന്ന് നടത്താൻ ശുപാർശ ചെയ്യേണ്ടതാണ്

അന്ത്യോദയ സമീപനം മാറ്റി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആവശ്യക്കാരായ ഗുണഭോക്താക്കൾക്ക് കൊടുക്കുവാൻ കഴിഞ്ഞാൽ ദുർവിനിയോഗം ഇല്ലാതാക്കാൻ കഴിയും. അതോടൊപ്പം കുറച്ച് കൂടി ഫലവത്തായി നടത്തിക്കൊണ്ടുപോകാനും കഴിയും.

DWCRA ഇതിൽ സ്ത്രീകളുടെ ഗ്രൂപ്പുകൾ ആയി നടത്തുന്നതുകൊണ്ട് (10 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പ്) രാഷ്ട്രീയമായി പരസ്പരം അപസ്വരങ്ങൾ ഉണ്ടാകുന്നു. ആയതിനാൽ ഇങ്ങനെയുള്ള ഗ്രൂപ്പ് സ്കീമുകളി് നിന്ന് രാഷ്ട്രീയം ഒഴിവാക്കിയാൽ കുറച്ചുകൂടി ഫലപ്രദമായി നടത്താൻ കഴിയും. ആയതിനാൽ ജനപ്രതിനിധികൾ ഇടപെട്ട് ഇത് ഒഴിവാക്കിയാൽ ഉപകാരമായിരിക്കും.

IAY MWS HOUSES ഈ പദ്ധതികൾ മുഖേന നടപ്പിലാക്കുന്ന ഹൗസിംഗ് സ്കീമുകൾക്ക് 35000/ രൂപയെങ്കിലും അനുവദിച്ചാൽ മാത്രമെ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് കടമില്ലാതെ വീട് വയ്ക്കുന്നതിന് സാധിക്കുകയുള്ളു ആയതിനാൽ ഇത്തരം വീടുകളുടെ തുക കൂട്ടത്തിൽ ശുപാർശ ചെയ്യേണ്ടതാണ് E A S J R Y പദ്ധതികൾ: ഇത്തരം പദ്ധതികളിൽ രാഷ്ട്രീയാതിപ്രസരം നടക്കുന്നത് കൊണ്ട് കൺവീനർമാർക്ക് ഫലപ്രദമായി പണികൾ നടത്തുന്നതിന് സാധിക്കാതെ വരുകയുംഗുണനിലവാരം മോശമായ രീതിയിൽ പണികൾ നടത്തുന്നതിന് നിർബന്ധിതരായി തീരുകയും ചെയ്യുന്നു. ആയതിനാൽ ശരിക്കുമുള്ള ബെനിഫിഷറികമ്മിറ്റികൾ വിളിച്ച് കടലാസിൽ ഒതുങ്ങിനിൽക്കാതെ അതിൽ നിന്ന് കൺവീനർമാരെ തെരഞ്ഞെടുത്ത് പണികൾ നടത്തിപ്പിക്കുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്.

Chapter - V-8

# സംസ്കാരം

**സാംസ്കാരികരംഗത്തെക്കുറിച്ച്**
**3–ാം അധ്യായത്തിൽ**
**കൊടുത്തിരിക്കുന്നതിനാൽ ആ ഭാഗം**
**പരിശോധിക്കേണ്ടതാണ്.**

വിതുര പഞ്ചായത്തിലെ സാംസ്കാരിക മേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും താഴെ പറയുന്നവയാണ്.

## പ്രശ്നങ്ങൾ

1. ജനങ്ങൾക്ക് പൊതുവെ വായനാശീലം കുറഞ്ഞു വരുന്നു. എല്ലാ പ്രദേശങ്ങളിലും ഗ്രന്ഥശാലാ സൗകര്യം ഇല്ലാത്തതും ആവശ്യമായ പുസ്തകങ്ങൾ ലഭിക്കാത്തതും ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നു കയറ്റവുമാണ് ഇതിനുപ്രധാന കാരണം.
2. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുന്നില്ല. വളർന്നുവരുന്ന കുട്ടികളുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്.
3. സാംസ്കാരിക സമിതികളും ക്ലബുകളും സാമ്പത്തികമായി ബുദ്ധിമുട്ടുന്നു.
4. പലവിധകലകളും ( നൃത്തം,സംഗീതം) പഠിക്കുന്നതിന് യാതൊരു സൗകര്യവും ഇവിടെയില്ല.
5. നാടൻ കലകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. ആദിവാസികലാരൂപങ്ങൾ മൺമറഞ്ഞുകൊണ്ടിരിക്കുന്നു.
6. കാവുകളും മറ്റും നശിച്ചുകൊണ്ടിരിക്കുന്നു.
7. ഗ്രാമീണ ജനജീവിതം നഗരവൽക്കരിക്കുകയും ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റം സാംസ്കാരികാധപതനത്തിനു കാരണമാകുന്നു.
8. ഇലക്ട്രോണിക്സ് മാധ്യമങ്ങളും സിനിമയും ജനങ്ങൾക്കു താല്പര്യമുള്ളവയാണ്. എന്നാൽ പല പരിപാടികളും സാംസ്കാരികവിരുദ്ധവും അശ്ലീലവും നിറഞ്ഞതാണ്.
9. കളി സ്ഥലങ്ങളുടെ അപര്യാപ്തത പല വാർഡുകളിലും പ്രശ്നമാകുന്നു. ഉള്ളഗ്രൗണ്ടുകൾ ഉപയോഗിക്കാൻ കഴിയാതിരിക്കുന്നു.
10. പഞ്ചായത്തിൽ ജിംനേഷ്യം ഒന്നുപോലുമില്ല പഞ്ചായത്തിലെ മിക്കവാർഡുകളിലും പെരുകി വരുന്നവ്യാജ വാറ്റും വിഷമദ്യവും സാംസ്കാരികാധഃപതനത്തിനും ക്രമസമാധാനത്തിനും ഭീഷണിയാകുന്നു.
12. കുട്ടികളുടെയും യുവാക്കളുടെയും കലാസാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് സംവിധാനമൊന്നുമില്ല.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള വായനശാലകൾ നവീകരിക്കുകയും അതോടൊപ്പം റീഡിംഗ് റൂമുകൾ സ്ഥാപിക്കുകയും വേണം. കൂടാതെ വിതുര, ആനപ്പാറ, ഹൈസ്കൂളുകളിൽ ഉള്ള ലൈബ്രറികൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നിന് സജ്ജമാക്കണം.
2. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾക്ക് ഗ്രാന്റ് നൽകുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും വേണം. കൂടാതെ ഇത്തരം സ്ഥാപനങ്ങളുടെ ഒരു ഏകോപിപ്പിച്ച പ്രവർത്തനം പൊതുവായ സാംസ്കാരിക വികസനത്തിനു സഹായകമാകും.
3. കുട്ടികൾക്കും യുവാക്കൾക്കും കലകൾ അഭ്യസിപ്പിക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. നൃത്തവും സംഗീതവും പഠിക്കുവാൻ ഒരു നടനഗ്രാമവും നാടകം, വാദ്യോപകരണങ്ങൾ എന്നിവ പഠിക്കുവാൻ ഒരു നാട്യ ഗ്രാമവും ആരംഭിക്കണം.
4. ആകാശ മാധ്യമങ്ങൾ വഴിയും കേബിൾ ടിവി വഴിയും എത്തുന്ന അശ്ലീലങ്ങൾ കുത്തിനിറച്ചതും സാംസ്കാരിക ച്യുതി ഉളവാക്കുന്നതുമായ രംഗങ്ങൾ ഉൾപ്പെടുത്തിയ പരിപാടികൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.
5. പൈങ്കിളി സാഹിത്യത്തിലും സിനിമയിലും ക്രിക്കറ്റിലും മാത്ര് വിനോദവും വിജ്ഞാനവും ഒതുക്കി നിർത്തുന്ന പുതിയ തലമുറയെ നിലവാരമുള്ളതും ബൗദ്ധികവും വിജ്ഞാനപ്രദവുമായ മേഖലകളിലേക്ക് തിരിച്ചുവിടുവാൻ ബോധവത്ക്കരണവും പരിശീലന സാ

ഹചര്യങ്ങളും ഒരുക്കണം.

6. വിതുര പഞ്ചായത്തിൽ പെരുകി വരുന്ന വ്യാജവാറ്റും, വ്യാജചാരായവും മയക്കുമരുന്നും പൂർണ്ണമായി തടയുന്നതിന് ഉള്ള നടപടികൾ എടുക്കണം. ആനപ്പാറ, മരുതാമല, കളിയ്ക്കൽ, ശാസ്താംകാവ്, ചായം കണ്ടാളം കുഴി എന്നിവിടങ്ങളിൽ ഇതുമൂലം വളരെയധികം സാമൂഹ്യ അപചയങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഓരോ വാർഡിലും അല്ലെങ്കിൽ ഓരോ പ്രധാന ജംഗ്ഷനുകളിലും ജനകീയ സമിതികൾ രൂപീകരിച്ച് ഇതിനെതിരെ ജാഗ്രത പുലർത്തണം. കൂടാതെ ഈ സമിതികൾ വഴി മദ്യവർജ്ജനത്തിന് ബോധവത്ക്കരണവും നടത്തണം. അങ്ങനെ ഈ പഞ്ചായത്ത് ഒരു സമ്പൂർണ്ണ ലഹരി വിരുദ്ധ പഞ്ചായത്തായി പ്രഖ്യാപിക്കണം.
7. പഞ്ചായത്ത് തലത്തിൽ ഒരു സാംസ്കാരിക നിലയം പണിയുകയും അതിനോടനുബന്ധിച്ച് ഒരു ജിംനേഷ്യം സ്ഥാപിക്കുകയും നാടൻ കലാകായിക പഠന കേന്ദ്രങ്ങളും ആരംഭിക്കണം.
8. ഗ്രന്ഥശാലകൾക്ക് പഞ്ചായത്ത് നൽകുന്ന ഗ്രാന്റും വർഷാവർഷങ്ങളിൽ വർദ്ധിപ്പിച്ച് ഇത്തരം സാംസ്കാരിക കേന്ദ്രങ്ങളെ സംരക്ഷിക്കേണ്ടതാണ്.
9. ആദിവാസികലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും അവയെക്കുറിച്ച് പഠനം നടത്തുന്നതിനും സംവിധാനം ഉണ്ടാക്കുക.
10. നല്ല സിനിമകളും ഡോക്യുമെന്ററികളും ജനങ്ങളെ കാണിക്കുവാൻ ഫിലിംക്ലബ്, വീഡിയോക്ലബ്, എന്നിവ രൂപീകരിക്കുക, ഇവ നടത്തുന്ന പരിപാടികൾക്ക് ടാക്സ് ഒഴിവാക്കി കൊടുക്കേണ്ടതാണ്.

## കായിക സംസ്കാരം

വിതുര പഞ്ചായത്തിൽ കലാ സംസ്കാരത്തോടൊപ്പം തന്നെ കായിക സംസ്കാരത്തിന്റെ വളർച്ചയ്ക്ക് സാധ്യതകൾ ഏറെയാണ്. മുൻകാലങ്ങളിൽ വോളിബാൾ, കബഡി തുടങ്ങിയ കളികൾക്ക് ഏറെ പ്രചാരമുണ്ടായിരുന്നു. പഞ്ചായത്തിൽ തന്നെ 10 ഉം 12 ഉം ടീമുകൾ വരെ ഉണ്ടായിരുന്നു. ഇപ്പോൾ ക്രിക്കറ്റും, ഫുട്ബോളുമാണ് ഏറെ പ്രചാരമുള്ളത്. വിതുരജനനി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് വർഷാവർഷം സംസ്ഥാന തലത്തിൽ കബഡി ടൂർണമെന്റും സംഘടിപ്പിക്കുന്നു. മറ്റുക്ലബ്ബുകൾ ഓണാഘോഷത്തോടനുബന്ധിച്ചും അവരുടെ വാർഷിക ആഘോഷങ്ങളോടനുബന്ധിച്ചും കായിക മൽസരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിതുരയിൽ കായി പരിശീലനത്തിനുള്ള സൗകര്യങ്ങൾ തീരെയില്ലെങ്കിലും പി.ടി ഉഷാസ്റ്റേഡിയവും കെ. പി. എസ്. എം ജംഗ്ഷനിലെ പഞ്ചായത്ത് മിനി സ്റ്റേഡിയവും അനുഗ്രഹമാണ്.

ആരോഗ്യവും ബുദ്ധിയുമുള്ള യുവ ജനതയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്, ഇതിന് കായിക പരിശീലനം അത്യന്താപേക്ഷിതമാണ്. ജിംനേഷ്യത്തിലെ പരിശീലനവും വിവിധതരം കളികളും, അതുപോലെ കരാട്ടേ, കളരിപ്പയറ്റ് തുടങ്ങിയ ആയോധന കലകൾ പരിശീലിക്കുന്നതും കായിക പരിശീലനത്തിന് അഭികാമ്യമാണ്. കായിക പരിശീലനത്തിൽ ഏർപ്പെടുന്നവർ ശരിയായി ആരോഗ്യ പരിപാലനം നടത്തുന്നു എന്നതുംലഹരി പദാർത്ഥങ്ങൾ വർജ്ജിക്കുന്നു എന്നതും ശ്രദ്ധേയമാണ്. മാത്രമല്ല ബുദ്ധിയിലും മാനസിക ആരോഗ്യത്തിലും ഇവർ ഏറെ മുന്നിലാണ്.

ഇവിടെ സ്കൂൾ സ്കൗട്ട് പരിശീലനം കൂടാതെ കളരി ആശാൻമാരുടെ. കീഴിൽ കളരിപ്പയറ്റ് പരിശീലന കേന്ദ്രങ്ങളും കരാട്ടേ പരിശീലനകേന്ദ്രങ്ങളും ഉണ്ട്. ഇപ്പോൾ രണ്ട് പരിശീലന കേന്ദ്രങ്ങൾ (Ko in chi, ഒയാമ) പ്രവർത്തിക്കുന്നുണ്ട്. വിതുരയിൽ ആദ്യമായി ബ്ലാക്ക് ബെൽറ്റ് നേടിയ സമ്പായ് മുഹമ്മദ് റാഫി നിരവധിപേർക്ക് കരാട്ടേ പരിശീലനം നൽകുന്നു.

## പ്രശ്നപരിഹാരങ്ങൾ

1. പഞ്ചായത്തിൽ ആധികാരികമായി കായിക പരിശീലനം നൽകുന്ന സ്ഥാപനങ്ങളോ പരിശീലനമോ ഇല്ല. അതിനാൽ അത്തരം സ്ഥാപനങ്ങൾ അടിയന്തിരമായി ഉണ്ടാകണം. ഇതിനുവേണ്ടി പഞ്ചായത്തിലെ എല്ലാ ക്ലബ്ബുകളുടെയും സഹകരണത്തോടെ ഒരു സ്പോർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും ഇതിനാവശ്യമായ ഉപകരണങ്ങൾ പരിശീലകർ എന്നിവയും ഒരുക്കേണ്ടതാണ്.
2. ഒരു ജിംനേഷ്യം ആവശ്യമാണ്.
3. നീന്തൽ പരിശീലനത്തിനായി ഒരു നീന്തൽകുളം തവയ്ക്കലിൽ സ്ഥാപിക്കണം
4. സ്കൂളുകളിലെ കായിക പരിശീലനം തൃപ്തികരമല്ല. എല്ലാ കുട്ടികൾക്കും നിർബന്ധമായും കായിക പരിശീലനം നൽകുകയും അതോടൊപ്പം താൽപര്യമുള്ളവരെയും കഴിവുള്ളവരെയും കണ്ടെത്തി മത്സരങ്ങൾക്ക് സജ്ജമാക്കണം.
5. സ്റ്റേഡിയത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
6. എല്ലാവാർഡുകളിലും ഒരു പൊതു കളിസ്ഥലമുണ്ടാകണം
7. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടിരിക്കുന്ന യുവജനതയെ അതിൽ നിന്നും വിമുക്തമാക്കുവാനും രാഷ്ട്രത്തിന്റെ സമ്പത്താക്കി മാറ്റുന്നതിനും നല്ലൊരു കായിക സംസ്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. അതിനുവേണ്ടി മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ അടിയന്തിരപ്രാധാന്യം നൽകി നടപ്പിലാക്കണം.

Chapter - V-9

# വനിതാക്ഷേമം

## വനിതാക്ഷേമം

1991 ലെ സെൻസസ് പ്രകാരം 13448 ആയിരുന്ന സ്ത്രീ ജനസംഖ്യ വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ട പദ്ധതികൾ തയ്യാറാക്കുമ്പോൾ സാമൂഹിക സാമ്പത്തിക നിലയനുസരിച്ച് പലതട്ടുകളായി തിരിക്കേണ്ടി വരും. അങ്ങനെ പരിശോധിച്ചുവരുമ്പോൾ പ്രായമായവർ കുട്ടികൾ, ഉദ്യോഗസ്ഥർ, ഭൂവുടമകൾ, സാമ്പത്തികശേഷിയുള്ള കുടുംബങ്ങൾ, എന്നീക്രമങ്ങളിൽ ഒരു വിഭാഗത്തെ ഒഴിവാക്കി വന്നാലും 8500 ൽ പരം സ്ത്രീകൾ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും അവഗണനയിലും പീഢനങ്ങളിലും തൊഴിലില്ലായ്മയിലും കഴിയുന്നവരാണ്.

വനിതാക്ഷേമ പ്രവർത്തനങ്ങളിലൂടെ ഭാഗമായി സൗജന്യങ്ങളോ സാമ്പത്തി സഹായങ്ങളോ വല്ലപ്പോഴും നൽകുന്നതുകൊണ്ട് മാത്രം സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല. വനിതാക്ഷേമം ലക്ഷ്യമാക്കുമ്പോൾ സാമ്പത്തിക സ്വാശ്രയത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയാണ് അതിനുവേണ്ടത്. അതിന്റെ ഭാഗമായി സ്ത്രീകൾക്കുചെയ്യാൻ കഴിയുന്ന നൂറു വ്യവസായ യൂണിറ്റുകൾ ഓരോവാർഡിലും നടപ്പിലാക്കുവാൻ ഈ പഞ്ചായത്തിനു ഉദ്ദേശമുണ്ട്.

എന്നാൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സഹായിച്ചതു കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടുകയില്ല. അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിനും, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, സാങ്കേതികവും ഭരണപരവുമായ കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിനും ഒരു സാമൂഹിക മേൽനോട്ടം ആവശ്യമാണ് ഈ പഞ്ചായത്തിന്റെ വികസന റിപ്പോർട്ടിൽ വിഭവ സമാഹരണത്തിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുളള പഞ്ചായത്തു വികസന സാമൂഹിക ശൃംഖല രൂപീകരിച്ചാൽ മാത്രമേ അതു കഴിയുകയുള്ളു.

ഗ്രാമവികസനപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. വനിതാക്ഷേമ പ്രവർത്തനങ്ങളെ സഹായിക്കുന്ന സംഘടനകളാണ് മഹിളാ സമാജങ്ങൾ.

1972 ൽ വിതുര പഞ്ചായത്തിൽ രണ്ടു മഹിളാ സമാജങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1974 ൽ ഇതിനു രജിസ്ട്രേഷൻ ലഭിക്കുകയും 1975 ൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ശിശു സംരക്ഷണം, മാതൃബോധവൽക്കരണം, സ്വയം തൊഴിൽ തുടങ്ങിയവ ലക്ഷ്യമാക്കിക്കൊണ്ടാണ് ഈ സമാജങ്ങൾ ആരംഭിച്ചത്.

വിതുര മഹിളാ സമാജത്തിന്റെ കീഴിൽ ഒരു ടെയിലറിംഗ് യൂണിറ്റും ആനപ്പാറ മഹിളാ സമാജത്തിന്റെ കീഴിൽ ഒരു ഫൈബർ ബാഗ് നിർമ്മാണ യൂണിറ്റും ഉണ്ടായിരുന്നു.

ഗ്രാമീണ സമൂഹത്തിന്റെ പോഷണം പ്രതിരോധ ചികിത്സ, സമ്പാദ്യശീലം, കുടുംബ സംവിധാനം സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങിയ മഹിളാ സമാജങ്ങൾ വഴി പരിപോഷിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുകൊണ്ട് വിതുര പഞ്ചായത്തിൽ നിലവിലുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഇല്ലാത്ത വാർഡുകളിൽ മഹിളാ സമാജങ്ങൾ സ്ഥാപിക്കുകയും വേണം.

ജെ. ആർ വൈയുടെ ഭാഗമായ സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ വിതരണം ചെയ്യുന്നതിന് വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്ന ചുമതല മഹിളാ സമാജങ്ങളെ ഏല്പിക്കണം. മണലി, ആനപ്പാറ വിതുര, ശാസ്താംകാവ്, തച്ചരുകാല എന്നീ പ്രദേശങ്ങളിലായി അഞ്ചു ബാലവാടികളുണ്ട്. കൂടാതെ മാങ്കാല ഒരു ശിശുവിഹാറും കൊച്ചുകിളിക്കോട് ഒരു കിന്റർ ഗാർഡനും നിലവിലുണ്ട്. ഇല്ലാത്ത വാർഡുകളിൽ ഇവ സ്ഥാപിച്ച് അതുവഴി കുട്ടികൾക്ക് സംരക്ഷണ് നൽകുകയും വനിതകൾക്ക് പരിശീലനം നൽകി തൊഴിൽ സാധ്യത ഉണ്ടാക്കുകയും വേണം.

കൂടുതൽ വനിതകളും കൂലിപ്പണിയെടുത്തു ജീവിക്കുന്നവരാണ്. ഇവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനു വേണ്ടി വാർഡടിസ്ഥാനത്തിൽ ശിശുസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ കോളനി പ്രദേശങ്ങളിൽ ശിശുസംരക്ഷണ കേന്ദ്രങ്ങളും ബാലവാടികളും നിർബന്ധമായും സ്ഥാപിക്കണം.

90% സ്ത്രീകളും തൊഴിൽ രഹിതരാണ്. മൊത്തം കുടുംബങ്ങളിൽ 40% ഓളം കുടുംബങ്ങളും ദാരിദ്ര്യത്തിലും ഭാഗികമായി മാത്രം തൊഴിലുള്ളവരാണ്. ഇവരുടെ തൊഴിൽ സ്ഥിരത ഉറപ്പുവരുത്തണം.

## പ്രശ്നങ്ങൾ

1. വനിതാ സഹകരണ സംഘങ്ങൾ ഇല്ല.
2. ചെറുകിട വ്യവസായ യൂണിറ്റുകളോ ഉല്പന്നങ്ങൾ ക്ര

യവിക്രയം ചെയ്യുന്നതിനുള്ള സംവിധാനമോ ഇല്ല
3. ലോണുകൾ ലഭിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ.
4. മിഡ്‌വൈഫ് സെന്ററുകളുടെ കാര്യക്ഷമമായ പ്രവർത്തനമില്ലായ്മയും എണ്ണത്തിലുള്ള കുറവും
5. നഴ്സറിസ്കൂളുകൾ വേണ്ടത്രയില്ല. നിലവിലുള്ള സ്കൂളുകളിൽ ആവശ്യമുള്ള കളിപ്പാട്ടങ്ങളോ ഫർണിച്ചറുകളോ ഇല്ല. കൂടാതെ പോഷകാഹാരങ്ങളും വൈദ്യസഹായവും യഥാസമയം ലഭിക്കുന്നില്ല.
6. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ കർഷക തൊഴിലാളി പെൻഷൻ തൊഴിലില്ലായ്മ വേതനം എന്നിവ അർഹരായ എല്ലാവർക്കും ലഭിച്ചിട്ടില്ല.
7. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നില്ല.
8. വ്യാജ മദ്യപാനം മൂലം ധാരാളം കുടുംബങ്ങൾ ദുരിതമനുഭവിക്കുന്നു..
9. വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ല
10. മാവേലിസ്റ്റോറുകൾ എല്ലാ വാർഡുകളിലുള്ളവർക്കും ഉപയോഗപ്രദമാകുന്നില്ല
11. പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളഖുടെ പങ്കാളിത്തം വളരെ കുറവാണ്.
12. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങളുണ്ട്.
13. നിരക്ഷരരായ സ്ത്രീകൾ ഉണ്ട്
14. അപകടം സംഭവിക്കുന്ന വനിതാ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കുന്നില്ല
15. സാമൂഹ്യാധിഷ്ഠിത സമന്വയ പരിപാടി എല്ലാ വാർഡിലും നടപ്പിലാക്കിയിട്ടില്ല.
16. തൊഴിൽമേഖലയിൽ ഒരേ പണിക്ക് തന്നെ പുരുഷന്മാരെ അപേക്ഷിച്ച്കൂലി കുറവാണ്.
17. കുട്ടികൾക്കും വൃദ്ധകൾക്കും വേണ്ടി അനാഥമന്ദിരങ്ങൾ നിലവിലില്ല.
18. സ്ത്രീകൾ പീഢനത്തിന് വിധേയരാകുന്നു

## പരിഹാരമാർഗ്ഗങ്ങൾ

വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അതിലൂടെ ചെറുകിട വ്യവസായ യൂണിറ്റുകളായ ഖാദി നെയ്ത്ത് സോപ്പ് നിർമ്മാണം, റബർ ബാൻഡ് നിർമ്മാണം, അച്ചാർ, സ്ക്വാഷ്, ജാം, കരകൗശല വസ്തുക്കൾ മെഴുകുതിര മുതലായവ ഉൽപ്പന്നങ്ങളുടെ വിപണനവും ഇവ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ഉറപ്പുവരുത്തണം.

1. ലോണുകൾ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ലഘൂകരിക്കുക
2. നിലവിലുള്ള മിഡ്‌വൈഫ് സെന്ററുകൾ കൂടുതൽ കാര്യക്ഷമമാക്കുകയും കോളനി പ്രദേശങ്ങളെ ലക്ഷ്യമാക്കി കൂടുതൽ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുകയും വേണം. കൂടാതെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിൽ ഒരു മൊബൈൽ യൂണിറ്റ് ആരംഭിക്കണം
3. നഴ്സറിസ്കൂളുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയും, ആവശ്യമായ കളിപ്പാട്ടങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കുകയും കൂടാതെ പോഷകാഹാരങ്ങളും വൈദ്യസഹായവു യഥാസമയം നൽകുകയും വേണം
4. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ അർഹരായ എല്ലാപേർക്കും ലഭിക്കത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കണം.
5. നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നതിനുള്ള ധനസഹായം ലഭിക്കണം
6. വ്യാജ മദ്യപാനംമൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങളെ രക്ഷിക്കാനായി സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം.
7. വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ലാത്ത പ്രദേശങ്ങളെ വൈദ്യുതീകരിക്കുകയും കിണറുകൾ കുഴിച്ചും നിലവിലുള്ള നീരുറവകളെ പരിരക്ഷിച്ചും കുടിവെള്ളം എത്തിക്കാൻ കഴിയും.
8. എല്ലാ വാർഡിനും ഉപയോഗപ്രദമായ രീതിയിൽ പലഭാഗങ്ങളിലായി മാവേലി സ്റ്റോറുകൾ സ്ഥാപിക്കണം
9. ട്രൈസം പദ്ധതി മുഖേന വനിതകൾക്ക് തേനീച്ച വളർത്തൽ, ബുക്ക് ബയന്റിംഗ്, തയ്യൽ, പനമ്പ് വ്യവസായം, കൂൺകൃഷി തുടങ്ങിവയ്ക്ക് പരിശീലനം നൽകി തൊഴിലവസരം വർദ്ധിപ്പിക്കുക.
10. വനിതാക്ഷേമ നിധി ഏർപ്പെടുത്തുക.
11. സ്വന്തമായി വസ്തുവും വീടും ഇല്ലാത്തസ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്ക് അവ ലഭ്യമാക്കുന്നതിനു വേണ്ട പദ്ധതി നടപ്പിലാക്കുക.
12. ഡി. ഡബ്ലിയു, സി. ആർ. എ യൂണിറ്റുകൾ കൂടുതൽ ആരംഭിച്ച് സ്ത്രീകളുടെ തൊഴിലവസരം നല്കുക.
13. വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
14. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക, സ്ത്രീപീഢനം ഒഴിവാക്കുക
15. അടുക്കളത്തോട്ട നിർമ്മാണത്തിന് വിത്തും വളവും ലഭ്യമാക്കുക
16. കോഴി, ആട്, പശു എന്നിവ വാങ്ങുന്നതിനും സബ്സിഡിയോടു കൂടി ലോണുകൾ ലഭ്യമാക്കുക.

Chapter - V-10

# സഹകരണം

## വിതുര പഞ്ചായത്തിലെ സ്ഥാപനങ്ങൾ

വായ്പാ സംഘങ്ങൾ

1. വിതുര സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No: 1048
2. ചായം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No: 1514 ചെറ്റച്ചൽ
3. വിതുര ഹരിജൻ സർവ്വീസ് സഹകരണസംഘം ക്ലിപ്തം No: 2739
4. ഹൗസിംഗ് സർവ്വീസ് സഹകരണ സംഘം T. 718
5. നെടുമങ്ങാട് താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകണസംഘം T. 1075
6. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് വിതുര ബ്രാഞ്ച്
7. ക്ഷീരോല്പാദനക സഹകരണ സംഘം (APCOS) T. 176 മരുതാമല
8. നെടുമങ്ങാട് താലൂക്ക് ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ വിമർസ് സർവ്വീസ് സഹകരണ സംഘം, Ltd.No. S. IND.T.330
9. മൊട്ടമൂട് ഗിരിജൻ സർവ്വീസ് സഹകരണ സംഘം, കല്ലാർ
10. റബ്ബർ ഉൽപ്പാദകസംഘം, കല്ലാർ.
11. റബ്ബർ ഉൽപ്പാദക സംഘം, കോട്ടിയത്തറ
12. വിതുര ചെറുകിട റബ്ബർ ഉല്പ്പാദക സംഘം, മേമല
13. പന്നിക്കുഴി ഗിരിജൻ സഹകരണസംഘം, മേമല.
14. തേവിയാട് ക്ഷീരവ്യവസായ സംഘം
15. ക്ഷീരോല്പാദക സഹകരണ സംഘം (APCOS), മേമല
16. വനിതാ വ്യവസായ സഹകരണസംഘം ചേന്നമ്പാറ.
17. മണിതൂക്കി പൊട്ടൻചിറ ഈറവ്യവസായ സഹകരണസംഘം.
18. കൊപ്പം കൺസ്യൂമർ സഹകരണസംഘം. T. 877.

ശക്തമായ ജനകീയ അടിത്തറയുള്ള കേരളത്തിലെ ജനകീയ പ്രസ്ഥാനത്തിന്റെ വിതുരയുടെ ചരിത്രം -1 925 നവംബർ 8-ാം തീയതി ആരംഭിക്കുന്നു. വിതുര K.P.S.M ഗ്രന്ഥശാലയിൽ സർവ്വശ്രീ വലിയവേങ്കോടുപത്മനാഭപിള്ള കുഴിവിള, പത്മനാഭപിള്ള, മുല്ലച്ചിറ മാധവൻനായർ, മിടാലം, പത്മനാഭപിള്ള, കുറവരുകോണം വേലായുധൻ നായർ, ഈഞ്ചപ്പുരി പത്മനാഭപിള്ള, കേശവനേഡ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ശ്രീ. കുറവരുകോണം വേലായുധൻ നായർ പ്രസിഡന്റായി രൂപീകരിച്ച വിവേകദായിനി പരസ്പരസഹായ സഹകരണ സംഘമാണ്. പിൽക്കാലത്ത് വിതുര സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 1048 ആയും 1976 ജൂൺ 26-ാം തീയതി മുതൽ സഹകരണബാങ്ക് ആയും പ്രവർത്തിക്കുന്നത്. 13670 അംഗങ്ങൾ നിലവിലുണ്ട്.

മൂന്നാമതായി വിതുര ഹരിജൻ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 2739 ആയി 1.1.1123 ME-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചെങ്കിലും 1973 മുതൽ ആണ് യഥാർത്ഥത്തിൽ സഹകരണസംഘത്തിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുള്ളത് 1675 അംഗങ്ങൾ നിലവിലുണ്ട്.

രണ്ടാമതായി രൂപീകരിച്ച് ചായം സർക്കാർ സഹകരണസംഘം ഈ പഞ്ചായത്തിലെ മൂന്ന് വാർഡുകളെ പ്രതിനിധാനം ചെയ്യുന്നു

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്നതിനും വേണ്ടി 1980-ൽ ജില്ലാ സഹകരണ ബാങ്കിന്റെ വിതുര ബ്രാഞ്ച് ആരംഭിച്ചു. തുടർന്നു വിവിധ കാലഘട്ടങ്ങളിൽ പട്ടികയിൽ കൊടിത്തിട്ടുള്ള മറ്റ് സഹകരണസ്ഥാപനങ്ങൾ വിവിധ ഉദ്ദേശത്തോടുകൂടിതന്നെ പ്രവർത്തനമാരംഭിച്ചെങ്കിലും ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞതും കഴിയാത്തതുമായ സഹകരണസ്ഥാപനങ്ങൾ നിലവിലുണ്ട്.

കർഷകരെ സഹായിക്കുന്നതിനുവേണ്ടിയാണ് വായ്പാ സംഘങ്ങൾ തുടങ്ങിയതെങ്കിലും ഇപ്പോൾ ബാങ്കിംഗ് മേഖലയിലേക്കാണ് കൂടുതൽ ശ്രദ്ധതിരിഞ്ഞിട്ടുള്ളത്. അതുകൊണ്ടുതന്നെ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾക്കനുസരിച്ച് കൃഷി വികസിക്കുന്നില്ല. ജില്ലാ സഹകരണ ബാങ്കുകളേയും നിക്ഷേപകരേയും ആശ്രയിച്ച് ലോൺ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് വായ്പകൾ ലഭ്യമാക്കുന്നതിന് കഴിയുന്നില്ല . കാരണം ജില്ലാ ബാങ്കിൽ നിന്നും ലോൺ കിട്ടുന്നതിനുള്ള വ്യവസ്ഥകളുടെ കാഠിന്യവും നിക്ഷേപങ്ങളുടെ അപര്യാപ്തതയും യഥാസമയം തിരിച്ചടവ് നടക്കാത്തതുമാണ് വിതുരയുടെ സാമ്പത്തിക വളർച്ചയ്ക്ക് സഹകരണസംഘങ്ങൾ കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ടെങ്കിലും മതിയായ ലക്ഷ്യപ്രാപ്തിയിലെത്തി

യിട്ടില്ല. വികസന പ്രവർത്തനങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്താൻ കഴിയുന്ന പ്രസ്ഥാനമാണ് സഹകരണം. അതിന് നിലവിലുള്ള സഹകാരികളുടെ സഹകരണ മനോഭാവത്തിൽ മാറ്റം വരണം. അത് നിരന്തരമായ ബോധവൽക്കരണത്തിലൂടെ മാറ്റിയെടുക്കണം.

26613 (1991 സെൻസസ്) ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ വിവിധ സഹകരണ സ്ഥാപനങ്ങളിലായി ഏതാണ്ട് 15000–ത്തോളം അംഗങ്ങളുണ്ട്. എന്നാൽ പ്രസ്തുത സഹകരണസ്ഥാപനങ്ങളുടെ നിക്ഷേപത്തുക ഏകദേശം 2 കോടിയോളം വരും. ഇത് ദേശസാൽകൃത ബാങ്കുകളെ അപേക്ഷിച്ച് തുലോം കുറവാണ്. ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപ തുകയിൽ 15% മാത്രം പ്രദേശത്തെ വികസനത്തിന് വിനിയോഗിക്കുമ്പോൾ സഹകരണസ്ഥാപനങ്ങളുടെ നിക്ഷേപം പൂർണ്ണമായും പ്രദേശത്തെ വികസനത്തിനുവേണ്ടി വിനിയോഗിക്കും. അതുകൊണ്ട് സഹകരണസ്ഥാപനങ്ങളുടെ നിക്ഷേപം വളർത്തുന്നതിന് ബോധവൽക്കരണത്തിലൂടെ ജനകീയ സഹകരണം ഉറപ്പാക്കുക, നിലവിലുള്ള നിക്ഷേപസഹകരണ സ്ഥാപനങ്ങൾ, കൃഷിവായ്പകൾ, വാഹനവായ്പകൾ, ചെറുകിട വ്യവസായ വായ്പകൾ, വീട് വയ്ക്കുന്നതിനുള്ള വായ്പകൾ, കോഴിവളർത്തൽ തുടങ്ങിവയ്ക്കുള്ള വായ്പാ വിതരണവും പാൽ, വളം, തുണി, റബ്ബർ എന്നിവയുടെ വ്യാപാരവും നടത്തുന്നു.

ഭവനനിർമ്മാണത്തിനാവശ്യമായ വായ്പകൾ ശരിക്കും ലഭിച്ചിട്ടില്ല.

## നിർദ്ദേശങ്ങൾ

1. കൃഷിക്കാവശ്യമായ വായ്പകൾ കൃത്യമായും സീസണബിളായും കിട്ടാനുള്ള നടപടി സ്വീകരിക്കുക.
2. കൃഷിവായ്പ ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുക. ദുരുപയോഗം ചെയ്യാതിരിക്കാൻ കുറഞ്ഞ പലിശയ്ക്ക് വിവിധ തരത്തിലുള്ള വായ്പകൾ വിതരണം ചെയ്യുക.
3. സ്വർണ്ണപ്പണയം സ്വീകരിക്കുന്നതിന് കൂടുതൽ തുക വകയിരുത്തി സ്വകാര്യസ്ഥാപനങ്ങളെ നിരുത്സാഹപ്പെടുത്തുക. ഡിപ്പോസിറ്റ് കൂടുതൽ സ്വരൂപിച്ച് ദേശസാൽകൃത ബാങ്കുകളുടെ വളർച്ചയെ ചെറുക്കണം.
4. ജില്ലാ സഹകരണബാങ്ക് എന്ന ഇടത്തട്ട് വ്യവസ്ഥ ഇല്ലാതാക്കുക. കഴിയുന്നില്ലായെങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ചെയ്യുന്ന ബിസ്സിനസ്സ് എങ്കിലും ജില്ലാ സഹകരണ ബാങ്കുവഴി ചെയ്യാതിരിക്കുക.
5. തൊഴിൽ സാമൂഹ്യ ജനാധിപത്യ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിന് എല്ലാ വാർഡുകളിലും വനിതാസഹകരണസംഘങ്ങൾ സ്ഥാപിക്കുക.
6. ഹരിജന ഗിരിജന സഹകരണസംഘങ്ങൾ പഞ്ചായത്തിൽ സാധ്യതയുള്ള എല്ലാ വാർഡിലും സ്ഥാപിക്കുക.
7. എല്ലാ വാർഡിലും ക്ഷീരോല്പാദക സഹകരണസംഘങ്ങൾ സ്ഥാപിക്കുക. ഒരു കാരണവശാലും ബോണക്കാട്ടിനെ ഒഴിവാക്കാൻ പാടില്ല.
8. പൂകൃഷി വ്യാപിപ്പിക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
9. കല്ലാർ, മരുതാമല, കളീക്കൽ, തള്ളച്ചിറ എന്നീ വാർഡുകളിൽ ഈറ്റതൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഈറ്റ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
10. വിതുര കേന്ദ്രീകരിച്ച് സുഗന്ധവ്യഞ്ജനസംഭരണ സഹകരണ സംഘം (വനവിഭവങ്ങൾ) സ്ഥാപിക്കുക.
11. തേനീച്ച വളർത്തൽ സഹകരണസംഘം സ്ഥാപിക്കുക.
12. മുട്ട ഉൽപ്പാദക സഹകരണസംഘം സ്ഥാപിക്കുക.
13. കാലിത്തീറ്റ, കോഴിത്തീറ്റ തുടങ്ങിയവയുടെ വിലവർദ്ധനവ് തടയുന്നതിനും യഥാസമയം കിട്ടുന്നതിനും തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
14. മേൽപ്പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രവർത്തനക്ഷമമല്ലാത്ത സഹകരണ സംഘങ്ങളെ പുനർജ്ജീവിപ്പിക്കുക മേൽ വിവരിച്ച് സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി ഉൽപ്പാദിപ്പിക്കുന്നതോ സംഘം നേരിട്ടുൽപ്പാദിപ്പിക്കുന്നതോ ആയ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് അതാതു സംഘങ്ങൾ തന്നെ വഹിക്കണം.

Chapter - V-11

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

## പട്ടികവർഗ്ഗം ആദിവാസികൾ

പണ്ടുകാലത്തു തന്നെ ഇവിടെ ആദിവാസികുടുംബങ്ങൾ ഉണ്ടായിരുന്നു. ആദിവാസി എന്ന പേരുതന്നെ ആദ്യകാലത്ത് താമസിച്ചിരുന്നവരെ സൂചിപ്പിക്കുന്നു. വിതുര പഞ്ചായത്തിലെ ചെറ്റച്ചൽ, മേമല, ആനപ്പാറ, കല്ലാർ, തേവിയാട്, മരുതാമല എന്നീ വാർഡുകളിലാണ് ഇപ്പോൾ ആദിവാസികൾ കൂടുതലായി താമസിക്കുന്നത്. വിതുര പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ഇപ്പോൾ ആദിവാസികൾ താമസിക്കുന്നു.

പണ്ടു നെടുമങ്ങാടുമുതൽ ഇങ്ങോട്ട് ആദിവാസികൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് ചില സ്ഥലനാമങ്ങളും കാർഷികവിളകളും സൂചിപ്പിക്കുന്നുണ്ട്; ആദിവാസികളുടെ പ്രിയപ്പെട്ട ആഹാരമാണ് നെടുവൻകിഴങ്ങ്. ഇത് ധാരാളമായി ഉണ്ടായിരുന്ന കാടാണ് പിന്നീട് നെടുമങ്ങാടായി മാറിയതെന്ന് അവർ അവകാശപ്പെടുന്നു. ആനക്കാട് ആനാടായെന്നും, പുള്ളിമാൻ ധാരാളമായി മേഞ്ഞു നടന്നിരുന്ന സ്ഥലം ചുള്ളിമാനൂരായെന്നും ആദിവാസികൾക്ക് അഭിപ്രായമുണ്ട്. അതുപോലെ ഇങ്ങോട്ട് ഓരോ സ്ഥലത്തിനും കാടുമായി ബന്ധമുണ്ട്. 'കാണിക്കാർ' എന്നറിയപ്പെടുന്നത് സഹ്യന്റെ സാനുക്കളിൽ താമസിക്കുന്ന ഗിരിജനങ്ങളെയാണ്.

മഹാരാജാവിന് വളരെ വിശ്വസ്തരായിരുന്നു ഇവർ. രാജാവിനു വനപ്രദേശം കാണിച്ചുകൊടുത്തവർ എന്ന അർത്ഥത്തിൽ കാണിക്കാർ എന്ന് വിളിക്കപ്പെട്ടതായി അഭിപ്രായമുണ്ട്. കാടുവെട്ടിത്തെളിച്ച് കാണിക്കാർ കൃഷിചെയ്യുമ്പോൾ നാട്ടിലെ പ്രമാണിമാർ അവരെ വിരട്ടിയോടിക്കുകയും ആ കൃഷിഭൂമിയും കാർഷികവിളകളും കൈക്കലാക്കുകയും ചെയ്തു. കൃഷിഭൂമി കാണിച്ചുകൊടുക്കാൻ മാത്രം വിധിക്കപ്പെട്ടവർ എന്ന് ഈ പേരിനർത്ഥമുള്ളതായി ഗിരിജനങ്ങൾക്ക് അഭിപ്രായമുണ്ട്. മുള ചതച്ച് ഈറ ഇലയുടെ സഹായത്താൽ നിർമ്മിക്കുന്ന നീളമുള്ള ഒരു പുരയിലാണ് ഗിരിജനകുടുംബം താമസിച്ചുപോന്നത്. വൃത്തിയുള്ള പുരയുടെ മധ്യത്ത് അവർ ആഴി ഉണ്ടാക്കി ആഴിക്കഭിമുഖമായി മുതുക് തിരിച്ച്, നെഞ്ചിൽ ചൂടടിക്കാതെയാണ് അവർ കിടന്നുറങ്ങിയിരുന്നത്. ഇങ്ങനെ കിടക്കുന്നതുകാരണം അവർക്ക് ഉറക്കത്തിന് സുഖം ലഭിക്കുകും പകലുള്ള അദ്ധ്വാനത്തിന്റെ ക്ഷീണം മാറുകയും ചെയ്തിരുന്നു. അതോടൊപ്പം തന്നെ വന്യജീവികളെ വിരട്ടുന്നതിനും, ഈ ആഴി പ്രയോജനപ്പെട്ടിരുന്നു.

കാണിക്കാർ പിന്നിലോട്ട് തൂങ്ങിക്കിടക്കുന്ന വസ്ത്രമാണ് (പിൻതാർ) ധരിച്ചിരുന്നത്. പ്രായം ചെന്ന പുരുഷൻമാർ പിൻതാറുമായി ദൂരദേശങ്ങളിൽപ്പോലും സഞ്ചരിച്ചിരുന്നു. അതിനാൽ ഇവിരെ പിൻതാർതൂക്കികൾ എന്നുവിളിച്ചു വന്നിരുന്നു. തങ്ങൾ ബ്രാഹ്മണ കുലത്തിൽ പിറന്നവരാണെന്നും ഇവർ കരുതിപ്പോന്നു. രാജാവിനു തേനും വനസമ്പത്തുക്കളും കാഴ്ചയായി നൽകുമ്പോൾ, ' എന്ത്ക്കെ ടാ തേൻ കൊണ്ട വച്ചിരിക്ക്ണ്' എന്നു പറഞ്ഞിട്ടു പുറംതിരിഞ്ഞുനിന്ന് രാജാവിനെ തൊടുമായിരുന്നു. കൈ പുറകോട്ട് നീട്ടി മുതുകിൽ കൈപ്പത്തികൂട്ടിയായിരുന്നു രാജാവിനെ തൊഴുതിരുന്നത്. കാണിക്കാർ, രാജാവിന്റെ വഴികാട്ടികളായിരുന്നുവെന്നും പറയപ്പെടുന്നു. അമ്പൂരി മുതൽ ആര്യങ്കാവ് വരെയുള്ള പ്രദേശങ്ങളുമായി ഇവർക്ക് ഗാഢബന്ധമുണ്ട്. ഇവരിൽ നാടുമായി ബന്ധമുള്ളവർ മാത്രമാണ് ആദ്യം വിദ്യാഭ്യാസം നേടിയത്. വിതുരയിലെ 'വിവേകദായിനി സ്കൂൾ' ഗിരിജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി വലിയവേങ്കാട് ശ്രീപത്മനാഭപിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ചുവെന്നത് ഇവിടെ സ്മരണീയമാണ്.

കായ്കനികളും, കിഴങ്ങുകളും, വേട്ടയാടിക്കിട്ടുന്ന മൃഗങ്ങളും ആറ്റു മത്സ്യങ്ങളുമായിരുന്നു ഇവരുടെ പ്രധാന ആഹാരം. എന്നാൽ വളരെ മുമ്പുള്ളവർ സസ്യാഹാരം മാത്രമേ കഴിച്ചിരുന്നില്ലു. തേൻ, നെല്ലരി (വിളനെല്ല്, തിന, ചോളം എന്നിവയും പ്രധാന ആഹാരങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടും. പണ്ടു മുതലേ മൂട്ടുകാണിക്കായിരുന്നു ഓരോ കാട്ടിലും പ്രാധാന്യം. ശിക്ഷരക്ഷകൾ നടത്തുന്നതിന് മൂട്ടുകാണിയ്ക്ക് പൂർണ്ണ അവകാശമുണ്ടായിരുന്നു. അന്ധവിശ്വാസം ഇവരുടെ രക്തത്തിൽ അലിഞ്ഞുചേർന്നതായിരുന്നു. എല്ലാ വസ്തുക്കളിലും ഇവർ ഈശ്വരചൈതന്യം ദർ

ശിച്ചിരുന്നു. പടുകൂറ്റൻ മലകൾക്കുപോലും കാണിക്കാർ ചില ഈശ്വരനാമങ്ങൾ കൊടുത്തു പൂജിച്ചു പോന്നിരുന്നു. മരുമക്കത്തായത്തിനായിരുന്നു അടുത്തകാലം വരെ കാണിക്കാർ പ്രാധാന്യം നൽകിയിരുന്നത്. കുടുംബത്തിലെ ഗണപതി എന്ന് മൂട്ടുകാണിയെ കരുതിയിരുന്നു. ഈശ്വരാരാധന, കുടുംബജീവിതം വേട്ടയാടൽ തുടങ്ങിയ കാര്യങ്ങളിൽ മൂട്ടുകാണിയുടെ അഭിപ്രായം അവർക്ക് അംഗീകൃത നിയമമായിരുന്നു. മൂട്ടില്ലം, മേനിയില്ലം എന്നിങ്ങനെ രണ്ടില്ലങ്ങൾ കാണിക്കാർക്ക് ഉണ്ട്. അമ്മവഴിയുള്ള വീടിനെ മൂട്ടില്ലം എന്നും അച്ഛൻവഴിയുള്ള വീടിനെ മേനിയില്ലം എന്നും വിളിച്ചിരുന്നു. വിവാഹ ഇല്ല ബന്ധങ്ങളാണ് ഈ ഇല്ലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത് ഒരേ ഇല്ലത്തിലുള്ളവർ തമ്മിലുള്ള വിവാഹം അനുവദിക്കുമായിരുന്നില്ല. അങ്ങനെ നടന്നാൽ ആ കുടുംബക്കാർക്ക് ശിക്ഷ നൽകുന്നതിനും അവർക്ക് ഭ്രഷ്ട് കൽപിക്കുന്നതിനും മൂട്ടുകാണിക്ക് അധികാരമുണ്ടായിരുന്നു. ആദിവാസികൾ തമ്പുരാൻ, തമ്പുരാട്ടി, മാടൻ, മറുത, കരുങ്കാളി, മുത്തി, ചാമുണ്ഡി, കുണ്ടണിമാടൻ, അരയമുത്തൻ, പെരുമ്മാമുത്തൻ, ആനച്ചാവ്, പിലിച്ചാവ്, അഗസ്ത്യൻ, പൊന്മുടി തേവർ, പൊന്മുടി ശാസ്താ, ആയിരവില്ലി ( അർജ്ജുനൻ) ഭദ്രകാളി, ദുർഗ്ഗാദേവി തുടങ്ങിയ പേരുകളുള്ള ദൈവങ്ങളെ ആരാധിച്ചിരുന്നു. ഇത്തരം ദൈവങ്ങളെ ചാറ്റുപാട്ടിലൂടെ ഉണർത്തി കടലിൽ കൊണ്ടുപോയി കുളിപ്പിച്ച് ശുദ്ധിവരുത്തി വർഷാവർഷം വീണ്ടും മലയിൽ ഉറപ്പിച്ചിരുത്തും.

## ചികിത്സാരീതി

ആദിവാസികളെ അലട്ടിക്കൊണ്ടിരുന്ന രോഗമാണ് മലമ്പനി. ഈ രോഗശമനത്തിനായി ഇവർ കടമാൻ തോല്, വെള്ളം, തേൻ മുതലായവ ഉപയോഗിച്ച് കഷായമുണ്ടാക്കി കഴിച്ചിരുന്നു-പച്ചിലമരുന്നുകൊണ്ട് ഇവർ മലമ്പനിയെ അകറ്റിയിരുന്നതായി പറയുന്നുണ്ട്. പാമ്പ് മറ്റു ഇഴജന്തുക്കൾ, കാട്ടുമൃഗങ്ങൾ എന്നിവയുടെ ബാധയിൽ നിന്നുണ്ടാകുന്ന അസുഖങ്ങൾക്കും പച്ചിലമരുന്നുകളിലൂടെയാണ് ശമനം കണ്ടിരുന്നത്. ആദിവാസികൾ ഇപ്പോഴും മരുന്നുകഴിക്കുന്നത് ദൈവത്തെ സാക്ഷിനിർത്തിയാണ്. കുഷ്ഠം, ക്ഷയം തുടങ്ങിയ അസുഖങ്ങൾക്കും കാണിക്കാർ പച്ചിലമരുന്നുകൾ ഉപയോഗിച്ചിരുന്നു.

വിഷചികിത്സയ്ക്ക് മണലിയിലെ മല്ലൻ കാണി വളരെ പ്രസിദ്ധനാണ് മല്ലൻകാണിയുടെ ജ്യേഷ്ഠൻ ആയ തിച്ചൻ കാണിയും ചികിത്സ നടത്തിയിരുന്നു. മല്ലൻകാണിക്ക് പാരമ്പര്യ വൈദ്യൻമാർക്കുള്ള ധനസഹായം ഇപ്പോഴും ലഭിക്കുന്നുണ്ട്. ഈ വനപ്രദേശത്തിന്റെ പല ഭാഗത്തായി ഏഴ്, പാരമ്പര്യ വിഷചികിത്സാ വൈദ്യൻമാർ ഗിരിജനങ്ങൾക്കിടയിൽ ഇപ്പോഴും ഉണ്ട്. മല്ലൻ കാണിയുടെ മകൻ സഹദേവനും വിഷചികിത്സയിൽ മിടുക്കനാണ്. കൊച്ചുമ്മിണി കാണിയുടെ കൊച്ചുമകനായ മല്ലൻകാണിയ്ക്ക് പിതാവായ വില്ലിക്കാണിയിൽ നിന്നും ചികിത്സയെക്കുറിച്ച് പലതും പഠിക്കാൻ കഴിഞ്ഞിട്ടുണ്ട്. പതിനയ്യായിരത്തോളം പേരെ താൻ ചികിത്സിച്ചിട്ടുണ്ടെന്നാണ് മല്ലൻകാണി അവകാശപ്പെടുന്നത്. പേപ്പട്ടിവിഷബാധ, മഞ്ഞനോവ് തുടങ്ങിവയ്ക്കും താൻ മരുന്നു നൽകിയിട്ടുണ്ടെന്ന് ഈ ഗിരിജനവൈദ്യൻ സാഭിമാനം പറയുന്നു.

കാണിക്കാർ താമസിക്കുന്ന വീടുകളിൽ പണ്ട് അവർണ്ണർക്ക് പ്രവേശനമില്ലായിരുന്നു. ജാതിവ്യക്തമാക്കിയതിനുശേഷം മാത്രമേ ഇവർ അന്യരെ അകത്തുകടത്തുമായിരുന്നുള്ളൂ. മേൽജാതിക്കാരെ ഇവർ 'പുള്ള, തമ്പുരാൻ ' എന്നും മറ്റും ബഹുമാനപുരസ്സരം വിളിച്ചിരുന്നു.

നാട്ടുരാജാവ് രാജ്യം ഭരിച്ചപ്പോൾ കാണിക്കാർ കാടു ഭരിച്ചു. രാജാവിന്റെ അധികാരത്തിലുള്ള ഭൂമി പതിച്ചു കൊടുക്കാൻ അദ്ദേഹത്തിന് അവകാശമുണ്ടായിരുന്നു. എന്നാൽ കാണിക്കാരന്റെ അധികാരത്തിലുള്ള ഭൂമി അവർക്ക് ഇതുവരേയും പതിച്ചു കിട്ടിയില്ല എന്ന് ഇവർക്ക് കടുത്ത പരാതിയുണ്ട്.

## ചെറ്റച്ചൽവാർഡ്

ചെറ്റച്ചൽ വാർഡിലെ കരമ്പിൻകാല, ഒഴുകുപാറ, കാലങ്കാവ് എന്നീ സ്ഥലങ്ങളിൽ ഗിരിജനങ്ങൾ പാർക്കുന്നുണ്ട്. എന്നാൽ ഇവിടത്തെ വികസനപ്രവർത്തനങ്ങൾ പൂർണ്ണമായിട്ടില്ല. കരിമ്പിൻ കാലയൽ ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല. വിദ്യാഭ്യാസം ലഭിച്ചവർ 80% ഉണ്ട്. ഇതിൽ 30% ഓളം ഉദ്യോഗസ്ഥരാണ്. ഉദ്യോഗസ്ഥരിൽ പലരും കുറഞ്ഞശമ്പളക്കാരാണ്. എല്ലാ കുടുംബങ്ങൾക്കും ഇവിടെ വീട് വെയ്ക്കാൻ കഴിഞ്ഞിട്ടില്ല. റോഡ്, പാലം, വൈദ്യുതി എന്നിവ ഈ പ്രദേശത്ത് അടിയന്തിരമായി കിട്ടേണ്ടതാണ്.

## മേമല വാർഡ്

ഈ വാർഡിലെ കരിപ്പാലം, ഒറ്റക്കുടി, (മീനാങ്കര) പട്ടൻകുളിച്ചപാറ, വയലിൽപുല്ല്, പൊടിയക്കാല എന്നീ സ്ഥലങ്ങളിലാണ് ഗിരിജനങ്ങളുള്ളത്. ഈ പ്രദേശങ്ങളിൽ ഒന്നും തന്നെ കാര്യമായ വികസനപ്രവർത്തനങ്ങൾ നടന്നിട്ടില്ല. വീടില്ലാത്ത ആളുകളാണ് കൂടുതലുള്ളത്. കരിപ്പാലം എന്ന സ്ഥലത്തുമാത്രമേ വൈദ്യുതി ലഭിച്ചുള്ളൂ.

മറ്റു സ്ഥലങ്ങൾ ഇപ്പോഴും ഇരുട്ടിലാണ്. റോഡ്, പാലം, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണസ്ഥാപനങ്ങൾ തുടങ്ങിയവ മുകളിൽപറഞ്ഞ പ്രദേശങ്ങളിൽ ലഭിച്ചേതീരൂ. വന്യമൃഗങ്ങളായ ആനയുടേയും പന്നിയുടേയും ഉപദ്രവം ഇവിടത്തെ ഗിരിജനങ്ങളെ അസ്വസ്ഥരാക്കുന്നു.

### പൊടിയക്കാല

പേപ്പാറ ഡാം പണിയുന്ന സ്ഥലത്ത് നിന്നും കുടിയിറക്കപ്പെട്ടവരാണ് പൊടിയക്കാല താമസിക്കുന്നവരിൽ 41 കുടുംബങ്ങളും. കൂടാതെ 11 കുടുംബങ്ങൾക്കൂടി അവിടെയുണ്ട്. 110 ഹെക്ടർ സ്ഥലം വാട്ടർ അതോറിട്ടിയും വനം വകുപ്പുമായി ചേർന്ന് ഗിരിജനങ്ങൾക്കായി മാറ്റിയിട്ടു. എന്നാൽ 50 ഹെക്ടർ സ്ഥലം മാത്രമേ ഇവർക്ക് ഇതുവരെ ലഭിച്ചിട്ടുള്ളൂ. വീടില്ലാത്തവരാണ് പൊടിയക്കാല താമസിക്കുന്നവരിൽ പലരും. ആകെ 29 വീടുകളിലായിട്ടാണ് മൊത്തം 52 കുടുംബങ്ങൾ കഴിയുന്നത്. ഈ 52 കുടുംബങ്ങളിലായി 200 പേരിലധികം താമസിക്കുന്നു. ഇത്രയും കുടുംബങ്ങൾക്ക് ആശ്രയം ഒരു പഞ്ചായത്ത് കിണറാണ്. വനംവകുപ്പിൽ ദിവസക്കൂലിക്കാരായി ജോലിചെയ്യുന്ന മൂന്നുപേരും കുറഞ്ഞശമ്പളക്കാരായ നാല് ഉദ്യോഗസ്ഥൻമാരും ഈ പ്രദേശത്തെ ഗിരിജനങ്ങളിലുണ്ട്. മീനാങ്കൽ ഹൈസ്കൂളിൽ പൊടിയക്കാല നിന്ന് വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. മുപ്പതിലധികം കുട്ടികൾ പ്രൈമറി സ്കൂളിൽ പോകാൻ സാഹചര്യമില്ലാത്തതുകാരണം ഇപ്പോഴും നിരക്ഷരരായി കഴിയുന്നു. പൊടിയക്കാലനിന്നും മീനാങ്കൽ സ്കൂളിൽപോകാൻ ഏതാണ്ട് 6 കിലോമീറ്റർ ദൂരമുണ്ട്. ഇത്രയും ദൂരം ദീർഘസഞ്ചാരം അസാദ്ധ്യമായതിനാലും വഴിയിൽ കാട്ടുമൃഗങ്ങളുടെ ശല്യമുള്ളതിനാലും ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും അപര്യാപ്തതയായാലും ഇവിടത്തെ കുട്ടികൾക്ക് വിദ്യാഭ്യാസം നേടാൻ കഴിയുന്നില്ല. ഒരു ബാലവാടി അനുവദിച്ചുവെങ്കിലും ഇതുവരെ അതിന്റെ ഉദ്ഘാടനം നടക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്തിട്ടില്ല. വാർദ്ധക്യം ബാധിച്ച് മറ്റു ജോലിക്കാർക്കു പോകാൻ കഴിയാതെ കാട്ടുകിഴങ്ങിനെ മാത്രം ആശ്രയിച്ചുകഴിയുന്ന ഇരുപതോളം പേർ ഇവിടെയുണ്ട്. കാട്ടുകിഴങ്ങുകളായ നെടുവൻ, നൂറാൻ, പിന്നൻ, കവലക്കിഴങ്ങ്, കരുവള്ളി, പറണ്ടയ്ക്ക, കൊങ്ങന, മുളയരി, ഈറക്കായ് എന്നിവയെമാത്രം ആശ്രയിച്ചു കഴിയുന്ന പൊടിയക്കാലയിലെ ഗിരിജനങ്ങൾക്ക് ഇന്ന് അതിനും മാർഗ്ഗമില്ലാത്ത അവസ്ഥയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ കടുത്ത നിയന്ത്രണംകാരണം ഇവർക്ക് കാട്ടിൽ സ്വാതന്ത്ര്യം ലഭിക്കുന്നില്ല. പേപ്പാറയ്ക്ക് മുകളിൽ വളരെ ബുദ്ധിമുട്ടില്ലാതെ കഴിഞ്ഞിരുന്ന ഇവരെ പൊടിയക്കാല എന്ന ഒറ്റപ്പെട്ട സ്ഥലത്ത് പല വാഗ്ദാനങ്ങളും നൽകിക്കൊണ്ടു ചെന്നെത്തിച്ചിട്ട് അവർക്ക് ജീവിക്കാൻവേണ്ട സഹായം പോലും നൽകാത്തത് അവരോടു കാണിക്കുന്ന ക്രൂരത തന്നെയാണ്. ഇതിനു പരിഹാരം കണ്ടേ തീരൂ. അവകാശങ്ങളെക്കുറിച്ചുപോലും ഇവർക്ക് അറിഞ്ഞുകൂടാത്ത അവസ്ഥയാണ്. അതിനാൽ ഈ പ്രദേശത്ത് ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. റോഡ്, പാലം സ്കൂൾ, ആതുരാലയം, കുടിവെള്ളം, തൊഴിൽ എന്നിവ നൽകി ഈ പ്രദേശത്തെ ജനങ്ങളെ സംരക്ഷിക്കേണ്ടതാണ്.

### ആനപ്പാറ വാർഡ്

മണലി, നെട്ടയം, തച്ചരുകാല എന്നീ സ്ഥലങ്ങളിലായിട്ടാണ് ആനപ്പാറ വാർഡിലെ ഗിരിജനങ്ങൾ താമസിക്കുന്നത്. മണലിയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരിൽ 80% മാത്രമാണ് സ്വന്തമായി വീടുള്ളത്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസം ലഭിച്ചവർ ഇവിടെ കൂടുതലാണ്. എങ്കിലും നിരക്ഷരരായ ആദിവാസികൾ ഈ പ്രദേശത്തുമുണ്ട്, കുടിവെള്ളത്തിനും ഇവിടെ സാരമായ ബുദ്ധിമുട്ട് ഇല്ലെന്നുതന്നെ പറയാം. പാലത്തിന്റെ അപര്യാപ്തത ഈ പ്രദേശത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഈ പ്രദേശത്തെ തോടുകൾ മുഴുവനും നികന്നു പോയതുകാരണം കർഷകർ ബുദ്ധിമുട്ടുകയാണ്. തോടുകളുടെ കരയിടിച്ചിൽ കൃഷിഭൂമിയെ നശിപ്പിക്കുന്നു. അതിനാൽ തോടുകളുടെ ഇരുഭാഗവും ഇടിയാതെ സംരക്ഷിക്കാൻ വേണ്ട പദ്ധതി ഉണ്ടാവണം. ആനപ്പാറ നിന്ന് മണലി ഗിരിജനമേഖലയിൽ എത്തുന്നതിന് ആശ്രയിക്കാവുന്ന ഒരേ ഒരു പാലമായിരുന്നു മണലിപ്പാലം (രാജീവ്ഗാന്ധി പാലം). ഈ പാലം കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയി. ഈ പാലം അടിയന്തിരമായി നിർമ്മിച്ചേ തീരൂ.

### നെട്ടയം

വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ നെട്ടയം വളരെ പിന്നിലാണ്. വീടിന്റെ ദയനീയ സ്ഥിതി ഈ പ്രദേശത്തെ ആദിവാസികളെ അലട്ടുന്നു. ഏതാനും പേർക്കു മാത്രമേ ഒരു വിധം മെച്ചമായ വീടുകളുള്ളൂ. ഈ പ്രദേശത്ത് സാമാന്യ വിദ്യാഭ്യാസം ലഭിച്ചവർ ഉണ്ടെങ്കിലും പലരും നിരക്ഷരരാണ്. സാക്ഷരതാ പ്രവർത്തനം ഇവിടെ കാര്യമായ മാറ്റം വരുത്തിയിട്ടില്ല. വൈദ്യുതി എത്തിനോക്കിയിട്ടില്ലാത്ത ഗിരിജന മേഖലകളിൽ ഒന്നാണ് നെട്ടയം. ശുദ്ധജലത്തിന്റെ അപര്യാപ്തത ഇവിടെ കാര്യമായിട്ടുണ്ട്.

വൈദ്യുതി, റോഡ്, കുടിവെള്ളം, ചികിത്സാ സൗകര്യം എന്നിവ ഇവിടെ എത്തിക്കേണ്ടതാണ്.

### തച്ചരുകാല

ആനപ്പാറ വാർഡിൽ പെരിങ്ങമ്മല പഞ്ചായത്തതിർത്തിയിലാണ് തച്ചരുകാല എന്ന ആദിവാസി പ്രദേശം. ഇവിടെ ഒരു ബാലവാടി ഉണ്ടെങ്കിലും അത് പെരിങ്ങമ്മല പഞ്ചായത്തിലാണ്. ഇവിടെ കുറച്ചൊക്കെ സാക്ഷരതാ പ്രവർത്തനം നടന്നിട്ടുണ്ടെങ്കിലും നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞില്ല. ഇവിടെയുള്ള മിക്കവാറും ഭവനങ്ങൽ, താൽക്കാലികങ്ങളാണ്. വിതുര, കുണ്ടാളംകുഴി, പെരിങ്ങമ്മല റോഡിന് ഏതാനും അകലെയാണ് ഈ പ്രദേശമെങ്കിലും ഈ പ്രദേശത്ത് ചെന്നെത്തുന്നതിനു അനുയോജ്യമായ റോഡുകളൊന്നും തന്നെയില്ല. അരയക്കുന്നിൽ ഒരു പാലം പണിതാൽ, തച്ചരുകാല നിന്നുവരുന്ന തടവുമായി ബന്ധപ്പെടുത്താവുന്നതാണ്. റോഡ്, വീട്, പാലം, വൈദ്യുതി തുടങ്ങിയവയാണ് ഇവിടെ അത്യന്താപേക്ഷിതമായിട്ടുവേണ്ടത്.

### കല്ലാർവാർഡ്

നാരകത്തിൻകാല, ചണ്ണവിള, മൊട്ടമൂട്, ചെമ്പിക്കുന്ന്, കല്ലങ്കുടി, അല്ലത്താര പെരുമ്പാറയടി, ആലുംമൂട്, കൊങ്ങമരത്തിൻമൂട്, ചാമക്കര, ആറാനക്കുഴി, മണക്കുടി, നെല്ലിക്കുന്ന്, ഓടച്ചാൻപാറ, മുല്ലമൂട്, ഇടിമടങ്ങ്, ഈട്ടിമൂട്, ആറ്റുമൺപുറം, കൊടിമൂട്, പള്ളിപ്പുര കരിക്കകം, ഇടമൺപുറം ദൈവക്കല്ല് എന്നീ സ്ഥലങ്ങളാണ് കല്ലാർ വാർഡിലെ ആദിവാസി മേഖലകൾ ഈ പ്രദേശങ്ങളിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നടന്നിരുന്നുവെങ്കിലും കാര്യമായ പ്രയോജനം ഉണ്ടായിട്ടില്ല. മൊട്ടമൂട്ടിൽ ഒരു മഹിളാസമാജമുണ്ട് എന്നതൊഴിച്ചാൽ സാംസ്ക്കാരിക വിദ്യാഭ്യാസ, സാമൂഹിക രംഗങ്ങളിൽ മുകളിൽ പറഞ്ഞസ്ഥലങ്ങളിൽ വലിയ മാറ്റം വരുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വൈദ്യുതി, റോഡ്, പാലം, ബാലവാടി, മഹിള, സംഘങ്ങൾ എന്നിവ ഈ പ്രദേശങ്ങളിൽ ആവശ്യമാണ്.

### തേവിയാട് വാർഡ്

തേവിയാടു വാർഡിലെ മണിതൂക്കി, കല്ലുപാറ, വയലിൽപ്പുല്ല്, അടപ്പുപാറ തുടങ്ങിയ പ്രദേശങ്ങളിലാണ് ആദിവാസികളുള്ളത്. ഇവർ പൂർണ്ണമായും ദാരിദ്ര്യരേഖയ്ക്ക് താഴെ താമസിക്കുന്നവരാണ്. ഈ പ്രദേശങ്ങളിലും അത്യന്താപേക്ഷിതം വൈദ്യുതിയാണ്. ഗതാഗതസൗകര്യം ഈ പ്രദേശത്ത് നാമ്മാത്രമായിപ്പോലുമില്ല. ഇതിനുപരിഹാരം കാണേണ്ടതാണ്.

### മരുതാമല വാർഡ്

ചാത്തൻകോട്, ചെമ്മാൻകാല എന്നീ സ്ഥലങ്ങളിലാണ് മരുതാമല വാർഡിൽ ഗിരിജനങ്ങൾ അധികം താമസിക്കുന്നത്. അപൂർവ്വമായ ഔഷധസസ്യങ്ങൾ ഈ സ്ഥലങ്ങളിൽ സമൃദ്ധമായിട്ടുണ്ട്. വൈദ്യുതി, ഗതാഗതം, ചികിത്സാ സൗകര്യം, വിദ്യാലയം എന്നിവയുടെ അപര്യാപ്തത ഈ പ്രദേശത്തെ പുരോഗമന പ്രവർത്തനങ്ങൾക്കു തടസ്സമായി നിൽക്കുന്നു. ഒരു ആയുർവേദ ( ഔഷധനിർമ്മാണ ശാലയുടെ പ്രവർത്തനം) ഔഷധസസ്യ സംരക്ഷണകേന്ദ്രം ഈ പ്രദേശത്ത് ആരംഭിക്കേണ്ടതാണ്.

### ആദിവാസിമേഖലകളിൽ ഇനി വേണ്ടത്

1. ആദിവാസിമേഖലയിൽ നിന്നു മദ്യം പൂർണ്ണമായി ഒഴിവാക്കുക.
2. ഈ മേഖലയിൽ താമസിക്കുന്നവരെ ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, സാമൂഹ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന് വേണ്ടി ഇടയ്ക്കിടയ്ക്ക് ഫിലിം പ്രദർശനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക.
3. ആദിവാസി കുട്ടികൾക്ക് നിർബന്ധ വിദ്യാഭ്യാസം നൽകുക, അതിനുസഹായകമായി ഒരു സമിതിരൂപീകരിക്കുക. ഈ മേഖലയിലെ കുട്ടികളെ സ്കൂളിൽ കൊണ്ടുപോകുന്നതിനും തിരിച്ചുകൊണ്ടുവരുന്നതിനും വേണ്ടി ട്രൈബൽ വിദ്യാർത്ഥികൾക്കു മാത്രമായി വാഹനസകൗര്യം ഉണ്ടാക്കുക.
4. ആദിവാസി മേഖലയിലെ ഉൽപന്നങ്ങൾക്ക് ന്യായമായ കമ്പോളവില നൽകുക.
5. പുറത്തുള്ള ആളുകൾ ആദിവാസിമേഖലകളിൽ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുക.
6. ഈ മേഖലയിലെ ജനങ്ങൾക്ക് സ്ഥിരജോലി നൽകുക.
7. ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിലെ ജോലികളിൽ പലതും ആദിവാസികൾക്കായി സംവരണം ചെയ്യുക.
8. ആദിവാസി മേഖലകളിൽ റേഷൻകടകൾ അനുവദിക്കുക. അതോടൊപ്പം ഈ മേഖലകൾക്കുമാത്രമായി മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക.
9. ആദിവാസിമേഖലയിലെ റബ്ബർ കൃഷിയെ നിരുത്സാഹപ്പെടുത്തുകയും അവിടെ മറ്റു കൃഷികൾ ചെയ്യുന്നതിനുവേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക.

10. ഈ മേഖലകളിൽ ആതുരാലയങ്ങൾ സ്ഥാപിക്കുക.
11. പോഷകാഹാരക്കുറവ് ഈ മേഖലയിലെ കുട്ടികളേയും സ്ത്രീകളേയും കാര്യമായി ബാധിച്ചിട്ടുണ്ട്. അതിനു പരിഹാരം കാണുക.
12. വിതുര പഞ്ചായത്തിലെ ആദിവാസിമേഖലകൾ പലതും ഒറ്റപ്പെട്ടതാണ്. ഇവയെ ഒന്നിപ്പിക്കുന്നതിനായി ആദിവാസിമേഖലകളെയെല്ലാം ബന്ധപ്പെടുത്തി ഒരു പൊതുറോഡ് നിർമ്മിച്ച് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
13. വൈദ്യുതി, കുടിവെള്ളം, വീട്, പാലം, ആതുരാലയങ്ങൾ, സ്കൂൾ, ബാലവാടി, മഹിളാസംഘങ്ങൾ എന്നിവ ഈ മേഖലയിലെ എല്ലായിടത്തും എത്തിക്കുക.
14. ആദിവാസി മേഖലയിലെ ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും അവരെ ബോധവൽക്കരിക്കുക.
15. ആദിവാസിമേഖലയിലെ അനുയോജ്യമായ സ്ഥലങ്ങളിൽ ഔഷധസസ്യങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ വച്ചുപിടിപ്പിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും വേണ്ട സംരംഭങ്ങൾ ആരംഭിക്കുക.
16. ഈറ, ചൂരൽ എന്നിവകൊണ്ട് നിർമ്മിക്കാൻ കഴിയുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ ഈ മേഖലയിൽ ആരംഭിക്കുക.

## പട്ടികവർഗ്ഗക്കാരുടെ പ്രധാനപ്പെട്ട ആവശ്യങ്ങൾ

12. ആദിവാസികളുടെ കൈവശമുള്ള സെറ്റിൽമെന്റുകളിലെ ഭൂമിക്ക് കരം തീർക്കാൻ അവകാശമുള്ള കൈവശരേഖ നൽകുക.
13. ഭൂമിയില്ലാത്തവർക്കു ഭൂമിയും വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീടും നൽകുക.
14. സെറ്റിൽമെന്റുഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുവാനും മുറിച്ചെടുക്കാനുള്ള അവകാശം ആദിവാസികൾക്കു നൽകുക.
15. കൈവശഭൂമിയിൽനിന്നും മുറിച്ച വൃക്ഷങ്ങളുടെ പേരിൽ എടുത്ത ഫോറസ്റ്റ് കേസ്സുകൾ പിൻവലിക്കുക.
16. ആദിവാസികളുടെ മേൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ എടുത്തിട്ടുള്ള കള്ളക്കേസുകൾ പിൻവലിക്കുക.
17. പട്ടിവർഗ്ഗവികസന കോർപ്പറേഷൻ രൂപീകരിക്കുക.
18. വനത്തിലെ ജോലികൾ ആദിവാസികൾക്ക് നൽകുക.
19. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗങ്ങളിൽ ആദിവാസികൾക്ക് മുൻഗണന നൽകുക.
20. ആദിവാസികളെ കുടിയൊഴിപ്പിക്കുന്ന നടപടി അവസാനിപ്പിക്കുക.
21. ആദിവാസികളായ ഉദ്യോഗസ്ഥൻമാർക്ക് വീട് ലോൺ ലഭിക്കണമെങ്കിൽ സെറ്റിൽമെന്റിനു വെളിയിൽ ഭൂമി വാങ്ങണമെന്ന നിബന്ധന ഒഴിവാക്കി സെറ്റിൽമെന്റിൽ വീട് വയ്ക്കാൻ അനുമതി നൽകുക.
22. തേൻ, നെല്ലിക്ക തുടങ്ങിയ വന വിഭവങ്ങൾ ശേഖരിക്കാൻ ആദിവാസികൾക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകുക.
23. ആദിവാസികൾക്കു ചെലവഴിക്കുന്ന തുക അവർക്ക് പ്രയോജനകരമായി എന്ന് ഉറപ്പ് വരുത്തുക.
24. കൃഷി സംരക്ഷിക്കുവാൻ ഫെൻസിംഗ് ഏർപ്പെടുത്തുക.
25. ആദിവാസി സംരക്ഷണനിയമം ഉറപ്പു വരുത്തുക.
26. ആദിവാസികൾക്ക് വിദ്യാഭ്യാസത്തിന് അനുസരിച്ചുള്ള ജോലി നൽകുക.

## പട്ടികജാതി

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ ഏകദേശം 3404 പേര പട്ടികജാതിയിൽപ്പെട്ടവരാണ്.

ഇവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സർക്കാർ തലത്തിലും അല്ലാതെയും ഇവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള സേവനങ്ങൾ നടന്നുത്തുവെങ്കിലും ലക്ഷ്യപ്രാപ്തിയിലെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹ്യമായി നോക്കുമ്പോൾ ഇവർ ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരാണ്. അതുകൊണ്ടുതന്നെ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നിലാണ്.

നിരക്ഷരൽ കുറവാണെങ്കിലും ഉന്നതവിദ്യാഭ്യാസ രംഗങ്ങളായ 10-ാംക്ലാസ്സ് പ്രീഡിഗ്രി തുടങ്ങിയവയിൽ 25% ത്തിനുമേൽ മാർക്കു വാങ്ങുന്ന കുട്ടികൾക്ക് തുടർന്നും പരീക്ഷ എഴുതുന്നതിലേക്കുള്ള ധനസഹായ പദ്ധതിയുടെ അറിവില്ലായ്മയും വൈഷമ്യവും നിറഞ്ഞ കുടുംബാന്തരീക്ഷവുമാണ് വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് കാരണം.

കർഷകരിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരാണ്. ഇവർ കാർഷിക വിളകളെ ഉപേക്ഷിച്ച് നാണ്യവിളകളിലേക്ക് ജനശ്രദ്ധ തിരിഞ്ഞപ്പോള തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട് മറ്റ് ഉപജീവനമാർഗ്ഗം ഇല്ലാത്ത പരിസ്ഥിതിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.

പരമ്പരാഗത തൊഴിലുകളായ ഈറ, ചൂരൽ, കയർ തുടങ്ങിയ ഉൽപന്നങ്ങളുടെയും, പുൽപ്പായ്, കൈ ഓല പ്പായ് തുടങ്ങിയലയുടെയും ക്രയവിക്രയ സംവിധാനങ്ങളുടെ അപര്യാപ്തതയും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും കാരണം സാമ്പത്തിക പരാധീനതകളിലേക്ക് തള്ളപ്പെടുന്ന ഇവർ ദാരിദ്ര്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര ലഭിച്ചിട്ടില്ല. നിരക്ഷരത.
2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു.
3. കുടിവെള്ളം, വൈദ്യുതി ഇവ ലഭ്യമല്ല
4. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
5. പ്രാഥമിക സൗകര്യങ്ങളില്ല, സ്വന്തമായി വീടില്ല.
6. നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ആവശ്യമായ ധനസഹായം ലഭിക്കുന്നില്ല.
7. ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധമില്ലായ്മ.
8. സേവനമേഖലകളിലെ ക്ഷേമപദ്ധതികൾ യഥാസമയം ലഭിക്കുന്നില്ല.
9. ഗതാഗതം ദുഷ്ക്കരം
10. കൃഷിക്ക് വേണ്ടിയുള്ള ധനസഹായം ലഭിക്കുന്നില്ല.
11. പട്ടികജാതിക്കാരുടെ ആനുകൂല്യത്തിലുള്ള തരംതിരിവ്.
12. ബാലവാടികളോ, സ്കൂളുകളോ ഒന്നും തന്നെയില്ല.
13. സഹകരണസംഘങ്ങളില്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ബാലവാടികളും സ്കൂളുകളും സ്ഥാപിക്കുക.
2. നിലവിലുള്ള കൃഷിഭൂമികളും തരിശ്ഭൂമികളും റബ്ബർ പോലുള്ള നാണ്യവിളകൾ വെച്ചുപിടിപ്പിക്കാതെ സംരക്ഷിച്ച് കൃഷിവർദ്ധിപ്പിച്ച് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്താം.
3. ഈ പ്രദേശങ്ങളിൽ കിണറുകൾ കുഴിച്ചും നീരുറവുകൾ വൃത്തിയാക്കിയും കുളങ്ങൾ കെട്ടിയും കുടിവെള്ളക്ഷാമം പരിഹരിക്കാം.
4. ആരോഗ്യ പരിപാലനത്തിനായി മിഡ്വൈഫ് സെന്ററുകൾ സ്ഥാപിക്കണം. കൂടാതെ ബാലവാടി, അങ്കണവാടി, മഹിളാസമാജം തുടങ്ങിവയവയുടെ പ്രവർത്തനത്തിലൂടെ ആരോഗ്യസംരക്ഷണത്തെക്കുറിച്ചുള്ള ബോധവത്ക്കരണം നടത്തുക.
5. നിർദ്ധനകുടുംബങ്ങളിൽ കക്കൂസും വീടും ഇല്ലാത്തവർക്ക് അവ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ധനസഹായം പൂർണ്ണമായും പഞ്ചായത്ത് വഹിക്കണം. കൂടാതെ ഈ കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ആവശ്യമായ ധനസഹായം ലഭിക്കണം.
6. സന്നദ്ധസംഘടനകൾ, മഹിളാസമാജങ്ങൾ, മിഡ്വൈഫ് സെന്ററുകൾ തുടങ്ങിയവയുടെ കീഴിൽ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകള സംഘടിപ്പിക്കുക. കൂടാതെ ക്ഷേമപദ്ധതികള യഥാസമയം ലഭിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കണം.
7. പല കോളനിപ്രദേശങ്ങളും ഇന്ന് ഗതാഗതയോഗ്യമല്ല. അതിനായി നിലവിലുള്ള റോഡുകൾ ടാർ ചെയ്യതും പുതിയ റോഡുകൾ പ്രദേശ നിവാസികൾക്ക് ഉപകരിക്കുംവിധം നിർമ്മിച്ച് ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ആരംഭിക്കണം.
8. യഥാസമയങ്ങളിൽ കൃഷിക്കുവേണ്ടിയുള്ള ധനസഹായം ലഭ്യമാക്കണം.
9. മതവിവേചനം കൂടാതെ പട്ടികജാതിയിൽപ്പെട്ട ക്രസ്ത്യാനികളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി ജനസംഖ്യാനുപാതികമായി സംവരണം ഏർപ്പെടുത്തുക.
10. ഈ പ്രദേശങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി ബാലവാടികളും സ്കൂളുകളും നിർമ്മിച്ച് നൽകുക.
11. പരമ്പരാഗത തൊഴിലുകളായ ചൂരൽ, ഈറ, കയർ തുടങ്ങിയവയുടെ ഉൽപന്നങ്ങളുടെയും കൈതഓലപ്പായ്, പുൽപ്പായ് തുടങ്ങിയവയുടെ വിപണനവും ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

# വിതുരഗ്രാമപഞ്ചായത്ത് അംഗീകൃത പട്ടികജാതി-സങ്കേതങ്ങൾ

## അവലംബം - പട്ടികജാതി പട്ടികവർഗ്ഗ സങ്കേതസർവ്വേ 1994

| ക്രമ നമ്പർ | സങ്കേതത്തിന്റെ പേര് | ഉൾപ്പെടുന്ന വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | കല്ലാർ കോളനി | കല്ലാർ | 48 |
| 2. | താവയ്ക്കൽ I | വിതുര | 52 |
| 3. | നാവയ്ക്കൽ II | വിതുര | 21 |
| 4. | മേമല | മേമല | 18 |
| 5. | കൊട്ടിയത്തറ | വിതുര - കൊപ്പം | 15 |
| 6. | ഇറയംകൊട് | ചേന്നമ്പാറ | 14 |
| 7. | നെല്ലിക്കുന്ന് | ചേന്നമ്പാറ | 12 |
| 8. | പാതിരിക്കോട് | മേമല | 16 |
| 9. | വട്ടപ്പാറക്കോണം | | |
| 10. | കാലങ്കാവ് | തള്ളച്ചിറ/വിതുര | 18 |
| 11. | മുളക്കോട്ടുകര | തള്ളച്ചിറ | 26 |
| 12. | പ്ലാങ്കാല | വിതുര | 23 |
| 13. | കളിയ്ക്കൽ | വിതുര/തേവിയാട് | 45 |
| 14. | പല്ലംചിറ | മരുതാമല | 12 |
| 15. | കൊച്ചനപ്പാറ | ആനപ്പാറ | 12 |
| 16. | കുണ്ടാളംകുഴി | ആനപ്പാറ | 10 |
| 17. | കാരിക്കുന്ന് | കല്ലാർ | 22. |
| 18. | അടിപ്പറമ്പ് (I.H.D.P. - 92-93) | മരുതാമല | 59 |
| 19. | മരുതുമല | മരുതാമല | 80 |

## പുതുതായി അംഗീകരിക്കേണ്ട കോളനികൾ

| ക്രമ നമ്പർ | സങ്കേതത്തിന്റെ പേര് | ഉൾപ്പെടുന്ന വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | കുറവ കോളനി (ആശുപത്രിക്ക് സമീപം) | കൊപ്പം | 7 |
| 2. | ലക്ഷംവീട് കോളനി (ശാസ്താം കാവ്) | ചെറ്റച്ചൽ | 25 |
| 3. | മൈലക്കോണം | ചേന്നൻപാറ | 12 |
| 4. | പട്ടൻകുളിച്ചപാറ | മേമല | 10 |
| 5. | കുഴിപ്പാറ | മേമല | 15 |
| 6. | മീനാങ്കൽ(മിച്ചഭൂമി) | മേമല | 10 |
| 7. | പറങ്കിമാംതോട്ടം | തള്ളച്ചിറ | 45 |
| 8. | കുന്നിൻചെരുവിള | വിതുര | 10 |
| 9. | പള്ളിത്തറ | വിതുര | 12 |
| 10. | തള്ളച്ചിറ (T.V. സെന്റർ) | തള്ളച്ചിറ | 20 |
| 11. | കുറവകോളനി - ചെറ്റച്ചൽ | ചെറ്റച്ചൽ | 10 |

# വിതുരഗ്രാമപഞ്ചായത്ത് അംഗീകൃത പട്ടികവർഗ്ഗ സങ്കേതങ്ങൾ

## അവലംബം – പട്ടികജാതി/പട്ടികവർഗ്ഗ സങ്കേത സർവ്വേ 1994

| ക്രമ നമ്പർ | സങ്കേതത്തിന്റെ പേര് | ഉൾപ്പെടുന്ന വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | ഒഴുകുപാറ | ചെറ്റച്ചൽ | 12 |
| 2. | കരിമ്പിൻകാല | ചെറ്റച്ചൽ | 22 |
| 3. | കാലൻകാവ് | ചെറ്റച്ചൽ | 5 |
| 4. | ചെറ്റച്ചൽ | ചെറ്റച്ചൽ | 8 |
| 5. | പുലിയൂർ/വിത്തറുപ്പൻകാല | ചെറ്റച്ചൽ | 10 |
| 6. | പുളിനിന്നകാല | മേമല | 5 |
| 7. | പന്നിക്കുഴി | മേമല | 34 |
| 8. | തേവിയാർകുന്ന് | മേമല | 20 |
| 9. | പന്നിക്കാല | മേമല | 15 |
| 10. | കരിപ്പാലം | മേമല | 15 |
| 11. | കാതേട്ടക്കാവ് | മേമല | 20 |
| 12. | പിണറുംണൂട് | മേമല | 17 |
| 13. | കുട്ടപ്പാറ/വലിയകിളികോട് | മേമല | 29 |
| 14. | ഒറ്റക്കുടി | മേമല | 5 |
| 15. | ആനക്കയത്തിൻമൂല | മേമല | 15 |
| 16. | തെണ്ടിയാമല | മേമല | 20 |
| 17. | മഞ്ചാടിനിന്നകുഴി | മേമല | 10 |
| 18. | പൊടിയകാല | മേമല | 42 |
| 19. | കുരൻപാഞ്ഞകാല | മേമല | 10 |
| 20. | കൊച്ചുകിളിക്കോട്ട് | മേമല | 10 |
| 21. | മുളമൂട്ടൺപുറം | ആനപ്പാറ | 17 |
| 22. | ആലുംമൂട് | ആനപ്പാറ | 25 |
| 23. | നെട്ടയം | ആനപ്പാറ | 10 |
| 24. | കാലപ്പാക്കോണം | ആനപ്പാറ | 5 |
| 25. | വേട്ടപ്പൻകോണം | ആനപ്പാറ | 5 |
| 26. | ഭഗവതിക്കോണം | ആനപ്പാറ | 10 |
| 27. | ഉണ്ടൻകല്ല് | ആനപ്പാറ | 7 |
| 28. | മണലി (അംബേദ്ക്കർ ഗ്രാമം) | ആനപ്പാറ | 50 |
| 29. | പനനിന്നമൺപുറം | ആനപ്പാറ | 10 |
| 30. | ചെറുമണലി | ആനപ്പാറ | 10 |
| 31. | തച്ചരുകാല | ആനപ്പാറ –കല്ലാർ | 8 |
| 32. | കളമൂട്ടുപാറ | കല്ലാർ | 10 |
| 33. | ഈട്ടിമൂട് | കല്ലാർ | 9 |
| 34. | പള്ളിപ്പുര കരിയ്ക്കകം | കല്ലാർ | 23 |
| 35. | വട്ടകരിക്കകം | കല്ലാർ | 5 |
| 36. | ചെമ്പിക്കുന്ന് | കല്ലാർ | 24 |
| 37. | മുരുക്കുംകാല | കല്ലാർ | 5 |
| 38. | അല്ലത്താര | കല്ലാർ | 10 |
| 39. | മൊട്ടമൂട് | കല്ലാർ | 33 |
| 40. | നെല്ലിക്കുന്ന് | കല്ലാർ | 5 |
| 41. | മുല്ലമൂട് | കല്ലാർ | 5 |
| 42. | കൊങ്ങമരുതുംമൂട് | കല്ലാർ | 25 |
| 43. | ഇടിമുഴങ്ങ് | കല്ലാർ | 5 |
| 44. | കൊപ്രാംകല്ല് | കല്ലാർ | 12 |
| 45. | ഇലവുംമൂട് | കല്ലാർ | 5 |
| 46. | ആറ്റുമൺപുറം | കല്ലാർ | 10 |
| 47. | വേങ്ങത്താര | കല്ലാർ | 5 |
| 48. | കല്ലൻകുടി | കല്ലാർ | 20 |
| 49. | തലത്തൂത്ത്കാവ് | കല്ലാർ | 5 |
| 50. | ആരാനക്കുഴി | കല്ലാർ | 5 |
| 51. | നാരത്തിൻകാല | കല്ലാർ | 36 |
| 52. | മണിതൂക്കി | തേവിയോട് | 10 |
| 53. | പൊട്ടൻചിറ | തേവിയോട് | 12 |
| 54. | കാപ്പിത്തോട്ടം | തേവിയോട് | 5 |
| 55. | പട്ടൻകുളിച്ചപാറ | തേവിയോട് | 40 |
| 56. | ഒരു പറകരിക്കകം | തേവിയോട് | 10 |
| 57. | കല്ലുപാറ | തേവിയോട് | 15 |
| 58. | മണുമൺപുറം | തേവിയോട് | 6 |
| 59. | കിണറുവെട്ടിയമൺപുറം | തേവിയോട് | 5 |
| 60. | വയലിപ്പുല്ല് | തേവിയോട് | 10 |
| 61. | കല്ലുവിളഞ്ഞതോട്/ കല്ലുപാറ | തേവിയോട് | 5 |
| 62. | വലിയകാല | മരുതാമല | 13 |
| 63. | ചാത്തൻകോട് | മരുതാമല | 19 |
| 64. | ചെമ്മാൻകാല | മരുതാമല | 7 |
| 65. | മരുതുമല | മരുതാമല | 8 |
| 66. | ചുടൻമൺപുറം | ചെറ്റച്ചൽ | 5 |

## പുതുതായി അംഗീകരിക്കേണ്ട പട്ടികവർഗ്ഗ സങ്കേതങ്ങൾ

| | | | |
|---|---|---|---|
| 1. | ആറാനക്കുഴി | കല്ലാർ | 5 |
| 2. | ചാമക്കര | കല്ലാർ | 5 |
| 3. | ചണ്ണവിള | കല്ലാർ | 6 |
| 4. | വാളയറ | കല്ലാർ | 5 |
| 5. | മത്തക്കുടി | കല്ലാർ | 5 |
| 6. | പെരുമ്പാറക്കുടി | കല്ലാർ | 7 |
| 7. | പെണ്ണകുപ്പാറ | കല്ലാർ | 6 |
| 8. | അറവലക്കരിക്കകം | കല്ലാർ | 7 |
| 9. | ഊളൻകോട് | കല്ലാർ | 7 |
| 10. | കൈതയ്ക്ക പറമ്പ് | മേമല | 10 |

Chapter - V-12

# വിഭവസമാഹരണം

വിതുര പഞ്ചായത്ത് പ്രദേശത്തുള്ള പ്രകൃതിവിഭവങ്ങളുടെ വിനിയോഗത്തെക്കുറിച്ചു പരിശോധിക്കുമ്പോൾ ആദ്യം ശ്രദ്ധയിൽപ്പെടുക ജലസമ്പത്താണ്.

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പഞ്ചായത്തു പ്രദേശമാണിത്. രണ്ടു പ്രധാന നദികളും ആറേഴു തോടുകളും ഇവിടെയുണ്ട്. ഒരു മാസം മഴ ലഭിച്ചില്ലെങ്കിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ശരിയായ രീതിയിലുള്ള ജലപരിചരണം ഇവിടെ ഉണ്ടായിട്ടില്ല. ആകെയുള്ളത് കരമനയാറ്റിൽ ഡാം നിർമ്മിച്ചു തിരുവനന്തപുരം നഗരത്തിൽ കുടിവെള്ളമെത്തിക്കുന്നുവെന്നതാണ്. ചെറിയതോതിൽ വൈദ്യുതിയും ഉല്പാദിപ്പിക്കുന്നു. വിതുര പ്രദേശത്തു 350 ഉപഭോക്താക്കൾക്കു കുടിവെള്ളം കൊടുക്കുവാൻ വാമനാപുരം നദിയിൽ നിന്നും പമ്പു സെറ്റു വച്ചു വെള്ളമെടുക്കുന്നുണ്ട്.

ഇവിടെ വൈദ്യുതോല്പാദനസാദ്ധ്യതയുള്ള നാലു വെള്ളച്ചാട്ടങ്ങളുണ്ട്. കല്ലാർഭാഗത്തു രണ്ടും ബോണക്കാടു ഭാഗത്തു രണ്ടും. അതുപോലെ ബോണക്കാടു എസ്റ്റേറ്റിനും മറുവശത്തു മൂവായിരത്തോളം അടി ഉയരെനിന്നും ഒഴുകിവരുന്ന നദികളുണ്ട്. ചെറിയ അണകൾ കെട്ടി ഒറ്റ പൈപ്പു ഉപയോഗിച്ചു വെള്ളം ജ്ഞേഴ്സിഫാം അടിപറമ്പു ഭാഗത്തേക്കു കൊണ്ടുവന്നാൽ മൂന്നു നിലകളിൽ ഒറ്റ പൈപ്പു ലൈനിൽ നിന്നും ടർബൈൻ കറക്കി വൈദ്യുതി ഉല്പാദിപ്പിക്കാം. മാത്രമല്ല ബോണക്കാടു എസ്റ്റേറ്റു വഴി വരുന്ന നദിയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാം. പൈപ്പു ലൈൻ വഴി വരുന്ന വെള്ളത്തെ വീണ്ടും ശേഖരിച്ചു മരുതാമല വിതുരഭാഗങ്ങളിൽ പൈപ്പു ലൈൻവഴി ശുദ്ധജലമായിട്ടോ ജലസേചന ആവശ്യമായിട്ടോ ഉപയോഗിക്കാം. പമ്പു സെറ്റും ഓവർഹെഡ്ടാങ്കും ഒന്നും ആവശ്യമില്ല.

വാമനാപുരം നദിയിൽ താവയ്ക്കൽ മുതൽ പൊന്നാം ചുണ്ടുവരെ ഒരു കിലോമീറ്റർ വരുന്ന ദൂരം ആറ്റിനു രണ്ടുവശവും കരിങ്കൽ ഭിത്തി കെട്ടി ഉയർത്തി തടയണകൾ നിർമ്മിച്ചു റോഡ്, പാർക്ക്, ആഡിറ്റോറിയം, ഓപ്പൺ എയർ തിയേറ്റർ എന്നിവ ആ ഭാഗത്തെ ഭൂവുടമകളുടെ സഹായത്തോടെ ചെയ്യുവാൻ കഴിയും. ടൂറിസ്റ്റു സാധ്യത മാത്രമല്ല ഈ പ്രദേശത്തുകാർക്ക് ഒരു ഭാവികാല മാനസികോല്ലാസത്തിനുള്ള സ്ഥലം കൂടിയാകും. കിണറുകളിൽ ജലനിരപ്പുയരും. ഏറ്റവും പ്രധാനം ഇന്നത്തെ ജലമലിനീകരപ്രവണത കുറയുമെന്നുള്ളതാണ്.

വനസമ്പത്തു വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല. കുന്തിരിക്കം പോലും ശേഖരിക്കുന്നതിനു ശരിയായ സംവിധാനം സ്വീകരിച്ചിട്ടില്ല. കാറ്റത്തും മഴയത്തും ഒടിഞ്ഞു വീഴുന്ന മരങ്ങൾപോലും ശേഖരിച്ചു പ്രയോജനപ്രദമായ രീതിയിൽ ലേലം ചെയ്തു കൊടുക്കുവാൻ ശ്രമിക്കാറില്ല. വനവൽക്കരണം ഫലപ്രദമല്ല. നട്ടുപിടിപ്പിക്കുന്ന മരങ്ങൾ പ്രയോജനപ്രദമല്ല. വെറുതെ കമ്പിവേലികെട്ടി തിരിച്ചിട്ടിരുന്നാൽ മാത്രം മതി. വൃക്ഷങ്ങൾ തനിയെ പൊടിച്ചുവളർന്നു സ്വാഭാവികവനം തന്നെ ഉണ്ടാകുമായിരുന്നു. വനവൽക്കരണത്തിന്റെ പേരിലുള്ള വമ്പിച്ച സാമ്പത്തികനഷ്ടം ഒഴിവാക്കാൻ കഴിയും ആദിവാസികളുടെ സഹായത്തോടെ ഏലം പോലുള്ള കൃഷികൾ നടത്തുകയും വിളവു ശേഖരിക്കുകയും ചെയ്യാം. വില കൂടിയ നല്ലയിനം മരങ്ങൾ മിക്കവാറും ഈ ഭാഗത്തെ വനങ്ങളിൽ നിന്നും അപ്രത്യക്ഷമായികഴിഞ്ഞു.

കൃഷിഭൂമിയുടെ വിനിയോഗം ശാസ്ത്രീയമായ രീതിയിലില്ല. വളരെയധികം പണവും മനുഷ്യപ്രയത്നവും ചെലവാക്കി പട്ടയഭൂമികളിൽ മുഴുവൻ എന്തെങ്കിലും കൃഷി ചെയ്തിട്ടുണ്ട്. പക്ഷെ മിക്കവയും നാമ്മാത്ര കൃഷിയെന്നേ പറയാൻ പറ്റൂ. റബ്ബർ കൃഷിപോലും ഇന്നു ചെയ്യുന്നത് ലാഭകരമായ രീതിയിലല്ല. ഇപ്പോൾ മുടക്കുന്ന പ്രയത്നത്തിന്റെയും പണത്തിന്റെയും ചെലവിൽ പതിനഞ്ചു ശതമാനം വർദ്ധനവുകൂടി ഉണ്ടായാൽ ഉല്പാദനം ഇന്നുള്ളതിന്റെ മൂന്നിരട്ടിവരെ വർദ്ധിപ്പിക്കാൻ കഴിയും. മറ്റു കൃഷികളെല്ലാം കൃഷിചെയ്യാൻ വേണ്ടിയുള്ള കൃഷിമാത്രമാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽപോലും സ്വയം പര്യാപ്തമല്ല എന്നു മനസിലാക്കുമ്പോൾ ഇവിടുത്തെ വിഭവവിനിയോഗം ബോധ്യപ്പെടും. മനുഷ്യസമ്പത്തിന്റെ കാര്യത്തിൽ ശരിയായ സാമൂഹികക്രമീകരണമുണ്ടായാൽ മാത്രം മതി യാതൊരു സാമ്പത്തികബാധ്യതയും കൂടാതെ മനുഷ്യശേഷിയെ ഇന്നുള്ളതിന്റെ പലമടങ്ങു ഉപയോഗിക്കുവാൻ കഴിയും.

പഞ്ചായത്ത് രാജ് നിയമപ്രകാരം അധികാരം താഴെ തട്ടിലേക്ക് എത്തിക്കുകയും ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ വിതുര ഗ്രാമപഞ്ചായത്തും അതിന്റെ ചുമതലകൾ നിർവഹിക്കേണ്ടിയിരിക്കുന്നു.

നാളിതുവരെ പഞ്ചായത്തിന്റെ വിഭവങ്ങൾ വളരെ

പരിമിതമായിരുന്നു. നിർവഹിക്കേണ്ട ചുമതലകൾ വളരെ കൂടുതലും. എല്ലാ സർക്കാർ ഏജൻസികളും കൂടി ഭക്ഷ്യ സബ്സിഡി ഉൾപ്പെടെ കണക്കാക്കിയാൽപോലും അൻപതു ലക്ഷം രൂപയ്ക്കുള്ള തുകയാണിവിടെ വിനിയോഗിക്കുന്നത്. സ്കൂൾ, ആശുപത്രി തുടങ്ങിയ സാമൂഹികക്ഷേമ പ്രവർത്തനങ്ങളുടെ സാമ്പത്തികമൂല്യം അളക്കുവാൻ സാധ്യമല്ലല്ലൊ. എന്നാൽ പ്രതിവർഷം പത്തുകോടിരൂപയിലധികം ശമ്പളയിനത്തിൽ ഈ പ്രദേശത്തെ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്. ഈ തുകയ്ക്കാനുപാതികമായ സേവനവും, വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനവും നൂറുശതമാനം ഫലപ്രാപ്തിയിൽ ജനങ്ങൾക്കു ലഭിക്കുന്നുവെന്നു പറയുവാൻ കഴിയുകയില്ല. ഈ പശ്ചാത്തലത്തിലാണ് അധികാരവികേന്ദ്രീകരണത്തിന്റേയും വികസനപ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തത്തിന്റേയും പ്രസക്തി വ്യക്തമാകുന്നത്. ഈ പഞ്ചായത്ത് താഴെ പറയുന്ന കാര്യങ്ങൾ ലക്ഷ്യമാക്കുന്നു.

1. സാമ്പത്തികരംഗത്തു സ്വയം പര്യാപ്തത കൈവരിക്കുന്നു.
2. ഓരോ വീട്ടിലും ഒരാൾക്കെങ്കിലും തൊഴിൽ ലഭ്യമാക്കുവാൻ ഈ പ്രദേശത്തുനിന്നും സാധ്യതകൾ കണ്ടെത്തും.
3. വിദ്യാഭ്യാസം ആരോഗ്യം മേഖലകളിൽ പരമാവധി നേട്ടങ്ങൾ കൈവരിക്കും.
4. പദ്ധതികൾ യഥാർത്ഥ തുകയുടെ പലമടങ്ങു കാര്യക്ഷമതയിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കും.
5. ഒരു വികസനസംസ്കാരം വളർത്തുകയും മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം വികസനപ്രവർത്തനങ്ങളിൽ നേടിയെടുക്കുകയും ചെയ്യും.
6. പ്രത്യക്ഷ ജനാധിപത്യത്തിന്റെ ഗുണഫലങ്ങൾ എല്ലാ പൗരന്മാർക്കും ഉറപ്പുവരുത്തും.
7. കൊളോണിയൽ ചട്ടക്കൂടിൽ നിന്നും ജനങ്ങളെ രക്ഷിക്കും.

മേൽപറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നത് സാമൂഹികമായ ഒരു നെറ്റുവർക്ക് താഴെ പറയുന്ന രീതിയിൽ ആവശ്യമാണ്. അതിനുവേണ്ടി ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിക്കും.

പഞ്ചായത്തുതലത്തിൽ നിന്നും പൗരനിലേക്ക് നിയമപ്രകാരം അധികാരവും ഉത്തരവാദിത്വവും എത്തുന്ന അവസ്ഥയുണ്ടാകുമ്പോൾ മാത്രമേ ജനാധിപത്യം അതിന്റെ പൂർണ്ണതയിൽ എത്തുകയുള്ളൂ.

**മാതൃക:**

വിതുരഗ്രാമപഞ്ചായത്ത്

വാർഡുകൾ (നിയോജകമണ്ഡലങ്ങൾ) 11 എണ്ണം

വാർഡ് നമ്പർ 1. കൊപ്പം

ആകെ 500 വീടുകൾ. 50 വീടുകൾ വീതമുള്ള 10 ഗ്രൂപ്പുകളായി തിരിക്കുന്നു. ഇതിൽ ഓരോ ഗ്രൂപ്പിനേയും 10 വീടുകൾ വീതമുള്ള സബ്ഗ്രൂപ്പുകളായി വീണ്ടും തിരിക്കുന്നു. ഈ 10 വീടുകളിലെ വോട്ടർമാർ ചേർന്നു ഒരു കൺവീനറെ തെരഞ്ഞെടുക്കുകയും കൺവീനറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയായി പ്രവർത്തിക്കുകയും ചെയ്യും.

## സബ്ഗ്രൂപ്പ്, കൺവീനറുടെ ചുമതലകൾ.

1. മാസത്തിൽ ഒരിയ്ക്കലെങ്കിലും പത്തുവീടുകളിലെ അംഗങ്ങളുടെ യോഗം വിളിക്കുക. പഞ്ചായത്തിനെ സംബന്ധിക്കുന്ന കാര്യങ്ങളും 10 വീടുകളെ സംബന്ധിക്കുന്ന കാര്യങ്ങളും അജണ്ടയായി വച്ചു ചർച്ച ചെയ്യുക. തർക്കങ്ങൾ വല്ലതുമുണ്ടെങ്കിൽ പരിഹരിക്കുക. വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, കുടിവെള്ളം, കൃഷി, ഗതാഗതം, വിപണനം, വാങ്ങൽ തുടങ്ങി 10 വീടുകളെ സംബന്ധിക്കുന്നതും പുരോഗതിക്കുതകുന്നതുമായ എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു തീരുമാനത്തിലെത്തുക.
2. ഓരോ വീടിനും ഓരോ ഫയൽ ഉണ്ടാക്കുക. ഓരോ അംഗത്തിനും ഓരോ ഷീറ്റും പ്രത്യേകം തയ്യാറാക്കുക. ആ കുടുംബത്തെയും അംഗങ്ങളേയും സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും രേഖപ്പെടുത്തുക. പേര്, വയസ്, കുടുംബത്തിലെ സ്ഥാനം, തൊഴിൽ, വിദ്യാഭ്യാസം, കലാകായിക കഴിവുകൾ സാങ്കേതികവൈദഗ്ധ്യം, വസ്തുവിവരം, സാമ്പത്തികസ്ഥിതി, ആരോഗ്യനില, ബ്ലഡ് ഗ്രൂപ്പ്, സർക്കാരിൽനിന്നും മറ്റുമുള്ള പദ്ധതി സഹായങ്ങൾ, അവയുടെ വിനിയോഗം തുടങ്ങി മരണം, ജനനം, പകർച്ചവ്യാധി, മറ്റസുഖങ്ങൾ വരെയുള്ള വിവരം.
3. സാമൂഹിക സാമ്പത്തിക സേവനങ്ങൾ ഓരോ വ്യക്തിയും നിർവഹിക്കുന്നത് രേഖപ്പെടുത്തണം.
4. ഓരോ മാസവും കുടുംബവിവര സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കണം.
5. ഗ്രൂപ്പുകമ്മിറ്റി അംഗമായിരിക്കുക.
6. സബ്ഗ്രൂപ്പുകൾ ചേർന്ന ഗ്രൂപ്പാണ് 50 വീടുകളുടെ പൊതുവായ തീരുമാനങ്ങള് എടുക്കേണ്ട ഘടകം. 50 വീടുകളിലെ വോട്ടർമാർ സബ്ഗ്രൂപ്പു കൺവീനറെ തെരഞ്ഞെടുക്കുന്നതോടൊപ്പം ഒരു ഗ്രൂപ്പു കൺവീനറെ തെരഞ്ഞെടുക്കണം. ഇങ്ങനെ തെരഞ്ഞെടുക്കുന്ന കൺവീനറും 5 സബ്ഗ്രൂപ്പു കൺവീനർമാരും ചേർന്നതാണ് ഗ്രൂപ്പ്. അയൽകൂട്ടമൊന്നൊ മറ്റൊ വേ

ണമെങ്കിൽ വിളിക്കാം.

## ഗ്രൂപ്പു കൺവീനറുടെ ചുമതലകൾ.

1. ഗ്രൂപ്പു കമ്മിറ്റി മാസത്തിലൊരിയ്ക്കലെങ്കിലും വിളിച്ചുചേർക്കുക.
2. സബ്ഗ്രൂപ്പു കൺവീനർമാർ നൽകുന്ന പ്രതിമാസ സ്റ്റേറ്റുമെന്റുകൾ ക്രോഡീകരിക്കുക.
3. 50 വീടുകളുടേയും ഫയൽ സൂക്ഷിക്കുക.
4. 50 വീടുകളേയും ആ പ്രദേശത്തേയും ബാധിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക.
5. തർക്കങ്ങൾ വല്ലതുമുണ്ടെങ്കിൽ പരിഹരിക്കുക.
6. ഗ്രാമസഭാതലകമ്മിറ്റിയിൽ അംഗമായിരിക്കുക.
7. കൃഷി, വ്യവസായയൂണിറ്റുകൾ, വിപണനം, കൺസ്യൂമർ സൊസൈറ്റി പ്രവർത്തനം, പൊതുവിവരണം, ദുരിതാശ്വാസനടപടികൾ, തുടങ്ങി ഗ്രൂപ്പിനാവശ്യമായ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക.

## ഗ്രാമസഭാ കമ്മിറ്റി

വാർഡുമെമ്പറും 10 ഗ്രൂപ്പു കൺവീനർമാരും ചേർന്ന കമ്മിറ്റിയാണിത്. വാർഡിന്റെ പൊതുവായ വികസനപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കേണ്ടതും മാസത്തിൽ ഒരിയ്ക്കലെങ്കിലും ചേർന്നു വാർഡിന്റെ എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യുകയും പരിഹാരം കാണുകയും പഞ്ചായത്തുതലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ പഞ്ചായത്തുകമ്മിറ്റിയിൽ വാർഡുമെമ്പർവഴി എത്തിക്കുകയും ഗ്രൂപ്പു കമ്മിറ്റി തയ്യാറാക്കുന്ന പ്രതിമാസ സ്റ്റേറ്റുമെന്റുകൾ ക്രോഡീകരിക്കുകയും ചെയ്യുക.

ഇങ്ങനെയൊരു സംവിധാനമുണ്ടാകുമ്പോൾ പഞ്ചായത്തുകമ്മിറ്റിക്കു ഫലപ്രദമായി പ്രവർത്തിക്കാനാകും. സ്ഥിതിവിവരങ്ങൾ ലഭ്യമാണ്. സേവനം ലഭ്യമാണ്. ശരിയായ ഒരു മാനേജ്മെന്റുപ്രവർത്തനം പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി കാഴ്ചവയ്ക്കാനാകും. വിപ്ലവപരമായ ഒരു സാമൂഹികമാറ്റം ഇതിലൂടെയുണ്ടാകും.

നിലവിൽ പഞ്ചായത്തിന്റെ വിഭവങ്ങളും വിനിയോഗവും വേണ്ടത്ര ആശാവഹമായ രീതിയിലല്ല. കഴിഞ്ഞ സാമ്പത്തികവർഷം വിവിധയിനങ്ങളിൽ 2440577/- രൂപ ലക്ഷ്യമിട്ടത്. അതിൽ 2005417/- രൂപ സമാഹരിക്കാൻ കഴിഞ്ഞു. വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഈ പഞ്ചായത്ത് 2170194/ രൂപ നാളിതുവരെ ചെലവഴിച്ചു. 1990-91 മുതലുള്ള വരവും ചിലവും ഇനംതിരിച്ചു. പട്ടികയായി കൊടുത്തിരിക്കുന്നു. 1967-68 മുതലുള്ള വരവു ചിലവു കണക്കുകൾ പ്രത്യേകമായും കൊടുത്തിരിക്കുന്നു.

പഞ്ചായത്ത് ഗ്രാമസഭാതലത്തിൽ രൂപീകരിക്കപ്പെടുന്ന ഗ്രൂപ്പു, സബ് ഗ്രൂപ്പു കൺവീനർമാർ 700 ൽ അധികം വരും. ഏറ്റവും സേവനമനസ്ഥിതിക്കാരായിരിക്കും ഇവർ. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിലും സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നതിനും പഞ്ചായത്തുകമ്മിറ്റിയെ സഹായിക്കുവാൻ ഇവർക്കു കഴിയും. മനുഷ്യശേഷി സമാഹരിക്കുന്നതിനും കാർഷിക വ്യാവസായിക ഉല്പന്നങ്ങൾ സമാഹരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും മറ്റും ഈ കൺവീനർമാർക്കു നേതൃത്വം കൊടുക്കുവാനാകും. പഞ്ചായത്തു വീട്ടുനമ്പരു പതിക്കൽ മുതൽ ഏതുവിധസർവേ വിവരങ്ങളും വോട്ടർമാരുടെ വിവരങ്ങളും ഒരു മണിക്കൂറിനുള്ളിൽ യാതൊരു ചിലവുമില്ലാതെ നടത്താ

### പട്ടിക (പഞ്ചായത്ത് വരവ്ചെലവ് കണക്കുകൾ

| വർഷം | O.B. | വരവ് | ചെലവ് |
|---|---|---|---|
| 1967-68 | 22525.58 | 102349.18 | 58161.89 |
| 1969-70 | | 67319.20 | 47415.02 |
| 1971-72 | | 100895.35 | 86835.80 |
| 1972-73 | | 81375.98 | 81275.35 |
| 1973-74 | | 87350.83 | 90209.62 |
| 1974-75 | | 92413.07 | 85994.37 |
| 1975-76 | | 143665.01 | 133560.04 |
| 1976-77 | | 122610.40 | 109285.82 |
| 1977-78 | | 146908.33 | 139676.52 |
| 1978-79 | | 177657.62 | 138324.54 |
| 1979-80 | | 185457.20 | 142903.98 |
| 1980-81 | | 357897.55 | 231649.04 |
| 1981-82 | | 275492.96 | 382946.41 |

| വർഷം | O.B. | വരവ് | ചെലവ് |
|---|---|---|---|
| 1982-83 | | 315134.46 | 206879.34 |
| 1983-84 | | 284084.27 | 408845.70 |
| 1984-85 | | 572515.58 | 429937.10 |
| 1985-86 | | 346053.73 | 375370.18 |
| 1986-87 | | 213120.30 | 165940.50 |
| 1987-88 | | 527599.75 | 372412.35 |
| 1988-89 | | 271708.45 | 146185.45 |
| 1989-90 | | 671924.00 | 644633.43 |
| 1990-91 | | 1036761.15 | 806796.25 |
| 1991-92 | | 1470147.55 | 1343867.85 |
| 1992-93 | | 1754808.35 | 1103908.85 |
| 1993-94 | | 1280320.20 | 1269507.45 |
| 1994-95 | | 3204081.90 | 2370973.70 |
| 1995-96 | | 2005417.55 | 2170194.00 |

നാകും. 20% ൽ അധികം ചെലവ് ഇതുമൂലം കുറയ്ക്കാം. വൈദ്യുതി, കുടിവെള്ളം, വിറക് തുടങ്ങിയവയിലെ ചിലവ് നിയന്ത്രിക്കുന്നതിനും ഇവർക്ക് കഴിയും. 2000 ച. അടിയിൽ കൂടുതൽവരുന്ന കെട്ടിടങ്ങളുടെ നിർമ്മാണചെലവിന്റെ നിശ്ചിതശതമാനം ഈടാക്കാം. റോഡ്സൈഡിൽ കടകൾ ഇറക്കികെട്ടുന്നവരിൽ നിന്നും സാധനസാമഗ്രികൾ ഇറക്കി ഗതാഗതം തടസം വരുത്തുന്നവരിൽനിന്നും കാര്യമായ തുകകൾ പെനാലിറ്റി എന്ന നിലയിൽ ഈടാക്കണം. റോഡ് തോടു പുറമ്പോക്കിൽ പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുവളർത്തി ലേലം ചെയ്തു വരുമാനമുണ്ടാക്കാം. വിതുര ചന്ത വിപുലപ്പെടുത്തി വിപണനം നിർബന്ധമായും അവിടെതന്നെയാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാം.

(പഞ്ചായത്ത് രേഖ)

## പട്ടിക II

## പഞ്ചായത്തിന്റെ വരുമാനം

| വരവിനം | 1990–91 | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|---|
| കെട്ടിടക്കരം | 118406.00 | 119709.35 | 117873.95 | 114131.25 | 272302.65 | 148767.00 |
| തൊഴിൽനികുതി | 127342.00 | 147932.00 | 136850.00 | 129211.00 | 209541.00 | 129210.00 |
| വിനോദനികുതി | 24175.00 | 26260.94 | 26286.00 | 28555.15 | 19953.47 | 23660.00 |
| അധികവിനോദനികുതി | 14505.00 | 15789.46 | 15871.00 | 17245.40 | 11980.53 | 14204.00 |
| പ്രദർശനനികുതി | 980.00 | 955.00 | 1072.00 | 1800.00 | 1536.00 | 2142.00 |
| പ്രദർശനനികുതിയി-ന്മേലുള്ള സർചാർജ്ജ് | 245.00 | 238.75 | 268.00 | 450.00 | 384.00 | 535.50 |
| ചന്തവരവ് | 6736.00 | 6825.00 | 8050.00 | 10900.00 | 11801.00 | 15150.00 |
| ലൈസൻസ്ഫീസ് | 3442.00 | 3289.25 | 4624.50 | 4923.50 | 6745.50 | 4565.00 |
| വസ്തുകൈമാറ്റനികുതി | 124635.00 | 119916.00 | 223918.00 | 254287.00 | 23378.00 | 107674.00 |
| സംഭാവന | | | | | | |
| മറ്റുള്ളവ | 612767.15 | 997971.80 | 1155854.65 | 685902.05 | 2326300.75 | 1497486.55 |
| നിക്ഷേപം | 3628.00 | 31260.00 | 64150.00 | 34415.00 | 110359.00 | 61014.00 |
| ആകെ | 1036761.15 | 1470147.55 | 1754818.10 | 1280320.20 | 3204081.90 | 2005417.55 |

## പട്ടിക III

## പഞ്ചായത്തിന്റെ ചെലവുകൾ

| ഇനം | 1990–91 | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|---|
| ഭരണം | 485108.00 | 518467.00 | 409357.50 | 509839.45 | 525381.65 | 662696.95 |
| പൊതുമരാമത്ത് | 41627.00 | 460121.00 | 418300.00 | 411276.00 | 608686.50 | 359097.00 |
| വിദ്യാഭ്യാസം | 95301.00 | 308437.00 | 50034.50 | 107503.00 | 212242.95 | 55237.80 |
| വൈദ്യുതി | 85460.00 | 9942.00 | 74860.00 | 13611.00 | 154919.90 | 149355.00 |
| പൊതുജനാരോഗ്യം | 6432.00 | 8629.00 | 2740.00 | 8738.00 | 304061.00 | 16101.50 |
| മറ്റുള്ളവ | 94868.25 | 248271.85 | 148616.85 | 466140.00 | 565681.70 | 927705.75 |
| ആകെ | 806796.25 | 1343867.85 | 1103908.85 | 1269507.45 | 2370973.70 | 2170194.00 |

Chapter - VI

# ഉപസംഹാരം

ദൈവത്തിന്റെ സ്വന്തം ഭൂമിയെന്നു പറയാൻ തക്കവിധം അനുഗ്രഹീതമായ കാലാവസ്ഥയും മണ്ണും ഭൂപ്രകൃതിയും ജല സമ്പത്തുംകൊണ്ട് ഇവിടം ധന്യമാണ്.

ഇന്ന് ഇതിന്റെ നാലിരട്ടി ജനങ്ങളുടെ മുഴുവൻ ആവശ്യങ്ങളും നിറവേറ്റാൻ തക്കവിധം മതിയായ പ്രകൃതി വിഭവങ്ങൾ നമുക്കുണ്ട് ഈ ഭൂപ്രദേശം നൽകാൻ തയ്യാറാകുന്നതിന്റെ അഞ്ചിൽ ഒരംശം ഉപയോഗപ്പെടുത്തുവാൻ പോലും നമുക്കാകുന്നില്ല. കൃഷിയിലോ, വ്യവസായത്തിലോ, വൈദ്യുതിയിലോ, ഗതാഗതത്തിലോ, സാങ്കേതിക വൈദഗ്ദ്ധ്യത്തിലോ, നാം ഒട്ടും മുൻപോട്ടുപോയിട്ടില്ല. നമുക്കാവശ്യമായ ഒരുല്പന്നത്തിന്റെ കാര്യത്തിലും നാം സ്വയംപര്യാപ്തമല്ല. റോഡുകളും വാഹനഗതാഗതവും ഇവിടെ വേണ്ടത്രയില്ല. അരി, കോഴിമുട്ട, പാൽ, പച്ചക്കറികൾ, വാഴക്കുല, വാഴയില, പൂവ് തുടങ്ങി കാർഷികവും വ്യാവസായികവുമായ സകല ഉല്പന്നങ്ങളും നമ്മുടേതിനു പല മടങ്ങു പ്രതികൂലമായിട്ടുള്ള സാഹചര്യങ്ങളുള്ള പ്രദേശങ്ങളിൽ നിന്നും നാം ഇറക്കുമതി ചെയ്യുന്നു. അനുകൂലമായ സാഹചര്യങ്ങളെ ബുദ്ധിപൂർവ്വം കൂട്ടായി ഉപയോഗപ്പെടുത്തുവാൻ നമുക്കാകുന്നില്ല. ഇതുകാരണം ഈ പ്രദേശത്തു തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങിയ പ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ബുദ്ധിയില്ലായ്മയും അലസതയും മറ്റുപ്രദേശങ്ങളിലെ ആളുകൾക്ക് ഐശ്വര്യവും, സമൃദ്ധിയും പ്രദാനം ചെയ്യുന്നു. 10000 ൽപരം ഉല്പന്നങ്ങൾ മോട്ടോർ കാറുകൾ മുതൽ നിലവിളക്കുകത്തിക്കുവാനുപയോഗിക്കുന്ന പഴംതുണിതിരികൾവരെയും അരിമാവു മുതൽ അച്ചാറുകൾ വരെയും നിത്യേന അന്യപ്രദേശത്തു നിന്നും ഇവിടെ കടകളിലെത്തുകയും അത് നാം കടകളിൽ നിന്നും വാങ്ങുകയും ചെയ്യുന്നു. നമ്മുടെ കൂടി അശ്രദ്ധകൊണ്ടാണ് സേവന മേഖലകളിൽ ഗുണനിലവാരം കുറയുന്നത്. അഴിമതിയും, അന്യായവും അക്രമവും, സദാചാരവിരുദ്ധപ്രവർത്തനങ്ങളും മറ്റും നടക്കുന്നതും നമ്മുടെ നിസംഗതമൂലമാണ്. ഒറ്റയ്ക്കൊറ്റയ്ക്കു പരിശോധിച്ചാൽ എല്ലാവരും നല്ലവരാണ്. എന്നാൽ സാമൂഹിക പ്രവർത്തികളിൽ മിക്കവാറും വഴിതെറ്റിക്കപ്പെടുന്നു. അതുമൂലം ഉണ്ടാകുന്ന സാമൂഹിക വിപത്തുകളിൽ നിന്നും ആരും രക്ഷപ്പെടുന്നില്ല. ഈ തിരിച്ചറിവാണ് നമുക്കുണ്ടാകേണ്ടത്. നമുക്ക് ഒരു സംശുദ്ധമായ പാരമ്പര്യവും ഉല്പാദന മാതൃകയും സൃഷ്ടിക്കാം. ഒരു വികസന സംസ്കാരം പ്രചരിപ്പിക്കാം. കലാ-കായിക-വിദ്യാഭ്യാസ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അത് വിത്തും വളവുമാകട്ടെ. ഇനി ഒരിക്കൽ കൂടി നമുക്ക് അടിമകളാകാതിരിക്കാം

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ നടപ്പിൽ വരുത്തേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധ വാർഡുകളിൽ നടന്നഗ്രാമസഭയോഗങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനമാക്കി, വിവിധ രംഗങ്ങളിലുള്ള വിദഗ്ദ്ധരുടെയും ഉദ്യോഗസ്ഥൻമാരുടെയും അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് തയ്യാറാക്കിയതാണ് 'ഈ പഞ്ചായത്ത് വികസന റിപ്പോർട്ട്.' ഇത് തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും ജില്ലാതല പഞ്ചായത്ത് ഭരണ സമിതിയംഗങ്ങളും ജില്ലാ തല പരിശീലകരും അടങ്ങുന്ന ഒരു റിസോർസ്സസ് സമിതി പ്രവർത്തിച്ചിരുന്നു. ഇതിലേക്ക് നിരവധി സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ലോക്കൽ റിസോർസ്സസ് പേഴ്സൺമാരും സഹായിച്ചിട്ടുണ്ട്. വളരെ ചുരുങ്ങിയ സമയംകൊണ്ട് ഇത്തരത്തിൽ ഒരു വികസന റിപ്പോർട്ട് തയ്യാറാക്കാൻ വേണ്ട വിവരങ്ങൾ നല്കിയും മറ്റുരീതിയിലും സഹായിച്ചവരോട് പ്രത്യേക നന്ദി രേഖപ്പെടുത്തുകയും, ജനകീയാസൂത്രണം പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**റിസോർസസ് സമിതിക്കുവേണ്ടി**

| | |
|---|---|
| **ജി അപ്പുക്കുട്ടൻ കാണി** | **എ സൈനുലാബ്ദീൻ** |
| പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| **വസന്തകുമാരി** | **എം. പി ജയകുമാരൻ** |
| (വൈസ് പ്രസിഡന്റ്) | ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി |
| **റ്റി ജോസ്** (മെമ്പർ) | **പി. തങ്കപ്പൻപിള്ള** (മെമ്പർ) |
| **മണ്ണൂറ ബാലൻ** (മെമ്പർ) | **രാധാ വിജയൻ** (മെമ്പർ) |
| **ഉഷാകുമാരി** (മെമ്പർ) | **എസ് എൻ ക്ലമന്റ്** (മെമ്പർ) |
| **റ്റി ശോഭന** (മെമ്പർ) | **രാധാ ലോറൻസ്** (മെമ്പർ) |
| **എൻ ഗംഗാധരൻ നായർ** (ഡി. ആർ. പി കൺവീനർ) | **എസ്. സുരേഷ്കുമാർ** (ഡി. ആർ. പി) |
| **രമണി** (ഡി. ആർ. പി) | **തേവിയോട് ശശി** (എൽ.ആർ.പി.) |
| **അശോകൻ** (എൽ.ആർ.പി.) | **ഹരികൃഷ്ണൻ** (വെറ്ററിനറി ഡോക്ടർ). |
| **തങ്കമണി** (വി.ഇ.ഒ.) | **എ. മുഹമ്മദ് റാഫി** (ഡി. ആർ. പി) |
| **കെ. വിജയകുമാർ** (ഡി. ആർ. പി) | **രവികുമാർ** (കൃഷി ആഫീസർ) |
| **ആർ രവിബാലൻ** (ഡി. ആർ. പി) | **ബി.സോമശേഖരൻ ആശാരി** (ഡി. ആർ. പി) |
| **ജി. എസ്. ശ്രീകുമാർ** (ഡി. ആർ. പി) | |

**ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വിതുര പഞ്ചായത്ത് റിസോർസസ് സമിതി തയ്യാറാക്കി, വിതുര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി. അപ്പുക്കുട്ടൻ കാണി പ്രസിദ്ധീകരിക്കുന്നത്.**

കമ്പ്യൂട്ടറൈസ്ഡ് ടൈപ്പ്സെറ്റിംഗ്: ഫ്ളിന്റ് കമ്പ്യൂട്ടേഴ്സ്, തിരുവനന്തപുരം, ഫോൺ - 476465
അച്ചടി: ശ്രീ പ്രിന്റേഴ്സ്, പോങ്ങുംമൂട്

# അധികാരം ജനങ്ങളിലേക്ക്